Date of publication : 1 സെപ്തംബർ 2022
വോള്യം 18/ലക്കം 29
ISSN 2319-9741

അന്വേഷി പ്രസിദ്ധീകരണം

# സംഘടിത



## ചലച്ചിത്ര പ്രവർത്തകർ




## സംഘടിത കൂട്ടായ്മയിൽ
## കണ്ണിചേരാൻ സൃഷ്ടികൾ ക്ഷണിക്കുന്നു

സ്ത്രീകൾക്കെഴുതാനും വായിക്കാനും പ്രസിദ്ധീകരിക്കാനുമുള്ള വേദിയായി സംഘടിതയിലേക്ക് സൃഷ്ടികൾ ക്ഷണിക്കുന്നു. കഥ, കവിത, ലേഖനം, ഓർമ്മക്കുറിപ്പുകൾ, നർമ്മശകലങ്ങൾ, നിരീക്ഷണങ്ങൾ, അമ്മയനുഭവങ്ങൾ, നവമാധ്യമ അവലോകനങ്ങൾ, പഴയ കുടുംബ ഫോട്ടോകൾ, സ്ത്രീകളെ സംബന്ധിക്കുന്ന പഴയ പത്രവാർത്തകൾ – പ്രസിദ്ധീകരിക്കാൻ തോന്നുന്ന എന്തും – ക്ഷണിക്കുന്നു. താൽപര്യമുള്ളവർ

**sanghadithacalicut@gmail.com**

എന്ന വിലാസത്തിലേക്ക് സ്വന്തം ഫോട്ടോയും മേൽവിലാസവും ഫോൺനമ്പറും ഉൾപ്പെടുത്തി അയക്കുമല്ലോ.

# സംഘടിത

സെപ്തംബർ 2022/വോള്യം 18/ലക്കം 25




മുഖചിത്രം : ഏഗ്നസ് വർദ


**എഡിറ്റർ :**
ഡോ.ഷീബ കെ.എം.
**ഗസ്റ്റ് എഡിറ്റർ**
ഡോ.അനു പാപ്പച്ചൻ
**മാനേജിംഗ് എഡിറ്റർ :**
കെ.അജിത
**പത്രാധിപസമിതി:**
രാജലക്ഷ്മി കെ.എം.
ഡോ.ജാൻസി ജോസ്
ഡോ. പി. ഗീത
ഡോ.ഖദീജ മുംതാസ്
അഡ്വ.കെ.കെ.പ്രീത
ഡോ. ഷീബ ദിവാകരൻ
ഡോ. ഷംഷാദ് ഹുസൈൻ
സുൽഫത്ത്
ഡോ. സോണിയ ജോർജ്
ഡോ. അമീറ വി.യു.
ഗാർഗി ഹരിതകം
**ഉപദേശകസമിതി :**
പ്രൊഫ. എം. ലീലാവതി
ഡോ. മല്ലികാസാരാഭായ്
ഡോ. ബീനാപോൾ
**ലേഔട്ട് & കവർ :**
സുവിജ കെ.
**വെബ്സൈറ്റ് :**
വസന്ത പി.



**സംഘടിത മാസിക**
അന്വേഷി വിമൻസ് കൗൺസലിംഗ് സെന്റർ, കോട്ടൂളി, കുതിരവട്ടം പി.ഒ., കോഴിക്കോട്
sanghadithacalicut@gmail.com
www.anweshi.org
www.sanghaditha.com

Federal Bank,
A/c.No. 14130100072122,
IFSC: FDRL0001413
Mavoor Road Branch, Calicut -4


# ഓണാശംസകൾ


പെൺമാവേലിയുമൊത്ത് ഓണാഘോഷം 6

'സംവിധാനം-റത്തീന'
**റത്തീന** 7

സ്റ്റാർട്ട്, ആക്ഷൻ : സ്ത്രീകളേ മുന്നോട്ട്
**വിധു വിൻസെന്റ്** 11

സിനിമയിലെ പെൺസ്വരം
**മീര രാമചന്ദ്രൻ** 13

പാട്ടെന്റെ പ്രിയപ്പെട്ട ഊർജ്ജ ഇടം
**ധന്യ സുരേഷ് മേനോൻ** 17

വിവർത്തനത്തിൽ നഷ്ടപ്പെടാത്തത്
**ശരണ്യ പി.എസ്.** 20

ലോകം മാറാൻ കുറുക്കുവഴികളില്ല
**അഭിമുഖം : കുഞ്ഞില/അനുപാപ്പച്ചൻ** 24

പെൺപാട്ടിടങ്ങളിലെ മറുപാട്ടുകൾ
**മൃദുലാദേവി എസ്.** 28

കലാസംവിധാനത്തിലെ പെൺകരുത്ത്
**അനു വി.എസ്.** 33

കഥ പറയുന്ന ഉടയാടകൾ
**മേഘ ബെന്നി** 36

അതിജീവിതമാർക്കൊപ്പം നില്ക്കേണ്ടത് ചരിത്രപരമായ കടമ
**പെൺപക്ഷം/അജിത കെ.** 38

ആയിരം കോടി ക്ലബ് ചിത്രങ്ങൾക്കൊപ്പം ആതിര
**സിസ്റ്റർ നവ്യ റോസ് ഡിസി** 40

ക്യാമറയുടെ ടീച്ചറാവാം
**ലൈല കല്ലാരം** 44

എന്റെ ഇടം/ഇടപെടലുകൾ-ജോളി ചിറയത്ത്
**ശരണ്യ കെ.എസ്.** 47

കരുത്തുള്ള കാളി : ജീവിതത്തിലും സിനിമയിലും ഫൈറ്റർ
**ഡോ.അനു പാപ്പച്ചൻ** 51

പറയാൻ പറ്റുന്ന കാലം വരും
**വാസ്തവം/ഡോ.ജാൻസി ജോസ്** 53

ബി.എം. സുഹറയുടെ കൃതികളിലെ ലിംഗചിത്രീകരണം
**പഠനം/സജ്ന മോൾ ആമ്യൻ** 54

അന്നാ കരേനിന എഴുതുമ്പോൾ
**കവിത/ദിവ്യ എൻ.** 63

കണ്ണുകൾ പറഞ്ഞത്
**കഥ/സിന്ധു ഉല്ലാസ്** 64

മേരി റോയ് ബാക്കി വെച്ചത്
**അനുസ്മരണം/എലിസബത്ത് ഫിലിപ്പ്** 68

ജെയിൻ റിഗ്ബിയും ജയിംസ് വെബ്ബ് ടെലിസ്കോപ്പും
**ശാസ്ത്രം/സീമ ശ്രീലയം** 65



ഷീബ കെ.എം.

ആക്രമിക്കപ്പെട്ട നടിയ്ക്ക് നീതി തേടി ‘അതിജീവിതയ്ക്കൊപ്പം’ എന്ന മുദ്രാവാക്യവുമായി കേരളത്തിൽ ഉയർന്നു വന്ന മുന്നേറ്റം ഇപ്പോൾ സിവിക് ചന്ദ്രൻ എന്ന ‘സാംസ്ക്കാരിക നായക’നാൽ ഇരയാക്കപ്പെട്ട യുവതിയോടും ഐക്യദാർഡ്യം പ്രഖ്യാപിച്ചിരിക്കുകയാണ്. പ്രതിരോധ പോരാളികൾ എന്ന് സ്വയം അവകാശപ്പെടുന്ന സിവിക് ചന്ദ്രനെപ്പോലെയുള്ളവർ പൊതുകാഴ്ചയ്ക്ക് മറവിൽ നടത്തുന്ന ഇത്തരം ലൈംഗികാതിക്രമ പ്രവർത്തികൾ സാമൂഹ്യ സാംസ്കാരിക രംഗത്തെ ഏറെ ജനാധിപത്യ വിരുദ്ധമാക്കുന്നുണ്ട്. ഇങ്ങനെയുള്ള ഒരാൾക്ക് ജാമ്യം നൽകാൻ കോടതി നിരത്തിയ ന്യായവാദങ്ങൾ വാസ്തവത്തിൽ അമ്പരപ്പിക്കും വിധം പ്രതിലോമകരമായിരുന്നു. 70 പിന്നിട്ട വികലാംഗനായ ഒരു വൃദ്ധൻ ഇങ്ങനെ ചെയ്യാൻ സാധ്യതയില്ല എന്ന് ഒരു വശത്ത് പറയുകയും മറുവശത്ത് ഇരയുടെ പ്രകോപനപരമായ വസ്ത്രങ്ങൾ ആയിരുന്നു അതിക്രമകാരണമെന്നും സ്ഥാപിക്കുകയും ചെയ്തുകൊണ്ടുള്ള ലജ്ജാവഹമായ ഇരട്ടമുഖ നീതീകരണ യുക്തിയാണ് കോടതിയിൽ കേട്ടത്. നാല് ദശകങ്ങളെങ്കിലുമായി നിയമവ്യവസ്ഥയുടെ ഇത്തരം സ്ത്രീവിരുദ്ധ അന്യായ അനീതികളെ ചോദ്യം ചെയ്യാൻ തുടങ്ങിയിട്ടെങ്കിലും കോടതി വ്യവഹാരങ്ങൾ ഇപ്പോഴും കാലങ്ങൾ പുറകിലാണ്. ഇരയ്ക്ക് നീതി ലഭിക്കും വരെ ഈ സമരം തുടർന്നുകൊണ്ടേയിരിക്കും. ശക്തമായ ഐക്യദാർഡ്യം !

പുരുഷാധിപത്യത്തിന്റെ കുത്തൊഴുക്കിനെതിരെ സധൈര്യം നീന്തിക്കയറിയ മേരി റോയി ഓർമ്മയായി. സിറിയൻ ക്രിസ്ത്യൻ സ്ത്രീകളുടെ തുല്യ സ്വത്തവകാശത്തിനു വേണ്ടി നാല് ദശകത്തോളം നീണ്ട അവരുടെ ഐതിഹാസിക പോരാട്ടം സ്ത്രീവാദ ചരിത്രത്തിൽ ശക്തമായി അടയാളപ്പെട്ടു കഴിഞ്ഞിരിക്കുന്നു. മലയാള ഭാഷയുടെയും സംസ്കാരത്തിന്റെയും രാഷ്ട്രീയം ഉയർത്തിപ്പിടിച്ചുകൊണ്ട് അവർ നേതൃത്വം നൽകി നടത്തിപ്പോന്ന ‘പള്ളിക്കൂടം’ എന്ന വിദ്യാലയം വിദ്യാഭ്യാസ മേഖലയിൽ വേറിട്ട വഴികൾ തുറന്നു. ആ സമരജീവിതത്തിന്റെ ഓർമ്മയ്ക്ക് മുൻപിൽ പ്രണാമം!

അവിവാഹിതരായവരും ക്വിയർ കൂട്ടു ജീവിതത്തിലുള്ളവരുമായവരുടെ ബന്ധങ്ങൾ കൂടി കുടുംബം എന്ന പേരിൽ അറിയപ്പെടുമെന്ന സുപ്രധാന വിധിയാണ് സുപ്രീം കോടതി പുറപ്പെടുവിച്ചിട്ടുള്ളത്. സർവ്വസാധാരണമല്ല എങ്കിലും ഈ പ്രണയ ബന്ധങ്ങളും പരമ്പരാഗത കുടുംബ സങ്കല്പങ്ങൾ പോലെ യഥാർത്ഥമാണെന്നും അവയ്ക്കും കുടുംബക്ഷേമ നിയമപരിരക്ഷയും ഗുണഫലങ്ങളും ലഭ്യമാകേണ്ടതുണ്ടെന്നും കോടതി വ്യക്തമാക്കി. ഈ വിധി ഏറെ പ്രതീക്ഷയോടെ സ്വാഗതം ചെയ്യുന്നു.

ചലച്ചിത്ര നിർമ്മാണ പരിസരങ്ങൾ അത്യന്തം പുരുഷാധിപത്യപരമായി തുടരുമ്പോഴും പ്രഗൽഭധനരായ ധാരാളം സ്ത്രീകൾ എല്ലാ പ്രതിബന്ധങ്ങളെയും തരണം ചെയ്ത് സിനിമാലോകത്തേക്ക് പെൺപുതുവഴികൾ തുറന്നുകൊണ്ടേയിരിക്കുന്നു എന്നത് ശുഭപ്രതീക്ഷ നൽകുന്നു. സംവിധാനവും ഛായാഗ്രഹണവും മാത്രമല്ല അത്രകണ്ട് ശ്രദ്ധിക്കപ്പെടാതെ പോകുന്ന സബ്ടൈറ്റിൽ എഴുത്തും ഗാന രചനയും സംഗീതസംവിധാനവും വസ്ത്രാലങ്കാരവും ശബ്ദം പകരലും മേക്കപ്പും ചലച്ചിത്ര വിപണനവും വരെ നടത്തുന്ന സ്ത്രീകൾ ഇന്ന് ചലച്ചിത്രനിർമ്മാണ അണിയറകളിൽ തൊഴിലെടുക്കുന്നുണ്ട്. ഇതിലടങ്ങിയിട്ടുള്ള കഠിനാധ്വാനം മാത്രമല്ല വ്യവസ്ഥിതിയോടുള്ള കഠിന പോരാട്ടം കൂടി അടയാളപ്പെടുത്തുന്ന സാന്നിധ്യങ്ങൾ തന്നെയാണിവ. അനു പാപ്പച്ചൻ അതിഥിപത്രാധിപയായി ചലച്ചിത്ര അണിയറ പ്രവർത്തകരുടെ അനുഭവങ്ങൾ പങ്കുവെയ്ക്കുന്ന സെപ്തംബർ ലക്കം സംഘടിത ഓണാശംസകളോടെ സമർപ്പിക്കട്ടെ.

## അതിഥിപത്രാധിപക്കുറിപ്പ്




**ഡോ.അനു പാപ്പച്ചൻ**
അധ്യാപിക
എഴുത്തുകാരി
വിമല കോളജ്,തൃശൂർ


സംഘടിതയുടെ ഈ ലക്കം 'ചലച്ചിത്ര മേഖലയിൽ വ്യത്യസ്തങ്ങളായ തൊഴിലിലിടപെടുന്നവരുടെ അനുഭവങ്ങളുടെ സമാഹരണമാണ്.ഈ പങ്കു വയ്ക്കലുകൾ കേവലം വൈയക്തികമല്ല. ഓരോ മനുഷ്യരുടെയും തൊഴിലനുഭവങ്ങളിൽ നമ്മുടെ സാമൂഹിക പരിസരങ്ങൾ കൂടി വെളിപ്പെടുന്നുണ്ട്. മറ്റേത് തൊഴിലിലുമെന്നപോലെ സിനിമയിലും സാമ്പ്രദായികതകളുടെ അലിഖിതങ്ങൾ ഇത്തിൾക്കണ്ണികളായി തുടരുന്നുണ്ട്. അതു കൊണ്ടു തന്നെ, ഈ അനുഭവ - സംവാദങ്ങളിൽ സ്വത്വ നിർമ്മിതിക്കുള്ള പോരാട്ടത്തിന്റെയും അതിജീവനത്തിന്റെയും അധ്വാനം കൂടി വായിച്ചെടുക്കണം.ആണധികാര ഇടത്തിലേക്കുള്ള ധീരമായ കടന്നുവരവുകൾ, ഇതുവരെ നേരിട്ട സംഘർഷങ്ങളുടെ അതിജീവനത്തിന്റെ കൂടി പ്രതിഫലനമാണ്.ചലച്ചിത്ര മേഖലയിൽ പ്രവർത്തിക്കുന്ന സ്ത്രീകളുടെ തൊഴിൽ സാഹചര്യങ്ങൾ വിശദമായി ചർച്ച ചെയ്യപ്പെടുന്ന കാലം വന്നതു പോലും പുരോഗമനപരമായ സാമൂഹിക മാറ്റമായി വേണം കരുതാൻ. ചുരുങ്ങിയ പക്ഷം തൊഴിലിടത്തിൽ അഭിസംബോധന ചെയ്യേണ്ട പ്രശ്നങ്ങളുണ്ട്, അവ പ്രശ്നങ്ങൾ തന്നെയെന്ന് സമൂഹം തിരിച്ചറിയുന്നത് നല്ല ലക്ഷണമാണ്.

ഏറ്റവുമധികം മനുഷ്യരെ സ്വാധീനിക്കുന്ന ഒരു കലയുടെ ഭാഗമായി നില്ക്കുന്ന സ്ത്രീകൾ, ആ മാധ്യമത്തിൽ എന്ത് / എങ്ങനെ ചെയ്യുന്നു എന്നു നിരീക്ഷിക്കുന്നത് കാലിക പ്രസക്തമാണ്. മാന്യമായ തൊഴിൽ സാഹചര്യത്തിന്റെ അഭാവം, ലിംഗ അസമത്വം, ചൂഷണം, പ്രതിഫലത്തട്ടിപ്പ്, തരംതാഴ്ത്തൽ - ഇങ്ങനെ പലതരം അനീതികളെ കവച്ചു വച്ച് സ്വന്തമിടങ്ങൾ സൃഷ്ടിക്കുന്ന സ്ത്രീകളുടെ അധ്വാനത്തെ വിലമതിക്കേണ്ടതുണ്ട്. ക്രിയാത്മകമായ ജോലിക്കുള്ള അവരുടെ സമയം കൂടി ചെറുത്തു നില്പിനു വേണ്ടി ചെലവഴിക്കേണ്ട അവസ്ഥയുണ്ട് എന്നോർക്കണം. സൂപ്പർ സ്റ്റാർ മമ്മൂട്ടിയെ നായകനാക്കി സിനിമ ചെയ്ത സംവിധായിക രത്തീനക്കു വരെ അനുഭവം മറിച്ചല്ല. ഓരോ സ്ത്രീകളും പങ്കുവയ്ക്കുന്ന വ്യക്ത്യനുഭവകഥനങ്ങളിൽ, നിലനില്ക്കുന്ന സാമൂഹിക മന:സ്ഥിതിയുടെ മുരടിച്ച കുറ്റികൾ കൂടി കണ്ടുപോകേണ്ടി വരും. ഇനിയും കൈവരിച്ചിട്ടില്ലാത്ത ജനാധിപത്യ സ്ഥലത്തിനായുള്ള പോരാട്ടങ്ങളെയാണ് ഈ സ്ത്രീകൾ മുന്നോട്ട് വക്കുന്നത്. അതിൽ ജയിച്ചെത്തിയവരുടെ ആഹ്ലാദങ്ങളുണ്ട്. തോറ്റു പോകാതിരിക്കാനുള്ള ദൃഢനിശ്ചയങ്ങളുണ്ട്. നാളത്തെ പെണ്ണിടത്തെ കുറിച്ചുള്ള ഉറച്ച ധാരണകളുമുണ്ട്. അഭിനയം മാത്രമല്ല, സംവിധാനം, കലാസംവിധാനം, ഡബിങ്ങ്, സബ്ടൈറ്റിലിങ്ങ്,, ഛായാഗ്രഹണം, മാർക്കറ്റിങ്ങ്, മേക്കപ്പ്, പാട്ടെഴുത്ത് , സംഘട്ടനം എന്നിങ്ങനെ സിനിമയുടെ ഇതര മേഖലകളിലും വ്യക്തിമുദ്ര പതിപ്പിച്ചു മുന്നേറുന്നവർ സംഘടിതയുടെ ഈ ലക്കത്തിൽ ഒന്നിച്ചു ചേരുന്നു.

കച്ചവടത്തിനും കയ്യടിക്കും പര്യാപ്തമായ വിധത്തിൽ ആരാധിച്ചും ആഘോഷിച്ചും സ്ത്രീയെ പ്രകീർത്തിക്കുന്ന കള്ളത്തരത്തെ പുതിയ സ്ത്രീകൾ പൊളിച്ചുകളയുന്നു. വീഴ്ത്തുന്ന വഴികളിലെ ദുഷിപ്പ് ചൂണ്ടിക്കാട്ടി മേലിൽ ആവർത്തിക്കരുത് എന്ന് ഉറച്ച സ്വരത്തിൽ പ്രഖ്യാപിക്കുന്ന സ്ത്രീകൾ ഉണ്ടായിക്കഴിഞ്ഞു.കേവലം ഉപരിപ്ലവ വിപണി ആവേശങ്ങളിൽ അവസാനിക്കേണ്ടതല്ല സ്ത്രീകളുടെ അടയാളപ്പെടുത്തലുകൾ എന്ന് സിനിമക്കകത്തും പുറത്തും ശബ്ദങ്ങളുണ്ടിപ്പോൾ. അഭിനയം മാത്രമല്ല, സാങ്കേതികവും ക്രിയാത്മകവുമായ സകല മേഖലകളിലും കയ്യും കാലും ചിന്തയുമെടുത്ത് വച്ചാലേ സിനിമയെന്ന തൊഴിലിടത്തിൽ മാറ്റങ്ങളുണ്ടാകൂ എന്ന് സ്ത്രീകൾ മനസിലാക്കിക്കഴിഞ്ഞു. ഈ തൊഴിലിടത്തിൽ ലിംഗസമത്വം മുൻനിർത്തി ഉണ്ടാകേണ്ട പുരോഗതിക്ക് ഓരോരുത്തരും അടിവരയിടുന്നുണ്ട് .സിനിമക്കുള്ളിൽ പ്രവർത്തിക്കുന്നവരുടെയും ,സിനിമ ആസ്വദിക്കുന്ന പ്രേക്ഷകരുടെയും ചിന്തയിൽ അടിഞ്ഞുകൂടിയ അബദ്ധബോധങ്ങളെ തിരുത്താനും സംവാദങ്ങൾ ഉണ്ടാകാനും ഈ നേരനുഭവങ്ങൾ പര്യാപ്തമാകട്ടെ എന്ന് ആശംസിച്ചു കൊണ്ട് വായനക്കാർക്ക് മുന്നിൽ സ്നേഹത്തോടെ പങ്കുവക്കുന്നു.

# പെൺമാവേലിയുമൊത്ത് ഓണാഘോഷം




പെൺമാവേലി... മാവേലി... പുലികളി... എന്നുവേണ്ട ഒട്ടുമിക്ക ഓണാഘോഷങ്ങളും എല്ലാവർഷവും ബോധത്തിലും ബോധംകളഞ്ഞും പുരുഷന്മാർ കൈയ്യടിക്കിയിരുന്നു. അടുത്തിടെ ചില പെൺപുലികളെയും കണ്ടിരുന്നു. സ്വതവേ കുടവയറും പൂണൂലുമൊക്കെ ധരിച്ച മാവേലിസങ്കല്പത്തോടും ഓണത്തിന്റെ വലിയ ആഘോഷത്തോടുമൊക്കെ അകലം പാലിക്കുകയായിരുന്നു പതിവ്. ഇക്കുറി ഒരു പെൺമാവേലി നെഞ്ചും കുടവയറും ഒക്കെയായി ഒത്തൊരു മാവേലി പേര്റിനി. കേരള അഡ്വക്കേറ്റ് ജനറൽ തന്റെ സ്വതസിദ്ധമായ പുഞ്ചിരിയോടെയും തെല്ലൊരത്ഭുതത്തോടെയും സ്വാഗതം ചെയ്തു. സ്ത്രീകൾക്കിടയിലേക്ക് കൂസലില്ലാതെ കടന്നുവന്ന മാവേലിയോട് തെല്ലൊരു അകലം പാലിച്ചവർ ഒടുവിലാണറിഞ്ഞത് മാവേലി പെണ്ണാണ്... അതോടെ ഓഫീസിലെ ഈ വർഷത്തെ ഓണാഘോഷം പെൺകോയ്മ മനോഹരമാക്കി. ഹിന്ദു പുരാണങ്ങളിലെ മാവേലി ഉത്തരേന്ത്യക്കാരനും നമ്മുടെ സങ്കല്പത്തിൽ ദ്രാവിഡനും. അപ്പോഴും ഒരോണാഘോഷത്തിലും ഒരു പെണ്ണും മാവേലി വേഷം കെട്ടിയിരുന്നില്ല. പുന്നെല്ലും കൊയ്ത്തും മെതിയുമായി ഒരു ജനതയുടെ മനസിലുള്ള സമൃദ്ധിയുടെ ഈ കാർഷികാഘോഷത്തെ കാവിപുതപ്പിച്ച് പൂണൂലിടുവിച്ച് വംശീയവൽക്കരിക്കാതെ നമുക്കേറ്റെടുക്കാം.



ഓണാഘോഷത്തിന്റെ ഭാഗമായി കാലങ്ങളായി പൊതുസമൂഹം കൊണ്ടുനടക്കുന്ന മാവേലിയുടെ പൊതുബോധരൂപത്തെ തിരുത്തുകയാണ് കാലടി സംസ്കൃത സർവ്വകലാശാലയിലെ ചരിത്രവിഭാഗം വിദ്യാർത്ഥികൾ. വെളുത്ത് തടിച്ചുരുണ്ട കൊമ്പൻ മീശക്കാരനായ മാവേലിയുടെ രൂപത്തെ തിരുത്തുന്ന പല പോസ്റ്ററുകളും വിവിധ ക്യാമ്പസുകളുടെ പേരിൽ നവമാധ്യമങ്ങളിൽ വൈറലാകുമ്പോഴാണ് പെൺമാവേലിയുമായി സംസ്കൃതസർവ്വകലാശാലയിലെ ഹിസ്റ്ററി ഡിപ്പാർട്ടുമെന്റ് ഓണം ആഘോഷിച്ചത്. സ്വർണ്ണകീരീടം അണിയാതെ പെൺമാവേലി ഇല കിരീടം അണിഞ്ഞതും വ്യത്യസ്തക്ക് പകിട്ടേകി. ചരിത്ര വിഭാഗത്തിൽ പി.എച്ച്.ഡി ഗവേഷകയായ എ.ഭവ്യയാണ് സ്റ്റീരിയോടൈപ്പ് മാവേലിരൂപത്തെ പെൺമാവേലിയായി മാറി പൊളിച്ചെഴുതിയത്. സർവ്വകലാശാലയിലെ സംസ്കൃത സാഹിത്യം ഡിപ്പാർട്ട്മെന്റിലും പെൺമാവേലിയുമൊത്താണ് ഓണമാഘോഷിച്ചത്.



കടപ്പാട് : ജനയുഗം



ചർച്ചാവിഷയം

# 'സംവിധാനം – റത്തീന'



റത്തീന
സംവിധായിക

എങ്ങനെ ഒപ്പിച്ചു? കുലുങ്ങി ചിരിച്ചു കൊണ്ട് നിങ്ങൾ ഈ ചോദ്യം ആരോടൊക്കെ ചോദിച്ചിട്ടുണ്ട്? ഇതിൽ ഒളിഞ്ഞിരിക്കുന്ന അശ്ലീലത്തിൽ നിന്നു തുടങ്ങുന്നു സ്ത്രീകളുടെ ഈ യാത്ര. ചലച്ചിത്രപ്രവർത്തകർ എന്ന നിലയിൽ, നമ്മൾ ഒരുപാട് മുന്നോട്ട് പോയിട്ടുണ്ട്, പക്ഷേ ഇപ്പോഴും സ്ത്രീ പ്രാതിനിധ്യത്തിന്റെ കാര്യത്തിൽ നമ്മുടെ സിനിമ മേഖല ഏറെ പിന്നിലാണ് നിൽക്കുന്നത്. സ്ത്രീകൾ സാങ്കേതിക പ്രവർത്തകർ വിരലിൽ എണ്ണാവുന്നത്രയും മാത്രമേ ഉണ്ടായിരുന്നുള്ളൂ. ഇന്ന്, കൂടുതൽ സ്ത്രീകൾ ഉണ്ട്, എന്നാൽ പുരുഷന്മാരുമായി താരതമ്യപ്പെടുത്തുമ്പോൾ, എണ്ണം വളരെ കുറവാണ്. ഒരു സംവിധായകന് തന്റെ സിനിമ ഒരുക്കങ്ങൾക്കായി വീട്ടിൽ നിന്നും ഒരു ബാഗുമായി എന്ന് മടങ്ങി വരുമെന്ന് പറയുക പോലും ചെയ്യാതെ ഏത് സമയത്തും ഇറങ്ങാം. ഞാൻ ഒരു

> **സ്ത്രീ സംവിധായകർ, പ്രത്യേകിച്ച് സ്ത്രീ തിരക്കഥാകൃത്തുക്കൾ, സിനിമകൾക്ക് മികച്ച സ്ത്രീ പ്രാതിനിധ്യം ലഭിക്കുന്നതിന് സഹായകമാണ്, എന്നാൽ സ്ത്രീ സംവിധായകരുടെ ശതമാനം വളരെ കുറവാണ്. മറ്റൊന്ന്, സ്ത്രീകളെക്കുറിച്ചുള്ള കഥകൾ പറയാൻ അത് പോലെ സ്ത്രീകൾ പ്രധാന കഥാപാത്രങ്ങളാകുന്ന കഴിവുള്ള സിനിമകൾക്ക് പലപ്പോഴും കുറഞ്ഞ ബജറ്റാണ് നൽകുന്നത്, ഇത് മികച്ച സ്ത്രീ പക്ഷ സിനിമകൾ ഉണ്ടാകാത്തതിന് വലിയ ഒരു കാരണമാണ്**

അമ്മയാണ് . ഞാൻ സിനിമ ചെയ്യുമ്പോൾ എന്റെ കുട്ടികളെ എവിടെയാണ് ഉപേക്ഷിക്കാൻ ഉദ്ദേശിക്കുന്നതെന്നാണ് ചിലർക്കൊക്കെ അറിയേണ്ടത്. മക്കളുടെ അസുഖങ്ങൾ, അവരുടെ പരീക്ഷ, അവരുടെ കായിക കലോത്സവ മത്സരങ്ങൾ തുടങ്ങി അവര് കഴിക്കുന്ന ആഹാരത്തിലെ പോഷകത്തിന്റെ അളവ് വരെ എന്റെ സർഗാത്മകതയെ ബാധിക്കാറുണ്ടെന്നുള്ളത് ഒരു തമാശയല്ല. പത്താം ക്ലാസുകാരനായ മകന്റെ മാർക്കും, ഒന്നാം ക്ലാസുകാരന്റെ ഹോം വർക്കും എന്നെ സിനിമ ചെയ്യുന്നതിൽ നിന്ന് അകറ്റി നിർത്തുന്നു എന്ന് പറഞ്ഞാൽ അതിൽ ഒട്ടും അതിശയോക്തി ഇല്ല. പുരുഷന്മാരേക്കാൾ ഏറെ ചുറ്റുമുള്ള സ്ത്രീകൾ ആണ് ഇത്തരം കുറ്റബോധം നമ്മളിൽ ഉണ്ടാക്കുന്നവരിൽ മുൻപന്തിയിൽ എന്നതാണ് വിചിത്രം. ഞാൻ വൈകി വരുന്നതും ഇടയ്ക്ക് വീട്ടിൽ ഇല്ലാതിരിക്കുന്നതും, എന്റെ തിരക്കുകളും എന്റെ മക്കൾക്ക് വളരെ സ്വാഭാവികമായിട്ടാണ് തോന്നാറ്. അവരെന്നെ ഒരു മോശം അമ്മയായി കണക്കാക്കുന്നില്ല . അവർ അവരുടെ ജീവിതത്തിലെ സ്ത്രീകളെയും അവരുടെ തെരഞ്ഞെടുപ്പുകളെയും മോശമായി ഒരിക്കലും വിധിക്കില്ല എന്നെനിക്കുറപ്പാണ്.

അടുത്ത കാലത്തായി, സ്ത്രീകൾ വിവിധ മേഖലകളിലേക്ക് ചുവടുവെക്കുകയും സിനിമകൾ സ്ത്രീ പ്രേക്ഷകരോട് ശക്തമായതും മികച്ചതുമായ സ്ത്രീ കഥാപാത്രങ്ങളിലൂടെ പ്രതികരിക്കാൻ തുടങ്ങുകയും ചെയ്തിട്ടുണ്ട്. എന്നിരുന്നാലും സിനിമയിലെ സ്ത്രീപ്രാതിനിധ്യത്തിൽ , സിനിമാ നിർമ്മാണപ്രക്രിയയിലെ ചില ഘടകങ്ങളാണ് കാര്യമായ സ്വാധീനം ചെലുത്തുന്നത്, കൂടാതെ കൂടുതൽ സ്ത്രീ പ്രാതിനിധ്യം കാണിക്കുന്ന സിനിമകൾ വാണിജ്യപരമായി അല്ലാത്തവയെ മറികടക്കാൻ ബുദ്ധിമുട്ടുകയും ചെയ്യുന്നു . സ്ത്രീ സംവിധായകർ, പ്രത്യേകിച്ച് സ്ത്രീ തിരക്കഥാകൃത്തുക്കൾ, സിനിമകൾക്ക് മികച്ച സ്ത്രീ പ്രാതിനിധ്യം ലഭിക്കുന്നതിന് സഹായകമാണ്, എന്നാൽ സ്ത്രീ സംവിധായകരുടെ ശതമാനം വളരെ കുറവാണ്. മറ്റൊന്ന് , സ്ത്രീകളെക്കുറിച്ചുള്ള കഥകൾ പറയാൻ അത് പോലെ സ്ത്രീകൾ പ്രധാന കഥാപാത്രങ്ങളാകുന്ന കഴിവുള്ള സിനിമകൾക്ക് പലപ്പോഴും കുറഞ്ഞ ബജറ്റാണ് നൽകുന്നത്, ഇത് മികച്ച സ്ത്രീ പക്ഷ സിനിമകൾ ഉണ്ടാകത്തതിന് വലിയ ഒരു കാരണമാണ്. മോശം സ്ത്രീപ്രാതിനിധ്യമുള്ള സിനിമകൾ ഇപ്പോഴും ബോക്സോഫീസ് വിജയത്തെ ബാധിക്കുന്നില്ല, അവ വളരെ ജനപ്രിയവും വിജയകരവുമാകകയും ചെയ്യുന്നു . അത് കൊണ്ട് തന്നെ സിനിമാപ്രേക്ഷകരിൽ നിന്ന് നമുക്ക് മികച്ച സ്ത്രീ പ്രാതിനിധ്യം വേണമെന്ന ആവശ്യം സിനിമാ വ്യവസായത്തെ മാറ്റാൻ പ്രേരിപ്പിക്കാൻ ശക്തമല്ല .

മലയാള സിനിമകൾ എല്ലായ്പ്പോഴും സമ്പന്നമാണ്, അവയുടെ ഉള്ളടക്കത്തിലായാലും കച്ചവടത്തിലായാലും , കഴിവുള്ള കലാകാരന്മാരാലും, സാങ്കേതിക പ്രവർത്തകരാലും, പാൻ ഇന്ത്യൻ പ്രേക്ഷകരിൽ നമുക്ക് ഒരു മതിപ്പ് ഉണ്ടാക്കാൻ എന്നും കഴിഞ്ഞിട്ടുണ്ട്.

പുതിയ സിനിമകൾ, അവയുടെ സാങ്കേതിക മികവ്, റിയലിസ്റ്റിക് പ്ലോട്ട് ലൈനുകൾ, വേറിട്ട കണ്ടന്റ് കൾ, തിയേറ്റർ ഒ.ടി.ടി മാത്രമല്ലാതെ സാധ്യതകൾ, ഇതെല്ലം ചേർന്ന് വന്നതോടെ നമ്മൾ കുറച്ചധികം എല്ലാ തരത്തിലുള്ള പ്രേക്ഷകരിലേക്കും എത്തിച്ചേരുന്നുണ്ട്. നമ്മുടെ അഭിനേതാക്കളുടെ കഴിവുകൾ അന്യഭാഷക്കാർ പുകഴ്ത്തുന്ന സ്ഥിതി ഇന്നും തുടരുന്നു. പഴയ കാലത്തെ അപേക്ഷിച്ചു കഴിഞ്ഞ കുറച്ചു വർഷങ്ങളായി ഒരുപാട് പുതിയ ആളുകൾ മലയാള സിനിമയിൽ എത്തിച്ചേർന്നിട്ടുണ്ട്. അവസരങ്ങൾ കുറച്ചൂടെ വിശാലമാക്കപ്പെട്ടു. സ്ത്രീ സാന്നിധ്യം വർധിച്ചു . ഇതെല്ലം മലയാള സിനിമ ഒരു തരത്തിലും തളരാതെ മുന്നോട്ടു കുതിക്കുകയാണ് എന്ന സൂചനയാണ് നൽകുന്നത്. ഏതൊരു ചലച്ചിത്ര പ്രവർത്തകനും അത് നൽകുന്ന ആത്മവിശ്വാസം ചെറുതല്ല .

മുൻപായിരുന്നെങ്കിൽ സമാന്തര സിനിമാ ആശയങ്ങളാവേണ്ടിയിരുന്ന വിഷയങ്ങളെ ഇന്ന് മുഖ്യധാരാ സിനിമ മേക്കിങ് ചേരുവകൾ എടുത്തു കൂടുതൽ ജനകീയമാക്കി അവതരിപ്പിക്കാനാണ് ഈ തലമുറ ശ്രമിക്കുന്നത്. അവർക്കൊപ്പം ചേർന്ന് സഞ്ചരിക്കാനാണ് ഞാനും ശ്രമിക്കുന്നത് .ഒരു മാധ്യമമെന്ന നിലയിൽ, മറ്റ് കലാരൂപങ്ങളിലൂടെ പകർത്താൻ കഴിയാത്ത വിധത്തിൽ ജീവിതത്തെ പകർത്തുവാൻ സിനിമയ്ക്ക് കഴിയും. സിനിമ ഒരു ശക്തമായ ആശയവിനിമയ മാധ്യമമാണ്. ദരിദ്രർ മുതൽ സമ്പന്നർ വരെ, സാക്ഷരർ മുതൽ നിരക്ഷരർ വരെ, നഗരം മുതൽ ഗ്രാമം വരെ, കുട്ടികൾ മു



**“നമ്മൾ ആഗ്രഹിക്കുന്ന മാറ്റം മാന്ത്രികമായി സംഭവിക്കില്ല. അധികാരത്തിലിരിക്കുന്ന ഒരു പുരുഷൻ തന്റെ സഹപ്രവർത്തകരായ സ്ത്രീകളെ അവർ നേടിയതിന് അഭിനന്ദിക്കാനും അവരുടെ കഴിവുകളെ അംഗീകരിക്കാനും കൂടെ പഠിക്കണം. നിർഭാഗ്യവശാൽ, ഇത് പലപ്പോഴും സംഭവിക്കുന്നില്ല, പക്ഷേ അത് ആവശ്യമാണ്. മമ്മൂക്ക പറഞ്ഞത് പോലെ , "സംവിധാനം ചെയ്യുന്നത് സ്ത്രീയായാലും പുരുഷനായാലും ഒരേ കാര്യങ്ങളാണ് അവർക്കു ചെയ്യാനുള്ളത്. നല്ല ഇച്ഛാശക്തിയും ആജ്ഞാ ശക്തിയുമുള്ളവരാണ് സ്ത്രീകൾ !"**

തൽ മുതിർന്നവർ വരെ അങ്ങനെ ആശയവിനിമയം നടത്താൻ ഇതിന് കഴിയും. ആശയവിനിമയം, നമുക്കെല്ലാവർക്കും അറിയാവുന്നതുപോലെ, വിവരങ്ങൾ കൈമാറുന്നതിനുള്ള ഒരു പ്രവൃത്തിയാണ്. അടിസ്ഥാനപരമായി ആശയങ്ങൾ, കാഴ്ചപ്പാടുകൾ, ചിന്തകൾ, ഭാവങ്ങൾ എന്നിവ ഏതെങ്കിലും മാധ്യമത്തിലൂടെ പങ്കുവയ്ക്കുന്ന പ്രവർത്തനമാണ്.ആളുകൾ ഒരു സിനിമയെ കുറിച്ച് നല്ല രീതിയിൽ ചർച്ച ചെയ്യുമ്പോഴാണ് ആ സിനിമ അതിന്റെ ഉദ്ദേശം നിറവേറ്റുന്നത് എന്നാണ് ഞാൻ വിശ്വസിക്കുന്നത് . അതാണ് എനിക്ക് ആ സിനിമയുടെ വിജയം !

നീ ഒരു പെണ്ണാണ്, വെറും പെണ്ണ് എന്ന് പരസ്യമായി ആരും പറയാത്ത വിധം നമ്മൾ ഇന്ന് സാമൂഹികമായി പുരോഗമിച്ചിട്ടുണ്ട് . എന്നാൽ പല ആക്രമണങ്ങളും പരോക്ഷമായതിനാൽ, അവയെ സൂക്ഷ്മമായി കൈകാര്യം ചെയ്യാൻ സ്ത്രീ




കൾ പഠിച്ചു തുടങ്ങി .ചില കാര്യങ്ങളെ കുറിച്ച് ഒന്നിൽ കൂടുതൽ തവണയിൽ കൂടുതൽ ഒരു ആശങ്ക ഉന്നയിക്കുകയാണെങ്കിൽ, വെറും 'പരാതി' എന്ന് പറയാറുണ്ട് . കൂടുതൽ സഹകരിച്ച് പ്രവർത്തിക്കുന്നതിലോ അഭിപ്രായങ്ങൾ തേടുന്നതിലോ ദുർബലരായിരിക്കുന്നചില സമയങ്ങളിൽ ശരിയാകുമോയെന്നു പറയുന്നതിലോ ബുദ്ധിമുട്ട് തോന്നാറില്ല . പുരുഷന്മാർക്ക് അനായാസമായി ഒന്നിൽ ഉറച്ചുനിൽക്കാൻ കഴിയും, എന്നാൽ നമ്മൾ അങ്ങനെ ചെയ്യുകയാണെങ്കിൽ, അത് നമ്മുടെ അഹങ്കാരമായി ലേബൽ ചെയ്യപ്പെടും. സെറ്റിലെ ജനക്കൂട്ടത്തെ കൈകാര്യം ചെയ്യാൻ സ്ത്രീകൾക്ക് കഴിയില്ലെന്നത് ഒരു മിഥ്യ മാത്രമാണ് . നമ്മൾ അല്

**“പുരുഷന്മാർക്ക് അനായാസമായി ഒന്നിൽ ഉറച്ചുനിൽക്കാൻ കഴിയും, എന്നാൽ നമ്മൾ അങ്ങനെ ചെയ്യുകയാണെങ്കിൽ, അത് നമ്മുടെ അഹങ്കാരമായി ലേബൽ ചെയ്യപ്പെടും. സെറ്റിലെ ജനക്കൂട്ടത്തെ കൈകാര്യം ചെയ്യാൻ സ്ത്രീകൾക്ക് കഴിയില്ലെന്നത് ഒരു മിഥ്യ മാത്രമാണ്. നമ്മൾ അല്പം ബഹളക്കാർ ആണെങ്കിൽ, ഉടനെ ആക്രമണകാരികളാണെന്ന് പറയപ്പെടുന്നു.**

പം ബഹളക്കാർ ആണെങ്കിൽ , ഉടനെ ആക്രമണകാരികളാണെന്ന് പറയപ്പെടുന്നു. ഒരു മനുഷ്യൻ അത് ചെയ്താൽ, അയാൾക്ക് എന്താണ് വേണ്ടതെന്ന് മനസ്സിലാക്കാൻ കഴിയുന്നില്ലെങ്കിൽ അത് ചുറ്റും നിൽക്കുന്നവരുടെ കൂടെ പ്രശ്നമാണ്. മാനസിക നില അവതാളത്തിലാണ് എന്ന് പറഞ്ഞു അതിനെ ആക്ഷേപിക്കുന്നത് എന്തിനാണ് ? ഒരു സിനിമയുടെ കഥയുമായി ചെന്ന് നിർമ്മാണ കമ്പനിയെയും ആർടിസ്റ്റിനെയും ബോധ്യപ്പെടുത്തി, അവരുടെ പിന്നാലെ നടന്നു പ്രശ്നങ്ങളെയെല്ലാം തരണം ചെയ്ത് പ്രോജക്ടിന് നേതൃത്വം നൽകുന്ന, സാങ്കേതികമായി ഉയരത്തിൽ നിന്നു നിയന്ത്രിക്കുന്നയാളാണ് ഈ സംവിധായിക എന്ന് പലരും ഓർക്കാറില്ല. ഒരു പെൺകുട്ടി സിനിമ ചെയ്യാൻ ആഗ്രഹിക്കുന്നുവെന്ന് കേൾക്കുമ്പോൾ, അത് ചെയ്യാൻ നമുക്കവളെ പ്രോത്സാഹിപ്പിക്കാം . സ്ത്രീകൾക്കും പുരുഷന്മാർക്കും സിനിമയിൽ എത്തിച്ചേരുക എന്നത് അത്ര എളുപ്പമല്ല. വരും കാലങ്ങളിൽ എന്റെ ക്രൂവിലെ സ്ത്രീകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനായി ഞാൻ പ്രവർത്തിക്കും. നമ്മൾ ആഗ്രഹിക്കുന്ന മാറ്റം മാന്ത്രികമായി സംഭവിക്കില്ല.അധികാരത്തിലിരിക്കുന്ന ഒരു പുരുഷൻ തന്റെ സഹപ്രവർത്തകരായ സ്ത്രീകളെ അവർ നേടിയതിന് അഭിനന്ദിക്കാനും അവരുടെ കഴിവുകളെ അംഗീകരിക്കാനും കൂടെ പഠിക്കണം. നിർഭാഗ്യവശാൽ, ഇത് പലപ്പോഴും സംഭവിക്കുന്നില്ല, പക്ഷേ അത് ആവശ്യമാണ്. മമ്മൂക്ക പറഞ്ഞത് പോലെ , “സംവിധാനം ചെയ്യുന്നത് സ്ത്രീയായാലും പുരുഷനായാലും ഒരേ കാര്യങ്ങളാണ് അവർക്കു ചെയ്യാനുള്ളത് . നല്ല ഇച്ഛാശക്തിയും ആജ്ഞാ ശക്തിയുമുള്ളവരാണ് സ്ത്രീകൾ!”

ചർച്ചാവിഷയം



വിധു വിൻസെന്റ്
സംവിധായിക

# സ്റ്റാർട്ട്, ആക്ഷൻ – സ്ത്രീകളേ മുന്നോട്ട്

മലയാള സിനിമ ഒരു നൂറ്റാണ്ട് തികയ്ക്കാൻ ഏതാനും വർഷങ്ങൾ മാത്രം ബാക്കി നില്ക്കേ തൊഴിലിടം എന്ന നിലയിൽ സ് ത്രീയുടെ പ്രാതിനിധ്യം, പ്രസക്തി സിനിമയിൽ എത്രത്തോളമാണുള്ളതെന്ന ചിന്തയെ വിമർശനപരമായി തന്നെ അടയാളപ്പെടുത്തേണ്ടിവരും. വിഗതകുമാരനിൽ അഭിനയിക്കാനെത്തിയ റോസി എന്ന നടിയുടെ പില്ക്കാല ചരിത്രം പോലും നമുക്കിന്നും അജ്ഞാതമാണ്. ഖ.ഇ. ഡാനിയേലിനെ കുറിച്ച് വീണ്ടും വീണ്ടും എഴുതപ്പെടുകയും ആ ജീവിതത്തെയും കർമ്മത്തേയും അടിസ്ഥാനപ്പെടുത്തി സിനിമ തന്നെ ഉണ്ടാവുകയും ചെയ്തിട്ടും ആ നിലയിൽ റോസിയുടെ ജീവിതം ഇന്നും അനാവരണം ചെയ്യപ്പെട്ടിട്ടില്ല. പക്ഷേ ഒരു കാര്യം ഉറപ്പാണ്. ആ അവസ്ഥകളിൽ നിന്നും നമ്മളെത്രയോ മുന്നോട്ട് പോയിരിക്കുന്നു. കഴിഞ്ഞ ഒരു ദശാബ്ദത്തിനിടയിൽ പ്രമേയത്തിലും അവതരണത്തിലും സ്ത്രീയവസ്ഥകളെ രാഷ്ട്രീയവല്കരിച്ചു കൊണ്ടുള്ള ചെറുതെങ്കിലും ഒരു പിടി നല്ല സിനിമകൾ മലയാളത്തിലുണ്ടാക്കാനുള്ള ശ്രമങ്ങൾ നടന്നിട്ടുണ്ട്. നടി എന്ന നിലയിലുള്ള സ്ത്രീകളുടെ സ്ഥാനവും പഴയ കാലത്തെ അപേക്ഷിച്ച് മെച്ചപ്പെട്ടിട്ടുണ്ട്. മാത്രവുമല്ല, മുമ്പ് തിരശ്ശീലയുടെ മുന്നിലാണ് സ്ത്രീകളെ അധികവും കണ്ടിരുന്നതെങ്കിൽ തിരശീലക്ക് പിന്നിൽ പ്രവർത്തിക്കുന്ന സ്ത്രീകളുടെ എണ്ണവും മെച്ചപ്പെട്ടിട്ടുണ്ട്.

എന്നിരുന്നാലും ഒരു തൊഴിലിടം എന്ന നിലയിൽ അടിസ്ഥാനപരമായി ഉണ്ടാകേണ്ട ജനാധിപത്യവത്കരണം ഈ മേഖലയിൽ നടന്നിട്ടില്ല എന്നു വേണം പറയാൻ. ആൺ-പെൺ തുല്യതയുടെ കാര്യത്തിലും ആൺ-പെൺ വേതനത്തിന്റെ കാര്യത്തിലും വിവേചനങ്ങൾ പലനിലക്കും തുടരുക തന്നെയാണ്. ഇതിനെതിരേയുള്ള പ്രതിഷേധങ്ങൾ അങ്ങിങ്ങായി പല നിലക്കും ഉയരുന്നുണ്ടെങ്കിലും അവ കാര്യമായ ഫലം ഉണ്ടാക്കി തുടങ്ങിയിട്ടില്ലാ എന്നതാണ് വാസ്തവം. സിനിമ ഒരു സാങ്കേതിക കലയായിരിക്കുമ്പോൾ തന്നെ ടെക്നിക്കൽ രംഗത്തുള്ള സ്ത്രീകളുടെ സാന്നിധ്യം ഇന്നും തുലോം തുച്ഛമാണ്. ഇത്തരം രംഗങ്ങളിൽ തങ്ങൾക്കും പ്രശോഭിക്കാമെന്നുള്ള ആത്മവിശ്വാസത്തിലേക്ക് കടന്നെത്താൻ കേരളത്തിലെ സ്ത്രീകൾക്ക് ഇനിയും കഴിഞ്ഞിട്ടില്ല. അതിന് നിരവധിയായ കാരണങ്ങളുമുണ്ട്. സിനിമ പഠിക്കാനെത്തുന്ന സ്ത്രീകളുടെ എണ്ണം പരിശോധിച്ചാൽ മനസിലാവുന്നത് ആക്ടിംഗ് പഠിക്കാൻ പെൺകുട്ടികൾ ധാരാളമായി എത്തുമ്പോഴും സംവിധാനമോ സിനമറ്റോഗ്രാഫിയോ എഡിറ്റിംഗോ സൗണ്ട് എഞ്ചിനീയറിംഗോ പഠിക്കാനെത്തുന്ന പെൺകുട്ടികളുടെ എണ്ണം വളരെ വളരെ കുറവാണ്. ഒന്ന് തൊഴിൽ എന്ന നിലയിൽ ആത്യന്തികമായി പ്രദാനം ചെയ്യേണ്ട തൊഴിൽ സുരക്ഷിതത്വം ഈ മേഖലയിൽ നന്നേ കുറവാണ്. രണ്ട് മറ്റുള്ളവർക്കൊപ്പം രാത്രിയും പകലും ജോലി ചെയ്യാനാവും എന്ന ആത്മധൈര്യം സ്

ത്രീകൾക്കിവിടെ നിന്ന് കാര്യമായി ലഭിക്കുന്നില്ല. ചതിക്കുഴികൾ നിറഞ്ഞ ഒരിടമാണ് സിനിമ എന്ന തോന്നൽ ഇപ്പോഴും കേരളത്തിലെങ്കിലും ശക്തമാണ്. അതിനാൽ തന്നെ തൊഴിലിടം എന്ന നിലയിൽ സിനിമയെ സമീപിക്കുന്ന സ്ത്രീകളുടെ എണ്ണം കുറഞ്ഞു പോവുന്നു. മൂന്നാമത്തെ സംഗതി തൊഴിൽ തർക്കങ്ങ ളും സുരക്ഷിതത്വത്തെ സംബന്ധിച്ച പ്രശ്നങ്ങളും ഉണ്ടാവുമ്പോൾ അത് നീ



തി നിഷ്ഠയോടെ കൃത്യമായി പരിഹരിക്കപ്പെടുമെന്ന വിശ്വാസം നല്കാൻ ഈ മേഖലക്ക് ഇപ്പോഴും ആയിട്ടില്ല.. വിമെൻ ഇൻ സിനിമാ കളക്ടീവിന്റെയും മറ്റും നേതൃത്വത്തിൽ ഈ പ്രശ്നങ്ങളെ അഭിസംബോധന ചെയ്യാനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ട് എന്നത് യാഥാർത്ഥ്യമാണ്. പക്ഷേ അങ്ങേയറ്റം പാട്രിയാർക്കിക്കൽ ആയിട്ടുള്ള ഒരു തൊഴിലിടമാണ് ചലച്ചിത്ര മേഖല എന്നിരിക്കേ വളരെ സാവധാനമേ മാറ്റങ്ങൾ ഉണ്ടാകുന്നുള്ളു എന്നതാണ് വസ്തുത. പക്ഷേ ഉറപ്പായും പറയാവുന്ന ഒരു കാര്യം മാറ്റങ്ങൾ ഉണ്ടാകുന്നുണ്ട് എന്നതാണ്.

ഞാൻ തന്നെയാണ് അതിന്റെ ഒരു സാക്ഷ്യം. സിനിമയുമായി യാതൊരു ബന്ധവുമില്ലാത്ത കുടുംബ സാഹചര്യങ്ങളിൽ നിന്ന് വരികയും കഴിഞ്ഞ 5 വർഷ കാലത്തിനിടയിൽ 3 സിനിമകൾ ചെയ്തു കൊണ്ട് ഈ മേഖലയിൽ ഒരിടം ഉണ്ടാക്കിയെടുക്കാൻ കഴിയുക എന്നത് ഒട്ടും ചെറുതല്ലാത്ത കാര്യമാണെന്ന് ചലച്ചിത്ര മേഖലയിൽ പ്രവർത്തിക്കുന്നവർക്കറിയാം. കടന്നുപോകേണ്ടി വന്ന ബുദ്ധിമുട്ടുകളും സഹനങ്ങളും ഒരു പാടുണ്ട്. പക്ഷേ സിനിമയെന്ന ക്യാൻവാസിൽ ചില കഥകൾ പറയാൻ ചില പെണ്ണുങ്ങൾ നിരന്തരം ഉണ്ടാവേണ്ടതുണ്ട് എന്ന തിരിച്ചറിവാണ് പലതരം അരക്ഷിതത്വങ്ങൾക്കിടയിലും ഇവിടെ തുടരാൻ എന്നെ പോലുള്ളവരെ കരുത്തരാക്കുന്നത്. ആത്മവിശ്വാസത്തോടെയും ആത്മധൈര്യത്തോടെയും സ്ത്രീകൾക്ക് കടന്നുവരാൻ , അവർക്ക് ഒരു തോൾ കൊടുക്കാൻ ഇവിടെ ചിലർ മടുത്തു മടങ്ങാതെ നില്ക്കേണ്ടതുണ്ട്. Presence itself is polotical എന്ന് ആവർത്തിച്ച് ഉറപ്പിക്കേണ്ടതുണ്ട്. അങ്ങനെയേ ചലച്ചിത്ര മേഖല സ്ത്രീ സൗഹാർദ പരമാവൂ..ഒരു തൊഴിലിടം എന്ന നിലയിൽ ആണിനും പെണ്ണിനും ഒരു പോലെ പ്രവർത്തിക്കാനും തുല്യ വേതനം ഉറപ്പാക്കാനും പറ്റുന്ന സാഹചര്യത്തിലേക്ക് നമ്മൾ നടന്നടു



ക്കുക ചെയ്യും എന്ന കാര്യത്തിൽ സംശയമില്ല. സിനിമാ രംഗത്ത് പ്രവർത്തിക്കുന്ന വ്യത്യസ്ത ശബ്ദങ്ങളുടെ ഒരുമിച്ച് ജാഗ്രതയോടെയുള്ള മുന്നേറ്റമാണ് ഈ കാലത്തിനാവശ്യം.



# സിനിമയിലെ പെൺസ്വരം



മീര രാമചന്ദ്രൻ
ഫ്രീലാൻസ്
ജേർണലിസ്റ്റ്
കോപ്പി റൈറ്റർ

**സി**നിമയിൽ സ്ത്രീ പ്രാതിനിധ്യം ഏറെ കുറവുള്ള സാങ്കേതിക വിഭാഗത്തിൽ വളരെ കാലമായി തന്റെ സാന്നിധ്യം അറിയിച്ച ഒരു പെൺ ശബ്ദമുണ്ട് ഇവിടെ. മുംബൈയിൽ താമസമാക്കിയ വിമ്മി മറിയം ജോർജ് എന്ന കോട്ടയംകാരി പതിനഞ്ചു വർഷക്കാലമായി ഡബ്ബിങ് ആർട്ടിസ്റ്റ് ആയി മലയാള സിനിമയിൽ നിറസാന്നിദ്ധ്യമാണ്. നാല് സംസ്ഥാന അവാർഡുകൾ ഉൾപ്പെടെ നേടിയ വിമ്മി തന്റെ കരിയറിലെ അനുഭവങ്ങൾ പങ്കുവക്കുകയാണ്.

**ഡബ്ബിങ് മേഖലയിലേക്ക് കടന്നു വരാനുണ്ടായ സാഹചര്യം എന്തായിരുന്നു ?**

ഗായിക ആയാണ് എന്റെ കരിയർ തുടങ്ങുന്നത്. അങ്ങനെയാണ് ദുബായിൽ ഒരു റേഡിയോ സ്റ്റേഷനിൽ റേഡിയോ ജോക്കി ആയി അവസരം ലഭിക്കുന്നത്. ആ സമയത്ത് പരസ്യ ചിത്രങ്ങൾക്ക് ശബ്ദം നൽകാറുണ്ട്. അങ്ങനെയാണ് 2006 ൽ കയ്യൊപ്പ് എന്ന സിനിമയിൽ ഖുശ്ബുവിന് ശബ്ദം നൽകാൻ അവസരം ലഭിക്കുന്നത്. ദൈവാനുഗ്രഹത്താൽ ആദ്യ ചിത്രത്തിന് തന്നെ സംസ്ഥാന അവാർഡും ലഭിച്ചു. അതെല്ലാം ദൈവത്തിന്റെ 'കയ്യൊപ്പ് ' ആണെന്നാണ് ഞാൻ വിശ്വസിക്കുന്നത്.

**? എന്തൊക്കെയാണ് ഈ മേഖലയിലെ വെല്ലുവിളികൾ? പ്രത്യേകിച്ച് ഒരു സ്ത്രീ എന്ന നിലയിൽ.**

എനിക്ക് ഭാഗ്യവശാൽ സ്ത്രീ എന്ന നിലയിൽ ദുരനുഭവങ്ങളൊന്നും ഉണ്ടായിട്ടില്ല. ഒരു ഡബ്ബിങ് ആർട്ടിസ്റ്റ് എന്ന രീതിയിൽ ഈ മേഖലയിൽ പല രീതികളും കാരണം ബുദ്ധിമുട്ടുകൾ പലതും ഉണ്ടാവുമെങ്കിലും ഞാൻ അത് ഈ ജോലിയുടെ ഭാഗമായി കാണാനാണ് ആഗ്രഹിക്കുന്നത്. എനിക്കാരോടും പരാതിയോ പരിഭവമോ ഒന്നും ഇല്ല. എന്നാൽ ഇതേ മേഖലയിലെ പല സ്ത്രീ സുഹൃത്തുക്കൾക്കും പല ദുരനുഭവങ്ങളും ഉണ്ടായതായി കേട്ടിട്ടുണ്ട്. ചിലപ്പോൾ ആദ്യ ചിത്രം തന്നെ നല്ല തുടക്കമായത് കൊണ്ടാവാം എനിക്ക് പ്രശ്നങ്ങളൊന്നും ഇല്ലാതിരുന്നത്.

**സിനിമയിലെ സാങ്കേതിക മേഖലയിൽ സ്ത്രീകൾ പൊതുവെ കുറവാണല്ലോ. പഴയതിൽ നിന്ന് ഇപ്പോൾ കാണുന്ന മാറ്റങ്ങൾ എന്തൊക്കെയാണ്?**

ഞാൻ വന്ന സമയത്ത് ഈ മേഖലയിൽ വളരെ കുറവാണ് സ്ത്രീകൾ. അതിൽ നിന്നും ഇപ്പോൾ വളരെ വ്യത്യാസമുണ്ട്. സ്ത്രീകൾ പലരും ഈ മേഖലയിലേക്ക് കടന്നുവരാനുള്ള ധൈര്യം കാണിക്കുന്നുണ്ട്. ഡബ്ബിങ്ങിൽ മാത്രമല്ല സാങ്കേതിക വിഭാഗങ്ങളിലെ സ്ത്രീ സാന്നിദ്ധ്യത്തിൽ വളരെയധികം വ്യത്യാസം കാണാൻ സാധിക്കും. അത് വളരെ നല്ല കാര്യം തന്നെയാണ്. എനിക്ക് ഒരുപാട് സന്തോഷമുണ്ട് പുതിയ കുട്ടികൾ വരുന്നത് കാണുമ്പോൾ.




**ഡബ്ബിങ് ആർട്ടിസ്റ്റ് എന്ന നിലയിൽ കൃത്യമായ അടയാളം ഈ മേഖലയിലെ എല്ലാവർക്കും ലഭിക്കുന്നുണ്ടോ?**

ഡബ്ബിങ് ആർട്ടിസ്റ്റ് എന്ന പേരു പോലും സിനിമ കഴിഞ്ഞ് അവസാനം എവിടെയെങ്കിലും ചേർത്താലായി എന്ന അവസ്ഥ ആണ്. പക്ഷെ പിന്നീട് ആലോചിച്ചപ്പോൾ ഇതിന്റെ ഒക്കെ പുറകെ പോയിട്ട് കാര്യമില്ല എന്ന് മനസിലായി. പലപ്പോഴും ശമ്പളം നൽകാൻ മടിക്കുന്നവർ ഉണ്ട്. അവിടെയൊക്കെ നമ്മൾ സ്ട്രോങ്ങ് ആയി നിൽക്കണം. അത്യാവശ്യം അറിയപ്പെടുന്ന ആളായത് കൊണ്ട് എന്റെ പേര് വെക്കാറുണ്ട്. എന്നാലും സിനിമ കഴിഞ്ഞ് അവസാനം വരെ എന്റെ പേര് കാണാൻ വേണ്ടി തീയേറ്ററിൽ കാത്ത് നിൽക്കേണ്ട അവസ്ഥ വരാറുണ്ട് പലപ്പോഴും. പക്ഷെ അത് പോലും ലഭിക്കാത്ത ആളുകൾ ഉണ്ട്. ഈ മേഖലയിലെ എല്ലാവർക്കും അർഹിക്കുന്ന അംഗീകാരം ലഭിക്കുന്നുണ്ട് എന്ന് എനിക്ക് തോന്നുന്നില്ല.

**ജോലി സ്ഥലത്തേക്ക് താമസ സ്ഥലത്ത് നിന്നുള്ള യാത്രകൾ എങ്ങനെയാണ് കൈകാര്യം ചെയ്യുന്നത്?**

ഞാൻ ഈ മേഖലയിലേക്ക് വന്നതിനു ശേഷം കുറച്ചു മാസങ്ങളേ കേരളത്തിൽ ഉണ്ടായിരുന്നുള്ളു. ഭർത്താവിന്റെ തൊഴിൽ സംബന്ധമായി കുറച്ചു കാലങ്ങൾ ചെന്നൈയിലും ബാംഗ്ലൂരും ഒക്കെ ആയിരുന്നു. ഇപ്പോൾ മുംബൈയിലാണ് താമസം. അത് കൊണ്ട് പല അവസരങ്ങളും നഷ്ടപ്പെട്ടിട്ടുണ്ട്.

സിനിമ ഉള്ളപ്പോൾ ഒരു ദിവസത്തേക്ക് നാട്ടിലേക്ക് വരികയാണ് പതിവ്. ചില സിനിമകൾക്ക് ചിലപ്പോൾ ഒന്നിലധികം ദിവസങ്ങൾ നിൽക്കേണ്ടി വരും. ഇപ്പോഴും ജോലി ചെയ്യാൻ നാട്ടിൽ വന്ന്, അത് കഴിഞ്ഞ് തിരിച്ച് പോകുക എന്ന രീതിയിലാണ് എന്റെ തൊഴിൽ പോകുന്നത്.

**ശബ്ദം നൽകുന്ന അഭിനേത്രികളുടെ സമീപനം എങ്ങനെയാണ്?**

രണ്ട് രീതിയിലുള്ള സമീപനവും ഉണ്ടാവാറുണ്ട്. മോശം സംഭവങ്ങളുമുണ്ട്, വളരെ നല്ല അനുഭവങ്ങളുമു

ണ്ട്. അപർണ ഗോപിനാഥ് കനിഹ, പ്രിയാമണി, അങ്ങനെ ചിലർ നല്ല രീതിയിൽ  നമുക്ക് വേണ്ട ബഹുമാനവും പരിഗണനയും നൽകാറുണ്ട്. പലരും അവരുടെ  അടുത്ത ചിത്രങ്ങളിൽ ഞാൻ തന്നെ ശബ്ദം നൽകണം എന്ന് അണിയറ പ്രവർത്തകരോട് പറയാറുമുണ്ട്.

**ഡബ്ബിങ് ആർട്ടിസ്റ്റുകൾക്ക് ഇപ്പോൾ മുൻപുള്ളതിനെ അപേക്ഷിച്ച് അംഗീകാരം  ലഭിക്കുന്നുണ്ടെന്ന് തോന്നുന്നുണ്ടോ?**

തീർച്ചയായും. ഇപ്പോൾ പഴയതിനേക്കാൾ നല്ല മാറ്റമുണ്ട്. ഞാൻ വന്ന സമയത്ത് എനിക്കൊന്നും അത്രക്ക് ബുദ്ധിമുട്ടേണ്ടി വന്നിട്ടില്ല. എന്നാൽ ഭാഗ്യേച്ചിയെ (ഭാഗ്യ ലക്ഷ്മി ) പോലുള്ളവർ ഒക്കെ ഒരുപാട് കഷ്ടപ്പെട്ടിട്ടാണ് കുറച്ചെങ്കിലും അംഗീകാരം ഈ മേഖലക്ക് ലഭിക്കുന്നത്. സംസ്ഥാന അവാർഡുകളിലടക്കം ഞങ്ങൾക്ക് സ്ഥാനം ലഭിക്കുന്നത് അവരുടെയൊക്കെയോ പരിശ്രമം കൊണ്ടാണ്. അങ്ങനെ നോക്കുമ്പോൾ ഞാനൊക്കെ ഒത്തിരി ഭാഗ്യവതിയാണ്. ഇപ്പോൾ വരുന്ന കുട്ടികൾക്ക് കുറച്ച് കൂടി വിശാലമാണ് ഈ മേഖല.

**മെട്രോയുടെ ശബ്ദം  ആയ അനുഭവം എന്തായിരുന്നു?**

ഭാഗ്യവശാൽ ലഭിച്ച അവസരം ആണത്. വളരെയധികം സന്തോഷം തോന്നി, സാധാരണ ആളുകൾക്കിടയിൽ എന്റെ ശബ്ദം കടന്നു വന്നതിൽ. അവരുടെ നിത്യജീവിതത്തിൽ എന്റെ ശബ്ദം എത്തിക്കുന്നതിന്റെ ആവേശത്തിലാണ് ആ റെക്കോർഡിങ് എല്ലാം ചെയ്തത്. പലരും എന്റെ ആ ശബ്ദം തിരിച്ചറിഞ്ഞ് എന്നോട് സംസാരിക്കാനൊക്കെ വരാറുണ്ട്. അതൊക്കെ ഒത്തിരി സന്തോഷം നൽകുന്ന കാര്യമാണ്.



**സിനിമാ മേഖലയിൽ സ്വന്തമായി പി. ആർ ജോലികൾ ചെയ്യേണ്ട ആവശ്യകത ഉണ്ടെന്ന് തോന്നിയിട്ടുണ്ടോ? എന്തു കൊണ്ടാണ് സാമൂഹ്യ മാധ്യമങ്ങളിൽ പോലും താങ്കൾ അത്തരത്തിലൊരു രീതിയിൽ ഇടപെടാത്തത്?**

എനിക്ക് സാമൂഹ്യ മാധ്യമങ്ങളിലൊന്നും തന്നെ അക്കൗണ്ട് പോലും ഇല്ല. അതിനോട് താല്പര്യം തോന്നിയിട്ടില്ല. പക്ഷെ സ്വയം വളരാൻ ഇത്തരം പ്രചാരണങ്ങൾ നല്ലത് തന്നെയാണ്. അത് താല്പര്യമുള്ളവർ അത് ചെയ്യണമെന്ന് തന്നെയാണ് എന്റെ അഭിപ്രായം.

**മേഖലയിലെ സ്ത്രീ സൗഹൃദങ്ങൾ ഒക്കെ എങ്ങനെയാണ്?**

തീർച്ചയായും പല നല്ല ബന്ധം പുലർത്തുന്ന സഹപ്രവർത്തകരും ഉണ്ട്. പക്ഷെ എന്റെ യാത്രയും മറ്റും കാരണം പലരെയും കാണാനോ സംഘടനാ മീറ്റിങ്ങുകളിൽ പങ്കെടുക്കാനോ പലപ്പോഴും സാധിക്കാറില്ല. അത് കൊണ്ട് തന്നെ അങ്ങനെയൊരു സുഹൃത്ത് വലയം സൂക്ഷിക്കുന്ന ആളല്ല ഞാൻ.

**നിലവിലെ അവസാന ചിത്രം പാപ്പന്റെ വിശേഷങ്ങൾ എന്തൊക്കെയാണ്?**

പാപ്പനിൽ കനിഹക്ക് വേണ്ടിയാണ് ചെയ്തത്. കനിഹക്ക് ചെയ്യാൻ എനിക്ക് വളരെ ഇഷ്ടമാണ്. കനിഹക്കു തിരിച്ചും അങ്ങനെ തന്നെ. സിനിമയുടെ നിർമ്മതാവടക്കം സിനിമ കണ്ടപ്പോൾ കനിഹയുടെ ശബ്ദം ഓർമ വന്നില്ല, പകരം എന്റെ ശബ്ദം വളരെ ചേർന്നുപോയി എന്ന് പറഞ്ഞു. അതൊക്കെ എനിക്ക് കിട്ടാവുന്ന നല്ല അംഗീകാരങ്ങളാണ്.

**സിനിമയിൽ പ്രവർത്തിക്കുന്നതിൽ കുടുംബത്തിന്റെ ഒരു പങ്കാളിത്തം എന്താണ്?**

സിനിമ ഒരു മാജിക്കൽ ലോകമാണ്. അവിടേക്ക് കടക്കാൻ അവസരം ലഭിക്കുന്നത് തന്നെ വലിയ ഭാഗ്യമാണ്. എന്റെ കുടുംബം അതിൽ ഒത്തിരി സന്തോഷിക്കുന്നവരാണ്. ഭർത്താവും മകളുമെല്ലാം വളരെയധികം പ്രോത്സാഹനം നൽകുന്നുണ്ട്.

**പുതിയതായി ഈ മേഖലയിലേക്ക് വരുന്നവരോട് എന്തെങ്കിലും പറയാനുണ്ടോ?**

ചില സിനിമാ നടൻമാർ അവ

രുടെ മക്കളോട് പറയുന്ന പോലെ ഒരു പ്രൊഫഷൻ ആദ്യം പഠിച്ചിട്ട് പിന്നീട് ഇതിലേക്ക് വരാനേ ഞാൻ പറയൂ. കാരണം സിനിമ ശാശ്വതമല്ല. സ്ഥിരമായി ഈ ജോലി ചെയ്യുന്നവരുണ്ട്. അത് നല്ല കാര്യം. പക്ഷെ ഭാഗ്യം ഇവിടെ ഒരു ഘടകമാണ്.

**ഡബ്ബിങ് ജീവിതത്തിലെ മറക്കാനാവാത്ത അനുഭവങ്ങൾ?**

അതും രണ്ട് രീതിയിലും ഉണ്ടായിട്ടുണ്ട്. മോശം അനുഭവങ്ങൾ പറഞ്ഞ് ആ ആളുകൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. നല്ല അനുഭവങ്ങളും ഒരുപാടുണ്ട്. ഒത്തിരി പേരുടെ സഹകരണം ഉണ്ടായിട്ടുണ്ട്. മകൾ ഉണ്ടായ സമയത്ത് അവളെയും കൊണ്ട് പോയി ചെയ്ത സിനിമകളുണ്ട്. അതെല്ലാം ഇപ്പോൾ ഓർക്കുമ്പോൾ അത്ഭുതമാണ്, ഞാൻ എങ്ങനെ അതൊക്കെ ചെയ്തു എന്നോർത്ത്. എന്റെ സിനിമാ ജീവിതം തന്നെ ഒരു ഭാഗ്യമായാണ് ഞാൻ കരുതുന്നത്. ലൗഡ് സ്പീക്കർ എന്ന സിനിമയിൽ ലൈവ് ആയി ഡബ് ചെയ്തിട്ടുണ്ട് ഞാൻ. അങ്ങനെ സിനിമയിൽ



2013 സംസ്ഥാന അവാർഡ് ദാന ചടങ്ങിൽ
മുഖ്യമന്ത്രി ഉമ്മൻചാണ്ടിയോടൊപ്പം

വേറെ ഒരു ഡബ്ബിങ് ആർട്ടിസ്റ്റും ചെയ്ത് കേട്ടിട്ടില്ല. അതൊന്നും മീഡിയകൾ പറഞ്ഞ് കേട്ടില്ല. എന്നാലും അത്തരം അനുഭവങ്ങൾ എനിക്ക് ഓർക്കുമ്പോൾ സന്തോഷം നൽകുന്നുണ്ട്.

**പതിനഞ്ചു വർഷത്തെ സിനിമാ ജീവിതത്തിൽ നേരിട്ട വെല്ലുവിളികൾ ഏറെയുണ്ടാവും. എങ്കിലും എടുത്തു പറയാൻ തോന്നുന്നത് എന്താണ്?**

ഇപ്പോൾ ഇങ്ങനെയൊരു ചോദ്യം ചോദിക്കുമ്പോളാണ് അത്തരത്തിൽ ഏറ്റവും വലിയ വെല്ലുവിളി എന്താണെന്ന് ഞാൻ ആലോചിക്കുന്നത്. എനിക്ക് തോന്നുന്നു, ഇത് ഞാൻ ചെയ്തിട്ടുള്ള സിനിമയാണ്, അല്ലെങ്കിൽ എന്റെ ശബ്ദം ആ സിനിമയിലുണ്ട് എന്ന് ഞാൻ തന്നെ മറ്റുള്ളവരോട് പറയേണ്ട അവസ്ഥയാണ് എന്റെ ഏറ്റവും വലിയ വെല്ലുവിളി ആയിരുന്നത്. ആ ഒരു അവസ്ഥ മറികടന്ന് വന്നത് എന്നെ സംബന്ധിച്ച് വലിയ കാര്യമാണ്. ഇപ്പോൾ നൂറ്റി അമ്പത്തിയേഴ് സിനിമ ഞാൻ ചെയ്തു. ഏറ്റവും അവസാനം പാപ്പനിൽ എത്തി നിൽക്കുന്നു അത്. ഇപ്പോൾ പലരും, കനിഹ ഉൾപ്പെടെയുള്ള അഭിനേത്രിമാരെ ഓർക്കുന്നത് എന്റെ ശബ്ദത്തിലാണ് എന്ന് പറയുമ്പോൾ സന്തോഷമുണ്ട്.

സിനിമ പോലെ പുരുഷാധിപത്യം ഉള്ള ഒരു മേഖലയിൽ സ്ത്രീ പ്രാതിനിധ്യം ഊട്ടിയുറപ്പിക്കുന്നതും ഒരു തരത്തിൽ ഒരു രാഷ്ട്രീയം ആണ്. അങ്ങനെ നോക്കുമ്പോൾ വിമ്മി മറിയം എന്ന കലാകാരി ഒരു മാറ്റത്തിന്റെ തുടക്കം തന്നെയായിരുന്നു. തന്റെ സ്വത സിദ്ധമായ ചിരിയിൽ അതെല്ലാം ഭാഗ്യമായി വിമ്മി പറയുമെങ്കിലും ആത്മവിശ്വാസത്തിന്റേയും കഠിനാധ്വാനത്തിന്റേയും ഫലം വിജയമാണെന്ന് വിമ്മി ഒരിക്കൽ കൂടി നമ്മെ ഓർമിപ്പിക്കുകയാണ്.

**ചർച്ചാവിഷയം**

# പാട്ടെന്റെ പ്രിയപ്പെട്ട ഊർജ്ജ ഇടം





**ധന്യ സുരേഷ് മേനോൻ**
മലയാളം സിനിമ /ഇൻഡിജിനസ് മ്യൂസിക് പാട്ട് എഴുത്തുകാരി സിനിമയിൽ കോ സ്ക്രിപ്റ്റ് റൈറ്റർ/ ഡയലോഗ് റൈറ്റർ

പാട്ടെഴുത്തുകാരി എന്ന് അറിയപ്പെട്ടു തുടങ്ങിയതെന്നാണെന്ന് ചോദിച്ചാൽ അധികം പഴക്കമൊന്നും കണ്ടെന്ന് വരില്ല. അതിനർത്ഥം പാട്ടെഴുതി തുടങ്ങിയത് അടുത്താണെന്ന് അല്ല അറിയപ്പെട്ടില്ല അല്ലെങ്കിൽ അറിയപ്പെടുവാനുള്ള ശ്രമങ്ങൾ ഒന്നും ഞാനായിട്ട് നടത്തിയില്ല എന്നതാണ്. ഒരിക്കലും ഒരു കവയിത്രിയോ എഴുത്തുകാരിയോ മലയാളം ഭാഷയിൽ വലിയ അവഗാഹമുള്ള ആളോ ആയിരുന്നില്ല ഞാൻ. സാധാരണ കുട്ടികളെപ്പോലെ മലയാളം ടു എന്ന മലയാളം എഴുത്തു മാത്രം അറിയുന്ന ഒരു സാധാരണക്കാരി. ഡിഗ്രി കഴ്ഞ്ഞിരിക്കുന്ന സമയത്തായിരുന്നിരിക്കണം ആദ്യമായി ഒരു പാട്ട് എഴുതിയത്. റേഡിയോയിൽ കേൾക്കുന്ന പാട്ടിന്റെ ഈണം അനുസരിച്ച് വരികൾ എഴുതി

നോക്കിയത് അന്നാണ്. അതാണീ കാലത്തിന്റെ പാട്ടെഴുത്ത് രീതി എന്ന അറിവൊന്നും അന്നുണ്ടായിരുന്നില്ല. എന്തിനു ഗിരീഷ് പുത്തൻചേരി എന്ന പ്രതിഭയെ പറ്റി പോലും അറിയില്ല. മിക്കവാറും പാടി നടന്ന എല്ലാ പാട്ടുകളും ആളുടെ ആയിരുന്നിട്ടും. പിന്നീട് ഒരു വലിയ ഇടവേള. പഠിത്തവും ജോലിയും കല്യാണവും കുട്ടിയും ഒക്കെ ആയി മറ്റൊരു കോണിൽ നിന്ന് തിരിച്ചു വരാൻ ഒരു പതിമൂന്ന് കൊല്ലം എടുത്തു. എഴുത്തു മറന്നിട്ടില്ലെന്നും വാക്കുകൾ മനസ്സിൽ എവിടെയൊക്കെയോ കടം കൊണ്ട് രൂപങ്ങളില്ലാതെ നടക്കുന്നുണ്ടെന്നും അറിഞ്ഞത് ആദ്യമായി തൈക്കുടം ബ്രിഡ്ജ് ന് വേണ്ടി ഫിഷ്റോക് എന്ന പാട്ട് എഴുതിയപ്പോഴാണ്. ആറുവരികൾ മാത്രമുള്ള ഒരു കുട്ടിപ്പാട്ട്. അത് എഴുതിയതെന്റെ അനിയൻ ഗോവിന്ദ് വസന്ത പറഞ്ഞിട്ടായിരുന്നു. അന്നും അറിയില്ല കപ്പ ടീവിയിൽ ഒരു ഷോ ആയി ഇത് വരും എന്നോ, നാടാകെ ഇളക്കി മറിച്ച തൈക്കൂടം



ബ്രിഡ്ജ് എന്ന ബാൻഡിന്റെ എഴുത്തുക്കാരിയാവുകയാണെന്നോ. ഇത് 2013 ലാണ്. പാട്ടെഴുതിയിട്ടും പാട്ട് ഹിറ്റ് ആയിട്ടും ഇതെഴുതിയ ആളെ ആരും അറിഞ്ഞിരുന്നില്ല. വീണ്ടും എഴുതി ഒരു അഞ്ച് പാട്ട് . ഇവർക്ക് വേണ്ടി തന്നെ. 2015 വരെയുള്ള കാലഘട്ടത്തിൽ പലപ്പോഴായി ഇറങ്ങി. ബാൻഡിനെ അറിയുന്നവരിൽ തന്നെ ചുരുക്കം പേരിൽ അപ്പോഴും പേര് ഒതുങ്ങി.. വീണ്ടും ഒരു മാറ്റം വരുന്നത് 2017 ലാണ്.

സോളോ എന്ന bilingual മൂവി ക്കുവേണ്ടി ഡയലോഗ് എഴുത്ത് വേഷം ഇട്ട വർഷം. സുഹൃത്തായിരുന്ന ബിജോയ് നമ്പ്യാരിനു സഹായി ആയിട്ടാണ് പോയത്. ഒരു ചിത്രത്തിന്റെ പിന്നാമ്പുറബഹളങ്ങൾ ആദ്യമായി കണ്ടറിഞ്ഞ സമയം. ലൊക്കേഷനുകളിൽ ഉറക്കമൊഴിഞ്ഞിരുന്ന് ഒരു പാട് പേരെ പരിചയപ്പെട്ട ഒരു സമയം. തീർത്തും ഇൻട്രോവേർട്ട് ആയ എന്നെപ്പോലെ ഒരാൾക്ക് എന്താണ് പി ആർ എന്നും അതില്ലാതെ ഈ ഇൻഡസ്ട്രിയിൽ ഒന്നും നടക്കില്ലെന്നും അറിഞ്ഞ കാലം.എന്റെ കഴിവ് കണ്ടു ആളുകൾ എന്നെ തേടി വരും എന്ന മണ്ടൻ വിശ്വാസത്തെ കറക്കിയടിച്ചു ഉള്ളതിനെ പതിന്മടങ്ങായി കാണിച്ച് വലിച്ചടുപ്പിക്കണം എന്ന് പഠിച്ച കാലം. ചിത്രത്തിൽ അണിയറയിൽ പരിചയമുണ്ടായിരുന്നത് കൊണ്ട് മാത്രം രണ്ടു പാട്ട്. അകം ബാൻഡിന്റെ ഒരു സ്വാതിതിരുനാൾ കൃതിയുടെ അനുവർത്തനം. ഇതെലാം ആ സമയത്ത് ഉണ്ടായതാണ്. പിന്നീട് വീണ്ടും ഒരു ഇടവേള. ഒരു പക്ഷെ പാട്ട് എഴുതിയതിനേക്കാൾ കൂടുതൽ ഇടവേളകൾ ആയിരുന്നിരിക്കണം. അതിനു ശേഷം 2017– 18 ൽ തൈക്കൂടം ബാൻഡിന്റെ നാല് പാട്ടുകൾ, കുറച്ച് പരസ്യങ്ങളും ക്ലബ് എഫ്എമ്മിന്റെ തീം സോങ്ങും ചെയ്തു. രസം എന്താണെന്ന് വെച്ചാൽ, പാട്ട് അറിയാം, പാട്ടുകാരനെ അറിയാം, എഴുത്തുകാരിക്ക് ഒരു തം സപ്പ് മാത്രം എന്ന രീതിയിലാണ് അക്കാലത്തെ പലരുടെയും പ്രതികരണം.എനിക്കു ശേഷം പാട്ടെഴുതി തുടങ്ങിയ പല സുഹൃത്തുക്കളുടെ പേരുകളും പ്രൈം സോണിൽ നില്ക്കുന്നത്കണ്ടു അത്ഭുതപ്പെട്ടിട്ടുണ്ട്. പിന്നീട് മനസിലായി. ഇതൊരു കൂട്ടുകെട്ടുകളുടെ റിസൽട്ടാണ്. കൂടെ പണിയെടുത്തവർ ,കൂട്ടുകൂടിയവർ ,ഒരേ വൈബ് പങ്കു വെക്കുന്നവർ ....അതിലെല്ലാം പുറമേ ആൺസുഹൃത്തുക്കൾക്കിടയിൽ കൂട്ടായ്മയുടെ ലോകം ഉണ്ട്. പ്രത്യക്ഷത്തിൽ ഇവിടെ ആരും സ്ത്രീകളെ അവഗണിക്കുന്നു എന്ന് പറയാനാവില്ല. പക്ഷെ ചർച്ചകൾക്കും പുനർചിന്തകൾക്കും ശേഷം നറുക്ക് വീഴുക മേൽപ്പറഞ്ഞ സുഹൃത്വലയത്തിൽ ആയിരിക്കും. വീണ്ടും ഒരു പിടി ഗാന

ങ്ങൾ എഴുതി. അർച്ചന 31 നോട്ട് ഔട്ട്, ഗ്രേറ്റ് ഇന്ത്യൻ കിച്ചൻ ... പുറത്തിറങ്ങിയതും ഇറങ്ങാൻ ഉള്ളതും ഇറങ്ങിയാലും പേരുണ്ടാവാൻ സാധ്യത ഉള്ളതും ഇല്ലാത്തതും ആയി കുറച്ച് പാട്ടുകൾ വേറെയും. ചെയ്ത പണിക്ക് പണം വാങ്ങുക മറ്റൊരു ഞാണിന്മേൽ കളിയാണ് സീനിയേഴ്സ് ആയവർ അഡ്വാൻസ് വാങ്ങി മാത്രം എഴുതാൻ ആവശ്യപ്പെടാറുണ്ട്. പക്ഷെ അടുത്ത പാട്ട് ഏതെന്ന് പോലും ഉറപ്പില്ലാത്ത വിഭാഗത്തിൽ പെടുന്നവർ ആയതുകൊണ്ടാവണം അതിന് ധൈര്യം വരാറില്ല. പലപ്പോഴും റെക്കോർഡിങ്ങ് കഴിഞ്ഞെന്ന് അറിയുന്ന പാട്ടുകൾ പോലും പിന്നീട് പടത്തിൽ നിന്ന് ഇല്ലാതാവുകയും അതിനു വേതനം നൽകാതിരിക്കുകയും ചെയ്തിട്ടുണ്ട്.

കോടികൾ മറിക്കുന്ന ബിസിനസ്സിൽ പതിനായിരങ്ങൾ ചോദിക്കുന്ന പാട്ടെഴുത്തുകാർക്കു മാത്രം എന്തുകൊണ്ട് ഇങ്ങനെ എന്ന് തോന്നിപ്പോകുന്ന സമയം. നമ്മൾ എടുക്കുന്ന അധ്വാനം ,നമ്മുടെ സമയം ,പാട്ടെഴുത്ത് എല്ലായ്പ്പോഴും ആനന്ദദായകം ഒന്നുമല്ലാത്തതുകൊണ്ട് തന്നെ ആ സമയത്തെ സമ്മർദ്ദം ഇതിനെല്ലാം വിലയില്ലാതെ വരുന്ന സന്ദർഭങ്ങൾ വേദനിപ്പിച്ചിട്ടുണ്ട്. യൂട്യൂബിലും മറ്റു സ്ട്രീമിംഗ് പ്ലാറ്റ് ഫോമിലും ലിറിസിസ്റ്റ് എന്ന സ്ഥാനം നോക്കിയാൽ അടിയിൽ ഡീറ്റെയിൽസിന്റെ ഭാഗത്താണെന്ന് കാനാം. അത് തമ്പ്നെയിൽ ആയി വരണം എന്നതും സ്പോട്ടിഫിയ പോലുള്ള പ്ലാറ്റ്ഫോമിൽ സംഗീത സംവിധായകനും പാട്ടുകാരനും ഒപ്പം എഴുത്തുകാരന്റെ പേരും വരണം എന്നുള്ളതും വളരെ പ്രാധാന്യമുള്ള ഒരു സംഗതിയായി തോന്നിയിട്ടുണ്ട്. ഒരുപക്ഷെ പന്ത്രണ്ട് പാട്ടുകൾ എഴുതിയിട്ടും ജിയോബേബിയുടെ ഗ്രേറ്റ് ഇന്ത്യൻ കിച്ചണിലെ 'നീയേ ഭുവിൻ...വന്ന നാൾ' വരെ എന്നെ അധികം ആരും അറിഞ്ഞില്ല എന്നത് ആണ് സത്യം. എല്ലാവരും ഇത്തരം സാഹചര്യങ്ങൾ അനുഭവിക്കുന്നുണ്ടാവാം പലതരത്തിൽ.ഒരു കാലത്ത് പാട്ട് എഴുതിയിരുന്ന ശശികല മേനോൻ കല്യാണശേഷം തീർത്തും വിട്ടു പോയതും ഇപ്പോൾ തിരിച്ചുവരവിൽ ഇൻഡിപ്പെൻറ് വർക്കിന്റെ ഭാഗമാവുന്നതും സുഹൃത്തെന്ന നിലയിൽ അടുത്തു നിന്ന് കാണുന്നുണ്ട്. . എഴുതുമെന്ന് തോന്നിയാലും എന്നെ അല്ലെങ്കിൽ മറ്റ് സ്ത്രീകളെ പാട്ടെഴുത്തിലേക്ക് വിളിക്കുന്നതിൽ നിന്ന് തടയുന്നത് എന്തായിരിക്കും എന്ന് ഓർത്താൽ രസമാണ്. ചിത്രത്തിലെ അസി.ഡയറക്ടേഴ്സ്, കാമറ എന്നിങ്ങനെ മേഖലകളിൽ സ്ത്രീകൾ ഉള്ള ഒരു ചിത്രമാണെങ്കിൽ പോലും ഒരു പക്ഷെ പാട്ട് എഴുതുന്നത് സ്ത്രീ ആവണം എന്നില്ല. വീണ്ടും ഞാൻ പറയുന്നു. ഇത് കൂട്ടുകെട്ടുകളുടെ ആകെത്തുകയാണ്. അതിനപ്പുറം സമയത്തിന്റെ..... ഏറ്റവും ഉറപ്പായി ഏറ്റവും കുറഞ്ഞ സമയത്തിൽ ചെയ്തുകിട്ടും എന്നുറപ്പുള്ള ഭാഗത്തേക്ക് വിളിപോകുന്നു. സ്ത്രീ സമത്വം ഘോരം പ്രസംഗിക്കുന്നവർ പോലും ഇത് അനുവർത്തിക്കുന്നുണ്ട് എന്നത് ആണ് സത്യം. ഇതിനർത്ഥം എല്ലാവരും പെണ്ണെഴുത്തിനെ അവഗണിക്കുന്നു എന്നല്ല. നമ്മളെ ഓർക്കുകയും അവസരങ്ങൾ നൽകുകയും ചെയ്ത ചെയ്തുകൊണ്ടിരിക്കുന്ന വ്യക്തികൾ ഉണ്ട്.. അതവരുടെ മനസിന്റെ പ്രത്യേകത എന്നു മാത്രമേ പറയാനാവൂ. എന്തായാലും ഈ രംഗത്ത് എത്തിപ്പെട്ടത് യാദൃശ്ചികം ആയിട്ടാണെങ്കിലും ഇവിടെ ഒരു പറ്റം നല്ല സുഹൃത്തുക്കളുണ്ട്. പാട്ടെഴുത്തുകാരുടെ കൂട്ടായ്മ രചനയിൽ ആൺപെൺ വ്യത്യാസമില്ലാതെ പാട്ടുകൾ പങ്കുവെക്കുകയും കൂടുകയും കുഞ്ഞു കുഞ്ഞു അവകാശങ്ങൾക്കായി ഒച്ചയെടുക്കുകയും ചെയ്യുന്നുണ്ട്. അവസരങ്ങൾ തുണച്ചാൽ ഇനിയും ഇവിടെ ഉണ്ടാവണം എന്ന് തന്നെ ആണ് ആഗ്രഹം.



ചർച്ചാവിഷയം



**ശരണ്യ പി.എസ്.**
ഫ്രീലാൻസ്
എഴുത്തുകാരി

# വിവർത്തനത്തിൽ നഷ്ടപ്പെടാത്തത്

സിനിമ വളരുകയാണ്. ലോകത്തിന്റെ ഓരോ കോണിലും ഇറങ്ങുന്ന സിനിമകളും ഭൂഗോളത്തിന്റെ അങ്ങേയറ്റത്തിരുന്ന് മറ്റൊരാൾ കാണുകയാണ്. സബ്ടൈറ്റിലുകൾ സിനിമയിൽ നിന്ന് മുറിച്ചുമാറ്റാൻ കഴിയാത്ത ഒരു ജൈവഭാഗമായിക്കൊണ്ടിരിക്കുന്നു. അഞ്ജു കുശൻ, അപർണ, ശ്യാം നാരായണൻ, ജെംസി ക്ലാരിസ് അലക്സ് എന്നിവരടങ്ങിയ ഫിൽ ഇൻ ദ ബ്ളാങ്ക്സ് എന്ന സബ്ടൈറ്റിലിംഗ് സംരംഭം മലയാളസിനിമയെ ലോകപ്രേക്ഷകർക്കു മുൻപിലെത്തിക്കുകയാണ്. ഒരു സോഷ്യൽ വർക്ക് പോസ്റ്റ് ഗ്രാജ്വേറ്റായ അഞ്ജു സബ്ടൈറ്റിലിംഗ് എന്ന മേഖലയിലേക്ക് കടന്നു വരുന്നത് യാദൃശ്ചികമായാണ്. കോളേജ് കാലഘട്ടത്തിൽ തന്നെ സാഹിത്യവിവർത്തനം ഇഷ്ടമേഖലയായിരുന്നു അഞ്ജുവിന്. എന്നാൽ ഏതൊരു സാധാരണക്കാരെയും പോലെ വിദ്യാഭ്യാസത്തിനു ശേഷം മറ്റൊരു നാട്ടിൽ മറ്റൊരു തൊഴിൽ മേഖല അഞ്ജുവും സ്വീകരിച്ചു. എന്നാൽ ആ തൊഴിലന്തരീക്ഷം അഞ്ജുവിന്റെ താല്പര്യങ്ങളുമായി ഒരു രീതിയിലും ഒത്തുപോകുന്ന ഒന്നായിരുന്നില്ല. അതിനാൽ അഞ്ജു മറ്റൊരു തൊഴിൽമേഖലയെപ്പറ്റി ചിന്തിച്ച് ജോലിയുപേക്ഷിച്ച് നാട്ടിലെത്തി. ആ ഘട്ടത്തിൽത്തന്നെ ജീവിതപങ്കാളി നാട്ടിൽ ഒരു വി എഫ് എക്സ് കമ്പനി ആരംഭിച്ചത് അഞ്ജുവിന്റെ താല്പര്യങ്ങൾക്ക് വഴിത്തിരിവായി. കമ്പനിയുമായി ബന്ധപ്പെട്ട് അഞ്ജു ഫേസ്ബുക് പോസ്റ്റുകളെഴുതുകയും വിവർത്തനം ചെയ്യുകയും ചെയ്തു. ആ സന്ദർഭത്തിലാണ് എന്തുകൊണ്ട് സിനിമകൾക്ക് സബ്ടൈറ്റിൽ എഴുതിക്കൂടാ എന്ന ആശയം ഉയർന്നു വന്നത്. പരിചിതമല്ലാത്ത മേഖലയായതിനാൽ സുഹൃത്ത് അപർണയെയും കൂടെക്കൂട്ടിയാണ്



കോവിഡ് കാലഘട്ടത്തിൽ ആരംഭിച്ച ഫിൽ ഇൻ ദി ബ്ളാങ്ക്സ് ഇതിനോടകം തന്നെ ഇരുപത്തിയഞ്ചോളം ചലച്ചിത്രങ്ങൾക്ക് ഇംഗ്ലീഷ് സബ്ടൈറ്റിൽ ചെയ്തു കഴിഞ്ഞിരിക്കുന്നു.

### സിനിമകളുടെ തിരഞ്ഞെടുപ്പ്

സബ്ടൈറ്റിലിംഗ് ഒരു വിവർത്തനകലയാണ്. അതിനാൽത്തന്നെ സബ്ടൈറ്റിൽ ചെയ്യുന്ന കലാകാരൻ പ്രവർത്തിക്കുന്നത് ഒരു സ്വതന്ത്രവിതാനത്തിലല്ല. അവിടെ വിവർത്തനം ചെയ്യപ്പെടുന്നത് അതിന്റെ സ്രഷ്ടാവിന്റെ താല്പര്യങ്ങളും രാഷ്ട്രീയവുമാണ്. അവിടെ വെള്ളം ചേർക്കാൻ സബ്ടൈറ്റിൽ ചെയ്യുന്ന വ്യക്തിക്ക് അവകാശമില്ല. ഒരു ഫെമിനിസ്റ്റായിരിക്കെ അങ്ങേയറ്റം ദുഃഖിപ്പിക്കുന്ന തരത്തിലുള്ള സംഭാഷണങ്ങൾ പല സിനിമകളിലും കടന്നുവരാറുണ്ട്. എന്നാൽ അത് അതേ രീതിയിൽത്തന്നെ പ്രേക്ഷകരിലേക്കും എത്തിക്കുക എന്നതാണ് സബ്ടൈറ്റിലിംഗ് ചെയ്യുന്ന വ്യക്തിയുടെ തൊഴിൽ. അതിനാൽത്തന്നെ അവിടെ മാറ്റങ്ങൾ വരുത്താനുള്ള സ്വാതന്ത്ര്യം സബ്ടൈറ്റിൽ ചെയ്യുന്നയാൾക്കില്ല. അത് സബ്ടൈറ്റിലിംഗ് എന്ന തൊഴിലിന്റെ പ്രത്യേകതയാണ്.

### സബ്ടൈറ്റിലിംഗ് എന്ന ആസ്വാദനകല

സബ്ടൈറ്റിൽ ചെയ്യുമ്പോൾ എപ്പോഴും ഊന്നൽ കൊടുക്കാറുള്ളത് സിനിമയുടെ അല്ലെങ്കിൽ സംഭാഷണത്തിന്റെ ഭാവം (മൂഡ്) പകർത്തുന്നതിലാണ്. അതിനാൽത്തന്നെ ആസ്വദിച്ചല്ലാതെ ഒന്നും സബ്ടൈറ്റിൽ ചെയ്യാൻ സാധിക്കില്ല. പാട്ടുകൾക്ക് സബ്ടൈറ്റിൽ ചെയ്യുമ്പോൾ ആസ്വാദനം സബ്ടൈറ്റിലിംഗിനെ സ്വാധീനിക്കുന്നതായി അനുഭവപ്പെടാറുണ്ട്. ഉദാഹരണത്തിന്, മുഹ്സിൻ പരാരിയുടെ 3 എ എം എന്ന പാട്ടിന് ഫിൽ ഇൻ ദി ബ്ളാങ്ക്സ് സബ്ടൈറ്റിൽ ചെയ്തിരുന്നു. അസാമാന്യമായ ഒരു ഗാനമാണത്. അതിലെ വരികളിലുള്ളത് ഭ്രമാത്മകമായ ഒരു തരം ഭാവനാസഞ്ചാരമാണ്. ആ വരികൾ മലയാളത്തിൽ കേൾക്കുമ്പോൾത്തന്നെ മനസ്സിലാക്കാൻ പ്രയാസമാണ്.




ഉറക്കമില്ലാത്ത രാത്രിയിൽ ഒരാളുടെ മനസ്സിൽ വരുന്ന ചിന്തകളാണ് ആ പാട്ടിൽ കൊണ്ടുവരുന്നത്. അവിടെ ഒറ്റ വായനയിലോ കേൾവിയിലോ അർത്ഥം മനസ്സിലാവണമെന്നില്ല. അതിനാൽ സബ്ടൈറ്റിലിംഗും ആവശ്യപ്പെടുന്നത് അതേ രീതിയാണ്. അവിടെ ആസ്വദിക്കപ്പെടുന്നത് ആ പാട്ടിലെ ഭ്രമാത്മകതയാണ്. എന്നാൽ ചിലപ്പോൾ ചില പാട്ടുകൾക്ക് ഒരു രീതിയിലും സബ്ടൈറ്റിൽ ചെയ്യാൻ സാധിക്കാത്ത വിധം ആ പാട്ടിന്റെ വരികൾ സഞ്ചരിക്കാറുണ്ട്. അത്തരം സന്ദർഭങ്ങളിൽ കുറച്ചുകൂടെ സ്വതന്ത്രമായി ആ വിഷയത്തെ കൈകാര്യം ചെയ്യുക എന്നതാണ് രീതി. പാട്ടുകൾക്ക് സബ്ടൈറ്റിൽ ചെയ്യുമ്പോൾ അത് ആസ്വദിച്ച് ചെയ്യാൻ സാധിക്കും. “അലരേ...‘ എന്ന പാട്ട് ഇതിനൊരുദാഹരണമാണ്. അതിലെ വരികൾ ആസ്വാദകരെ തൊടുന്നതാണ്. അതിന്റെ സബ്ടൈറ്റിൽ ചെയ്ത സന്ദർഭത്തിൽ കൈലാസ് മേനോൻ നേരിട്ട് വിളിച്ച് അഭിനന്ദനം അറിയിക്കുകയുണ്ടായി. അതുപോലെ ഭീമന്റെ വഴി എന്ന സിനിമയിലെ “കാറ്റൊരുത്തി...‘ എന്ന ഗാനത്തിന്റെ വരികളും അതിന്റെ വിവർത്തനവും തമ്മിൽ ഒരു അന്തരം കാണാം. അവിടെ വിവർത്തനം ചെയ്യപ്പെടുന്നത് അതിന്റെ ഭാവമാണ്. ആ പാട്ട് വാക്കിന്മേലുള്ള ഒരു കളിയാണ്. അതിൽ ഓരോ തവണ “തീ” എന്ന വാക്ക് ആവർത്തിക്കുമ്പോഴും ഓരോ അർത്ഥമാണ് വരുന്നത്. വളരെ സന്തോഷം നൽകിയ ഒരു വിവർത്തനമായിരുന്നു അത്. സ്വന്തം ആശയങ്ങളുമായി യോജിച്ചുവരുന്ന സന്ദർഭങ്ങൾ കൂടുതൽ ആസ്വദിച്ചു വിവർത്തനം ചെയ്യാൻ സാധിക്കുമെന്ന് തോന്നുന്നു. ഓരോ സിനിമകൾക്കും അത് അങ്ങേയറ്റം ആസ്വദിച്ചുതന്നെയാണ് സബ്ടൈറ്റിൽ ചെയ്യാറുള്ളത്. എന്നാൽ സബ്ടൈറ്റിൽ ചെയ്ത സിനിമകൾ പിന്നീട് തീയറ്ററിൽ ആസ്വദിച്ചു കാണാൻ സാധിക്കില്ല. കാരണം, ഒരു സിനിമക്ക് സബ്ടൈറ്റിൽ ചെയ്ത് അവസാന ഔട്ട്പുട്ട് കൊടുക്കുന്നതിനുമുൻപ് ചുരുങ്ങിയത് പത്തു തവണയെങ്കിലും ആ സിനിമ കണ്ടുകഴിഞ്ഞിരിക്കും. സിനിമ മനഃപാഠം പഠിക്കുന്നതുപോലെയുള്ള ഒരു പ്രക്രിയയാണത്. ഒരു സംഭാഷണം വരുന്നതിനു

മുൻപേ നമ്മുടെ മനസ്സിൽ അവിടെയുള്ള സബ്ടൈറ്റിൽ വന്നുകൊണ്ടിരിക്കും.

### വിവർത്തനാതീതം

വടക്കൻ വീരഗാഥ വളരെ ബുദ്ധിമുട്ടുള്ള ഒരു വർക്കായിരുന്നു. അതിലെ സംഭാഷണങ്ങളോട് ഒത്തു നിൽക്കുന്ന സംഭാഷണങ്ങൾ എഴുതാൻ ഇപ്പോഴും സാധിച്ചിട്ടുണ്ട് എന്ന് കരുതുന്നില്ല. അത്രയധികം ഗവേഷണം വടക്കൻ വീരഗാഥക്കു വേണ്ടി നടത്തിയിരുന്നു. ഭാഷയിൽ വിവർത്തനാതീതം (അൺട്രാൻസ്ലേറ്റബിൾ) എന്ന ഒരു അവസ്ഥയുണ്ട്. അതിനോട് ചേർന്നു നിൽക്കുന്നതാണ് വടക്കൻ വീരഗാഥയിലെ സംഭാഷണങ്ങൾ. അവിടെ ചെയ്യാൻ സാധിക്കുന്നതിന്റെ പരമാവധി ചെയ്യാൻ ശ്രമിച്ചിട്ടുണ്ട്. പലരും വടക്കൻ വീരഗാഥയുടെ സബ്ടൈറ്റിലിനെപ്പറ്റി അഭിനന്ദിച്ചുകൊണ്ട് സംസാരിക്കാറുണ്ട്. എങ്കിൽപ്പോലും ഓരോ തവണയും അത് വീണ്ടും കണ്ടുനോക്കുമ്പോൾ അതിലെ പല ഭാഗങ്ങളിലും പല രീതിയിലും മാറ്റങ്ങൾ വരുത്താമായിരുന്നു എന്നുതോന്നും. അത് എംടിയുടെ സ്ക്രിപ്റ്റിന്റെ കരുത്താണ്.

### പ്രാദേശികഭാഷ

പ്രാദേശികമായ ഭാഷകൾക്ക് സബ്ടൈറ്റിൽ ചെയ്യുക എന്നത് വളരെ ബുദ്ധിമുട്ടുള്ള കാര്യമാണ്. അത്തരം സന്ദർഭങ്ങളിൽ ചെയ്തുവരാറുള്ളത് ഇംഗ്ലീഷിലെ ഏതെങ്കിലും സ്ലാങ് തന്നെ ഉപയോഗിക്കുക എന്നതാണ്. ഒരു സിനിമയുടെ പ്രാദേശികമായ ഭാവതലം എങ്ങനെ സബ്ടൈറ്റിലിലും നിലനിർത്താമെന്നതാണ് പ്രാഥമികമായ ആലോചന. അതിനായി പലപ്പോഴും സംഭാഷണങ്ങളിൽ പലയിടത്തും കടുംപിടിത്തങ്ങൾ ഒഴിവാക്കി നീങ്ങുകയാണ് പതിവ്.

പ്രാദേശികഭാഷകൾ മുഴുവനും പരിചിതമായവയാകില്ല. പാച്ചിൽ എന്ന വെബ് സീരീസ് ചെയ്തിരുന്ന സമയത്ത് അതിൽ ഉപയോഗിച്ചിരിക്കുന്ന ഭാഷ മനസ്സിലാക്കാനായി ഒരു കോൺടാക്റ്റ് പേഴ്സണെ ആവശ്യപ്പെട്ടിരുന്നു. ആ രീതിയിൽത്തന്നെയാണ് പ്രാദേശിക ഭാഷകൾ ഉപയോഗിക്കുന്ന സിനിമകൾ കൈകാര്യം ചെയ്യാറുള്ളത്. പുറത്തിറങ്ങാനിരിക്കുന്ന സിനിമയായതിനാൽ അതിന്റെ സ്വകാര്യത മാനിച്ച് പരമാവധി പുറത്തുനിന്നുള്ള വ്യക്തികളെ അതിനുവേണ്ടി ആശ്രയിക്കാറില്ല. പ്രാദേശിക ഭാഷ മനസ്സിലാക്കാനുള്ള സഹായത്തിനായി നമ്മൾ ആവശ്യപ്പെടുന്ന വ്യക്തി മിക്കവാറും സിനിമയുടെ സംവിധായകനോ തിരക്കഥാകൃത്തോ ആയിരിക്കും. അതുമാത്രമല്ല, മലയാളം സിനിമകളിൽ പലപ്പോഴും കന്നഡ, തെലുഗു, അറബി സംഭാഷണങ്ങളെല്ലാം കടന്നു വരാറുണ്ട്. അത്തരം സന്ദർഭങ്ങളിൽ ടീമിനോട് തന്നെ സംസാരിച്ച് മനസ്സിലാക്കിയെടുക്കുകയാണ് പതിവ്.

### മലയാളസിനിമ

മലയാളികൾ മലയാള സിനിമകൾ പരമാവധി സബ്ടൈറ്റിൽ വെച്ച് കാണാതിരിക്കുകയാണ് ആസ്വാദനത്തിന് നല്ലത്. സബ്ടൈറ്റിൽ പ്രാഥമികമായി ലക്ഷ്യം വെക്കുന്നത് സിനിമയിലുപയോഗിക്കുന്ന ഭാഷ പരിചിതമല്ലാത്തവരെയാണ്. ലോകപ്രേക്ഷകർക്കു മുൻപിൽ മലയാള സിനിമ പ്രത്യക്ഷപ്പെടാൻ അത് അത്യാവശ്യവുമാണ്.

### സബ്ടൈറ്റിലിംഗിന്റെ ഘട്ടങ്ങൾ

പോസ്റ്റ് പ്രൊഡക്ഷന്റെ അവസാന ഘട്ടത്തിലാണ് സബ്ടൈറ്റിലിംഗിന് സിനിമ ലഭിക്കാറുള്ളത്. അതിനാൽത്തന്നെ പലപ്പോഴും സിനിമയുടെ അതുവരെയുള്ള യാത്രയിൽ പങ്കാളിയല്ലാതിരുന്ന ഒരു വ്യക്തി പെട്ടെന്ന് കടന്നുവന്ന് ആദ്യം തന്നെ സിനിമ മുഴുവനായും കാണുക എന്ന ഒരു അത്ഭുതം അവിടെ സംഭവിക്കുന്നുണ്ട്. അതിനാൽത്തന്നെ പുറമെനിന്നുള്ള ഒരു അഭിപ്രായം എന്ന നിലയിൽ സബ്ടൈറ്റിലിംഗ് ആർട്ടിസ്റ്റുകളോട് സംവിധായകർ സിനിമയെപ്പറ്റി അഭിപ്രായം ചോദിക്കാറുമുണ്ട്. സബ്ടൈറ്റിലിംഗിന്റെ ആദ്യ ഘട്ടം എന്നത് പ്രൊജക്റ്റ് സംസാരിക്കുക എന്നതുതന്നെയാണ്. ആദ്യം സിനിമ അയച്ചുതരുന്നു. അതിനു ശേഷം ചെയ്യുന്ന കാര്യം സിനിമ കാണുക എന്നുള്ളതാണ്. സിനിമ ഒറ്റയിരിപ്പിൽ മുഴുവനായും ഒരു തവണയെങ്കിലും കണ്ടാലേ അതിന്റെ ആശയവും സന്ദർഭവും കൃത്യമായി മനസ്സിലാവൂ. ഉദാഹരണത്തിന്, തല്ലുമാല പോലെ നോൺ ലീനിയർ സ്വഭാവത്തിൽ വരുന്ന ഒരു സിനിമയുടെ കഥ ആദ്യമേ മനസ്സിലായ ഒരാൾക്കേ അ



ത് സബ്ടൈറ്റിൽ ചെയ്യാൻ സാധിക്കൂ. 'സബ്ടൈറ്റിൽ എഡിറ്റ്' എന്ന വളരെ ലളിതമായി കൈകാര്യം ചെയ്യാവുന്ന ഒരു സോഫ്റ്റ്‌വയർ ആണ് പൊതുവെ എല്ലാവരും ഉപയോഗിച്ചുകണ്ടിട്ടുള്ളത്. അടുത്ത ഘട്ടം വിവർത്തനമാണ്. വിവർത്തനത്തിലാണ് ഇതിന്റെ ശക്തി നിലനിൽക്കുന്നത്. അതിന് അടിസ്ഥാനപരമായ ഭാഷാപരിജ്ഞാനവും ഡിക്ഷണറികളുടെ സഹായവും വേണ്ടിവരും. ഇതു കഴിഞ്ഞുവരുന്ന പ്രൂഫ്റീഡിങ് വളരെ പ്രധാനപ്പെട്ട ഒരു ഘട്ടമാണ്. വളരെ സൂക്ഷ്മമായ ഒരു പ്രൂഫ്റീഡിങ് ഈ ഘട്ടത്തിൽ സംഭവിക്കും. ഉദാഹരണത്തിന്, ഔട്ട്പുട്ട് കൊടുക്കേണ്ടത് ഏഴു ദിവസത്തിലാണെങ്കിൽ അഞ്ചു ദിവസത്തിൽ സബ്ടൈറ്റിൽ ചെയ്ത് രണ്ടു ദിവസം പ്രൂഫ്റീഡിങ്ങിനു മാത്രമായി മാറ്റിവെക്കും. നമ്മുടെ ലക്ഷ്യം പരമാവധി തെറ്റുകളൊഴിവാക്കിയ വിവർത്തനമാണ്. ഈ രണ്ടു ദിവസത്തിനുള്ളിൽ മൂന്നോ നാലോ തവണ പ്രൂഫ്റീഡിങ് നടത്തും. രണ്ടു പേരുള്ളതിന്റെ ഗുണം രണ്ടു പേർക്കും മാറിമാറി വായിക്കാം എന്നതാണ്. ഒരാൾ കാണാത്ത പിശകുകൾ മറ്റൊരാൾക്ക് കാണാൻ സാധിച്ചെന്നുവരാം.

ഇപ്പോൾ ഏതാണ്ട് എല്ലാ സംവിധായകരും തന്നെ സബ്ടൈറ്റിലുകൾ മുഴുവനായും വായിച്ചു നോക്കി അതിൽ അവരുടേതായ തിരുത്തുകൾ നിർദ്ദേശിക്കാറുണ്ട്.

## തിരക്കഥാവിവർത്തനവും സബ്ടൈറ്റിലിംഗും

സബ്ടൈറ്റിലുകളെ വെച്ച് പരിഗണിക്കുമ്പോൾ തിരക്കഥ സിനിമയുടെ കുറേക്കൂടെ അസംസ്കൃതമായ അവസ്ഥയാണ്. തിരക്കഥയിൽ പശ്ചാത്തലവിശദീകരണം, സ്ക്രിപ്റ്റിന്റെ അലൈൻമെന്റ് തുടങ്ങിയവയെല്ലാം പ്രധാനപ്പെട്ട കാര്യങ്ങളാണ്. തിരക്കഥാവിവർത്തനം സബ്ടൈറ്റിൽ ചെയ്യുന്നതിനേക്കാൾ കുറേക്കൂടെ സമയമെടുക്കുന്ന പ്രക്രിയയാണ്. പൊതുവെ സബ്ടൈറ്റിലുകളെക്കാൾ തിരക്കഥകൾക്ക് ദൈർഘ്യം കൂടുതലാണ്. സബ്ടൈറ്റിൽ ചെയ്യുന്ന പോലെ ഉത്സാഹത്തോടെ ഇരുന്നു ചെയ്യാവുന്ന ഒരു ജോലിയല്ല തിരക്കഥാവിവർത്തനം. എന്നാൽ അത് അത്യന്തം ഗൗരവത്തോടെ ചെയ്യേണ്ട വിഷയമാണ്. തെറ്റുകൾ വരാൻ സാധ്യത കൂടുതലുമാണ്. മറ്റൊന്ന്, സബ്ടൈറ്റിലിനെ വെച്ച് നോക്കുമ്പോൾ തിരക്കഥയുടെ വിവർത്തനം വളരെ കുറച്ചുപേരേ വായിക്കുകയും പതിവുള്ളൂ. തിരക്കഥ വിവർത്തനം ചെയ്യേണ്ടി വരാറുള്ളത് ഒന്നുകിൽ അഭിനേതാക്കളിൽ ആർക്കെങ്കിലും മലയാളം അറിയാത്ത സാഹചര്യത്തിലോ, സിനിമയുടെ റീമേക്ക് അവകാശങ്ങളുമായി ബന്ധപ്പെട്ടോ ആണ്. എന്നാൽ ചില സിനിമകളിൽ സബ്ടൈറ്റിൽ ചെയ്യുന്നതിനു മുൻപേ തിരക്കഥ വായിച്ചു നോക്കാറുണ്ട്. ന്നാ താൻ കേസ് കൊട് എന്ന സിനിമയുടെ മലയാളം സബ്ടൈറ്റിൽ ചെയ്യുമ്പോൾ ഇത് ശ്രദ്ധിച്ചിരുന്ന കാര്യമാണ്. തീർത്തും അപരിചിതമായ ഒരു പ്രാദേശികഭാഷ കൈകാര്യം ചെയ്യേണ്ടി വരുമ്പോൾ ആ ഭാഷയുടെ തനിമ അതേപടി നിലനിർത്തിക്കൊണ്ട്, സംസാരിക്കുന്ന അതേ സംഭാഷണങ്ങൾ സബ്ടൈറ്റിലിൽ വരുത്താൻ പലപ്പോഴും തിരക്കഥ ആവശ്യമാണ്.




## സബ്ടൈറ്റിലിംഗ് പരിശീലനം

മൈക്കൽസ് കോഫീ ഹൗസ് എന്ന സിനിമയ്ക്കുവേണ്ടി സബ്ടൈറ്റിൽ ചെയ്തുകൊണ്ടുതന്നെയാണ് സബ്ടൈറ്റിലിംഗ് പഠിച്ചെടുത്തത്. താരതമ്യേന ഭാഷാപ്രാവീണ്യമുള്ളവർക്ക് വലിയ സാങ്കേതികപരിജ്ഞാനമൊന്നും ആവശ്യമില്ലാത്ത ഒരു മേഖലയാണിത്. ഒന്നോ രണ്ടോ യൂട്യൂബ് ട്യൂട്ടോറിയലുകൾ നോക്കിയാണ് ഇത് പഠിച്ചെടുത്തത്. എന്നാൽ, സബ്ടൈറ്റിലിംഗ് പഠിപ്പിക്കുന്ന സ്ഥാപനങ്ങൾ ഇപ്പോൾ പലയിടത്തും ഉണ്ടെന്ന് കേൾക്കാറുണ്ട്. ഇന്ന് മലയാള സിനിമയിൽ സബ്ടൈറ്റിൽ ചെയ്യുന്നവരാരും തന്നെ അത്തരത്തിൽ ഒരു പരിശീലനം ലഭിച്ച് ഇതിലേക്ക് പ്രവേശിച്ചവരാണെന്ന് തോന്നുന്നില്ല. എന്നാൽ, ഇത്തരം പരിശീലനങ്ങൾ വഴി സബ്ടൈറ്റിലിംഗ് എന്ന തൊഴിൽമേഖലയെപ്പറ്റി ജനങ്ങൾക്കിടയിൽ കൂടുതൽ അവബോധമുണ്ടാകുമെങ്കിൽ അതൊരു നല്ല ആശയമാണ്. അതോടൊപ്പം കൃത്യമായ നിർദ്ദേശങ്ങൾ വഴി സബ്ടൈറ്റിലിംഗ് ടൂളുകളും അതിന്റെ സാങ്കേതികവശങ്ങളും കുറേക്കൂടെ എളുപ്പം പഠിച്ചെടുക്കാൻ സാധിക്കുമെന്നും തോന്നുന്നു.

ചർച്ചാവിഷയം/അഭിമുഖം

കുഞ്ഞില / അനുപാപ്പച്ചൻ



കുഞ്ഞില
സംവിധായിക



ഡോ.അനു പാപ്പച്ചൻ
അധ്യാപിക
എഴുത്തുകാരി
വിമല കോളജ്,തൃശൂർ

# ലോകം മാറാൻ കുറുക്കുവഴികളില്ല



*ചോദ്യം: സിനിമ എന്ന വ്യവസായത്തിൽ സ്വതന്ത്രമായി നിൽക്കാൻ ഒരു സ്ത്രീക്ക് സാധിക്കുമോ? കുഞ്ഞിലയുടെ ഇടത്തെ എങ്ങനെ കാണുന്നു?*

ഉത്തരം : ഇൻഡിപെൻഡന്റ് ആയി നിൽക്കുമ്പോൾ എന്തു സ്വാതന്ത്ര്യമാണുള്ളത് എന്ന് ചോദിച്ചാൽ, ശരിക്കും അതിന് സ്വാതന്ത്ര്യം എന്തെങ്കിലും ഉള്ളതായി എനിക്ക് തോന്നിയിട്ടില്ല. ഭയങ്കര ദുർഘടമായിട്ടുള്ള ഒരു പാതയായിട്ടാണ് എനിക്ക് തോന്നിയിട്ടുള്ളത്. പ്രത്യേകിച്ചൊരു സ്ത്രീക്ക്, അഭിപ്രായമുള്ള സ്ത്രീക്ക്, സ്ത്രീപക്ഷമായിട്ടുള്ള, ഇടതുപക്ഷ അഭിപ്രായമുള്ള ഒരു സ്ത്രീക്ക് വളരെ ദുർഘടമായ പാതയാണ് സിനിമയിൽ... സ്വതന്ത്രയായി നില

ക്കാൾ മുഖ്യധാരയിൽ അറിയപ്പെടുന്ന ഒരു പ്രൊഡക്ഷൻഹൗസിന്റെ ബാനറിൽ പ്രവർത്തിക്കുന്നതാണ് സ്ത്രീകൾക്ക് ഏറ്റവും നല്ലത് എന്നാണ് ഞാൻ വിചാരിക്കുന്നത്. കാരണം അത്രയും ഒരു സപ്പോർട്ട് സിസ്റ്റം ഉണ്ടാവും. എനിക്ക് യാതൊരു സപ്പോർട്ട് സിസ്റ്റവും സിനിമയിൽ ഇല്ല. വളരെ ചുരുക്കം ആയ, എസ്റ്റാബ്ളിഷായിട്ടുള്ള ആൾക്കാരല്ലാതെ... സത്യം പറഞ്ഞാൽ ജിയോ ബേബി അല്ലാതെ എന്നെ ഇത്രയും ഓപ്പൺ ആയിട്ട് പിന്തുണച്ചിട്ടുള്ള ഏതെങ്കിലും മുഖ്യധാരയിൽ നിന്നുള്ള സംവിധായകനെ എനിക്കറിയില്ല. സംവിധായകനേയോ സംവിധായികയേയോ എനിക്കറിയില്ല. അഞ്ജലിമേനോൻ ഒരിക്കൽ ചെയ്തിട്ടുണ്ട്, പക്ഷേ അത്തരത്തിലുള്ള ഒരു സപ്പോർട്ട് സിസ്റ്റം ഇല്ലാതെയാണ് എന്നെപ്പോലുള്ള ആൾക്കാർ നിലനിൽക്കുന്നത്. അങ്ങിനെ വരുമ്പോൾ ഞാൻ സംസാരിക്കുന്ന വിഷയങ്ങൾ സെൻസർചെയ്യാനുള്ള സമ്മർദ്ദം എനിക്കു തന്നെ വളരെ കൂടുതലാണ്.

ഉദാഹരണത്തിന്,, ഇറങ്ങുന്ന സിനിമകളുടെ റിവ്യൂ ഇടുന്നതു മുതൽ ശ്രദ്ധിക്കണം. ഒരു പൃഥിരാജ് പടത്തിന് റിവ്യൂ ഇടുന്നു എന്ന് വെക്കൂ, പൃഥിരാജ് പടം എനിക്ക് ഇഷ്ടപ്പെട്ടിട്ടില്ല. എനിക്കൊരു പൃഥിരാജ് പടവും ഇഷ്ടപ്പെടാറില്ല. പൃഥിരാജിന്റെ അഭിനയം നല്ലതല്ല എന്ന് പറയാൻപോലും എനിക്ക് രണ്ടു പ്രാവശ്യം ആലോചിക്കണം. സർക്കാർ സംവിധാനത്തിലുള്ള അംഗീകാരങ്ങളും അവസരങ്ങളും നഷ്ടപ്പെടുമോയെന്ന് ആലോചിക്കണം!. ഒരു പോസ്റ്റ് ഇട്ടാൽ പോലും സപ്പോർട്ട് സിസ്റ്റം ഇല്ലാതായിപ്പോകുമോ എന്ന് ആലോചിക്കണം. ഇങ്ങനെ സ്ത്രീക്ക് സ്വതന്ത്ര നിലനില്പ് വലിയ വിഷയം തന്നെയാണെന്നാണ് എൻറെ തോന്നൽ..



*ചോദ്യം: പിന്നെ, ഒരു കഥാർസിസ്, സ്വയം പരുവപ്പെടൽ സംഭവിക്കുന്നുണ്ടോ?*

ഉത്തരം: ഈ ചോദ്യം എന്നെ സംബന്ധിച്ച് വളരെ പ്രധാനമാണ് .തീർച്ചയായും ഇതിലൊരു കഥാർസിസുണ്ട്. ആ കഥാർസിസിനുവേണ്ടി തന്നെയാണ് എന്നെപ്പോലൊരു സ്ത്രീ ഈ അഭിപ്രായങ്ങൾ, അനഭിമതമായ അഭിപ്രായങ്ങൾ പറഞ്ഞുകൊണ്ടിരിക്കുന്നത്. അവസരങ്ങൾ നഷ്ടപ്പെടാൻ സാധ്യതയുള്ള ഒരുപാട് അഭിപ്രായങ്ങൾ പറയുന്ന ഒരാളാണ് ഞാൻ. പക്ഷേ സമൂഹത്തിലുള്ള മാറ്റം എന്നു പറയുന്നത് വളരെ പ്രധാനപ്പെട്ട സംഗതിയാണ്. ഇപ്പോൾ സി. രവിചന്ദ്രൻ കുടുംബശ്രീക്ക് ക്ലാസെടുക്കാൻ ചെല്ലുന്നതിലെ അനൗചിത്യം ചൂണ്ടിക്കാട്ടി ഞാൻ. ആ പരിപാടിയിൽ അയാൾ പ്രസംഗിക്കാൻ പാടില്ല എന്നുള്ള ലക്ഷ്യം മാത്രല്ല ആ പരിപാടിയിയിൽ എന്നെ പ്രസംഗിക്കാൻ വിളിക്കണം. ഞാനും യുക്തിവാദി ആണല്ലോ അപ്പൊൾ എന്നെ പ്രസംഗിക്കാൻ വിളിക്കണം എന്നും കൂടെയുണ്ട്. അതിനകത്ത് ഒരു സാമൂഹിക മാറ്റമാണ് ഞാൻ ലക്ഷ്യം വെക്കുന്നത് . രവിചന്ദ്രനെ വിളിച്ചിട്ടുള്ള പരിപാടിയിൽ നിന്ന് കുടുംബശ്രീ അദ്ദേഹത്തിനെ ഒഴിവാക്കി എന്ന റിസൾട്ട് ഉണ്ടാക്കാൻ പറ്റി.അതു കേൾക്കാതെ രക്ഷപ്പെട്ടവരായ സ്ത്രീകൾ ഉണ്ടല്ലോ. അതൊരു സാമൂഹിക മാറ്റമാണ്. എനിക്കും കഥാർസിസ് സംഭവിക്കുന്നുണ്ട് . ഞാനെന്നുള്ള വ്യക്തി ഈ സമൂഹത്തിന്റെ ഭാഗം തന്നെ .

*ചോദ്യം : അസംഘടിതരിലേക്കെത്തിയ വഴിയെങ്ങനെ? അതിന്റെ ക്രാഫ്റ്റ് ബോധപൂർവമെടുത്ത തീരുമാനമാണോ?*

ഉത്തരം: അസംഘടിതർ ഒരു ഡോക്യുമെന്ററി ആയിട്ട് കുറച്ചു വർഷങ്ങൾക്ക് മുമ്പ് ഷൂട്ട് ചെയ്തു തുടങ്ങിയ ഒരു സംഗതി ആണ്. വിജി ചേച്ചിയെയും പെൺകൂട്ടിലെ മറ്റു പല പ്രവർത്തകരെയും ഇന്റർവ്യൂ ചെയ്ത ഫൂട്ടേജൊക്കെ എന്റെ ക

യ്യിൽ ഇപ്പോഴും ഉണ്ട്. എഡിറ്റ് ടേബിളിൽ എത്തിയപ്പോൾ കുറച്ചുകൂടെ ഷൂട്ട് ചെയ്യണമെന്നനിക്ക് മനസ്സിലായി. എപ്പോഴും ഡോക്യുമെന്ററിയിൽ അങ്ങിനെയാണുണ്ടാകാറ്. ഷൂട്ട് ചെയ്യുന്നു, എഡിറ്റിലേക്ക് പോകുന്നു. അപ്പൊൾ കുറച്ചുകൂടി ഷൂട്ട് ചെയ്യാനുണ്ടെന്ന് മനസ്സിലാകുന്നു. പിന്നേയും ഷൂട്ട് ചെയ്യുന്നു. അതിന് വേണ്ടി ഞാൻ ക്രൗഡ് ഫണ്ട് ചെയ്തിട്ടുണ്ട്... അത്രയും ഷൂട്ടൊക്കെ ക്രൗഡ്ഫണ്ട് ചെയ്തിട്ട് തന്നെയാണ് ചെയ്തത്. വീണ്ടും ധന സമാഹരണം വേണമെന്നെനിക്ക് മനസ്സിലായി. ആ സമയത്ത്, മറ്റ് ചില പണികൾ ചെയ്ത് തീർക്കാനുണ്ടായ സമയത്താണ് എനിക്ക് ജിയോബേബിയുടെ വിളി വന്നത്. ഇങ്ങനെയൊരു ആന്തോളജി ഉണ്ട്, അതിനകത്ത് ഒരു സിനിമ ചെയ്യാമോ എന്ന് ചോദിച്ചിട്ട് . ആ വിളിച്ച സമയത്ത് ഞാൻ എഴുതിയ സ്ക്രിപ്റ്റ് അസംഘടിതരെ ഡോക്യൂഫിക്ഷൻ ഫോമിലേക്ക് മാറ്റികൊണ്ടുള്ളതായിരുന്നു. അതിന്റെ ക്രൂമെമ്പേഴ്സിന്റെ അടുത്ത് ചോദിച്ചിട്ടുണ്ടെങ്കിലറിയാം. ഞാൻ റഫറൻസായിട്ട് കാണാൻ പറഞ്ഞ സിനിമ കിരൊസ്തമിടെ ക്ലോസപ്പാണ്. ക്ലോസപ്പ് ഒരു ഡോക്യൂഫിക്ഷനാണ്. ഡോക്യൂഫിക്ഷനിലെ തന്നെ എപ്പിഡമി ഓഫ് ദ ജോണർ എന്ന് വിശ്വസിക്കുന്ന അതിമനോഹരമായിട്ടുള്ള സിനിമയാണത്. ആ സ്റ്റൈൽ ഡോക്യൂഫിക്ഷൻ എന്ന ഫോർമാറ്റ് എത്രയോ ആൾക്കാർ പരീക്ഷിച്ചിട്ടുള്ളതുമാണ്. ഒരുപാട് ഫോമിലുള്ള പരീക്ഷണങ്ങൾ നടക്കുന്ന മേഖല തന്നെയാണല്ലോ സിനിമ. അപ്പോൾ എന്റെ സിനിമ ഇറങ്ങി കഴിഞ്ഞപ്പോൾ ഇതെന്താ ഡോക്യുമെന്ററി ആണോ? ഇതെന്താണ് ഇങ്ങനെയാണോ സിനിമ എടുക്കുന്നത് തുടങ്ങിയ ഒരുപാട് കാര്യങ്ങളിൽ എനിക്ക് നേരെ ചോദ്യങ്ങൾ ഉയർന്നു വന്നിരുന്നു.അതൊക്കെ വളരെ ബാലിശമാണ്. സിനിമ ഒരു സംവിധായിക ഒരു ഫോമിൽ ഇറക്കാനായിട്ടുള്ള തീരുമാനമെടുത്തിട്ടുണ്ടെങ്കിൽ അത് വളരെ കോൺഷ്യസ് ആയിട്ടുള്ള ചോയ്സാണ്. എനിക്കെന്താ തലക്ക് ഓളമാണോ അറിയാതെ ഡോക്യൂഫിക്ഷൻ എടുക്കാനായിട്ട്. പിന്നെ വർത്തമാനകാലത്തിൽ പറയേണ്ട ഒരു കഥയാണ് എന്നുള്ള ഒരു ഉത്തമ ബോധ്യം എനിക്കുണ്ട്. സ്ത്രീകൾ ഇങ്ങനെ ഒത്തുചേരുന്നത് തന്നെ പൊളിറ്റിക്കലാണ്.. കോഴിക്കോട്ടെ ഏറ്റവും മുതിർന്ന ആക്റ്റിവിസ്റ്റുകളിലൊരാളായ വിജിചേച്ചിയെക്കുറിച്ച് ലോകം അറിയണമെന്നുണ്ട് കെ. അജിത ഒരു സിനിമയിൽ കെ. അജിതയായിട്ട് വരണം എന്നെനിക്കുണ്ട്. അവരുടെ വാക്കുകൾ ലോകം കേൾക്കണം . അങ്ങിനെയൊക്കെ പൊളിട്ടിക്കലി ഒരുപാട് ചോയ്സസ് ഞാനതിൽ നടത്തിയിട്ടുണ്ട്.

*ചോദ്യം: ടെക്നോളജി നമ്മളെ എത്രത്തോളം സഹായിക്കുന്നു? പ്രത്യേകിച്ച് ജനാധിപത്യ ഇടത്തിലേക്ക് കടന്നു വരാൻ*

ഉത്തരം: ടെക്നോളജി – ഇൻഫർമേഷൻ ടെക്നോളജി ..:..മനുഷ്യനെ മുന്നോട്ട് നയിക്കുന്ന എല്ലാ കാര്യങ്ങളും ഏറ്റവും കൂടുതൽ പ്രയോജന



പ്പെടുന്നത് അധ:കൃതരായിട്ടുള്ള വിഭാഗങ്ങളെയാണ് എന്ന് വിശ്വസിക്കുന്ന ആളാണ് ഞാൻ. അതിനകത്ത് സ്ത്രീകൾ, ദലിതർ, ആദിവാസികൾ ഒക്കെ വരും. എല്ലാവർക്കും ഒരേപോലെ ഇൻഫർമേഷൻ ടെക്നോളജി ഉപയോഗപ്പെടുത്താനാവുക വലിയ വിപ്ലവമാണ്. ആദിവാസികളുടെയിടയിലും ദലിതരുടെ ഇടയിലും ഒരുപാട് സ്ത്രീകളുടെ ഇടയിലും ഈ ടെക്നോളജി എത്തുന്നതിന് ഒരുപാട് വിലങ്ങു തടികളുണ്ട്. ഉദാഹരണത്തിന് ഇപ്പൊൾ ഞാനെടുത്ത സിനിമയുടെ കാര്യം തന്നെ ... മൊബൈൽ ഫോണുപയോഗിക്കുന്നതിന് സ്ത്രീകൾക്ക് മാത്രം വിലക്കുകളുള്ള ടെക്സ്റ്റൈൽ ഷോപ്പുകളുണ്ട്. ഇന്ത്യയിലെ ഇന്റർനെറ്റ് ഉപയോഗശതമാന കണക്കെടുത്ത് നോക്കിയിട്ടുണ്ടെങ്കിൽ സ്ത്രീകൾ ഇന്റർനെറ്റ് ഉപയോഗിക്കുന്നത് പുരുഷന്മാരെക്കാൾ കുറവാണ്.

ടെക്നോളജിയും ബന്ധപ്പെട്ട കാര്യങ്ങളും സ്ത്രീകളുൾപ്പെടെയുള്ള ആൾക്കാർക്ക് കൊടുക്കാതിരിക്കുക ഭരണകൂടം കൃത്യമായി ബോധപൂർവം ചെയ്യുന്ന സംഗതിയാണ്. എന്തുകൊണ്ടാണ്? കാരണം ഇൻഫർമേഷൻ ഈസ് പവർ എന്നുള്ളതുകൊണ്ട്. അങ്ങിനെയിരിക്കെ സ്ത്രീകളെയാണ് ഇതേറ്റവും കൂടുതൽ ഹെല്പ് ചെയ്യുന്നത്. മൊബൈലിൽ സിനിമ പിടിക്കാൻ പറ്റും എന്ന് പറയുന്നിടത്ത് നമ്മുടെ ടെക്നോളജി എന്തൊരു ബ്രില്ല്യൻറ് ആണ്. അത് പരമാവധി ഉപയോഗപ്പെടുത്തണം. അതിന് പരിശീലനം സിദ്ധിക്കണം. ഇതിനു വേണ്ടി ഞാൻ കോൺഷ്യസ് ആയി എഫർട്ട് എടുക്കാറുണ്ട്. എന്റെ കൂടെ വർക്ക് ചെയ്യുന്ന ആൾക്കാരുടെ അടുത്ത് ചോദിച്ചാൽ മനസ്സിലാവും ഞാൻ എപ്പോഴും ഗൂഗിൾ ഡോക് ഉപയോഗിക്കാൻ, ടൈപ്പ് ചെയ്യാൻ, പേപ്പറും പേനയും മാക്സിമം ഒഴിവാക്കി ടൈപ്പ് ചെയ്യാനായി ഞാൻ പ്രോത്സാഹിപ്പിക്കാറുണ്ട്. അങ്ങിനെ ഞാൻ പ്രോത്സാഹിപ്പിക്കുന്നതുകാരണം അത് പഠിച്ചെടുക്കാനുള്ള പ്രഷർ കൂടും. എന്റെ കൂടെ വർക്ക് ചെയ്യണമെങ്കിൽ ഇത് അറിഞ്ഞിരിക്കണമെന്നുള്ള പ്രഷർ കൂടും. അത് ചെയ്യാനായി ഞാൻ ആൾക്കാരെ പുഷ് ചെയ്യാറുണ്ട്. ലാപ്ടോപ് ഒരു അടിസ്ഥാന ആവശ്യമായി. ഫോൺ എല്ലാ സമയവും നമ്മുടെ കൂടെ ഉണ്ടാവണം. അതും ഹണ്ട്രഡ് പേഴ്സന്റ് ചാർജ്ജ് ആണെങ്കിൽ അത്രയും നല്ലത്. എല്ലാ സംഗതികളും ഡോക്യുമെൻറ് ചെയ്തു സൂക്ഷിക്കുക. ആർട്ടിഫിഷൽ ഇന്റ്ലിജന്റ്സിനെ കുറിച്ച് അറിഞ്ഞപ്പോൾ അടുത്തതായി ഉണ്ടാക്കാൻ പോകുന്ന സിനിമയിൽ ഇത് എങ്ങിനെ ഇൻകോർപറേറ്റ് ചെയ്യാമെന്ന് ആലോചിച്ചു.

*ചോദ്യം: സോഷ്യൽ മീഡിയ സ്പേസിനെ കുഞ്ഞില എങ്ങനെ വിലയിരുത്തുന്നു?*

ഉത്തരം: കവലകളിലിരുന്ന് രാഷ്ട്രീയം ചർച്ച ചെയ്യുന്നത്, അല്ലെങ്കിൽ ബാർബർ ഷോപ്പിൽ ... അത് ആണുങ്ങൾക്കെ പറ്റുന്നുള്ളൂ. ചായക്കടകളിലിരുന്ന് രാഷ്ട്രീയം ചർച്ച ചെയ്യുന്ന വളരെ കുറച്ചു സ്ത്രീകളെ ഉള്ളൂ. കവലകളിൽ, കടത്തിണ്ണകളിലിരിക്കുന്ന സ്ത്രീകൾ എത്ര പേരുണ്ട് ? ആ ഡിവൈഡ് സോഷ്യൽ മീഡിയ പരിഹരിക്കുന്നുണ്ട്. സോഷ്യൽ മീഡിയയിൽ ശക്തമായി രാഷ്ട്രീയം പറയുന്ന സ്ത്രീകളുണ്ടായി വരുന്നുണ്ട്. നമ്മൾക്കെന്താ രാഷ്ട്രീയം പറയാനറിയാഞ്ഞിട്ടാണോ? .തൃക്കാക്കര ഉപതിരഞ്ഞെടുപ്പിന്റെ സമയത്ത് സെന്റ് തെരേസാസ് കോളേജിലോ മറ്റോ മൈക്കുമായിട്ട് പോയപ്പോൾ വളരെ അരാഷ്ട്രീയമായി സംസാരിക്കുന്ന ഒരു ഒരുപാട് പെൺകുട്ടികളെ ക്യാമറയിലൊരു റിപ്പോർട്ടർ പകർത്തിയിരുന്നു. എന്തുകൊണ്ടാണത്? സെൻറ് തെരേസാസ് ഒരു വിമൻസ് കോളേജാണ്, സ്ത്രീകൾക്ക് രാഷ്ട്രീയ ബോധ്യം തീരെയില്ല എന്ന മട്ടിലുള്ള ധ്വനി ജനറേറ്റ് ചെയ്യുന്നുണ്ട് ആ വീഡിയോ. ഞാൻ പഠിച്ചത് ഒരു വിമൻസ് കോളേജിലാണ്. ഞങ്ങളുടെ ക്യാമ്പസിൽ രാഷ്ട്രീയം ഇല്ല, എസ്.എഫ്.ഐ, കെ.എസ്.യു കക്ഷി രാഷ്ട്രീയം ഇല്ല. അങ്ങിനെയുള്ളപ്പോൾ അഭിരുചികളും അഭിപ്രായങ്ങളും ഞങ്ങൾ കൾട്ടിവേറ്റ് ചെയ്തെടുക്കേണ്ടിവരുന്ന ഒന്നായി മാറുന്നു. എന്നാൽ പുരുഷന്മാർ ജനിക്കുന്ന സമയം തൊട്ട് രാഷ്ട്രീയത്തിലിറങ്ങാൻ പര്യാപ്തരാണ്. കക്ഷിരാഷ്ട്രീയത്തിലിറങ്ങുക എന്നത് ഒരു ഓപ്ഷനായിട്ട് അവരുടെ മുന്നിൽ ഉണ്ട്. നമ്മൾ കല്ല്യാണം കഴിച്ച് വീട്ടമ്മയായിട്ട് ജീവിക്കണം ,അല്ലെങ്കിൽ ജോലി ഉണ്ടെങ്കിൽ ആ ജോലി ചെയ്തിട്ട് കുടുംബം പോറ്റണം, കുട്ടികളെയും നോക്കണം എന്നുള്ളതാണ് നമുക്ക് മുലപ്പാലിൽ കൂടെ കിട്ടുന്നത്. അങ്ങിനെ ഒരു ഡിവൈഡ് ഉള്ള സ്ഥലത്ത് സെൻറ് തെരേസാസ് കോളേജിലെ സ്ത്രീകൾ അരാഷ്ട്രീയമായി സംസാരിക്കുന്നു എന്നുള്ളത് സമൂഹം ഉണ്ടാക്കുന്ന ഒരു സിറ്റുവേഷനാണ്. ആ സമൂഹം ഉണ്ടാക്കുന്ന സാഹചര്യം മറികടക്കണമെങ്കിൽ ചാനൽ ചർച്ചകളിലുൾപ്പെടെ, കക്ഷിരാഷ്ട്രീയം ചർച്ച ചെയ്യുന്ന ഇടങ്ങളിൽ സ്ത്രീകൾ വരണം. യുടൂബിലും ഫേസ്ബുക്കിലും ഇപ്പോൾ പോരാട്ടമുള്ള സ്ത്രീകൾ വരുന്നുണ്ട്. അവരെയൊന്നും ചാനൽ ചർച്ചകളിൽ രാഷ്ട്രീയ നിരീക്ഷക എന്ന് പറഞ്ഞ് വിളിക്കുന്നതായി കാണാറില്ല. അങ്ങിനെയുള്ളൊരു സാമൂഹിക അന്തരീക്ഷം, മാധ്യമ അന്തരീക്ഷം നമ്മൾ ഉണ്ടാക്കണം. കാലം മാറുക തന്നെ ചെയ്യും ലോകവും.

ചർച്ചാവിഷയം



**മൃദുലാദേവി എസ്.**
സിനിമാഗാനരചയിതാവ്,
വിവർത്തക

# പെൺപാട്ടിടങ്ങളിലെ മറുപാട്ടുകൾ

മലയാളസിനിമയിലേയ്ക്ക് എനിക്കു ഒരു എൻട്രി കിട്ടുന്നത് ദ് ഗ്രേറ്റ് ഇന്ത്യൻ കിച്ചൻ എന്ന സിനിമയിൽകൂടിയാണ്. അതിലേയ്ക്ക് എന്നെ ക്ഷണിക്കുന്നത് സംവിധായകനും, നടനുമായ ജിയോ ബേബിയാണ്. ഫേസ്ബുക്കിൽ ഞാൻ എഴുതിയിട്ട വരികൾ കണ്ടിട്ടാണ് ജിയോ ആ പാട്ട് എടുത്തോട്ടെ എന്ന് ചോദിക്കുന്നത്.ജിയോ എന്നോട് ഒരു സിനിമയ്ക്കു വേണ്ടി പാട്ട് എഴുതുമോ എന്ന് ചോദിച്ചിരുന്നെങ്കിൽ ഞാൻ ചിലപ്പോൾ സമ്മതിക്കില്ലായിരുന്നു. കാരണം എനിക്കു അതിനുള്ള കഴിവുണ്ടോ എന്ന് ഞാൻ സംശയിച്ചേനെ. എന്തായാലും നേരത്തെ എഴുതിയത് ചോദിച്ചപ്പോൾ എനിക്കു പ്രശ്നം ഉണ്ടായില്ല. ഒരു സിനിമയിലേയ്ക്ക് പാട്ട് തിരഞ്ഞെടുക്കപ്പെടുമ്പോൾ ഉണ്ടായ ആത്മ വിശ്വാസത്തിൽ നിന്നാണ് ആ പാട്ടിന്റെ ബാക്കി വരികൾ എഴുതാമോ എന്ന് ചോദിച്ചപ്പോൾ എനിക്ക് അതിനുള്ള ധൈര്യം കിട്ടിയത്.ആ സിനിമയിലേയ്ക്ക് അഞ്ച് വർഷം മുൻപ് എഴുതിയ എന്റെ മറ്റൊരു പാട്ടും എടുക്കുകയുണ്ടായി. അതിന്റെ ബാക്കി വരികളും കഥയ്ക്കനുയോജ്യമായി ഞാൻ എഴുതി. പിന്നീട് ജിയോയുടെ തന്നെ ഫ്രീഡം ഫൈറ്റ് എന്ന ചിത്രത്തിൽ ആണ് അടുത്ത ഗാനം എഴുതിയത്. അപ്പോഴേയ്ക്കും ആദ്യ ഗാനം ഹിറ്റ് ആയതോടെ പാട്ട് എഴുതുവാൻ എനിക്കു ധൈര്യം ലഭിച്ചു. പിന്നീട് പ്രൊഫസ്സർ ആഷ ആച്ചി ജോസഫ് സംവിധാനം ചെയ്ത സിനിമയിൽ ആണ് പാട്ടെഴുതിയത്. ഇതിനിടയ്ക്ക് കർഷക ഗാനം,ഓണപ്പാട്ട്, ആൽബം സോങ് എന്നിവയും എഴുതി.ഇതിൽ നിന്നൊക്കെ ഞാൻ മനസിലാക്കിയത് സ്ത്രീകൾക്ക് വളരെ കുറച്ചു മാത്രം സ്പേസ് ഉള്ള സ്ഥലം ആണ് മലയാള സിനിമാലോകം എന്നാണ്.സിനിമ ഒരുപാട് പേർ ഒന്നിച്ചു പണിയെടുക്കുന്ന ഒരു തൊഴിൽ ഇടമാണ്. എന്നാൽ അതിലെ സിനിമാഗാനരചന എന്ന വിഭാഗം സ്ത്രീകളെ ഉൾക്കൊള്ളുവാൻ മാത്രം തൊഴിൽ പ്രസ്ഥാനം ആയി വികസിച്ചിട്ടില്ല എന്നുള്ളതാണ് വാസ്തവം. അതി



നുള്ള കാരണങ്ങൾ നിരവധിയാണ്.ഇപ്പോൾ ഒരുപാട് സ്ത്രീകൾ മലയാള സിനിമാഗാനരചനാരം ഗത്തുണ്ട്. എന്നാൽ അവരിൽ മിക്കവരെയും പൊതുസമൂഹത്തിന് അറിയില്ല.പൊതുവിൽ തന്നെ സിനിമയിലെ ഗാനരചയിതാക്കളെ ആരും ശ്രദ്ധിക്കാറില്ല. റേഡിയോ ഏറെ പ്രചാരത്തിൽ ഉണ്ടായിരുന്നപ്പോൾ എഴുതിയവരുടെ പേര് പറഞ്ഞിരുന്നതുപോലെ ഇപ്പോൾ അങ്ങനെ ഒരു അറിയിക്കൽ ഉണ്ടാവുന്നില്ല.അതുകൊണ്ട് തന്നെ ഒരു വർഷം പാട്ടെഴുതുന്ന. സ്ത്രീകൾ വളരെ കുറവുള്ള ഒരിടത്തു അവരുടെ എഴുത്തുകൾ ശ്രദ്ധ കിട്ടാതെ പോവുകയും ചെയ്യുന്നു. തുടരെ തുടരെ പാട്ടുകൾ എഴുതുന്ന സ്ത്രീകൾ ഉണ്ടാവുകയും, ആ പാട്ടുകൾ ഹിറ്റ് ആവുകയും ചെയ്യുമ്പോഴാണ് ജന മനസുകളിൽ ഇടം നേടാൻ കഴിയുക. സ്ത്രീകൾ എഴുതിയ പല പ്രശസ്ത ഗാനങ്ങളും പുരുഷന്മാർ എഴുതിയതാണെന്നു കരുതുന്നവരുണ്ട്. സിനിമ ഒരു ടീം വർക് ആണ്. ഏറെപ്പേരുടെ അധ്വാനമാണ് ഒരു സിനിമ. പാട്ടിന് പ്രാധാന്യം ഉള്ള സിനിമകളും, പാട്ട് ഇല്ലാതെ ഇറങ്ങുന്ന സിനിമകളും, കഥയ്ക്ക് ആവശ്യം ഇല്ലെങ്കിലും ഒരു പാട്ട് ഇരിക്കട്ടെ എന്ന് കരുതി പാട്ട് ചേർക്കുന്നതുമായ രീതിയാണ് പൊതുവിൽ കണ്ടു വരുന്നത്. നിർമാതാവിന്റെ പോക്കറ്റിലെ പണത്തിനെ ആശ്രയിച്ചാണ് സിനിമ മുന്നോട്ട് പോവുന്നത്. അവിടെ സമയം എത്രയും കുറച്ചു ഉത്പന്നം ഉണ്ടാക്കുക എന്നുള്ളതിനാണ് പ്രാധാന്യം നൽകുന്നത് . പൊതുവിൽ പുരുഷന്മാരുടെ കൂടിച്ചേരലുകളെ അംഗീകരിക്കുന്ന സമൂഹമാണ് നമ്മുടേത് . രചയിതാവും, സംഗീത സംവിധായകനും ഒക്കെ ഒന്നിച്ചിരുന്നു ചിലപ്പോൾ ദിവസങ്ങൾ എടുത്ത്, ചിലപ്പോൾ കുറച്ചു മണിക്കൂറുകൾ എടുത്ത് തീർക്കുന്ന, പിന്നീട് റെക്കോർഡിങ് വേഗത്തിൽ തീർത്തു കൊടുക്കുന്ന ഈ കലാരൂപത്തിലേയ്ക്ക് ഒരു സ്ത്രീയെ എത്തിക്കുവാൻ എടുക്കുന്ന സമയം പലപ്പോഴും അവർക്കു ധന നഷ്ടം ഉണ്ടാക്കുന്നു.സ്ത്രീയ്ക്ക് വീട്ടിൽ നിന്നും സമൂഹത്തിൽ നിന്നും കിട്ടുന്ന പിന്തുണ മിക്കപ്പോഴും കുറവായിരിക്കും. പലപ്പോഴും ഇത്തരം സംഘങ്ങളുടെ ഭാഗം ആകുവാൻ അവൾക്കു കഴിഞ്ഞെന്നു വരില്ല. അതിനുള്ള അനുവാദം കിട്ടുക എന്നുള്ളതും, അതിനായി ഒരു യൂണിറ്റ് കാത്തിരിക്കുകയും ചെയ്യണമെന്നില്ല.

പലപ്പോഴും പുരുഷന്മാർ ഒന്നിച്ചിരുന്നു കുറച്ചു സൊറ പറഞ്ഞ്, കുറച്ചു വെള്ളമൊക്കെയടിച്ച്, ഒരു ബീഡിയൊക്കെ വലിച്ചു കൊണ്ട് ചെറു സംഘങ്ങൾ ആയി ചെയ്യുന്ന ഒരു കലാപ്രവർത്തനം ആണ് ഒരു പാട്ടിന്റെ പിറവി. അവിടെ ഒരു സ്ത്രീ ഉണ്ടാവുന്നത് സദാചാരത്തിന്റെ പ്രശ്നം ആയി വായിക്കുന്നു. സ്ത്രീയ്ക്ക് ഈ രീതിയൊക്കെ അസൗകര്യം ആയിരിക്കും എന്ന ചിന്തയാൽ അവർ ഒഴിവാക്കപ്പെടുന്നു. പലപ്പോഴും ചെറിയ ലോഡ്ജുകളിൽ ഒക്കെ ഇരുന്നു ചെയ്യുന്ന പാട്ടുകളുടെ പിറവിയിൽ ഞങ്ങൾ ആണുങ്ങൾക്ക് ഇതൊക്കെ മതി. സ്ത്രീകൾ വന്നാൽ അവർക്കു ശുചിമുറി ഒന്നും കാണില്ല എന്നുള്ള പറച്ചിലിൽ ഇവർ ഒഴിവാകുന്നു.

സ്ത്രീകൾ ഒന്നിച്ചുള്ള കൂട്ടായ്മകളെ സദാചാരാവുമായി ബന്ധപ്പെടുത്തിയാണ് സമൂഹം വായിക്കുന്നത്.സമൂഹം സ്ത്രീയ്ക്ക് നൽകേണ്ട സ്വാഭാവിക നീതിയായി ഇതിനെയൊക്കെ വായിക്കപ്പെടുന്നു. എന്നാൽ ഇവയൊക്കെ രക്ഷകർത്തൃത്വം ആണെന്നും മറിച്ചു സ്ത്രീകൾ, ക്വീർ സമൂഹം ഇവരൊക്കെ പ്രാതിനിധ്യസ്വാഭാവത്തോടെ ഈ രംഗങ്ങളിൽ എത്തുവാൻ നിലവിലുള്ള വ്യവസ്ഥകളിൽ അയവു വരുത്തേണ്ടതുണ്ടെന്നും അതിൽ ഓരോരുത്തരും പങ്കാളിത്തം വഹിക്കേണ്ടതുണ്ടെന്നുമുള്ള സാമൂഹിക വിദ്യാഭ്യാസം എത്തിക്കുന്ന പരിപാടികൾ വികസിക്കേണ്ടതുണ്ട്.

അടുപ്പിച്ചു മൂന്ന് നാലു ദിവസം എടുത്താണ് ഒരു മികച്ച പാട്ട് പി




റക്കുന്നത്. ചിലപ്പോൾ രാത്രി സമയങ്ങളിലും പണിയെടുക്കേണ്ടി വരും.പലപ്പോഴും തിരക്കഥ എഴുതിയ ആളും, സംവിധായകനും സംഗീത സംവിധായകനും ഒന്നിച്ചിരുന്നു കഥയും, സന്ദർഭങ്ങളും ചർച്ച ചെയ്താണ് ഒരു പാട്ട് ഉണ്ടാകുന്നത്. സ്ത്രീകൾ ഇത്തരം മേഖലയിൽ അധികം ഇല്ലാത്തതു കൊണ്ട് ഈ കൂട്ടായ്മകളിൽ കൂടുതലും പുരുഷന്മാരാണുള്ളത്. അവർക്കൊപ്പം അതിരാവിലെയും, അർദ്ധ രാത്രിയിലും ഒക്കെ പണിയെടുക്കുവാൻ സ്ത്രീ എഴുത്തുകാർ ആയാൽ പറ്റില്ല. അവർക്കായ് പ്രത്യേക സൗകര്യങ്ങൾ ഒരുക്കേണ്ടി വരും. ലോ ബജറ്റ് ചിത്രങ്ങളിൽ ഇത് ബുദ്ധിമുട്ടാവും.പെൺകുട്ടികളെ വീട്ടുകാർ ഇ

തിനായി പറഞ്ഞയച്ചെന്നു വരില്ല. ഇനി അങ്ങനെ പുരുഷ സമൂഹത്തിനൊപ്പം പാട്ടെഴുതുവാൻ വേണ്ടി ഇറങ്ങിപ്പുറപ്പെട്ട പെൺകുട്ടിക്ക് സമൂഹത്തിന്റെ സദാചാരക്കണ്ണിൽ നിന്ന് രക്ഷപ്പെടുവാൻ പ്രയാസം ആണ്.നമ്മുടെ സിനിമാ ലോകം വിക്ടോറിയൻ സദാചാരത്തിന്റെയും, ജാതി വംശീയതയുടെയും പിടിയിൽ നിന്നും ഇതുവരെയും രക്ഷപെട്ടിട്ടില്ല. അതിന് അനുയോജ്യമായ തരത്തിലാണ് നമ്മുടെ കരിക്കുലങ്ങൾ നിർമിക്കപ്പെട്ടിട്ടുള്ളത്. അതിനെ ഊട്ടി ഉറപ്പിക്കുന്ന തരത്തിലുള്ള സിനിമകളും, സാഹിത്യങ്ങളുമാണ് കൂടുതലായും നമുക്കുള്ളത്. പാട്രിയാർക്കി അയയാതെ സ്ത്രീകളോടുള്ള മനോഭാവത്തിൽ മാറ്റം വരില്ല.അഭിനേത്രികൾക്ക് പോലും തുല്യ വേതനം നൽകാത്ത,ഒരു പ്രായം കഴിഞ്ഞാൽ പിന്നെ അവസരങ്ങളിലേയ്ക്ക് വിളിക്കാത്ത ഒരു തരം സംസ്കാരം ആണ് സിനിമയ്ക്കുള്ളത്. പുരുഷ കേന്ദ്രീകൃതമായ ഈ വ്യവസ്ഥയെ അധികമാരും ചോദ്യം ചെയ്തിട്ടില്ല. നിലനിൽപ്പിന്റെ ഭാഗമായി പലപ്പോഴും സ്ത്രീകൾ പോലും ഇതിനെ പ്രോത്സാഹിപ്പിക്കുകയാണ് ചെയ്യുന്നത്. വിയോജിപ്പിന്റെ ശബ്ദങ്ങൾ ഉയർന്നാൽ അവരെ രംഗത്തുനിന്നും പുറത്താക്കുന്ന രീതിയാണ് കണ്ടുവരുന്നത്. അതുകൊണ്ട് തന്നെ ഒരു മികച്ച സ്ത്രീ സൗഹാർദ്ദ തൊഴിൽ ഇടമായി സിനിമയെ നമുക്ക് പരിഗണിക്കുവാൻ കഴിയില്ല.നമ്മുടെ നാട്ടിലെ പാരന്റിങ് സിസ്റ്റം പാട്ടെഴുത്തിനെ ഒരു തൊഴിൽ ഇടമായി വളർത്തുവാൻ പര്യാപ്തമല്ല. മിക്കവാറും കുട്ടികളും രക്ഷകർത്താക്കളുടെ ഇഷ്ടത്തിനനുസരിച്ചുള്ള ജോലികൾ തിരഞ്ഞെടുക്കുന്നു . എഴുത്ത്, പാട്ട് പോലെ പാഷൻ ഉള്ള ഒന്നും ചെയ്യുവാൻ അവർ സമ്മതിക്കുന്നില്ല. ഈ മേഖലയിൽ നിന്നും വിജയിച്ചു കയറി വന്ന. സ്ത്രീകൾ ഇല്ലാത്തതിനാലും, പൊതുവിൽ സിനിമയിൽ പോയാൽ പിഴച്ചു പോകും എന്ന ധാരണ ഉള്ളതിനാലും ഇവിടെയ്ക്ക് നല്ലൊരു ശതമാനം സ്ത്രീകളും എത്താറില്ല. സിനിമയിൽ അവസരം കിട്ടുവാൻ വിട്ടുവീഴ്ചകൾ ചെയ്യേണ്ടി വരും എന്നുള്ള വാദം പ്രബലമായി ഇവിടെ ഉള്ളതിനാൽ കൂടിയാണ് ഇങ്ങനെ സംഭവിക്കുന്നത്.

ഞാൻ പാട്ടെഴുതിയ സിനിമയിലെ സംവിധായകർ മാറ്റങ്ങൾ സിനിമയ്ക്ക് വേണ്ടി ചെയ്യുവാൻ ആഗ്രഹിക്കുന്നവരാണ്. സ്ത്രീ പക്ഷസിനിമകൾ ആണ് അവർ മുന്നോട്ടു വയ്ക്കുന്നതും. സിനിമയുടെ എല്ലായിടങ്ങളിലും സ്ത്രീകളുടെ കയ്യൊപ്പ് വേണമെന്ന് ആഗ്രഹിക്കുന്നവരും, എത്തിപ്പെടാൻ കഴിയാത്ത സ്ഥലങ്ങളിൽ നഷ്ടം സഹിച്ചിട്ടെങ്കിലും ആളുകളെ എത്തിക്കണമെന്നും കരുതുന്നുവർ ആയിരുന്നു അവർ.പാർശ്വവത്കൃതരെന്നു മുദ്ര കുത്തപ്പെട്ട സമൂഹങ്ങളിൽ നിന്നുള്ളവരെ ഉൾപ്പെടുത്തി ചിത്രങ്ങൾ എടുത്തുകൊണ്ടാണ് ജിയോ ബേബിയെപ്പോലൊരാൾ സിനിമയിൽ കൂടി തന്റെ രാഷ്ട്രീയം മുന്നോട്ടു വച്ചത്.



ആഷ ആച്ചി ജോസഫ് ക്വീർ സമൂഹങ്ങളെ ഉൾപ്പെടുത്തി തന്റെ വർക്കുകൾ ചെയ്യുന്നു.

ജിയോയുടെ സിനിമയിൽ ഞാൻ പാട്ട് എഴുതുമ്പോൾ സമ്പൂർണ ലോക് ഡൗൺ ആയിരുന്നു. അതുകൊണ്ട് വാട്സ്ആപ്പ് വഴിയാണ് സംവിധായകൻ, സംഗീത സംവിധായകൻ, ഇവരൊക്കെയുമായി ചർച്ചകൾ നടത്തിയത്. എഴുതുന്ന വരികൾ വാട്സ്ആപ്പ് വഴി അയയ്ക്കും.അതിനു ട്യൂൺ ഇടും.പിന്നീട് വേണ്ട തിരുത്തലുകൾ വഴി എല്ലാം ഭംഗിയാക്കും.അങ്ങനെ ചെയ്ത എന്റെ പാട്ട് ആ വർഷത്തെ ഹിറ്റ് ഗാനങ്ങളിൽ ഒന്നായിരുന്നു.സാങ്കേതികത ഇത്രയും വികസിച്ച കാലത്ത് സ്ത്രീ /ക്വീർ സമൂഹങ്ങൾ ഉയർന്നു വരുവാൻ പുരുഷ.




കേന്ദ്രീകൃത സമൂഹങ്ങൾ മനസ് വച്ചാൽ സാധിക്കാവുന്നതാണ് . സിനിമയിൽ പങ്കെടുക്കുന്ന പുരുഷന്മാർക്ക് അത് ഒരു പുരുഷ കേന്ദ്രീകൃത ഇടമാണെന്ന് മനസിലാക്കുവാൻ കഴിഞ്ഞിട്ടില്ല.അതിനു ഏറ്റവും ഫലപ്രദം ആയ മാർഗ്ഗം പാട്രിയാർക്കിയുടെ ദോഷഫലങ്ങൾ കരിക്കുലങ്ങളിൽ എത്തിക്കുക എന്നുള്ളതാണ്.പാട്രിയാർക്കിയെ പ്രോത്സാഹിപ്പിക്കാത്ത സ്ത്രീകൾ സിനിമയുടെ എഴുത്ത്, സാങ്കേതിക മേഖലയിൽ എത്തുമ്പോഴാണ് കൂടുതൽ മാറ്റങ്ങൾ ഉണ്ടാവുക. അല്ലാത്ത സ്ത്രീകൾ അവിടെയെത്തിയാൽ അവർക്കു ഗുണമുണ്ടാകും എന്നല്ലാതെ മറ്റു മാറ്റങ്ങൾ ഉണ്ടാവില്ല.അത്തരം സ്ത്രീ ശബ്ദങ്ങൾ വളരെ ക്കുറച്ചു മാത്രം ഉണ്ടായിട്ട് കാര്യമില്ല. തുല്യനീതി സങ്കല്പത്തെ പ്പറ്റി ഉറച്ച ബോധ്യമുള്ള സ്ത്രീ പുരുഷ ക്വീർ സമൂഹങ്ങൾ കൂടുതലായി എത്തേണ്ടതുണ്ട്. പുരുഷന്മാർ വികസിപ്പിച്ചെടുക്കുന്ന സമാന ചിന്താഗതിക്കാരായ സൗഹൃദ സംഘങ്ങൾ സ്ത്രീകൾക്ക് കിട്ടാറില്ല. സ്ത്രീകൾ പാട്ടെഴുത്തു മേഖലയിൽ വന്നതുപോലെ ക്വീർ സമൂഹങ്ങൾ എത്തിയിട്ടില്ല എന്നുള്ളത് ഏറെ ശ്രദ്ധയോടെ പഠിക്കേണ്ട വിഷയമാണ്.അതുപോലെ തന്നെ ഒരു പാട്ട് രൂപപ്പെട്ടു കഴിഞ്ഞാൽ അതിനു പ്രോഗ്രാമിങ്,റെക്കോർഡിങ് സൗണ്ട് മിക്സിങ് പോലെയുള്ള കാര്യങ്ങൾ ചെയ്യേണ്ടതുണ്ട്. അത്തരം മേഖലയിൽ സ്ത്രീകൾ തീരെക്കുറവാണ്. അതുകൊണ്ട് കൂടുതൽ പണച്ചിലവുള്ള അത്തരം ഇടങ്ങളിൽ ചിലവുകുറഞ്ഞ ആളുകളെ പരസ്പരം സജസ്റ്റ് ചെയ്തൊക്കെയാണ് ഒരു ഗാനം രൂപപ്പെടുത്തുന്നത്. അത്തരം ഇടങ്ങളിൽ നിന്നൊക്കെ സ്ത്രീകൾ ഒഴിവാക്കപ്പെടാറുണ്ട്. ഫ്രീഡം ഫൈറ്റ്, കുയിലി എന്നീ പ്രോജക്റ്റുകളുടെ പാട്ടുകളിൽ ആദ്യന്തം ഞാൻ ഉണ്ടായിരുന്നു. വിദ്യാധരൻ മാഷ് പാടുവാൻ എത്തുന്നു മൃദുല കൂടി വരിക എന്ന് പറഞ്ഞു എന്റെ ചിലവുകൾ മുഴുവൻ എടുത്താണ് ജിയോ എന്നെ പാട്ടിനു ശേഷവും പങ്കാളി ആക്കിയത്. ഇത്തരം ഇടങ്ങളിൽ നിന്നും കൂടുതൽ അറിവ് ലഭിക്കുവാനും, കൂടുതൽ സുഹൃത്തുക്കളെ ലഭിക്കുവാനും, അതിലുമുപരി എന്നിലെ സംസ്കാരിക ഊർജ്ജത്തെ ബലപ്പെടുത്തുവാനും അത് സഹായിച്ചു.മലയാള സിനിമയിൽ അത്തരം പ്രവണതകൾ വേറെ ആർക്കൊക്കെ ഉണ്ട് എന്നെനിക്കറിയില്ല.കുയിലി എന്നുള്ളത് എന്റെ ആശയത്തിൽ നിന്ന പരിപാടി എന്ന നിലയിലും സുഹൃത്തിന്റെ സ്റ്റുഡിയോ എന്ന നിലയിലും സംഗീത സംവിധായകൻ ശ്രേയസ് സജി, ചേച്ചിയുടെ മകൻ എന്ന നിലയിലും പാട്ടിന്റെ മേക്കിംഗിൽ കൂടുതലായി ഇടപെടുവാൻ കഴിഞ്ഞു. അത്തരത്തിൽ റിസ്ക് എടുത്ത് പങ്കാളിത്തം വഹിച്ചത് കൊണ്ടാണ് അവിടെ ഇടപെടുവാൻ എനിക്ക് സാധിച്ചത്.ജിയോ ബേബി സംഗീത സംവിധാനം നിർവഹിച്ച കർഷക ഗാനവും ഞാൻ വാട്സ്ആപ്പ് വഴി ചെയ്തു കൊടുത്തതാണ്. സംഗീത സംവിധായകർ മാത്യൂസ് പുളിക്കൻ, എബിൻ പള്ളിച്ചൻ,ജിയോ ബേബി ശ്രേയസ് സജി എന്നിവരാണ് ഞാൻ പാട്ടെഴുത്തുമായി ബന്ധപ്പെട്ട് വർക്ക് ചെയ്ത പുരുഷന്മാർ. ശ്രേയസ് സജി ഒഴികെ ബാക്കിയുള്ളവരുമായി വാട്സ്ആപ്പ് വഴി

യാണ് പാട്ടിന്റെ വരികൾ, തിരുത്തലുകൾ ഒക്കെ നടത്തിയത്.ഇത്തരത്തിൽ വർക് ചെയ്തു നിരവധി സ്ത്രീകളെയും, ക്വിയർ സമൂഹങ്ങളെയും ഈ മേഖലയിൽ ഉൾപ്പെടുത്താവുന്നതാണ്. പൊതു സമൂഹങ്ങളിലെ കൂട്ടായ്മകൾ സ്ത്രീ /ക്വീർ സൗഹാർദ്ദ ഇടങ്ങൾ ആക്കുക എന്നുള്ളത് അടിയന്തിരമായി ചെയ്യേണ്ട കാര്യമാണ്.

സംവിധാന രംഗത്തേയ്ക്ക് റാഡിക്കൽ ചിന്തയുള്ള സ്ത്രീകൾ കടന്നുവരുമ്പോൾ കൂടുതൽ പുതിയ കണ്ടെത്തലുകൾ അവർക്കു നൽകുവാൻ കഴിയും. അത്തരമൊരാൾ ആയിരുന്നു ആഷ ആച്ചി ജോസഫ്. പ്രഗ്യ പല്ലവി എന്ന ക്വിയർ വ്യക്തിയെയാണ് അവർ സംഗീത സംവിധായിക ആയി തിരഞ്ഞെടുത്തത്.ഏറ്റവും പുതുമ നിറഞ്ഞ ഒരു അനുഭവം ആയിരുന്നു എനിക്കത്. സംവിധായിക ആഷ ആച്ചിയും, സിനിമയുടെ ഡയറക്ടർ അസിസ്റ്റന്റും, സ്ക്രിപ്റ്റ് അസിസ്റ്റന്റും ആയ ഗംഗയും സംഗീത സംവിധായിക പ്രഗ്യാ പല്ലവിയും ഞാനും രണ്ട് ദിവസം ഒന്നിച്ചിരുന്നാണ് പാട്ടുകൾ എഴുതിയതും, കമ്പോസ് ചെയ്തതും. അങ്ങേയറ്റം സന്തോഷം തന്ന, ഒരുപാടു കാര്യങ്ങൾ അങ്ങോട്ടുമിങ്ങോട്ടും പങ്കു വച്ച ഏറ്റവും രസകരമായ സോങ് മേക്കിങ് ആയിരുന്നു അത്. അത്തരത്തിൽ ഉള്ള സ്ത്രീ സമൂഹങ്ങൾ വരുമ്പോൾ മാത്രമാണ് കൂടുതൽ സ്ത്രീകൾ അടയാളപ്പെടുകയുള്ളു.മലയാള സിനിമാ പാട്ടെഴുത്തു ലോകത്തിൽ സ്ത്രീകൾ വളരെ കുറവാണ്. അപ്പോൾ പിന്നെ ദലിത് സ്ത്രീകളുടെ കാര്യം പറയേണ്ടതില്ലല്ലോ. എഴുത്ത് എന്ന ജ്ഞാന അധികാരത്തിലേക്ക് ഒരു ദലിത് പ്രാതിനിധ്യം ആയാണ് ഞാൻ എന്നെത്തന്നെ എണ്ണുന്നത്.ഇപ്പോൾ ശ്രീധന്യ കേറ്ററിംഗ് സർവീസ് എന്ന ജിയോ ബേബി ചിത്രത്തിലൂടെ അലീന ആകാശമിട്ടായി രംഗത്ത് വന്നിട്ടുണ്ട്. ഇരു


> **“ ഫോക് ലോർ ഗായിക നഞ്ചിയമ്മ ദേശീയ അവാർഡ് വാങ്ങിയത് പൊതുവിൽ മാർജിനലൈസ്ഡ് സമൂഹങ്ങളുടെ വരവിനെ കൂടുതൽ ഉഷാറാക്കിയിട്ടുണ്ട്. വരുന്നു എന്നുള്ളതിൽ നിന്നും വ്യത്യസ്തമായി അവിടെ അവരെ നിലനിർത്തുവാനുള്ള മറ്റു പോഷകങ്ങൾ മലയാള സിനിമയിൽ അധികം ഇല്ല. ബന്ധങ്ങൾ ആണ് അവസരങ്ങൾക്കുള്ള ഏറ്റവും മികച്ച മാർഗ്ഗം. സിനിമയിൽ തന്നെ ദലിതർ കുറവാണ്. അവർ മേക്കിംഗിൽ ഉണ്ടാവുന്നില്ല. ഒരു ജനതയുടെ പ്രാതിനിധ്യം ഉറപ്പാക്കേണ്ട ഉത്തരവാദിത്തം കൂടിയുള്ളതാണ് സിനിമ. വളരെ വിശാലമായ ഒരു പ്ലാറ്റ് ഫോം ആണത് . അതിന്റെ സവർണ കേന്ദ്രീകൃത ചട്ടക്കൂട് അഴിച്ചു കളയാൻ സാധിക്കുന്നത് ദലിത് ആദിവാസി പ്രാതിനിധ്യങ്ങൾ അവിടെ എത്തുമ്പോഴാണ്. പുതിയ രചനകളിലേയ്ക്ക് കൂടുതൽ ആളുകൾ എത്തുവാൻ, ഇടങ്ങൾ ബഹുസ്വരമാകുവാൻ പുതിയ പാട്ടുകൾ എഴുതപ്പെടേണ്ടതുണ്ട്. നമ്മൾ ഏറ്റു പാടേണ്ടതുണ്ട്.**


ള ഭാഷയിൽ എഴുതിയ ബിന്ദുഗോത്ര സമൂഹത്തിൽ നിന്നുള്ള പ്രതിനിധാനം ആയി കടന്നു വന്നു.ദലിത് സ്ത്രീകൾ ഈ മേഖലയിലേയ്ക്ക് വരുന്നത് ഇപ്പോൾ മാത്രമാണ് എന്നുള്ളതാണ് വാസ്തവം . ഫോക് ലോർ ഗായിക നഞ്ചിയമ്മ ദേശീയ അവാർഡ് വാങ്ങിയത് പൊതുവിൽ മാർജിനലൈസ്ഡ് സമൂഹങ്ങളുടെ വരവിനെ കൂടുതൽ ഉഷാറാക്കിയിട്ടുണ്ട്. വരുന്നു എന്നുള്ളതിൽ നിന്നും വ്യത്യസ്തമായി അവിടെ അവരെ നിലനിർത്തുവാനുള്ള മറ്റു പോഷകങ്ങൾ മലയാള സിനിമയിൽ അധികം ഇല്ല. ബന്ധങ്ങൾ ആണ് അവസരങ്ങൾക്കുള്ള ഏറ്റവും മികച്ച മാർഗ്ഗം. സിനിമയിൽ തന്നെ ദലിതർ കുറവാണ്. അവർ മേക്കിംഗിൽ ഉണ്ടാവുന്നില്ല. ഒരു ജനതയുടെ പ്രാതിനിധ്യം ഉറപ്പാക്കേണ്ട ഉത്തരവാദിത്തം കൂടിയുള്ളതാണ് സിനിമ. വളരെ വിശാലമായ ഒരു പ്ലാറ്റ് ഫോം ആണത് . അതിന്റെ സവർണ കേന്ദ്രീകൃത ചട്ടക്കൂട് അഴിച്ചു കളയാൻ സാധിക്കുന്നത് ദലിത് ആദിവാസി പ്രാതിനിധ്യങ്ങൾ അവിടെ എത്തുമ്പോഴാണ്.പുതിയ രചനകളിലേയ്ക്ക് കൂടുതൽ ആളുകൾ എത്തുവാൻ, ഇടങ്ങൾ ബഹുസ്വരമാകുവാൻ പുതിയ പാട്ടുകൾ എഴുതപ്പെടേണ്ടതുണ്ട്. നമ്മൾ ഏറ്റു പാടേണ്ടതുണ്ട്.

ചർച്ചാവിഷയം



**അനു വി.എസ്.**
റിസർച്ച് സ്കോളർ, വിമല കോളജ്,
തൃശൂർ



# കലാസംവിധാനത്തിലെ പെൺകരുത്ത്

സമൂഹത്തിലെ പ്രത്യയശാസ്ത്രപരമായ താൽപര്യങ്ങളുടെയെല്ലാം അടിസ്ഥാനമായി സിനിമ എന്ന മാധ്യമം നിലനിൽക്കാൻ തുടങ്ങിയിട്ട് അരനൂറ്റാണ്ടിലേറെയായി.മാറുന്ന കാലത്തിന്റെ മാറുന്ന മുഖങ്ങൾ ആയിരുന്നു സിനിമ എന്നും അനാവരണം ചെയ്യുന്നത്. ലോകത്തിലെ ഏറ്റവും കൂടുതൽ സിനിമകൾ പ്രതിവർഷം ഇറങ്ങുന്നത് ഇന്ത്യയിലാണ്. പക്ഷേ ഇത്രയധികം സിനിമകൾ ഇറങ്ങുന്ന ഇന്ത്യൻ സിനിമയിൽ അഭിനേതാക്കൾക്ക് പുറമേ തിരശ്ശീലക്ക് പിന്നിൽ നിൽക്കുന്ന സ്ത്രീകളുടെ തൊഴിലിടങ്ങളെ കുറിച്ച് നാം ആലോചിക്കുമ്പോൾ വളരെ ചുരുക്കം മുഖങ്ങളെ മനസ്സിലേക്ക് കടന്നു വരാറുള്ളൂ. നായകന്റെ കീഴിൽ നിൽക്കുന്ന നായിക കഥാപാത്രങ്ങളും സംവിധായകന്റെ കീഴിൽ നിൽക്കുന്ന തൊഴിലാളി വർഗ്ഗത്തെയും പ്രതിനിധാനം ചെയ്യുന്ന സിനിമകളിൽ നിന്ന് കുറച്ചു മുന്നോട്ടു വന്നിട്ടുണ്ട് ഇന്ത്യൻ സിനിമയും അതിൽ ഉൾക്കൊള്ളുന്ന മലയാള ചലച്ചിത്ര മേഖലയും.

മലയാള സിനിമയിലേക്ക് കടക്കുമ്പോൾ സ്ത്രീകൾ തങ്ങളുടെ അവകാശങ്ങൾക്കായി ശക്തമായ ഒരു പോരാട്ടം നടത്തുന്ന കാഴ്ച നമുക്ക് ദൃശ്യമാണ്. അഭിനയരംഗത്ത് മാത്രമല്ല പുരുഷന്റെ കുത്തകയായിരുന്ന മലയാള സിനിമയിലെ സംവിധാനം,നിർമ്മാണം, കലാസംവിധാനം, പ്രൊഡക്ഷൻ ഡിസൈനർ തുടങ്ങി മറ്റു മേഖലകളിലേക്ക് തങ്ങളുടെ കഴിവുകളെ വ്യാപിപ്പിക്കാൻ സ്ത്രീകൾക്ക് കഴിഞ്ഞിട്ടുണ്ട്.സാങ്കേതിക മേഖലകളിലെ സ്ത്രീസാന്നിധ്യം മലയാള സിനിമയിൽ ശുഷ്കമാണെങ്കിൽ കൂടി പോലും അവരുടെ കഴിവുകൾ പ്രദർശിപ്പിക്കാനുള്ള ഒരു വേദിയായി ചലച്ചിത്ര മേഖല ഇന്ന് മാറിക്കഴിഞ്ഞു.ശർമിഷ്ഠ റോയ് (കലാസംവിധാനം), അഞ്ജലി ശുക്ല( ഛായാഗ്രഹണം),ഭാനു ആദിത്യ (വസ്ത്രാലങ്കാരം) തുടങ്ങിയ ക്യാമറക്ക് പിന്നിലുള്ള പ്രശസ്തരായ സ്ത്രീസാന്നിധ്യത്തിലേക്ക് കടന്നുവന്ന മലയാള സിനിമയിലെ പെൺകരുത്താണ് ദുന്ദു രഞ്ജീവ്.

കണ്ണൂർ സ്വദേശിനിയായ ദുന്ദു ചിത്രകാരനായ അച്ഛന്റെ കയ്യിൽ ചേർത്ത പെൻസിൽ കൊണ്ടാണ് മലയാള സിനിമയുടെ വർണ്ണ ലോകത്തേക്ക് പ്രവേശിക്കുന്നത്. സെന്റ് ജോസഫ് കോളേജ് ബാംഗ്ലൂരിൽ വിഷ്വൽ കമ്മ്യൂണിക്കേഷനിൽ അവസാന വർഷ ബിരുദ കോഴ്സ് ചെയ്യുമ്പോഴാണ് ആദ്യമായി കലാസംവിധാന രംഗത്തേക്ക് ദുന്ദു കടന്നുവരുന്നത്.'ദി അദർ ലവ് സ്റ്റോറി' എന്ന വെബ് സീരീസ് ആണ് ആദ്യ സ്വതന്ത്ര സംരംഭമെങ്കിലും ഇന്റേൺഷിപ്പ് സമയത്ത്' ജൂനുസ് മുഹമ്മദ് സംവിധാനം ചെയ്ത ഹൺഡ്രഡ് ഡേയ്സ് ഓഫ് ലവ്' എന്ന സിനിമയിൽ കലാസംവിധായകൻ അജയ് മാങ്ങാടിന്റെ സഹായി ആയിട്ടാണ് ദുന്ദു മലയാള സിനിമയിൽ തുടക്കമിടുന്നത്. തുടർന്ന് റോക്ക് സ്റ്റാർ,മെക്സിക്കൻ അപാരത എന്നീ സിനിമകളിലും കലാ സംവിധാന സഹായിയായി തുടർന്നുപോന്നു. മെക്സിക്കൻ അപാരതയിൽ കലാസംവിധായകൻ നിമേഷ് പാനൂരിന്റെ അസിസ്റ്റന്റ് ആയി വർക്ക് ചെയ്തത് സിനിമ മേഖലയിൽ ദുന്ദുവിന് തന്റേതായ ഒരു ഇടം കണ്ടെത്താൻ ശ്രമിക്കുന്നതിനുള്ള ആദ്യപടിയായിരുന്നു. ഉമാ കുമരപുരത്തിന്റെ 'എക്രോസ് ഓഷ്യൻ' എന്ന ദ്വിഭാഷ ചിത്രത്തിൽ സ്ത്രീ


ദുന്ദു രഞ്ജീവ് രാധ

കൾ മുഖ്യ കഥാപാത്രമായ ചിത്രത്തിന്റെ പശ്ചാത്തലം ഒരുക്കാൻ സ്ത്രീ തന്നെ വേണമെന്ന സംവിധായക താൽപര്യവും ദുന്ദുവിന്റെ കരിയറിൽ വഴിത്തിരിവായി മാറി.

അത്രക്ക് എളുപ്പമായിരുന്നില്ല സിനിമയിൽ ദുന്ദുവിന്റെ ആദ്യകാലങ്ങളിൽ ഉള്ള യാത്ര.സിനിമയുടെ തിരശ്ശീലക്ക് പിന്നിൽ കടന്നു വരുന്ന ഏതൊരു സ്ത്രീയും അനുഭവിച്ചതുപോലെതന്നെ കലാസംവിധാന രംഗത്തേക്ക് കടന്നു വന്നപ്പോൾ പ്രോത്സാഹനത്തെക്കാളും അവഗണനകൾ ഒരു സ്ത്രീയെന്ന നിലയിൽ ദുന്ദുവിന് നേരിടേണ്ടി വന്നിട്ടുണ്ട്. സിനിമയുടെ വ്യത്യസ്ത മേഖലകളിൽ സംഭവിക്കുന്ന പല പാക പിഴകൾക്കും തന്റെ കുറ്റം അല്ലാതിരുന്നിട്ട് പോലും മറ്റുള്ളവരുടെ കണ്ണിൽ തെറ്റിദ്ധരിക്കപ്പെട്ട പല സന്ദർഭങ്ങളും ദുന്ദു നേരിട്ടിട്ടുണ്ട്. തന്റെ മുന്നിലേക്ക് കടന്നുവന്ന ഇത്തരം സമീപനങ്ങളെ വാശിയോടെ എടുത്ത് കൂടുതൽ കാര്യങ്ങൾ ചെയ്യാനുള്ള ഒരു ഊർജ്ജമാക്കി അവയെ മാറ്റി. ഒരു സ്ത്രീ എന്ന നിലയിൽ സിനിമയുടെ ആഖ്യാനത്തിൽ ഇന്നും നിലനിൽക്കുന്ന പുരുഷ രാഷ്ട്രീയത്തെ തന്റെ കഴിവുകളാൽ ചോദ്യം ചെയ്ത ഒരു വ്യക്തിയാണ് ദുന്ദു. പുരുഷമേൽക്കോയ്മയിൽ നിലനിന്നിരുന്ന കലാസംവിധാനരംഗത്തിൽ ഒരു സ്ത്രീക്ക് തന്റെ കഴിവ് പ്രകടിപ്പിക്കാൻ സാധിക്കുകയില്ല എന്ന സമൂഹത്തിന്റെ കാഴ്ചപ്പാടിനെ പൊളിച്ചടുക്കുകയാണ് ഈ കലാകാരി ചെയ്തത്.

ഏതു തൊഴിലിടങ്ങളിലും സമത്വം വേണം എന്ന് ആഗ്രഹിക്കുന്നവരാണ് ഓരോ സ്ത്രീകളും. പക്ഷേ പല സന്ദർഭങ്ങളിലും ഈ സമത്വം നമുക്ക് ലഭിക്കുന്നില്ല എന്നുള്ളത് ഒരു വാസ്തവം തന്നെയാണ്. പ്രത്യേകിച്ച് വേതനത്തിന്റെ കാര്യത്തിൽ. പക്ഷേ സിനിമയിലെ കലാസംവിധാനരംഗത്ത് പുരുഷന്റെ മേൽക്കോയ്മ നിലനിൽക്കുന്ന ഈ കാലഘട്ടത്തിൽ

പോലും പ്രതിഫലത്തിന്റെ കാര്യത്തിൽ ഒരു അസമത്വവും ദുന്ദുവിന് നേരിടേണ്ടി വന്നട്ടില്ല. മറിച്ച് തങ്ങളുടെ കഴിവിനനുസരിച്ച് വർദ്ധിച്ചുവരുന്ന പ്രതിഫലവും, കലാസംവിധായികക്ക് കൂടുതൽ സ്വാതന്ത്ര്യം നൽകുന്ന മികച്ച സംവിധായകരുടെ കൂടെ സേവനമനുഷ്ഠിക്കാൻ സാധിച്ചതും ത




ന്റെ ഭാഗ്യമായിട്ടാണ് ദുന്ദു കരുതുന്നത്.

കലാസംവിധാന രംഗത്ത് മാത്രമല്ല പ്രൊഡക്ഷൻ ഡിസൈനർ,അഭിനയം എന്നിങ്ങനെ സിനിമകളുടെ വ്യത്യസ്ത മേഖലകളിലുള്ള പലതരം സാധ്യതകളെ സ്ത്രീ സമൂഹത്തിലേക്ക് എത്തിക്കുവാൻ ദുന്ദുവിന് സാധിച്ചിട്ടുണ്ട്. ഗൗതമന്റെ രഥം,ഓപ്പറേഷൻ ജാവ, പെൻഡുലം, കിംഗ് ഫിഷ്,ലില്ലി,പത്മ തുടങ്ങി ഒട്ടനവധി സിനിമകളിൽ കലാസംവിധായികയായും 'പവിയേട്ടന്റെ മധുര ചൂരൽ'എന്ന സിനിമയിലെ അസിസ്റ്റന്റ് ഡയറക്ടർ ആയും ലില്ലിയിലെ പ്രൊഡക്ഷൻ ഡിസൈനർ ആയും ഗൗതമിന്റെ രഥം, ഓപ്പറേഷൻ ജാവ എന്നിവയിൽ അഭിനേത്രിയായും സിനിമയുടെ വ്യത്യസ്ത മേഖലകളിൽ തിളങ്ങി നിൽക്കുകയാണ് ദുന്ദു രഞ്ജീവ്.സിനിമക്ക് പുറമേ ഭീമ, മലബാർ ഗോൾഡ്, ഡാബർ, ഗൂഗിൾ പേ തുടങ്ങിയ പരസ്യ ചിത്രങ്ങളും ദുന്ദുവിന്റെ കലാസംവിധാനത്തിലെ മികവിനെയാണ് ചൂണ്ടിക്കാട്ടുന്നത്. മണിച്ചിത്രത്താഴ് എന്ന സിനിമയിൽ ശ്രീ മോഹൻലാൽ പറഞ്ഞതുപോലെ ' മറ്റാരും സഞ്ചരിക്കാത്ത വഴിയിലൂടെ ഞാൻ സഞ്ചരിക്കും'-ഇത്തരം സഞ്ചാരത്തിലൂടെ തന്റെ സ്വപ്നങ്ങൾക്ക് നിറം നൽകുകയാണ് ദുന്ദു ചെയ്തത്. ഒപ്പം ഇരുട്ടിലേക്ക് ആഴ്ന്നിറങ്ങുന്ന മങ്ങലേറ്റ പല സ്ത്രീഹൃദയങ്ങൾക്കും തൊഴിൽ സാധ്യതകളുടെ ഒരു വർണ്ണനാലോകം സൃഷ്ടിച്ചെടുക്കുവാൻ ഈ കലാസംവിധായകക്ക് കഴിഞ്ഞിട്ടുണ്ട്. സ്വാതന്ത്ര്യത്തോടെ തന്റെ തൊഴിലിടങ്ങൾ തെരഞ്ഞെടുക്കുവാൻ ആഗ്രഹിക്കുന്ന സ്ത്രീ സമൂഹത്തിന് ഒരു പ്രതീക്ഷയുടെ കിരണമാണ് ദുന്ദു എന്ന കലാസംവിധായിക പകർന്നു നൽകിയത്.

### ദുന്ദു രഞ്ജീവ് രാധ

കണ്ണൂർ തളിപ്പറമ്പ് സ്വദേശിനി. ഡോ. രഞ്ജീവ് , ഡോ. രാധ എന്നിവരുടെ മകളായി ജനനം. പ്ലസ് ടു വിദ്യാഭ്യാസത്തിനു ശേഷം മംഗളൂരുവിൽ യോഗ & നാച്ചുറോപ്പതി കോഴ്സിനു ചേർന്നെങ്കിലും പൂർത്തിയാക്കിയില്ല പകരം തിരുവനന്തപുരം ടൂൺസ് അക്കാഡമിയിൽ നിന്നും ആനിമേഷൻ കോഴ്സ് പഠിച്ചു. ശേഷം സെന്റ് ജോസഫ് കോളേജ് ബംഗളൂരുവിൽ നിന്ന് വിഷ്വൽ കമ്യൂണിക്കേഷൻസിൽ ബിരുദം നേടി. ബംഗളൂരിൽ ബിരുദത്തിന്റെ അവസാനം തന്നെ മലയാള സിനിമയിൽ കലാസംവിധാന മേഖലയിൽ തുടക്കമിട്ടു. ജനൂസ് മുഹമ്മദ് സംവിധാനം ചെയ്ത 100 ഡേയ്സ് ഓഫ് ലവ് എന്ന സിനിമയുടെ കലാ സംവിധാന സഹായി ആയിട്ടാണ് ദുന്ദു മലയാള സിനിമയിൽ തുടക്കമിടുന്നത്. തുടർന്ന് റോക്ക് സ്റ്റാർ, മെക്സിക്കൻ അപാരത തുടങ്ങിയ സിനിമകളിലും കലാ സംവിധാനത്തിൽ സഹായി ആയി പ്രവർത്തിച്ചു. The other love story എന്ന ടിവി സീരീസിലാണ് ആദ്യമായി സ്വതന്ത്ര കലാസംവിധാനം നിർവ്വഹിക്കുന്നത്.

#### കലാസംവിധാനം

പത്മ(2022)
ഓപ്പറേഷൻ ജാവ (2021)
പെൻഡുലം (2021)
കിംഗ് ഫിഷ് (2020)
ഗൗതമന്റെ രഥം (2020)
ലില്ലി(2018)

#### അസിസ്റ്റന്റ് ആർട്ട് ഡയറക്ഷൻ

ഒരു മെക്സിക്കൻ അപാരത (2017)
100 ഡേയ്സ് ഓഫ് ലവ് (2015)
റോക്ക്സ്റ്റാർ (2015)

#### അസിസ്റ്റന്റ് ഡയറക്ടർ

പവിയേട്ടന്റെ മധുരച്ചൂരൽ (2018)
പ്രൊഡക്ഷൻ ഡിസൈനർ
ലില്ലി(2018)
അഭിനയിച്ച സിനിമകൾ
പത്മ (2022)
ഓപ്പറേഷൻ ജാവ (2021)
ഗൗതമന്റെ രഥം (2020)

#### അവാർഡുകൾ

ബെസ്റ്റ് ആർട്ട് ഡയറക്ടർ അവാർഡ്(2018

ചർച്ചാവിഷയം

# കഥ പറയുന്ന ഉടയാടകൾ



സമീറ സനീഷ്



**മേഘ ബെന്നി**
അദ്ധ്യാപിക
കോസ്റ്റ്യൂം & ഫാഷൻഡിസൈനിംഗ് വിഭാഗം,
സെന്റ് ജോസഫ്
കോളേജ്, ഇരിങ്ങാലക്കുട

കെട്ടും മട്ടും മാറി ലോകോത്തര സിനിമ വ്യവസായത്തോട് കിടപിടിക്കുന്നതരത്തിൽ ഉന്നതിയിൽ എത്തിനിൽക്കുന്ന മലയാള സിനിമയോട് എന്തുകൊണ്ടും യോജിച്ച ഒരു വ്യക്തിയാണ് ‘സമീറ സനീഷ്’. ‘ഇന്ദ്രൻസ്’ എന്ന നാമം മാത്രമാണ് ഒരു കാലത്ത് മലയാള സിനിമാലോകത്ത് ‘വസ്ത്രാലങ്കാരം’ എന്ന തലക്കെട്ടിന് താഴെ തിളങ്ങി നിന്നിരുന്നത്. എന്നാൽ കാലങ്ങൽ മാറുന്നതിനനുസരിച്ച്പേരുകൾക്ക് മാറ്റം വന്നെങ്കിലും ‘സമീറ സനീഷ്’ എന്ന നാമം അതിന്റെ എല്ലാ പാരമ്യത്തിലും ആ തലക്കെട്ടിനൊട് ചേർന്ന്നിൽക്കുന്നു. ഒരു ഫാഷൻ ഡിസൈനെർ എങ്ങനെ ആവണം എന്ന ചില ചിന്താഗതികൾ അലയടിക്കുന്ന സമൂഹത്തിൽ അവരുടെ സങ്കൽപ്പങ്ങളെ നിഷ്പ്രഭമാക്കുകയാണ് അവർ. തികച്ചും ലാളിത്യം നിറഞ്ഞ വസ്ത്രങ്ങൾ ധരിക്കുന്നതിലാണ് സമീറക്ക് താത്പര്യം. കുർത്തി ആണ് ഇഷ്ട വേഷം.

1983 ജൂൺ 27ന് എറണാകുളം ജില്ലയിലാണ് സമീറ സനീഷ് ജനിച്ചത്. ഇബ്രാഹിമും ജമീലയുമാതാപിതാക്കൾ. 2006നവംബർ 26ന് സനീഷ് കെജെ എന്ന സോഫ്റ്റ്‌വെയർ എഞ്ചിനീയറെ വിവാഹം കഴിച്ചു. കൊച്ചിൻ കലാഭവനിൽനിന്ന്സ്കൂൾ പഠനകാലങ്ങളിൽ ചിത്രരചന പരിശീലിച്ചു .ഭാരത് മാതാ കോളേജിൽ നിന്നും ഡിഗ്രി

പൂർത്തിയാക്കിയ ശേഷം ഫാഷൻ ഡിസൈനിൽ ഡിപ്ലോമ എടുത്തു.പിന്നീട് പരസ്യചിത്രങ്ങളിലൂടയാണ്സമീറതന്റെകരിയറിലെക്ക്കാലെടുത്ത് വയ്ക്കുന്നത് .2008ൽ ഇറങ്ങിയ ഹിന്ദി ചിത്രം 'ദി വൈറ്റ് എലിഫഴ്റ്റ് ' ആണ് ആ




ദ്യ സിനിമ.സമീറയുടെജീവിത്തിലെവഴിതിരിവായ് മാറിയ സിനിമ ഡാഡി കൂൾ ആണ്. സമീറയുടെ ഓരോ വസ്ത്രങ്ങളും ഓരോ കഥകൾ പറയുകയാണ് ചെയ്യുന്നത്. പയ്യനിലെ ജയസൂര്യയ്ക്ക് ട്രെൻഡിവസ്ത്രങ്ങൾ, അർജുനൻ സാക്ഷിയിലെ പൃഥിരാജ് സുകുമാരന്റെ വസ്ത്രങ്ങൾ ഒപ്പം സാൾട്ട് & പെപ്പർ എന്ന ചിത്രത്തിലെ മൈഥിലിക്കും ശ്വേത മേനോനും ഒഴുകുന്ന ഗൗണുകളും, കുർത്തികളും കോളേജ് ട്രെൻഡായി മാറി. അമ്മയുടെ നിർബ







ന്ധത്തിന് വഴങ്ങി സ്റ്റിച്ചിംഗ് പഠിക്കാൻ പോയി എന്നതാണ് മറ്റൊരു രസകരമായ വസ്തുത, എന്നാൽ താമസിയാതെ വസ്ത്രങ്ങളോടുള്ള ഇഷ്ടം സമീറ കണ്ടെത്തുകയായരുന്നു . ഇന്നുവരെ അവർ നിരവധി സിനിമകളിൽ പ്രവർത്തിച്ചിട്ടുണ്ട്. സമീറയുടെ കഠിനാധ്വാനവും അർപ്പണബോധവും സമീറയെനിരവധി നേട്ടങ്ങളിലേക്ക് നയിച്ചു.2 സംസ്ഥാന അവാർഡും ഒരു ലിംക ബുക്ക് ഓഫ് റെകോർ



ഡും ആണ് ഇന്ന് സമീറയുടെ പേരിൽ ഉള്ളത്.



ഒരു സിനിമയുടെ കഥാതന്തു പ്രേക്ഷകരുമായ്സംവതിക്കുന്നതിൽ വസ്ത്രങ്ങൾ ഒരു സുപ്രധാന പങ്ക് വ



ളിലൂടെ ഒരു സംവാദനം ആണ് സമീറ ചെയ്യുന്നത്. സമീറക്ക് സംസ്ഥാന അവാർഡ് നേടി കൊടുത്ത കമ്മാര സംഭവം എന്ന സിനിമ തികച്ചും വെല്ലുവിളി നിറഞ്ഞതായരുന്നു അതിലെ ഓരോ വസ്ത്രങ്ങളും ഓരോ കാലഘട്ടങ്ങൾ സൂചിപ്പിക്കുന്നു . നല്ല ക്ഷമയും പാഠനവും ഉണ്ടെങ്കിൽ മാത്രമെ അത് പ്രാവർത്തികം ആവുകയുള്ളൂ.

തന്റേതായരീതിയിൽ ആണ് സമീറ ഓരോ വസ്ത്രങ്ങളെ സമീപിക്കുന്നത്.സിനിമയുടെതിരകഥ മനസിലാക്കിയ ശേഷം പിന്നീട് സംവിതായകരോടും മറ്റും ചർച്ച ചെയ്ത് സിനിമയുടെ ആഴങ്ങളിലേക്ക് ഇറങ്ങി അതിനനുസരിച്ചാണ് വസ്ത്രങ്ങൾ നിർമിക്കപ്പെടുക. അതിനാൽ ഓരോ വസ്ത്രത്തിനും ഓരോ കഥകൾ പറയാൻ ഉണ്ടാകും.

ഏതൊരു കഥാപാത്രത്തിന്റെയും സ്വഭാവം അവരുടെ വസ്ത്രങ്ങളിലൂടെ ആണ് പ്രകടമാക്കുക. ഉദാഹരണത്തിന് ഇയ്യോബിന്റെ പുസ്തകം എന്ന സിനിമയിലെ ചെമ്പൻ വിനോദിന്റെ വേഷം . സി



നിമയിൽ അദ്ദേഹം ഒരു മാനസിക വെല്ലുവിളി നേരിടുന്ന കഥാപാത്രത്തെയാണ് അവതരിപ്പിച്ചത്, അതിനോട് തികച്ചും നീതി പുലർത്തുന്നരീതിയിൽ ആണ് സമീറ വസ്ത്രാലങ്കാരം ചെയ്തിരിക്കുന്നതും.

സമീറസനീഷിന്റെ നാൾവഴികൾ ഒരിക്കലും എളുപ്പമായരുന്നില്ല തീർച്ചയായും ഉയർച്ചയും താഴ്ചയും നിറഞ്ഞത് തന്നെയാണ്. സമീറയുടെ ആർപ്പണമനോഭാവവും , കഠിനാദ്ധ്വാനവും ആണ് അവരെ ഉന്നതങ്ങളിൽ എത്തിച്ചത്. വസ്ത്രങ്ങൾക്കും നാവുണ്ട് എന്ന് സമീറ നമ്മുക്ക് കാണിച്ച് തന്നു.

പെൺപക്ഷം



അജിത കെ.

# അതിജീവിതമാർക്കൊപ്പം നിൽക്കേണ്ടത് ചരിത്രപരമായ കടമ




കേരളത്തിലെ സ്ത്രീപ്രസ്ഥാനങ്ങളിൽ, പ്രത്യേകിച്ച് ഫെമിനിസ്റ്റ് പ്രസ്ഥാനത്തിൽ ഇപ്പോൾ അതിജീവിതമാരേയും അവരെ ലൈംഗികമായി അതിക്രമിച്ച 'മാന്യ' പുരുഷന്മാരേയും എങ്ങനെ കൈകാര്യം ചെയ്യണമെന്നത് ഒരു ഗൗരവമേറിയ ചർച്ചയ്ക്ക് വഴിവെച്ചിരിക്കുന്നു. അതെ. ഫെമിനിസ്റ്റ് പ്രസ്ഥാനം ആരോടൊപ്പമാണ് നില്ക്കേണ്ടത് എന്നത് ഒരു തർക്ക വിഷയമായിരിക്കുന്നു.

സൂര്യനെല്ലി, വിതുര, ഐസ്ക്രീം പാർലർ, കിളിരൂർ-കവിയൂർ കേസുകളുടെ കാര്യത്തിൽ ഇങ്ങനെയൊരു ചർച്ച കേരളം കേട്ടിട്ടില്ല. ആ കേസുകളിൽ പീഡിപ്പിക്കപ്പെട്ട പെൺകുട്ടികളോടൊപ്പമായിരുന്നു പ്രസ്ഥാനം. അവർക്കുവേണ്ടി ശബ്ദമുയർത്താനും മുന്നിൽ നിൽക്കാനും മൽസരമായിരുന്നു. അന്ന് എല്ലാവരേയും ഉൾക്കൊള്ളുന്ന ആ പ്രസ്ഥാനമുണ്ടായിരുന്നു – കേരള സ്ത്രീവേദി. എന്തെല്ലാം പോരായ്മകളുണ്ടായിരുന്നെങ്കിലും സ്ത്രീ വേദിയെപ്പോലുള്ള ഒരു പ്രസ്ഥാനത്തിന്റെ അഭാവം വളരെ തിക്തമായി അനുഭവിക്കുന്ന ഒരു കാലഘട്ടമാണിത്.

സിനിമാ മേഖലയിൽ അഞ്ച് വർഷങ്ങൾക്ക് മുമ്പ് സംഭവിച്ച ക്വട്ടേഷൻ ബലാൽസംഗത്തിന്റെ പ്രശ്നത്തിൽ പ്രമുഖ നടൻ ദിലീപിന്നെതിരായി ഫെമിനിസ്റ്റ് പ്രസ്ഥാനം-അക്കാദമിസ്റ്റുകളും ആക്ടിവിസ്റ്റുകളും ഒന്നടങ്കം സന്ദേഹമൊന്നുമില്ലാതെ അതിജീവിതയോടൊപ്പം നിന്നു. ആ സംഭവത്തിനു ശേഷം ഈ മേഖലയിൽതന്നെ ഉയർന്നു വന്ന ശക്തമായ ഒരു സ്ത്രീ സംഘടനയാണ് 'വിമെൻ ഇൻ സിനിമാ കളക്ററീവ്'. ആ പ്രസ്ഥാനത്തോടൊപ്പംഅതേ മേഖലയിൽ തൊഴിൽ ചെയ്യുന്ന നടിമാരും മററു

ജൂനിയർ ആർട്ടിസ്റ്റുകളും തങ്ങൾക്കുണ്ടായ ലൈംഗിക പീഡനങ്ങളുടെ കഥകൾ തുറന്നുപറയാൻ തുടങ്ങി. സാമൂഹ്യ മാദ്ധ്യമങ്ങളിലും പൊലീസ് സ്റ്റേഷനുകളിലും ഇത്തരം സംഭവങ്ങളുടെ വേലിയേറ്റം തന്നെ യുണ്ടായി. പെൺകുട്ടി കൾ സമൂഹത്തിന്റെ പല മേഖലകളിൽ നിന്നും സ്വന്തം അനുഭവങ്ങൾ തുറന്ന് പറഞ്ഞു.കേരളത്തിലുണ്ടായ ഈ വെളിപ്പെടുത്തലുകൾ 'മീ ടൂ പ്രസ്ഥാനം' എന്നറിയപ്പെട്ടു.

ദേശീയ അന്താരാഷ്ട്ര തലങ്ങളിലുണ്ടായിരുന്ന ഇത്തരം വെളിപ്പെടുത്തലുകളിൽ വൻമരങ്ങൾ കടപുഴകി വീണു. സ്വാധീനമുള്ളവർ പ്രതികളാക്കപ്പെട്ട, അറസ്റ്റ് ചെയ്യപ്പെട്ട സംഭവങ്ങൾ ഏറെയുണ്ടായി. കോടതികൾ പലപ്പോഴും പ്രതികൾക്കനുകൂലമായ നിലപാടുകളെടുത്തു. ലിംഗനീതിക്കുവേണ്ടിയുള്ള പുതിയ പോരാട്ടങ്ങൾ പല തട്ടുകളിലായി നടന്നു കൊണ്ടിരിക്കുന്നു. ഇതിനെയെല്ലാം നിഷ്പ്രഭമാക്കുന്ന ഒരു സംഭവമാണ് അതുവരെ ഇരകളെന്ന് വിളിക്കപ്പെട്ട, പീഡിതരായ സ്ത്രീകൾക്കെല്ലാം ആത്മവിശ്വാസം പകർന്നു കൊണ്ട് നടി ഭാവന 'ഞാൻ ഇരയല്ല, അതിജീവിതയാണ്' എന്ന് ലോകത്തോട് പ്രഖ്യാപിച്ചുകൊണ്ട് ഐ.എഫ്.എഫ്.കെ യുടെ ഉദ്ഘാടന വേദിയിൽ പ്രത്യക്ഷപ്പെട്ടത്. ഒരു മിന്നൽപിണറിന്റെ ശക്തിയും ഊർജവുമാണ് പൊതുസമൂഹത്തിന് ഈ പ്രവൃത്തി യിൽനിന്ന് പകർന്നത്. അതിനുശേഷം 'അതിജീവിതക്കൊപ്പം' എന്ന മുദ്രാവാക്യവുമായി കേരളത്തിലങ്ങോളമിങ്ങോളം ചലനങ്ങളുണ്ടാക്കിക്കൊണ്ട് തൃശൂർ, മലപ്പുറം, കോഴിക്കോട്, എറണാകുളം തുടങ്ങിയ നഗരങ്ങളിൽ അനൗപചാരികമായ ജനകീയ പ്രതിഷേധ സംഗമങ്ങളുണ്ടായി.



മീ ടൂ പ്രസ്ഥാനത്തിന്റെ അലയൊലികൾ സാഹിത്യ-സാംസ്കാരിക മേഖലകളിൽ കേട്ടുതുടങ്ങി. സിവിക് ചന്ദ്രൻ, വി.ആർ.സുധീഷ് എന്നീ 'സാംസ്കാരിക നായകർ' ഇത്തരത്തിൽ തങ്ങളെആരാധനയോടെ സമീപിക്കുന്ന സ്ത്രീ കളേയും പെൺകുട്ടികളേയും എങ്ങനെ ലൈംഗികമായ അതിക്രമങ്ങൾക്ക് കീഴ്പെടുത്തുന്നു എന്ന സംഭവങ്ങൾ അനുഭവസ്ഥരായ അതിജീവിതമാർ തുറന്ന് പറയാനും നീതിക്കായി നിയമസംവിധാനത്തെ ആശ്രയിക്കാനും തുടങ്ങിയപ്പോൾ ഈ രംഗമാകെ മാറി. അതുവരെ ഒററക്കെട്ടായി അതിജീവിതമാർക്കൊപ്പം നിന്നിരുന്ന പല സാമൂഹ്യ- രാഷ്ട്രീയ-സാംസ്കാരിക പ്രവർത്തകരും ലൈംഗിക പീഡന കുററവാളികളെന്ന് ആരോപിക്കപ്പെട്ട അതികായരോടൊപ്പം നിന്നുകൊണ്ട് അതിജീവിതമാരെ ഒററപ്പെടുത്താനും അധിക്ഷേപിക്കാനും തുടങ്ങി. ഈ കൂട്ടത്തിൽ കേരളത്തിലെ ഫെമിനിസ്ററുകളിൽ കറകളഞ്ഞതെന്ന് കൊട്ടിഘോഷിക്കപ്പെട്ട പ്രമുഖ അക്കാദമിക്കുകളും പെടുന്നു. പല പുതിയ സിദ്ധാന്തങ്ങളും ഈ ക്രിമിനൽ പുള്ളികളെ പിന്തുണയ്ക്കാനായി രംഗത്തിറക്കുന്നു. അതുവരെ ഇക്കാര്യത്തിലുണ്ടായ ഒരുമ പൂർണമായും നഷ്ടപ്പെടുന്നു... ഇതുകണ്ട് കൈകൊട്ടി ച്ചിരിക്കാൻ വൻ ജനക്കൂട്ടം കാണികളായുമുണ്ട്.

ഒരു കാര്യം തിരിച്ചറിഞ്ഞു കഴിഞ്ഞു.. ഇതൊരു പുതിയ, ജീവന്മരണപ്പോരാട്ടമാണ്. തങ്ങളുടെ തിക്താനുഭവങ്ങൾ ഉറക്കെ വിളിച്ചു പറഞ്ഞു അനീതിക്കെതിരെ ശബ്ദിക്കാൻ ധൈര്യപ്പെട്ട ഈ സഹോദരിമാർക്ക് സ്വന്തം ഐഡൻറിറ്റി ഉയർത്തി പ്പിടിച്ചുകൊണ്ട് തലയുയർത്തിത്തന്നെ ജീവിക്കാൻ കഴിയുന്ന സാഹചര്യങ്ങൾ സൃഷ്ടിക്കുകയെന്നതാണ് ഇനി നമ്മുടെ കടമ. ആരാണ് ശരിയായ ഫെമിനിസ്റ്റ് എന്ന തർക്കത്തിന് പ്രസക്തിയില്ല. ആരാണ് ഈ പുതിയ മീ ടൂ പ്രസ്ഥാനത്തോടൊപ്പം നില്ക്കുന്നത്, അതിജീവിത മാരോടൊപ്പം നില്ക്കുന്നത്, അവരാണ് ശരി. കൂടുതലൊന്നും എനിക്ക് പറയാനില്ല...

ചർച്ചാവിഷയം


ആതിര ദിൽജിത്



**സിസ്റ്റർ നവ്യ റോസ് ഡിസി**
ഫ്രീലാൻസ് ജേർണലിസ്റ്റ്

# ആയിരം കോടി ക്ലബ് ചിത്രങ്ങൾക്കൊപ്പം ആതിര

**സി**നിമ തുടങ്ങിയ കാലം മുതൽ പുരുഷന്മാരുടെ പേര് മാത്രം തെളിഞ്ഞിരുന്ന സ്ഥാനത്തേക്ക് ബിഗ് സ്ക്രീനിൽ ഒരു പെൺ പേരു തെളിഞ്ഞു തുടങ്ങിയിട്ട് അഞ്ചു വർഷങ്ങൾ പിന്നിടുന്നു. ബിസിനസ് രംഗങ്ങളിലും മറ്റും സ്ത്രീകൾ ഭരണ സാരഥ്യം നിർവഹിക്കുന്ന ഇക്കാലത്തു 'എന്തുകൊണ്ട് സ്ത്രീക്ക് ഇത് ആയിക്കൂടാ' എന്ന ചോദ്യത്തിന് മുന്നിൽ ആതിര എന്ന പേരുദാഹരിക്കാം. സിനിമ മാർക്കറ്റിങ് മേഖലയിലെ ഈ പെൺവേർതിരിവിനു മാറ്റം വരുത്തിയത്, മോഹൻലാൽ നായകനായ 'മുന്തിരിവള്ളികൾ തളിർക്കുമ്പോൾ ' എന്ന ചിത്രം പ്രേക്ഷകരുടെ മനസ്സിൽ കുടികേറിയതു മുതലായിരുന്നു. തുടർന്ന് ഭീഷ്മ പർവ്വം, നാരദൻ എന്നീ സിനിമകൾ... ശേഷം പുഷ്പ, ആർ ആർ ആർ എന്നിങ്ങനെ ആ പേര് സ്ക്രീനിൽ നിറഞ്ഞു നിന്നു. മലയാള സിനിമക്ക് പുറമെ തമിഴ്, തെലുങ്ക് സിനിമാസ്ക്രീനുകളിൽ കൂടി ആതിരയുടെ പേര് സജീവമാകുമ്പോൾ , തൊഴിലിടത്തിൽ ഒരു മാതൃകയും പ്രചോദനവുമാകുകയാണ് ആതിര.ഇനിയും പുറത്തിറങ്ങാൻ പോകുന്ന സിനിമകൾക്കായി, ചിന്തകൾ കോർത്ത് പ്രേക്ഷകരിലേക്ക് തൊടുക്കാൻ മാർക്കറ്റിങ് അസ്ത്രങ്ങൾ നെയ്യുകയാണ് 'ദിയാസ് ഐഡിയ ഇങ്കുബേറ്റർസ് '.

അഞ്ചു വർഷം കൊണ്ട് ആയിരം കോടിയുടെ സിനിമ മാർക്കറ്റിംഗ് ചെയ്ത 'ദിയാസ് ഐഡിയ ഇങ്കുബേറ്റർസി'ന്റെ സാരഥി ആതിര ദിൽ




ജിത് എന്ന പെൺകൊടിയുടെ പേര് മലയാള സിനിമയുടെ മാത്രം വളർച്ചയല്ല. സ്ത്രീയുടെ തൊഴിലിട മുന്നേറ്റങ്ങളുടെ കൂടി അടയാളമാണ്.എന്തുകൊണ്ട് സ്ത്രീകൾക്ക് ആയിക്കൂടാ ? എന്ന ഒറ്റ ചോദ്യത്തിന് മുന്നിൽ പ്രതിസന്ധികളിൽ തളരാതെ ആത്മവിശ്വാസത്തോടെ മുന്നേറിയാൽ എന്തും നേടാം എന്ന ഉത്തരവുമായി ആതിര ദിൽജിത് വീണ്ടും മുന്നോട്ട്.

ശ്രീമുരുകൻഫിലിംസ് എന്ന സിനിമ വിതരണ കമ്പനിയിലായിരുന്നു അച്ഛൻ , പ്രതീപ് കുമാറിന്റെ ജോലി . സിനിമയുടെ റിലീസിംഗ് ദിവസത്തെക്കുറിച്ചും ജയപരാജത്തെക്കുറിച്ചുമൊക്കെ കേട്ടും അറിഞ്ഞുമാണ് ആതിര വളർന്നത്. മാധ്യമപ്രവർത്തന രംഗത്തോടായിരുന്നു കൂടുതൽ താല്പര്യം. സ്കൂൾ പഠന കാലത്തു തന്നെ ചാനലുകൾക്കു വേണ്ടി പരിപാടികൾ അവതരിപ്പിച്ചും ബിരുദ കാലത്തു ആർ ജെ ആയി ജോലി ചെയ്തും പഠന കാലത്തു തന്റെ ആഗ്രഹത്തെ പോഷിപ്പിച്ചു കൊണ്ടിരുന്നു.

പഠനശേഷം പല ചാനലുകളിലും പ്രോഗ്രാം പ്രൊഡ്യൂസർ ആയും അവതാരകയായും ജോലി ചെയ്തിരുന്നു. കുറച്ചു കാലത്തെ ജോലിക്കു ശേഷം ഹാപ്പി ന്യൂ ഇയർ എന്ന ഷോർട് ഫിലിം നിർമ്മിച്ചാണ് സിനിമ രംഗത്തേക്ക് പ്രവേശിക്കുന്നത്. കുട്ടികൾക്കെതിരെയുള്ള പീഡനങ്ങളെ കുറിച്ച് വിവരിച്ച ഈ ചെറു സിനിമക്ക് മോഹൻലാൽ തന്നെ ബൈറ്റ് നൽകിയത് ചർച്ചാവിഷയമായിരുന്നു.

*അമരത്തു ഒന്നിച്ചും ഇവർ*

കുടുംബജീവിതവും സിനിമയും ഒരുമിച്ചു കൊണ്ടുപോവുക ഒരു വെല്ലുവിളി തന്നെ. എന്നാൽ ഭർത്താവിന്റെ കൂടെ നിൽക്കുന്നതാണ് എല്ലാം സ്മൂത്ത് അകാൻ കാരണം .മകൻ സൂര്യ നാരായണൻ അഞ്ചാം ക്ലാസിൽ പഠിക്കുന്നു.ഒരുപാടു സ്ട്രെസ് ഉണ്ടാക്കുന്ന ജോലിയാണ് ഇതെന്നും എന്നാൽ ഇതൊന്നും തന്നെ ബാധിക്കുന്നില്ല എന്ന് ആതിര ദിൽജിത് പറയുമ്പോൾ അതിനെല്ലാം കാരണം തന്റെ ഭർത്താവാണെന്നും അഭിമാനത്തോടെ അവകാശപ്പെടുന്നു. ഇവർ ഇരുവരും ഒന്നിച്ചാണ് നിർമാതാവും സംവിധായകനുമായി ചർച്ചകൾ നടത്തുന്നതെന്നും ഒരു പ്രോജെക്ടിന്റെ വിളി വന്നാൽ മാർക്കറ്റിംഗ് എങ്ങനെ വേണമെന്നതു തീരുമാനിക്കാൻ ആദ്യം ഇരുവരും തങ്ങളുടെ അഭിപ്രായങ്ങൾ ചർച്ച ചെയ്യുന്നതാണ് തങ്ങളുടെ വിജയരഹസ്യമെന്നും ആതിര ദിൽജിത് പങ്കുവയ്ക്കുന്നു. ഈഗോ ഇല്ലാതെ പങ്കുവയ്ക്കപ്പെടുന്ന ആശയങ്ങളിൽ നല്ലതു തിരഞ്ഞെടുത്തു സിനിമ ടീംനെ അറിയിക്കുന്നതാണ് രീതി. പിന്നീട് ടീമുമായി സഹകരിച്ചു പ്ലാനുകൾ തയ്യാറാക്കും. ഇത് തീർച്ചയായും ഒരു ടീം വർക്ക് ആണ്.

*സിനിമയിടങ്ങളിൽ*

സ്ത്രീ എന്നതുകൊണ്ട് സിനിമാരംഗത്തു വേർതിരിവ് ഉണ്ടായിട്ടില്ല. അർഹിക്കുന്ന അംഗീകാരവും ബഹുമാനവും ലഭിച്ചിട്ടുമുണ്ട്. പലയിടങ്ങളിൽ നിന്നും സിനിമ സാധ്യത ഉണ്ടാവാം . എന്നാൽ അതിനെ കുറിച്ചും ടീമിനെ കുറിച്ചും അന്വേഷിച്ചറിയുക ആവശ്യമാണ്. പ്രഫഷണൽ സമീപനം ഉള്ള ടീമിനോടൊപ്പം ആയിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. അച്ഛന്റെ പ്രവർത്തന പരിചയവും ഭർത്താവിൻറെ പ്രോത്സാഹനവും തന്നെ സംബന്ധിച്ച് സിനിമാലോകത്തു ഭാഗ്യമാണെന്നും ആതിര ദിൽജിത് കൂട്ടിച്ചേർക്കുന്നു.

*ബിഗ് സ്ക്രീൻ യാത്രകൾ*

തുടക്കം മുന്തിരി വള്ളികൾ തളിർക്കുമ്പോൾ എന്ന ചിത്രത്തിൽ ഒരു പരസ്യവുമായി ബന്ധപ്പെട്ട ചർച്ചക്കായി നിർമാതാവ് സോഫിയ പോളിനെ കാണാൻ പോയതാണ് വഴിത്തിരിവ്. ആ സംസാരത്തിൽ പി ആർ പരസ്യ സാധ്യതകളെ കുറിച്ചും അവലോകനം ചെയ്തതാണ് തന്ന ബിഗ് സ്ക്രീനിൽ എത്തിച്ചത് എന്ന് ആതിര ദിൽജിത് പറയുന്നു. രണ്ടാമത്തെ ചിത്രത്തിന് വിളി വന്നത് ദ ഗ്രേറ്റ് ഫാദർ സിനിമ ടീമിൽ നിന്നായിരുന്നു .തുടർന്ന് സി ഐ ഐ എന്നീ സിനിമകളിലൂടെ ചുവടുറപ്പിച്ചു .

ആയിരം കോടി മുതൽ മുടക്കുള്ള മൂന്നു സിനിമകൾക്ക് പി ആർ വർക്ക് ചെയ്തു. പുഷ്പ, ആർ ആർ ആർ, റോക്കറ്ററി എന്നിവയാണ് ആ സിനിമകൾ. കൊറോണ കാലത്തായിരുന്നു രാജമൗലി സാറിന്റെ ആ വിളി എത്തിയത് എന്ന് ആതിര ഓർക്കുന്നു. ശേഷം ഒരുപാടു സിനിമകൾ ചെയ്തു.

തിയേറ്റർ തുറന്നപ്പോൾ ചെയ്ത ആദ്യചിത്രം കുറുപ്പ് ആയിരുന്നു .പിന്നീട് ഒരുത്തി, പത്രോസിന്റെ പടപ്പുകൾ, 21 ഗ്രാംസ് , ടിയാൻ , ക്ലിന്റ്, പറവ , പുരിയാത്ത പുതിർ, മാസ്റ്റർ പീസ് , ഈടെ , ആദി , കലി, കുട്ടൻ പിള്ളയുടെ ശിവരാത്രി , നീരാളി , മറഡോണ, വരത്തൻ, ഒടിയൻ, ലൂക്ക, ബിഗ് ബ്രദർ, ഷൈലോക്ക് , കുമ്പളങ്ങി നൈറ്റ്സ്, വൈറസ്, ഭീമന്റെ വഴി , മെമ്പർ രമേശൻ , ഹൃദയം, ഉപചാരപൂർവ്വം ഗുണ്ടാ ജയൻ ഇങ്ങനെ പോവുന്ന ആതിര ദിൽജിത്തിന്റെ പി ആർ വർക്കിൽതെളിഞ്ഞ മലയാള സിനിമകൾക്കു പുറമെ അന്യ ഭാഷ ചിത്രങ്ങൾക്കും ആതിര പ്രൊമോഷൻസ് ഒരുക്കി.

*സിനിമയുടെ പി ആറിൽ ഒരു ഗിന്നസ് തിളക്കം*

'ഇരുള' ഭാഷയിൽ വിജീഷ് മാണിയുടെ സംവിധാനത്തിൽ ഇറങ്ങിയ ' നേതാജി ' എന്ന സിനിമയിലൂടെയാണ് ഗിന്നസ് പാർടിസിപാഷൻ സെർട്ടിഫിക്കറ്റ് ആതിര ദിൽജിത്തിന് ലഭിക്കുന്നത്. ഗോകുലം ഗോപാലൻ ആദ്യമായി നായകനായ സിനിമ കൂടിയാണ് നേതാജി . ഗോവ ചലച്ചിത്രമേളയിലടക്കം ഇത് പ്രദർശിപ്പിക്കപ്പെട്ടു. വിജീഷ് മാണി, ജോണി കുരുവിള ഗോകുലം ഗോപാലൻ എന്നിവർ നേതാജി സിനിമക്ക് വേണ്ടി അട്ടപ്പാടിയിൽ സംഘടിപ്പിച്ച ഫോട്ടോ കാസ്റ്റിംഗ് സെഷനിൽ പി ആർ രംഗത്ത് നിന്ന് പങ്കെടുത്തതിനായിരുന്നു ഈ അംഗീകാരം ആതിര ദിൽജിത്തിന് ലഭിച്ചത്. 741 പേരായിരുന്നു ഇതിൽ പങ്കെടുത്തത്.

*ദിയാസ് ഐഡിയ ഇൻക്യൂബേറ്റർസ്*

മലയാളം സിനിമാരംഗത്ത് ചുരുങ്ങിയ കാലം കൊണ്ടു നൂറ്റിയെഴുപതോളം സിനിമകളുടെ പ്രൊമോഷൻ ജോലി ഏറ്റെടുത്തു നിർവഹിച്ച അപൂർവ ക്രെഡിറ്റുനേടുന്ന ഒരു പി ആർ കമ്പനി ആണ് ദിയാസ് ഐഡിയ ഇൻക്യൂബേറ്റർസ് .

ഇവരുടെ പ്രൊമോഷൻ വർക്കിൽ സ്ട്രാറ്റജി പ്ലാനിങ്ങും പ്രൊമോഷൻ കോഡിനേഷനും ഉൾപ്പെടുന്നു . കോഡിനേഷൻ ചുമതല ആതിര ഏറ്റെടുക്കുമ്പോൾ മാർക്കറ്റിങ് ആണ് ദിൽജിത് ഏറ്റെടുത്തു നടത്തുന്നത്.

*പണിപ്പുരയിൽ ഇന്ന്*

ഓരോ സംരംഭത്തിന്റെയും വിജയം എന്നത് തുടർച്ചയായി ജോലി ലഭിക്കുക എന്നതാണ്. ആതിരയുടെ പണിപ്പുരയിൽ ഇന്നും promotions തയ്യാറാവുന്നു എന്നതാണ് ദിയാസ് ഐഡിയ ഇങ്കുബേട്ടേഴ്സ് ന്റെ ജയം. സിബി മലയിൽ ന്റെ ആസിഫ് അലി ചിത്രമായ കൊത്ത്, ബേസിൽ ജോസഫ് ന്റെ പാൽതു ജാൻവർ, കുഞ്ചാക്കോ ബോബന്റെ ഒറ്റ്, അപർണ ബാലമുരളിയുടെ ഇനി ഉത്തരം ഷൈൻ ടോമിന്റെ വിചിത്രം എന്നീ സിനിമകൾ കളുടെ പ്രൊമോഷൻസ് തകൃതിയായി നടക്കുന്നു.

*വ്യത്യസ്തതകൾ മനോഹരമാക്കുമ്പോൾ*

ഓരോ സിനിമക്കും നൽകുന്ന പ്രൊമോഷൻസ് വ്യത്യസ്തമാണ് എന്നാണ് ആതിരയുടെ അഭിപ്രായം. മോഹൻലാൽ ചിത്രമായ പുലിമുരുകൻ ചിന്തകളിൽ നിൽകുമ്പോൾ ജന മനസ്സിൽ കുടുംബ ചിത്രമായ മുന്തിരിവള്ളികൾ തളിർക്കുമ്പോൾ എത്തിക്കേണ്ട കടമ വലുതായിരുന്നു. മുന്തിരി വള്ളി ടാഗ് ലൈൻ 'മൈ ലൈഫ് ഈസ് മൈ വൈഫ്' വച്ചു കൊണ്ട് തന്നെ പല കോണ്ടെസ്റ്റുകളും നടത്തി മുന്തിരി വള്ളി വച്ചു കോസ്റ്റ്യൂം ചെയ്തു പ്രൊമോഷൻസ് എങ്ങും എത്തിച്ചു.

എന്നാൽ 'അയ്യപ്പനും കോശി'ക്കും പ്രൊമോഷൻസ് നടത്തിയപ്പോൾ യുവജനങ്ങളെ ആകർ






ഷിക്കുന്ന രീതിയിൽ ആയിരുന്നു..

ഓരോ സിനിമയെയും സൂക്ഷ്മമായി വിചിന്തനം ചെയ്തു ആർക്കു വേണ്ടി എന്ന് തിരിച്ചറിഞ്ഞു അവരുടെ വഴിയേ കൊണ്ട് വരാൻ പരിശ്രമം ഈ ജോലിക്ക് ആവശ്യമാണ്




ഓരോ സിനിമയുടെ മാർക്കറ്റിംഗ് നും വത്യസ്തതകൾ ഇതിനാൽ തന്നെ ഉണ്ട്.. എല്ലാം മാധ്യമങ്ങളും ഇതിനായി വിനിയോഗിക്കുന്നുണ്ട് എന്നാൽ സാധ്യതകളെ മുൻ നിറുത്തി നിർമ്മാതാവിന്റെ അഭിപ്രായം കണക്കിലെടുക്കാറുമുണ്ട്.

*360 ഡിഗ്രി മാർക്കറ്റിംഗ്*

കാണുക, കേൾക്കുക, അനുഭവിക്കുക എന്ന രീതിയിൽ മീഡിയയെ മാറി മാറി ഉപയോഗിച്ച് പ്രൊമോഷൻസ് നടത്തുമ്പോഴും ആതിരയുടെ ആദ്യ അഭിപ്രായങ്ങൾ കുടുംബത്തിൽ നിന്നും സുഹൃത്തുക്കളിൽ നിന്നുമാണ്.

എല്ലാവരിലും വിവിധ രീതിയിൽ ഉള്ള ആശയങ്ങൾ ഉണ്ട്, എന്നാൽ താൻ പ്രായമന്യേ തന്റെ മേസെ കളെ ക്കുറിച്ച് ചർച്ച ചെയ്യുന്നതാണ് രീതി എന്ന് ആതിര പറയുന്നു. പ്രധാനമായും തന്റെ അമ്മ വിജയ ലക്ഷ്മിയും ഭർതൃമാതാവ് ശാന്തകുമാരിയും ഉൾപ്പെടുന്നു. കാരണം സാധാരണ ജനങ്ങളുടെ ചിന്തകളെ വിലയിരുത്താൻ നല്ല വഴി ഈ വീട്ടമ്മമാരാണ് എന്ന് ആതിര എടുത്തു പറയുന്നു.

പി.ആർ ആണ് എന്ന് തോന്നാത്ത വിധത്തിൽ സിനിമ പ്രൊമോഷൻസ് ജനങ്ങളിൽ എത്തിക്കാൻ ആണ് ശ്രമിക്കേണ്ടത്. അവരുടെ ചിന്തകളിൽ അവരറിയാതെ hook ഇടുക. അതുകൊണ്ടു തന്നെ കോംപ്ലിക്കേറ്റ് ആയ ഐഡിയകൾ ചിന്തിക്കാതിരിക്കണം.. എല്ലാം സാധാരണമായ അസാധാരണങ്ങൾ ആവണം.

*നിങ്ങൾ ഹൃദയം കൊണ്ടു വർക്ക് ചെയ്യൂ*

'പുഷ്പ' യുടെ വർക്ക് ചെയ്യുന്ന സമയത്തു അല്ലു അർജുൻ പറഞ്ഞു. "നിങ്ങൾ ഹൃദയം കൊണ്ടു വർക്ക് ചെയ്യൂ" എന്ന് . ഡിയാസ് ഐഡിയ ഇൻക്യൂബേറ്റർസ് ഒരു ജോലി സ്ഥാപനം എന്നതിനേക്കാൾ ജീവിതത്തിന്റെ ഭാഗമാണ് ആതിരക്കും ദിൽജിത്തിനും. ഫിലിം ഡിസ്ട്രിബ്യൂഷൻ മേഖലയിൽ ആണ് ആതിര ദിൽജിത് ഇനി കയ്യൊപ്പു പതിപ്പിക്കാൻ ആഗ്രഹിക്കുന്നത്. സിനിമയിൽ തിരക്കിന്റെ ലോകമാണ് പി ആർ എന്നത്. വളരെ കുറച്ചു വനിതകൾ മാത്രം പ്രവർത്തിക്കുന്ന സിനിമയുടെ പി ആർ മേഖലയിൽ കുറച്ചു കാലം കൊണ്ടു മികച്ച നേട്ടം കൈവരിച്ച ആതിര ദിൽജിത്തിന്റെ ഈ മുന്നേറ്റം സിനിമാ വളർച്ചയിലെ പി




ആറിൻറെ സ്ഥാനത്തെ മാത്രമല്ല ചൂണ്ടിക്കാണിക്കുന്നത് നിശ്ചയദാർഢ്യത്തോടെ 'ഹൃദയം കൊണ്ടു ജോലി ചെയ്താൽ എന്തും നേടാം എന്നത് കൂടിയാണ്.

(ആതിര ദിൽജിത്
'ദിയാസ് ഐഡിയ ഇൻസുബെറ്റർസ്'
പബ്ലിക് റിലേഷൻ ഏജൻസി
PR consultant
movie marketing and communication
Idea creation.
Projects more than 150movies

മുന്തിരി വള്ളികൾ തളിർക്കുമ്പോൾ, ഒടിയൻ, കുമ്പളങ്ങി നൈറ്റ്സ്, അയ്യപ്പനും കോശിയും, വൈറസ്, saras, ഹൃദയം, നേതാജി, പത്താം വളവ്, പുഷ്പ, RRR, പാൽതു ജാൻവർ, വിചിത്രം, ഇനി ഉത്തരം etc.

ഗിന്നസ് റെക്കോർഡ് - നേതാജി )

ചർച്ചാവിഷയം



ലൈല കല്ലാരം
ക്യാമറാ പെർസൺ
ഫ്രീലാൻസർ

# ക്യാമറയുടെ ടീച്ചറാവാം



കണ്ണഞ്ചിക്കുന്ന വിസ്മയക്കാഴ്ചകൾ തരുന്ന സിനിമ പ്രായ ഭേദമെന്യേ മനുഷ്യരെ കീഴടക്കുന്ന ഒന്നാണല്ലോ. സിനിമയും അതിനോടനുബന്ധിച്ച കലകളും ഇല്ലാത്ത ഒരു ലോകം നമുക്ക് സങ്കൽപ്പിക്കാൻ പോലുമാവില്ല. അതിന്റെ പിന്നണിയിലേക്ക് നോക്കിയാൽ ഇന്നും ചില വിഭാഗങ്ങളിൽ സ്ത്രീകൾ കടന്നുവരാൻ മടിക്കുന്ന അല്ലെങ്കിൽ അവരെ അകറ്റി നിർത്താൻ പ്രേരിപ്പിക്കുന്ന ഘടകങ്ങളുണ്ട്.

കേരളത്തിൽ സിനിമാ ഛായാഗ്രഹണ മേഖലയിലേക്ക് കടന്നുവരാൻ ഇന്നും

സ്ത്രീകൾ മടിക്കുകയാണ്. കൂടുതൽ കായികാധ്വാനവും അർപ്പണബോധവും വേണ്ട ജോലിയായത് കൊണ്ടായിരിക്കും എന്നൊക്കെ പറയാമെങ്കിലും, സിനിമയിൽ അസ്സോസിയേറ്റ് ക്യാമറാ പെർസണായും, ഷോർട്ട് ഫിലിം, സീരിയൽ, ഡോക്യുമെന്ററി എന്നിവയിലും, ചാനലുകളിലെ പ്രോഗ്രാം സെക്ഷനിലും, ന്യൂസിലും ജോലി ചെയ്തിട്ടുള്ള എക്സ്പീരിയൻസും വെച്ച് ഞാൻ മനസ്സിലാക്കിയിട്ടുള്ളത് എല്ലായിടത്തും ഏറ്റക്കുറച്ചിലുകളോടെ ആൺകോയ്മ മൂലമുണ്ടാകുന്ന പ്രതിസന്ധികൾ സ്ത്രീകൾക്കുണ്ടെന്നതാണ്. അത് ഏറ്റവും കൂടുതൽ നിലനിൽക്കുന്നത് സിനിമയിലാണ്. സിനിമ പണത്തിനോടടുത്തു നിൽക്കുന്ന മേഖലയാണ്. താരങ്ങൾക്കുള്ള പരിഗണനക്കപ്പുറം മറ്റു ജോലിക്കാരുടെ അടിസ്ഥാന സൗകര്യങ്ങളെ വെട്ടിക്കുറച്ച് ചിലവ് നിയന്ത്രിക്കുന്ന രീതിയാണവിടെ പ്രധാനമായും കാണാറുള്ളത്. സിനിമയിൽ അഭിനയമൊഴിച്ച് മറ്റു വിഭാഗങ്ങളിൽ സ്ത്രീകൾ വിരലിലെണ്ണാവുന്നവർ മാത്രമാണിപ്പോഴും. അതിൽ ഫൗസിയയും അഞ്ജലിയുമൊഴിച്ചാൽ (ഇവർ മലയാളത്തിൽ സിനികൾ ചെയ്തിട്ടുണ്ടെങ്കിലും മലയാളികളല്ലതാനും) മലയാള സിനിമയിൽ ക്യാമറയിൽ സ്ത്രീകൾ ഇല്ലാത്ത അവസ്ഥയാണ്...

കേരളത്തിൽ ഒരു സ്ത്രീ ക്യാമറ ചെയ്യാനിറങ്ങി പുറപ്പെട്ടാൽ ആദ്യം പറയുന്നത് 'ഓ അവൾക്ക് മതിലു കേറാനും, മരം കേറാനും, ക്രെയിനിൽ കേറാനും ഒന്നും കഴിയില്ല' എന്നായിരിക്കും. ഇതിനെല്ലാം തയ്യാറായാലും അസോസിയേറ്റായും, അസിസ്റ്റന്റായും പുരുഷനായിരിക്കും കൂടെയുണ്ടാവുക. ക്യാമറാവനിതയുടെ ആവശ്യ പ്രകാരം ഒരു ലൈറ്റെടുത്ത് പൊസിഷനിൽ വെക്കാനോ ക്യാമറാ സ്റ്റാന്റെടുത്ത് വെക്കാനോ ഒന്നും അവർ പൂർണ്ണ മനസ്സോടെ തയ്യാറായെന്നു വരില്ല. നിർബന്ധിതമായി ചെയ്യേണ്ടി വരുന്നത് കൊണ്ട് തികഞ്ഞ ആൺബോധത്തോടെ മനപൂർവ്വം അവർ തെറ്റുകൾ വരുത്തിക്കൊണ്ടേയിരിക്കും. മനം മടുത്തു നാം പിൻമാറേണ്ട ഗതികേടിലേക്കോ, അവരുടെ സഹകരണമില്ലാതെ പ്രതീക്ഷിച്ച പെർഫെക്ഷനിലേക്ക് വർക്ക് എത്താതെ പഴി കേൾക്കേണ്ടി വരുന്ന വലിയ മാനസിക സമ്മർദ്ദത്തിലേക്കോ നാം പതിച്ചു പോകും... ഡേറ്റും സമയവുമില്ലാത്ത അഭിനേതാക്കളെ; കിട്ടുന്ന സമയം കൊണ്ട് പരമാവധി സീനിൽ അഭിനയിപ്പിച്ചെടുക്കാൻ സംവിധായകൻ പാടുപെടുമ്പോൾ (ഇത്തരം ഒളിഞ്ഞിരിക്കുന്ന നിസ്സഹകരണങ്ങൾ കൊണ്ട്) ക്യാമറ ചെയ്യുന്ന ആളുടെ ഭാഗത്ത് നിന്നും താമസം വരുന്നത് പൊറുക്കാൻ കഴിയാത്ത തെറ്റായി മാറും... എങ്കിൽ ഇന്ത്യയിൽ സ്ത്രീകൾ ക്യാമറ ചെയ്യുന്നില്ലേയെന്നും, കേരളത്തിലേക്കാളും പാട്രിയാർക്കി ഇന്ത്യയിൽ മറ്റു സംസ്ഥാനങ്ങളിലില്ലേ എന്നും ചോദ്യം വരാം. ശരിയാണെന്ന് തോന്നാമെങ്കിലും അതിലെ വൈരുദ്ധ്യം, കേരളത്തിൽ ഇതുപോലെ ചില മേഖലകളിൽ ആൺകോയ്മ ശക്തമായി ഇന്നും നിലനിൽക്കുന്നുണ്ടെന്ന് തന്നെയാണ്...

മറ്റൊന്നു നമ്മുടെ താമസസൗകര്യമാണ്. താരങ്ങളും, സംവിധായകരുമൊഴിച്ച് ബാക്കി ക്രൂ എല്ലാം മൂന്നും നാലും പേർ ഒരു റൂം ഷെയർ ചെയ്യുകയാണ് പതിവ്. ക്യാമറാ സ്ത്രീക്ക് വേണ്ടി ഒറ്റക്കൊരു റൂം എത്ര വലിയ ബഡ്ജറ്റ് സിനിമയാണെങ്കിലും അവർക്ക് അതിന് വേണ്ടി ചിലവാക്കാൻ മനസ്സു വരില്ല. ചാനലുകളിൽ നമ്മുടെ സുരക്ഷിതത്വം കമ്പനിയുടെ കൂടി ഉത്തരവാദിത്വമാകുമ്പോൾ സിനിമയിലത് നമ്മുടെ സ്വന്തം ബാധ്യത മാത്രമാവുന്നു. അതുകൊണ്ട് തന്നെ ആരും ചോദിക്കാനും പറയാനുമില്ലാത്ത ഒരു അരക്ഷിതാവസ്ഥ എപ്പോഴും നമ്മെ പൊതിഞ്ഞു നിൽക്കും... ചിലപ്പോൾ ഒരുപാട് പുരുഷക്കൂട്ടങ്ങൾക്കിടയിലെ ഏക സ്ത്രീയായിരിക്കും നാം. ഇവൾക്ക് വേറെന്തെങ്കിലും പണിക്ക് പോയിക്കൂടെ ഇത് തന്നെ ചെയ്യണമെന്ന് എന്താ ഇത്ര വാശി എന്നായിരിക്കും മിക്കവാറും ആളുകളുടെ മനോഭാവം. ആദ്യ കാലങ്ങളിലൊക്കെ പല കോണുകളിൽ നിന്നും ഞാനിത് കേട്ടിട്ടുണ്ട്...



ടെക്നിക്കൽ കാര്യങ്ങളിൽ സ്ത്രീകൾക്ക് കഴിവ് കുറവായിരിക്കുമെന്ന ഒരു മിഥ്യാ പൊതുബോധവും നമുക്കിടയിലുണ്ട്. നിർഭാഗ്യമെന്ന് പറയട്ടെ ഈ മേഖലയിൽ ജോലി ചെയ്യുന്ന സ്ത്രീകൾക്കിടയിലാണ് അത് കൂടുതലായുള്ളത്. നമ്മുടെ സമൂഹത്തിൽ ടീച്ചർ ക്ലർക്ക് ജോലിക്കുള്ള ഒരു (അലിഖിത) മഹത്വം പോലെ സിനിമയിൽ അഭിനയത്തിനും, സംവിധാനത്തിനോ സംവിധാന സഹായത്തിനോ മാത്രമേ സ്വാഭാവികതയുള്ളതായി പ

ലരും കരുതുകയുള്ളൂ... കോസ്റ്റ്യൂം ഡിസൈനർ, ഡാൻസ്മാസ്റ്റർ എല്ലാം അതിന് താഴെയാണ്.(സ്ത്രീയാണെങ്കിലും ഇപ്പോഴും 'മാസ്റ്റർ' തന്നെയാണ്). ഛായാഗ്രഹണം പുരുഷന്മാരുടെ കുത്തകയും!

ഒരു സിനിമാട്ടോഗ്രാഫറാവുക എന്ന ആഗ്രഹത്തോടെ മുമ്പ് ഫീൽഡിലേക്ക് വന്നയാളാണ് ഞാൻ. അസിസ്റ്റന്റായി വർക്കു ചെയ്യുന്നതിനിടെ തന്നെ പുരുഷ കോട്ടയിൽ നിന്ന് യാതൊരു സഹകരണവുമുണ്ടാവുകയില്ലെന്നും, സ്വന്തം സുരക്ഷയ്ക്ക് യാതൊരു ഗ്യാരണ്ടിയുമില്ലെന്നും തിരിച്ചറിഞ്ഞ് വിഷമത്തോടെ TV മേഖലയിലേക്ക് മടങ്ങിയതാണ്... അതുപോലെ ആദ്യമൊക്കെ ചാനലുകളിലും അസിസ്റ്റൻസിനൊക്കെ ഒരു ക്യാമറാവു




മണെന്ന നിലയിൽ ഞാൻ പറയുന്നത് അനുസരിക്കാൻ വലിയ ബുദ്ധിമുട്ടായിരുന്നു! പ്രത്യേകിച്ചും സ്റ്റ്യൂഡിയോ വിട്ടുള്ള പൊതുസ്ഥലങ്ങളിൽ...

(ഒരു ഉയർന്ന IPS ഉദ്യോഗസ്ഥ എവിടെയോ പറഞ്ഞതായോർമ്മയുണ്ട്. സ്ത്രീയായതു കൊണ്ട് സാദാ കോൺസ്റ്റബിളിന് പോലും അവരെ സല്യൂട്ടടിക്കാൻ വിമുഖതയാണെന്ന്.) പാട്രിയർക്കി കൊടികുത്തി വാഴുന്നിടമാണ് സിനിമ. അത്രത്തോളമില്ലെങ്കിലും മറ്റുള്ള വിഷ്വൽ മീഡിയയും അതിൽ നിന്ന് വിഭിന്നമല്ല...

ഇപ്പോൾ ഏറ്റവും ഇളയ തലമുറയിൽ ചെറിയ മാറ്റങ്ങൾ കണ്ടു തുടങ്ങിയത് പ്രതീക്ഷയുണർത്തുന്നുണ്ട്.

ക്യാമറ കൊണ്ട് അമ്മാനമാടുന്നതാണ് ക്യാമറാ വർക്കെന്ന് വിഷ്വൽ മേഖലയിൽത്തന്നെയുള്ള പലരും തെറ്റിദ്ധരിച്ചു വച്ചിട്ടുണ്ട്. അതിന് അതിന്റേതായ അളവുകളും, കണക്കുകളും, രാഷ്ട്രീയവും, എതിക്സും എല്ലാം ഉണ്ട്.

ഓരോ ഫ്രെയിമിലും സ്ത്രീയുടേയും പുരുഷന്റേയും കാഴ്ചകളും ആങ്കിളുകളും വ്യത്യസ്ഥമായിരിക്കും. ഓരോ കാഴ്ചകൾക്കും പല പല അർത്ഥങ്ങൾ കൂടിയുണ്ടാകും... സിനിമ സംവിധായകന്റെ കലയാണെന്ന് പറയുമെങ്കിലും ആ പരിമിതികൾക്കുള്ളിൽ നിന്ന് ചെയ്യേണ്ടതാണെങ്കിലും, കാഴ്ചകളിൽ ഉൾക്കാഴ്ചയും മനഷ്യത്വപരമായ വീക്ഷണവും കൂടിയുണ്ടാവേണ്ടത് ക്യാമറാ പ്രവർത്തകർക്ക് ആവശ്യമാണ്. സങ്കൽപ്പങ്ങളും യാഥാർത്ഥ്യങ്ങളും രണ്ടാണ്. അവ ചിത്രീകരിക്കേണ്ട രീതിയും രണ്ടാണ്. സങ്കൽപ്പത്തിനെ യാഥാർത്ഥ്യത്തിലേക്ക് കൊണ്ടുവരും പോലെ യാഥാർത്ഥ്യത്തെ ചിത്രീകരിക്കാനാവില്ല. പലപ്പോഴും ജോലിയും സോഷ്യൽ കമ്മിറ്റ്മെന്റും തമ്മിൽ നേർക്കുനേർ ഏറ്റുമുട്ടൽ നടക്കും. ചിലപ്പോൾ അതിന്റെ ആഘാതങ്ങൾ ദിവസങ്ങളോളം അലട്ടിക്കൊണ്ടിരിക്കും... ആൺ കൂട്ടങ്ങൾക്ക് മുമ്പിൽ വന്നു നിൽക്കുന്ന സ്ത്രീയെ വ്യൂഫൈൻഡറിലൂടെ നോക്കിയിട്ട് വെർബൽ അബ്യൂസ് ചെയ്യുന്നതും മറ്റും പലപ്പോഴും എതിർക്കപ്പെടേണ്ടി വന്നിട്ടുണ്ട്. പലപ്പോഴും സ്ത്രീകൾ പറയാറുണ്ട് നിങ്ങൾ ക്യാമറക്ക് പിന്നിൽ നിൽക്കുന്നത് ഞങ്ങൾക്ക് വളരെയധികം ആശ്വാസം തരുന്നുണ്ടെന്ന്! അതിജീവിതമാരുടെ ഇന്റർവ്യൂ ഒക്കെ എടുക്കുമ്പോൾ എന്റെ ഭാഗത്തു നിന്ന് പരമാവധി അവർക്ക് മാനസിക പിരിമുറുക്കങ്ങൾ കൊടുക്കാതിരിക്കാൻ ശ്രമിക്കാറുണ്ട്...

ചാനലുകളിലെ വിനോദ, വിജ്ഞാന പരിപാടികളിൽ ദൃശ്യങ്ങൾ ദൃശ്യഭംഗിയുള്ളത് ആയിരിക്കേണ്ടത് കൊണ്ട് ക്യാമറാ പെർസൺസിന് പ്രൊഡ്യൂസറോളം (സംവിധായകർ) തന്നെ പ്രാധാന്യമുണ്ട്. പക്ഷെ ന്യൂസ് ചാനലുകളിൽ ക്യാമറാ പെർസൺസിനെ പൊതുവേ ഒരു രണ്ടാം കുടിക്കാരായിട്ടാണ് കാണുന്നത്. അതൊരു സ്ത്രീയാണെങ്കിൽ കുറച്ചു കൂടെ കാഠിന്യം കൂടും. ഒരേ ജോലിക്ക് ആണിനേക്കാൾ കുറഞ്ഞ വേദനവും, പ്രമോഷനുകളുമായിരിക്കും കിട്ടുക. റിപ്പോർട്ടിംങ്ങിനിടയിൽ ക്യാമറാ വനിതയുടെ പേരെടുത്ത് പറയാൻ വിമുഖത കാണിക്കുന്നവരുമുണ്ട്!.. യാഥാർത്ഥ്യം ഇങ്ങിനെയൊക്കെയായിട്ടും ഇതെല്ലാം മൂടിവച്ച് ഈ മേഖലയെ ഗ്ലാമറൈസ് മാത്രം ചെയ്യാൻ ശ്രമിക്കുന്നവരുണ്ടാവാം...

ആവേശം മൂത്ത് എന്റടുത്ത് ഉപദേശം ചോദിക്കാൻ വരുന്ന പെൺകുട്ടികളോട് ഞാൻ പറയാറുള്ളത്. ഇത്തരം യാഥാർത്ഥ്യങ്ങൾ മനസ്സിലാക്കി ഇപ്പോഴുള്ള രീതികളെ പൊളിച്ചെഴുതണമെങ്കിൽ നിങ്ങളേപ്പോലുള്ള പെൺകുട്ടികൾ എല്ലാം തരണം ചെയ്ത് ധാരാളമായി ഈ മേഖലയിലേക്ക് കടന്നുവരണമെന്നാണ്...

സിനിമയിൽ ഇന്റേണൽ കമ്മിറ്റിയൊക്കെ പ്രവൃത്തിച്ചു തുടങ്ങുമ്പോൾ എല്ലാറ്റിനും മാറ്റങ്ങൾ സംഭവിക്കുമെന്ന് തന്നെയാണ് പ്രതീക്ഷ...

മരം കേറാനും മതില് കേറാനും മാനത്ത് പോവാനും തയ്യാറായി പെണ്ണുങ്ങളുണ്ട്. മാറ്റം വരേണ്ടത് പ്രാചീനമായ സിസ്റ്റത്തിനാണ്... എല്ലാറ്റിലും മതം പറഞ്ഞ് പുറകോട്ട് നടന്നാൽ ഒന്നിനും ഒരു മാറ്റവും വരാൻ പോകുന്നില്ല...



**ശരണ്യ കെ.എസ്.**
ഒന്നാം വർഷ എം.എ.
വിമല കോളജ്, തൃശൂർ

# എന്റെ ഇടം/ ഇടപെടലുകൾ–

## ജോളി ചിറയത്ത്

കൗമാരപ്രായത്തിലുള്ള ഏതൊരു സാധാരണ പെൺകുട്ടിയെയും പോലെ എന്റെ ഇരുപതുകളിലും സിനിമയും നാടകവും എല്ലാം പഠിക്കണമെന്നും അഭിനയിക്കണമെന്നും ഉള്ള ആഗ്രഹമുണ്ടായിരുന്നു. എന്നാൽ ഈ ആഗ്രഹം അവതരിപ്പിക്കാനുള്ള സാഹചര്യം വീട്ടിലുണ്ടായിരുന്നില്ല. അതിനാൽ പഠനത്തിൽ ശ്രദ്ധിക്കുകയും ഡിഗ്രി പൂർത്തിയാക്കുകയും ചെയ്തു. പിന്നീട് വിവാഹം കഴിഞ്ഞ് വർഷങ്ങൾക്കുശേഷം ഗൾഫിലേക്ക് പോകുന്നു. അവിടെ നിന്നും തിരിച്ചെത്തിയതിനുശേഷമാണ് അഭിനയത്തിലേക്ക് കടക്കുന്നത്. ജീവിതത്തിന്റെ നിർണായക ഘട്ടത്തിലാണ് സിനിമയിൽ എത്തുന്നത്. അതിനു മുൻപ് തന്നെ സിനിമ ചെയ്യണമെന്നും സ്വന്തമായി തിരക്കഥ ചെയ്യണമെന്നും ആഗ്രഹം ഉണ്ടായിരുന്നു. ഗൾഫിൽ നിന്നും തിരിച്ചെത്തിയ സമയത്ത് രണ്ടുമൂന്നു സിനിമകളിൽ സഹസംവിധായകയായി ജോലി ചെയ്തിരുന്നു. നാല്പതുവയസ്സിനു മുകളിൽ ഉണ്ടായിരുന്ന സമയത്താണ് ഞാൻ സഹസംവിധായകയായി ജോലി ചെയ്തിരുന്നത്. അതുകൊണ്ടുതന്നെ ആ ജോലി വളരെ ബുദ്ധിമുട്ടായിരുന്നു. കാരണം ആരോഗ്യത്തെ ബാധിക്കുന്നു. ഊണും ഉറക്കവുമില്ലാതെ നിരന്തരം ഓടിക്കൊണ്ടിരിക്കണം. അതേസമയം വരുമാനം ഒട്ടും തന്നെ ഇല്ല. അങ്ങനെ ഇത് എനിക്ക് പറ്റിയതല്ല എന്ന് വിചാരിച്ചു കൊണ്ടാണ് അപ്പോൾ പിൻവാങ്ങിയത്.

2016 ലാണ് ഒരു സിനിമ സംഭവിക്കുന്നത്. തിയേറ്റർ ആർട്ടിസ്റ്റും സിനിമ മേഖലയിൽ പ്രവർത്തിക്കുകയും ചെയ്യുന്ന സുർജിത് ഗോപിനാഥൻ സുഹൃത്ത് വഴിയാണ് അതിലേക്ക് എ




ജോളി ചിറയത്ത്




ത്തുന്നത്. ചെമ്പൻ വിനോദ് ഒരു സിനിമ ചെയ്യുന്നുണ്ട്. അതിൽ പുതുമുഖങ്ങളെയാണ് നോക്കുന്നത്. ഏകദേശം എന്റെ നിറവും ഭാവുമൊക്കെയുള്ള തൃശൂർ–അങ്കമാലി ഭാഷയിൽ സംസാരിക്കാൻ സാധിക്കുന്ന ആളെയാണ് നോക്കുന്നത് പറ്റുമെങ്കിൽ അയക്കൂ എന്ന് സുഹൃത്ത് പറഞ്ഞതിനെ തുടർന്നാണ് ഞാൻ  ഫോട്ടോസ് അയക്കുന്നത്. പിന്നീട് പത്തു മാസത്തിനുശേഷമാണ് സിനിമയുടെ ഓഡിഷനു വേണ്ടി വിളിക്കുന്നത്. എന്റെ മനസ്സിൽ നിന്ന് ഇക്കാര്യം വിട്ടു പോയിരുന്നു. അപ്പോൾ ചെമ്പൻ വിനോദ് വിളിച്ചുപറഞ്ഞു: 'ചേച്ചി ഞാനല്ല സംവിധാനം ചെയ്യുന്നത്. ലിജോ ജോസ് പെല്ലിശ്ശേരിയാണ്. എന്തായാലും വന്നേപറ്റൂ. ഓഡിഷനുള്ളവരെയാണ് തിരഞ്ഞെടുക്കുന്നത്' എന്ന്. അങ്ങനെയാണ് ഞാൻ ഓഡിഷനിൽ എത്തുന്നത്.

പിന്നീട് 'അങ്കമാലി ഡയറീസ്' എന്ന സിനിമ സംഭവിക്കുന്നു. സിനിമ വലിയ ഹിറ്റാകുന്നു. അതിനുശേഷം ഇക്കാലയളവിൽ ചെറുതും വലുതുമായ കഥാപാത്രങ്ങൾ നിരവധി സിനിമകളിൽ ചെയ്തു.  എനിക്ക് തോന്നുന്നത് സമാന്തര സിനിമക്കാരിൽ ചില സുഹൃത്തുക്കളുടേത് അല്ലാതെ വേറെ ചെയ്തിട്ടില്ല. അധികവും കൊമേഴ്സ്യൽ സിനിമകളാണ്. അതിൽ തന്നെ പുതുമുഖ സംവിധായകരുടെ സിനിമകളാണ് കൂടുതലും ചെയ്തിട്ടുള്ളത്.

അസിസ്റ്റൻറ് ഡയറക്ടറായി ജോലി ചെയ്തിരുന്ന സമയത്ത് തന്നെ സിനിമ മേഖലകളിൽ സ്ത്രീകളുടെ സ്പേസ് എങ്ങനെ എന്നുള്ള ചെറിയ ധാരണ കിട്ടിയിരുന്നു. പൊതുവേ സ്ത്രീ വിരുദ്ധം എന്നല്ല ,സ്ത്രീകളുടെ സാന്നിധ്യം ഇല്ലെന്ന് തന്നെ പറയാം.ഉണ്ടെങ്കിൽ അല്ലേ വിരുദ്ധമാണോ അനുകൂലമാണോ എന്ന് പറയാൻ സാധിക്കൂ. അത്രയും കുറവാണ് സ്ത്രീ സാന്നിധ്യം. അഭിനേത്രികൾ മാത്രമേ ഉള്ളൂ. അഭിനയിക്കാൻ വരുന്ന നായികയും അമ്മയും. അതിനപ്പുറം സ്ത്രീ സാന്നിധ്യം ഒന്നും അധികം കാണാൻ സാധിച്ചിരുന്നില്ല. കഥക്ക് ആവശ്യമുള്ള പശ്ചാത്തലത്തിൽ കുറെ ആണും പെണ്ണും വേണമെന്ന് ഉണ്ടെങ്കിൽ അതിനായി കുറച്ചു ജൂനിയർ ആർട്ടിസ്റ്റുകൾ ഉണ്ടാകും എന്നല്ലാതെ പൊതുവിൽ സിനിമയുടെ ഭാഗമാകുക എന്ന് പറയുമ്പോൾ ഇതിൻറെ അകത്തും പുറത്തും ഇടപെടലിനു ശേഷിയുള്ള മനുഷ്യരായി സ്ത്രീകളെ കണ്ടിട്ടില്ല. അത് ഇന്നും വളരെ കുറവ് തന്നെയാണ്.

സ്വതന്ത്ര സിനിമകളുടെ ഭാഗമായി ജോലി ചെയ്യുമ്പോഴുള്ള സന്തോഷം എന്താണെന്ന് വെച്ചാൽ അതിൽ കൂടുതലും നമ്മളുടെ ചിന്തയോടും താല്പര്യത്തോടും ലോകവീക്ഷണത്തോടും എല്ലാം ബന്ധപ്പെടുന്ന മനുഷ്യർ ആയിരിക്കും. അതുകൊണ്ടു തന്നെ നമുക്ക് ഇന്ററാക്ട് ചെയ്യാനും കാര്യങ്ങൾ മനസ്സിലാക്കാനുമുള്ള ഇടം കിട്ടും. പക്ഷേ ഒരു കൊമേഴ്സ്യൽ ആംഗിളിൽ ജോലി ചെയ്യുന്ന ആളുകൾ, എല്ലാവരെയും അല്ല ഞാൻ ഉദ്ദേശിക്കുന്നത്,എങ്കിലും പൊതുവിൽ സ്ത്രീകളുടെ സാന്നിധ്യം എന്നുള്ളത് കേവലതയിലാണ് കാണുന്നത്. അത് വളരെ ഓപ്ഷണൽ ആയാണ് കാണുന്നത്. അതുകൊണ്ടുതന്നെ ഒരു നടി എന്നുള്ള രീതിയിൽ ആണെങ്കിലും അല്ലെങ്കിൽ അതിൻറെ ഭാഗമാകുന്ന ഒരു വ്യക്തി എന്ന രീതിയിലാണെങ്കിലും ഇതിൻറെ ഡീറ്റെയിലിങ്ങ് ഒന്നും നമ്മളോട് പറയേണ്ടതില്ല എന്ന് മനോഭാവം പൊതുവിൽ ഉണ്ട്. പക്ഷേ എക്സപ്ഷൻസ് ഉണ്ട്. എന്നാൽ പോലും എനിക്കത് വളരെ കുറവായാണ് തോന്നിയത്. പ്രത്യേകിച്ചും അമ്മ വേഷങ്ങൾ അഭിനയിക്കുന്നവരോട്. അതുപോലെയുള്ള എയ്ജ് ഗ്രൂപ്പിൽ ഉൾപ്പെടുന്നവരോട് ഒന്നും അധികം ഡീറ്റെയിലിങ്ങ് ഉണ്ടാകാറില്ല.അമ്മ എന്ന കഥാപാത്രത്തിന് ഒരു പാറ്റേൺ ഉണ്ട് അവർക്ക്.വളരെ ഫിക്സേഷനാണ് അത്.അതിനും അപ്പുറത്ത് ഒരമ്മയൊക്കെ എന്തിനാണ് ആലോചിക്കുന്നത് എന്നുള്ള മട്ടാണെന്ന് തോന്നും.

പൊതുവേ സിനിമകളുടെ ഭാഗമാകുമ്പോൾ നമ്മളോട് തിരക്കഥ പറയുക എന്നതില്ല. ഇന്ന ദിവസങ്ങളിൽ ഒഴിവ് ആണോ? ഇത്ര ദിവസം വർക്കുണ്ട്; നായകൻറെ അമ്മ, നായികയുടെ അമ്മ,ഉപനായകൻറെ അമ്മ, ഉപനായികയുടെ അമ്മ– ഈ രീതിയിൽ ആയിരിക്കും നമ്മളോട് കഥാപാത്രത്തെക്കുറിച്ച് പറയുക. അല്ലാതെ മുഴുവനായി കഥ പറയുക,തിരക്കഥ വായിക്കുക എന്നത് ഇക്കാലയളവിൽ അപൂർവ്വം സംഭവിച്ച കാര്യമാണ്. ഞാൻ അഭിനയിച്ച സിനിമകളിൽ എനിക്ക് സ്ക്രിപ്റ്റ് വായി

ക്കാൻ തന്നത് നാലോ അഞ്ചോ പേരാണ്.ബാക്കിയെല്ലാം സന്ദർഭം പറഞ്ഞുതരികയാണ് ഉണ്ടായത്. അതും അവിടെ ചെല്ലുമ്പോൾ നമ്മൾ ചെന്ന് ചോദിക്കേണ്ടതായും വരും. സീൻ കൊണ്ടുവന്ന് തരും ഇന്നതാണ് സന്ദർഭം എന്ന് പറയും. നമുക്ക് എന്തെങ്കിലും കൂടുതൽ അന്വേഷണങ്ങൾ ഉണ്ടെങ്കിൽ ചോദിക്കാം.അതല്ലാതെ ഒരു ആർട്ട് ഫോം അല്ലേ...ഇത് രൂപപ്പെടുമ്പോൾ അതിനകത്ത് ഇൻവോൾവ്മെൻറ് എങ്ങനെയാണ്, പ്രൊഡക്ടിവിറ്റി എങ്ങനെയാണ് എടുക്കേണ്ടത്, ആ അർത്ഥത്തിലുള്ള; ഒരു വർക്ഷോപ്പ് പോലെ അവിടെ തന്നെ സംഭവിക്കാവുന്ന, ആർട്ടിസ്റ്റുകൾ എല്ലാം ഒന്നിച്ചിരുന്ന് കഥാപാത്രങ്ങളെക്കുറിച്ച് ചർച്ച ചെയ്ത് ആ സന്ദർഭം ഒന്ന് പരസ്പരം പറഞ്ഞു ഉറപ്പിച്ച്, ആ രീതിയിൽ സിനിമ നിർമ്മിക്കുന്ന പ്രവണതയൊക്കെ വളരെ കുറവായിട്ടാണ് പൊതുവേ നമ്മുടെ സിനിമ ലോകത്ത് കാണുന്നത്. അതിനപ്പുറം നമ്മൾ ഒരേ സിനിമയിൽ അല്ലെങ്കിൽ ഒരേ ഇടത്തിൽ വർക്ക് ചെയ്യുന്നവരെന്ന രീതിയിൽ, അന്നേരം എങ്കിലും ഉണ്ടാവേണ്ട ഒരു പരസ്പര ആശയ വിനിമയത്തിനുള്ള ഇടം, അതുപോലും വലിയ പ്രശ്നമാണ്. കാരണം അത്രമാത്രം ഹയറാർക്കി ആയിട്ടാണ് മനുഷ്യർ ഒക്കെ അവിടെ നിലനിൽക്കുന്നത്. ഇതിന് അപവാദങ്ങൾ ഉണ്ട്. ഇതെല്ലാം എല്ലാ സിനിമയും സിനിമക്കാരും അല്ല. സുഹൃത് ബന്ധങ്ങളോടുകൂടി രസകരമായി മുന്നേറുന്ന സിനിമകളും സംഭവിക്കാറുണ്ട്. അത് എടുത്ത് പറഞ്ഞില്ലെങ്കിൽ അതും ഒരു പ്രശ്നമായിരിക്കും.




ഇത്തരത്തിലുള്ള ഒരു സാഹചര്യം മാറണമെങ്കിൽ, എനിക്ക് തോന്നിയിട്ടുള്ളത് ഇത് കേരള സമൂഹത്തിന്റെ രീതി തന്നെയാണ്. അതിൽ തന്നെ കുറെ കൂടിയും ലൗഡ് ആയിട്ടുള്ള സ്പേസ് എന്ന രീതിയിൽ ആളുകൾ സിനിമയിൽ എത്തുമ്പോൾ ആ റിജിഡിറ്റി തുടരുന്നുണ്ട്. അത് ഒരു സമൂഹത്തിൻറെ തന്നെ ആത്മബന്ധങ്ങളിലെ ഫ്ലെക്സിബിലിറ്റി ഇല്ലായ്മയെയും സുതാര്യമില്ലായ്മയെയും ഗിവ് ആൻഡ് ടേക്ക് റെസ്പെക്ട്- ഈ വക കാര്യങ്ങളുടെ പരിശീലനം ഇല്ലാത്തതിൻറെയും ഒക്കെ ഭാഗമായി തന്നെയാണ് സംഭവിക്കുന്നത്. മലയാളം ഇൻഡസ്ട്രിയിൽ കുറെ കൂടി കൂടുതലാണെന്ന് എനിക്ക് തോന്നിയിട്ടുണ്ട്. കാരണം മറ്റ് ഇൻഡസ്ട്രികളിൽ നിന്ന് വരുന്നവരോട് ചോദിക്കുമ്പോൾ അവർ തന്നെ പലപ്പോഴും പറഞ്ഞിട്ടുള്ളത് നമ്മുടെ ചലച്ചിത്ര മേഖല ഭയങ്കരമായി 10-15 വർഷം പുറകിലാണെന്നുള്ളതാണ്. അത് ഈ പ്രശ്നം കൊണ്ടാണ്. പരസ്പരം ഇടപഴകുന്നതിലും മനുഷ്യരെ പരിഗണിക്കുന്നതിലും ഇടപെടുന്നതിലും നമ്മുടെ വല്ലാത്തൊരു പരിമിതിയുണ്ട്. സ്ത്രീകളുടെ സാന്നിധ്യം ഉണ്ടാകുന്ന ഒരിടത്ത് എന്തിനാണ് മനുഷ്യന്മാർ ഇത്രയും സ്ട്രെസ്സ്ടാകുന്നതെന്ന് എനിക്ക് മനസ്സിലാകുന്നതേയില്ല.

ഇതിന് പരിഹാരം എന്ന് പറയുന്നത് സിനിമ മേഖലയിൽ മാത്രമായി സംഭവിക്കില്ല. സമൂഹത്തിൻറെ അഴിച്ചുപണി ഉണ്ടാവണം. പോരാത്തതിന് സ്ത്രീകളുടെ ഇടയിൽ സ്ത്രീകളുടെ സിനിമ, സ്ത്രീകളുടെ കഥ പറയുന്നവ ഉണ്ടാവണം. നമുക്ക് മൂലധനത്തിൽ എന്തെങ്കിലും അവകാശം ഉണ്ടാകണം. അഭിപ്രായം പറയുന്നതിൽ അധികാരമുണ്ടാകണം. അങ്ങനെ പവർ പൊസിഷനിൽ ഉള്ള ആരും ഇന്ന് മലയാള സിനിമ മേഖലയിലെ സ്ത്രീകളിലില്ല. അങ്ങനെ കുറെ സ്ട്രക്ച്ചറൽ ആയുള്ള മാറ്റങ്ങൾ ഉണ്ടാകാതെ ഈ പ്രശ്നത്തെ നമുക്ക് നേരിടാൻ സാധിക്കില്ല.

ഭാഗ്യം എന്താണെന്നാൽ, പുതുതലമുറയിലെ അധികം പേരും ഈ സ്ട്രക്ച്ചറലായുള്ള പ്രശ്നത്തെ മനസ്സിലാക്കിയവരും അതിന് മാറ്റം വേണമെന്ന് ആഗ്രഹിക്കുന്നവരുമാണ്. അതിൽ ആൺകുട്ടികളും പെൺകുട്ടികളും ഉൾപ്പെടുന്നു. അതേ സമയം തന്നെ മൂലധനം വെച്ചുള്ള കളികളും സിനിമ എന്നത് വ്യവസായം ആണെന്നും അതുകൊ

ണ്ട് ആ ഉൽപ്പന്നത്തെ മാർക്കറ്റ് ചെയ്യാനും ഇൻവെസ്റ്റ് ചെയ്യാനുമുള്ള മൂലധനം ഉള്ളവർക്ക് മാത്രമേ നിലനിൽക്കാൻ ആകൂ എന്നുള്ളതെല്ലാം ചെറിയ സാഹചര്യങ്ങളിൽ നിന്ന് വരുന്ന, അതേസമയം ഇതിൻറെ ഒരു മൂല്യബോധത്തിന് വ്യത്യസ്തമായ ഭാവങ്ങൾ കൊണ്ടു നടക്കുന്നവർക്ക് ഭയങ്കര തിരിച്ചടിയാകുന്നുണ്ട്.അതാണ് ഒരു ഗതികേട് എന്ന് എനിക്ക് തോന്നുന്നു.

ആർട്ടിസ്റ്റ് എന്ന രീതിയിൽ അധികവും കാര്യങ്ങൾ ചെയ്യുമ്പോൾ എനിക്ക് വലിയ സന്തോഷം തോന്നിയിട്ടുള്ള കഥാപാത്രങ്ങൾ ഇതുവരെ ചെയ്തിട്ടില്ല. ചെയ്തിട്ടുണ്ടെങ്കിൽ തന്നെ കണ്ടു പരിചയിച്ചിട്ടുള്ള അമ്മ റോളുകളാണ്. അതാണെങ്കിൽ കുറച്ചുകൂടി എളുപ്പത്തിൽ ചെയ്യാൻ സാധിക്കുന്നു. കാരണം അത് റിലേറ്റ് ചെയ്യാൻ സാധിക്കുന്നുണ്ട്. അതല്ലാതെ ഒരു സ്ത്രീയുടെ ആന്തരിക ലോകത്തെയോ ബാഹ്യലോകത്തെയോ വേറൊരു രീതിയിൽ പ്രതിഫലിപ്പിക്കുന്ന ഒരു കഥാപാത്രം ഇതുവരെ കിട്ടിയിട്ടില്ല. അങ്ങനെയൊരു തിരക്കഥ കൂടി ഉണ്ടാകുന്നില്ല എന്നുള്ളതാണ്. സ്ത്രീകളുടെ കഥാപാത്രത്തെ രൂപപ്പെടുത്തുമ്പോൾ മുപ്പതുവയസ്സു കഴിഞ്ഞ് ഒരു സ്ത്രീക്ക് വേറൊരു ലോകവും ജീവിതവും ഇല്ലാത്തതുപോലെയാണ്. അതല്ലാതെ അവരുടെ തനതായ ജീവിതവും അസ്തിത്വവും പ്രശ്നങ്ങളും ഉണ്ടെന്ന രീതിയിൽ മലയാള സിനിമയിൽ സ്ത്രീ കഥാപാത്രത്തെ കാണാനായി സാധിക്കുന്നില്ല.കംപയർ ചെയ്യുകയാണെങ്കിൽ,മറ്റു സിനിമകളും സീരീസുകളും കാണുമ്പോൾ അവിടെയൊക്കെ കുറെ കൂടി മുൻപോട്ടു പോയിട്ടുണ്ട്. അത്രക്കൊന്നും പറയാൻ ധൈര്യമുള്ള ഒരു തിരക്കഥ മലയാളത്തിൽ ഉണ്ടാവുന്നില്ല.ഇത് ഒരു പോരായ്മയാണ്.




ഇതിന് പരിഹാരം സ്ത്രീകളുടെ ഇൻവോൾമെൻറ് ആണ്. നമ്മൾ തിരക്കഥകൾ ഉണ്ടാക്കുക .നമ്മൾ തന്നെ നിർമ്മാതാക്കളെ കണ്ടെത്തുക. അതിനർത്ഥം സ്ത്രീകൾ മാത്രമേ ഉണ്ടാകാൻ പാടുള്ളൂ എന്നുള്ള ശാഠ്യമല്ല. മറിച്ച് കുറെ കൂടി ഒരു ഫ്രീമെയിൽ കാഴ്ച്ചപ്പാടിൽ നിന്ന് കാര്യങ്ങളെ എക്സിക്യൂട്ട് ചെയ്യാനുള്ള കഴിവുണ്ടാവണം. അതിനായി ധനസമാഹാരണം കൂടി കണ്ടെത്തി നമുക്ക് സിനിമകളെ ഉണ്ടാക്കിയെടുക്കാൻ സാധിക്കണം. അതുപോലെ എനിക്ക് തോന്നുന്നത് നടന്മാർ നിർമ്മാതാക്കളായി വരുന്നതു പോലെ, സാമ്പത്തികമായി സുരക്ഷിതരായിട്ടുള്ള നടിമാർ നിർമ്മാതാക്കളായി വരണം.അതുപോലെ മുൻപ് പറഞ്ഞപോലുള്ള തിരക്കഥകൾക്ക് മുൻഗണന കൊടുക്കുന്ന വിധം ചെറിയ പ്രൊഡക്ഷൻ ഹൗസുകൾ ഉണ്ടായിവരുന്നതും കുറച്ചൊക്കെ പരിഹാരമാകും.

പൊതുവേ ഹിന്ദി സീരിസ് ഒക്കെ എടുത്തു നോക്കുമ്പോൾ സ്ക്രിപ്റ്റിലടക്കം അതിനകത്ത് ഒരുപാട് മുമ്പോട്ട് പോകുന്നത് സ്ത്രീകളാണ്. അതുപോലെ കോ–പ്രൊഡ്യൂസേഴ്സ് ആയും കോ– റൈറ്റേഴ്സ് ആയും ഒരുപാട് സ്ത്രീകൾ അവിടെ വരുന്നുണ്ട്. പക്ഷേ സൗത്ത് ഇൻഡസ്ട്രിയിൽ വരുമ്പോൾ നിർഭാഗ്യവശാൽ സ്ത്രീകളുടെ സാന്നിധ്യം കുറയുന്നു. നിർമ്മാണത്തിലോ കണ്ടെൻറ് ഉണ്ടാക്കുന്നതിലോ സ്ത്രീ സാന്നിധ്യം ഉണ്ടാകുന്നില്ല എന്നുള്ളതാണ് വലിയ ഒരു പ്രശ്നം. ഇപ്പോൾ ഇൻഡസ്ട്രിയിൽ നോക്കുകയാണെങ്കിൽ പുരുഷന്മാർ കോ–റൈറ്റേഴ്സ് ആയും കോ–ഡയറക്ടേഴ്സ് ആയും കോ– പ്രൊഡ്യൂസേഴ്സ് ആയും വരുന്നുണ്ട്. പക്ഷേ ഇത് എന്തുകൊണ്ട് സ്ത്രീകളുടെ ഇടത്തിൽ സംഭവിക്കുന്നില്ല. സ്ത്രീകൾ തന്നെ ഇതിനെക്കുറിച്ച് ചിന്തിക്കണം എന്തുകൊണ്ടാണ് നമ്മൾക്ക് ഒരു തിരക്കഥ ഉണ്ടാക്കാൻ കഴിയാത്തത്? എന്തുകൊണ്ടാണ് നമുക്ക് കളക്റ്റീവായി എന്തെങ്കിലും ചെയ്യാൻ സാധിക്കാത്തത്? അപ്പോൾ അതിനുള്ള വഴികൾ നമുക്ക് തന്നെ കണ്ടെത്താൻ സാധിക്കും.






**ഡോ.അനു പാപ്പച്ചൻ**
അധ്യാപിക
എഴുത്തുകാരി
വിമല കോളജ്,തൃശൂർ

സംഘട്ടനം മാഫിയ ശശി എന്നത് മലയാളിക്ക് സുപരിചിതം. എന്നാൽ ഇപ്പോൾ ഒരു പെൺപേര് കൂടിയുണ്ട്. മലയാള സിനിമയിലെ ആദ്യത്തെ വനിതാ ഫൈറ്റ് മാസ്റ്റർ –കാളി.

മാഫിയ ശശിയുടെ അസിസ്റ്റന്റായി മാമംഗലം സ്വദേശിയായ കാളി സംഘട്ടനത്തിലേക്ക് എത്തുന്നത് ജീവിതത്തിന്റെ സംഘട്ടന വഴികളെ അതിജീവിച്ചാണ്. അനാഥത്വം, ദാരിദ്ര്യം, പീഡനം, ചൂഷണം – ഉദ്വേഗജനകമായ സിനിമാക്കഥയെക്കാൾ വെല്ലുന്ന ജീവിതമാണ് കാളിക്കുള്ളത്.വ്യക്തി ജീവിതത്തിന്റെ തീനോവുകളിൽ നിന്ന് ആർജിച്ച കരുത്തുമായാണ് സിനിമായിടത്തിൽ കാളിയെത്തുന്നത്.



സ്ത്രീകളുടെ അവസരങ്ങൾ പൊതുവേ കുറവായ സിനിമയിൽ സ്റ്റണ്ട് പോലുള്ള മേഖലയുടെ കാര്യം ഊഹിക്കാവുന്നതേയുള്ളൂ. ശേഷി / ഊറ്റം എന്നിവ പുരുഷന്മാർക്ക് പതിച്ചു കൊടുത്ത് അതിനനുസരിച്ച് സമൂഹം സജ്ജമാക്കുന്ന വ്യവസ്ഥയിൽ ഒരു സ്ത്രീക്ക് ഈ തൊഴിൽ മേഖലയിലെത്താൻ സ്വന്തം മനോബലം മാത്രമാകും കൈമുതൽ. സ്റ്റണ്ട് മാസ്റ്റേഴ്സ് യൂണിയനിൽ സ്ത്രീകൾക്ക് പ്രാതിനിധ്യം പോ

ലും അനുവദിക്കപ്പെടുന്നില്ല. പെണ്ണുങ്ങളോ എന്ന് പരിഹാസവും അവഗണനയും ചൊരിയുന്ന മുഖങ്ങൾക്കു മുന്നിൽ കഴിഞ്ഞ 10 വർഷമായി കാളി തലയുയർത്തി പൊരുതുന്നു

സ്റ്റണ്ട് എന്നാൽ അടിപിടി മാത്രമല്ല.ചലഞ്ചുള്ള നിരവധി ആക്ഷനുകൾ അതിന്റെ ഭാഗമാണ്.അപകടം പിടിച്ച പലതും നായകരല്ല ചെയ്യുന്നതെന്ന് അറിയാമെങ്കിലും ഡ്യൂപ്പിനെ ഓർമിക്കുക കുറവാണ്. ഡ്യൂപ്പായി നിരവധി സിനിമകൾ കാളി ചെയ്തിട്ടുണ്ട്. ശ്വേത മേനോനും സനുഷയ്ക്കും ഡ്യൂപ്പായിട്ടുണ്ട്. അപകടങ്ങളും ഉണ്ടായിട്ടുണ്ട്. കഥാപാത്ര വിശേഷങ്ങളൊന്നും അറിഞ്ഞില്ലെങ്കിലും സിനിമ കാണുമ്പോൾ ഇതു താനാണല്ലോ എന്ന് തിരിച്ചറിയുന്നതാണ് സിനിമയുടെ രീ(നീ)തി! പക്ഷേ കാളി പിന്നോട്ടേക്കല്ല, മുന്നോട്ട് തന്നെയാണ്. വളർത്തു മാതാപിതാക്കൾ പാകപ്പെടുത്തിയ ധന്യയിൽ നിന്ന് വളർന്നു കാളിയിലേക്കെത്തിയതുപോലെ..ബ്ലെസി സംവിധാനം ചെയ്

## തോല്ക്കും.
## പിന്നെയും തോല്ക്കാം.
## പക്ഷേ പോരാട്ടം നിർത്താതിരിക്കുക
## ജയിക്കുന്ന ദിനം വന്നെത്തുമെന്ന് കാളി.






ത കളിമണ്ണ് എന്ന ചിത്രത്തിൽ മാഫിയാ ശശിയുടെ അസിസ്റ്റന്റ് ആയി തുടങ്ങിയ കാളി അമ്പതിലധികം സിനിമകളിൽ വർക്ക് ചെയ്തു. അഭിമാനവും സാമ്പത്തിക സ്വയംപര്യാപ്തതയും നല്കിയത് ഈ തൊഴിലിടമാണ് എന്ന് ആത്മവിശ്വാസത്തോടെ പങ്കുവക്കുന്ന കാളി,ജീവിതത്തിൽ പോരാടാൻ ഉറപ്പിച്ച നൂറുകണക്കിന് സ്ത്രീകൾക്ക് പ്രചോദനമാണ്.

തോല്ക്കും.

പിന്നെയും തോല്ക്കാം.

പക്ഷേ പോരാട്ടം നിർത്താതിരിക്കുക

ജയിക്കുന്ന ദിനം വന്നെത്തുമെന്ന് കാളി.






ഡോ.ജാൻസി ജോസ്

# പറയാൻ പറ്റുന്ന കാലം വരും

തുറന്നുപറച്ചിലുകൾ വിസ്ഫോടനങ്ങളാവുന്ന കാലമാണിത്. തുറന്നു പറയുന്നത് ആരെ എന്നതിനനുസരിച്ചിരിക്കും പ്രതികരണവും സപ്പോർട്ടും. അതിജീവിതയുടെ കൂടെ നിൽക്കുന്ന പെണ്ണിനേയും പ്രതിയുടെ കൂടെ നിൽക്കുന്ന പെണ്ണിനേയും നമ്മൾ നേരത്തേമുതൽ കണ്ടിട്ടുള്ളതാണ്. എന്നാൽ ചേരിതിരിവിന്റെ മൂർദ്ധന്യ ഭാവം ഇപ്പോൾ നാം കണ്ണടു തുടങ്ങിരിക്കുന്നോ? നമ്മോട് മോശമായി പെരുമാറാത്തവരെല്ലാം നല്ലസ്വഭാവക്കാരാണെന്ന് കരുതുന്ന പെണ്ണുങ്ങൾ ഈ മലയാളത്തിലുമുണ്ട്. ഒന്നു പറഞ്ഞ് രണ്ടാമത് പ്രണയമോ സെക്സോ വരുന്ന പുരുഷുക്കളാണ് ഞാൻ കണ്ടതിലധികവും. അതിൽ പ്രണയം പോട്ടേ, ആത്മാവിന്റെ അന്തർദ്ദാഹമെന്നൊക്കെ സമാധാനിക്കാം. ദാഹം വമിക്കുന്ന ശ്വാസവും കാമം വിരിയുന്ന നോട്ടവുമേറ്റ് എത്രയെത്ര പെണ്ണുങ്ങൾ പൊള്ളലേറ്റിട്ടുണ്ടാവാം? ഈ പൊള്ളലുകൾ മറച്ചുവെക്കുന്നവരും, മറച്ചുവെക്കാൻ പ്രേരിപ്പിക്കുന്നവരും, തുറന്നു പറഞ്ഞാലും കൂടെ നിൽക്കാത്തവരുടേയുമിടയിൽ തുറന്നുപറയുന്നവർ ഒറ്റപ്പെട്ടില്ലെങ്കിലേ അതിശയമുള്ളൂ.

ഞാൻ പറഞ്ഞുവരുന്നത് ഇത്രയേ ഉള്ളൂ. സിവിക് ചന്ദ്രനെതിരായ തുറന്നുപറഞ്ഞ പെൺകുട്ടിയെ തള്ളിപ്പറയുന്നവർ നിലപാട് തിരുത്തേണ്ടി വരുമോ?പി.ഇ. ഉഷയേപ്പോലുള്ള; തത് അനുഭവം നേരിട്ടും അല്ലാതെയും കൈകാര്യം ചെയ്തവർ ഇന്റേണൽ കമ്മിറ്റിയിൽ കൈകാര്യം ചെയ്യേണ്ടത് ഇങ്ങനെയായിരുന്നോ? അതെന്തായാലും നമ്മൾ പെണ്ണിന്റെ കൂടെത്തന്നെ നീൽക്കും. നമുക്ക് പെണ്ണുങ്ങൾക്കെല്ലാം തുറന്നുപറയാം. ഉള്ളിലൊരു നെരിപ്പോടായി കൊണ്ടുനടക്കുന്നതും, ആർക്കോവേണ്ടി പറയാതിരിക്കുന്നവരും എല്ലാം തുറന്നുപറയട്ടെ. പറയാൻ പറ്റുന്ന ഒരു കാലം വരട്ടെ.



പഠനം



**സജ്ന മോൾ ആമ്യൻ**
ഗവേഷക, മലയാള വിഭാഗം,
ശ്രീ നീലകണ്ഠ ഗവൺമെന്റ്
സംസ്കൃത കോളേജ്, പട്ടാമ്പി

# ബി. എം. സുഹറയുടെ കൃതികളിലെ ലിംഗചിത്രീകരണം

**1.1 ഭാ**ര്യാഭർതൃബന്ധം

ബി.എം.സുഹ്റയുടെ കൃതികളിലെ ദാമ്പത്യബന്ധം അടിസ്ഥാനമാക്കി ലിംഗചിത്രീകരണം അപഗ്രഥിക്കാനാണ് ഇവിടെ ശ്രമിക്കുന്നത്.

1.1 പൊരുത്തമുള്ള ബന്ധങ്ങൾ

രചനകളിൽ ചിത്രീകരിക്കപ്പെട്ട ദാമ്പത്യങ്ങളിൽ പരസ്പരസ്നേഹത്തോടെ ജീവിക്കുന്ന ഭാര്യാ-ഭർതൃബന്ധത്തെക്കുറിച്ച് ഇവിടെ അന്വേഷിക്കുന്നു.

1.1.1നോവലുകളിൽ

1.1.1.1 കിനാവ്

1.1.1.1.1 സൈതൂട്ടിഹാജി – കുഞ്ഞാമിന




ആദ്യഭാര്യയുടെ മരണശേഷം മക്കളുടെ നിർബന്ധത്തിനു വഴങ്ങിയാണ് സൈതൂട്ടിഹാജി കുഞ്ഞാമിനയെ വിവാഹം കഴിക്കുന്നത്. വളരെ നല്ല രീതിയിലാണ് അവർ കഴിയുന്നത്. അർഹിക്കുന്ന പ്രാധാന്യത്തോടെ ഭാര്യയെ പരിഗണിക്കുന്ന ഭർത്താവാണയാൾ. വീട്ടിലെ കാരണവരത്തിയാണ് അവർ. അതിനുള്ള അധികാരവും അവകാശവും കുഞ്ഞാമിനയ്ക്കുണ്ട്. ഭർത്താവിന്റെ മക്കളെ സ്വന്തം മക്കളായിത്തന്നെ അവർ പരിപാലിക്കുന്നുണ്ട് (1990: 42,43).

1.1.1.1.2 സൈനബ – ശംസുദ്ദീൻ

കുടുംബകാര്യങ്ങളിൽ ഭർത്താവ് നേരിട്ട് ഇടപെടാത്തതുമൂലം സൈനബയും ശംസുദ്ദീൻ വക്കീലും ഇടയ്ക്ക് ഉരസലുകൾ പതിവുണ്ടെങ്കിലും എല്ലാ കാര്യങ്ങളും തുറന്ന് സംസാരിക്കുന്നതിനുള്ള സൗഹൃദം ഇവർക്കിടയിൽ ഉണ്ട്. സ്വന്തം ഇഷ്ടവും അനിഷ്ടവും ഭാര്യഭർത്താവിനോട് തുറന്നു പറയുന്നുണ്ട്. അതിനനുസരിച്ച് മാറ്റങ്ങൾ ജീവിതത്തിൽ വരുത്താൻ ഭർത്താവു ശ്രമിക്കുന്നതുകാണാം. വക്കീൽ ജീവിതത്തിന്റെ തിരക്കുകൾക്കിടയിൽ വീട്ടുകാര്യങ്ങൾ വേണ്ടത്ര ശ്രദ്ധിക്കാൻ ശംസുദ്ദീനു കഴിയുന്നില്ലെങ്കിലും വിട്ടുവീഴ്ച്ചാമനോഭാവത്തോടെ ജീവിതം മുന്നോട്ട് കൊണ്ടുപോവാൻ ശ്രമിക്കുന്നവരാണ് സൈനബയും ശംസുദ്ദീനും. അതിനുപ്രധാനകാരണം സൈനബയുടെ തുറന്നുപറച്ചിലുകളാണ്.

1.1.1.2 ഇരുട്ട്

1.1.1.2.1 മുനീറ – മുഹമ്മദ്

ഇരുട്ടെന്ന നോവലിൽ മുനീറയുടെ ഉമ്മയായയ ആമിനയാണ് മുഖ്യകഥാപാത്രം. അവർ ദുരിതപൂർവ്വമായ ജീവിതമാണ് നയിക്കുന്നതെങ്കിലും അവരുടെ മകളായ മുനീറ ഭർതൃവീട്ടിലും ഭർത്താവിനോടൊപ്പവും സ്നേഹത്തോടെയാണു വസിക്കുന്നത്. ഭർത്താവിന്റെ വീട്ടുകാർ മുനീറയെ സ്വന്തം മകളായി അംഗീകരിക്കുകയും പരിചരിക്കുകയും ചെയ്യുന്നുണ്ട്. അവളുടെ ഭർത്താവാകട്ടെ അവളെ ചൊൽപ്പടിക്ക് നിർത്താനല്ല ശ്രമിക്കുന്നത്. അവളെ സ്വതന്ത്ര്യവ്യക്തിയായിക്കണ്ട് അവർക്കു വേണ്ട എ

ല്ലാ സൗകര്യങ്ങളും ഒരുക്കികൊടുക്കാൻ ശ്രമിക്കുന്നുണ്ട്. മുനീറ സമ്പന്നകുടുംബാംഗമായതിനാൽ സാമ്പത്തികശേഷി കുറഞ്ഞ തങ്ങളുടെ വീട്ടിൽ അവൾക്ക് യാതൊരു പ്രയാസവും നേരിടാതിരിക്കാൻ ഭർത്താവും വീട്ടുകാരും ശ്രദ്ധിക്കുന്നുണ്ട്. ഭർതൃവീട്ടിൽനിന്നും സ്വന്തം വീട്ടിലേക്ക് വിരുന്നിനുപോവുമ്പോൾ വരെ ഭർത്താവിനെയും കുടുംബത്തെയും പിരിയുന്നതിലുള്ള വേദന മുനീറയുടെ കണ്ണുകളിൽ കാണാമായിരുന്നുവെന്ന് നോവലിൽ പരാമർശിക്കുന്നുണ്ട് (1995: 111–14).

1.1.1.2.2 കദീശു – ഹസ്സനാജി

ആമിനയുടെ ഉമ്മയും വാപ്പയും വളരെനല്ല ബന്ധത്തിലായിരുന്നു കഴിഞ്ഞിരുന്നത്. വീട്ടുകാര്യങ്ങളെല്ലാം നോക്കുന്നത് കദീശുവാണ്. ഭാര്യയുടെ ഇഷ്ടാനുസരണം എല്ലാ കാര്യങ്ങളും നോക്കിനടത്തിയിരുന്നു ഹസ്സനാജി. ഭാര്യയെ എല്ലാ സുഖസൗകര്യങ്ങളോടെയും പോറ്റി. ചെറിയ മകൻ അഞ്ചാം വയസ്സിൽ ടൈഫോയ്ഡ് ബാധിച്ച് മരിച്ചതോടെ കദീശുവിന് ആധിപിടിച്ച് അസുഖമാവുമ്പോൾ അവളുടെ സമാധാനത്തിനായി വലിയ വീട് വെച്ച് ആ വീട്ടിൽനിന്നും താമസം മാറി. രോഗം വരുമ്പോഴെല്ലാം അടുത്തിരുന്ന് പരിപാലിക്കുന്നതും കാണാം. എന്നാൽ പിനിപിടിച്ച് ഹസ്സനാജിക്കുമുമ്പേ കദീശുമരണപ്പെട്ടു. ഭാര്യയുടെ മരണം ഹസ്സനാജിയെ ഏറെ തളർത്തി. രണ്ട് പെൺമക്കളായിരുന്നിട്ടും അയാൾ മറ്റൊരു വിവാഹത്തിന് തയ്യാറാവുകയോ വിവാഹം കഴിക്കുകയോ ചെയ്യുന്നില്ല (1995: 38–39).

1.1.1.3 മൊഴി

1.1.1.3.1 ആയിശുമ്മ – കോയക്കുട്ടിമാഷ്

ഫാത്തിമയുടെ ഉപ്പയും ഉമ്മയും നല്ല ഭാര്യഭർത്താക്കന്മാരായിരുന്നു. വീട് ഭാര്യ, മക്കൾ ഇതായിരുന്നു കോയക്കുട്ടിമാഷുടെ ലോകം. ഭാര്യക്കും അങ്ങനെ തന്നെ. ഭർത്താവെന്ന ബിന്ദുവിനെ ചുറ്റിപ്പറ്റിയായിരുന്നു അവരുടെ ജീവിതം (1999: 66–67) മാഷുടെ ഇഷ്ടാനിഷ്ടങ്ങൾക്കും മക്കളുടെ താൽപര്യത്തിനുമനുസരിച്ചാണ് അവർ ജീവിക്കുന്നത്. പരസ്പര സഹകരണത്തോടെ സന്തോഷങ്ങളും വിഷമതകളും പങ്കുവെച്ച് ജീവിക്കുന്നതായി നോവലിൽ പരാമർശിച്ചുകാണുന്നുണ്ട് (പു. 67).

1.1.1.4 നിഴൽ

1.1.1.4.1 റാബിയ–അസൈനാരുകുഞ്ഞ്

റാബിയ–അസൈനാരുകുഞ്ഞ് ദമ്പതികളുടെ കുടുംബജീവിതകഥയാണ് ‘നിഴൽ’. പരസ്പരസ്നേഹത്തോടും ബഹുമാനത്തോടുംകൂടിയാണ് അവരുടെ ഭാര്യാഭർതൃബന്ധം മുന്നോട്ട് പോവുന്നത്. നോവലിലുടനീളം ആ ബന്ധം സുദൃഢവുമാണ്. അസൈനാരുകുഞ്ഞിന് രാവിലെ സുബ്ഹിക്ക് കണ്ണുതുറക്കുമ്പോൾ ഭാര്യയുടെ ചായ നിർബന്ധമാണ്. കുളിയും നിസ്ക്കാരവും കഴിഞ്ഞിറങ്ങുന്ന റാബിയയുടെ മുഖത്ത് ഉദയസൂര്യന്റെ തിളക്കം അസൈനാരുകുഞ്ഞിന് അനുഭവപ്പെടാറുണ്ട്. അവളെ കണികണ്ടിറങ്ങിയാൽ അന്നേദിവസം ഒന്നിനും മുട്ടില്ല എന്ന് അയാൾ വിശ്വസിച്ചു. സമ്പന്നകുടുംബത്തിലെ അംഗമായ റാബിയയെ സ്വന്തം വീട്ടിൽ രാജ്ഞിയായി വാഴിക്കാൻ തരത്തിൽ സ്വത്ത് സമ്പാദിക്കാൻ അയാൾ ആഗ്രഹിക്കുകയും അതിനായി പരിശ്രമിക്കുകയും ചെയ്യുന്നുണ്ട്. വിവാഹം ഒരു നറുക്കെടുപ്പാണെന്നാണ് റാബിയയുടെ പക്ഷം. ഭാഗ്യമുള്ളവർക്ക് നല്ല നറുക്ക് വീഴുന്നു മനപ്പൊരുത്തമാണ് മറ്റെന്തിനെക്കാളും പ്രധാനം എന്നാണ് അവർ ചിന്തിക്കുന്നത്. ഭാര്യയെ വാക്കുകൊണ്ടും പ്രവർത്തികൊണ്ടും വിഷമിപ്പിക്കാതിരിക്കാൻ അസൈനാരുകുഞ്ഞ് ശ്രമിക്കുന്നുണ്ട്. വീട്ടിൽ സ്ത്രീ ചെയ്യുന്ന ഉത്തരവാദിത്വത്തിന് എപ്പോഴും വിലകൽപ്പിക്കാൻ അയാൾ ശ്രമിക്കുന്നുണ്ട്. ഭർത്താവ് കൊണ്ടുവരുന്ന പണം എണ്ണിതിട്ടപ്പെടുത്തി സൂക്ഷിക്കുന്നതും അവരാണ് (2012 : 26).

1.1.1.4.2 സീനത്തും – അസീസും

റാബിയയുടെയും അസൈനാര് കുഞ്ഞിന്റെയും മകനും മരുമകനുമാണ് അസീസും സീനത്തും. തന്റെ സ്വപ്നങ്ങൾക്കനുസരിച്ച് കുടുംബജീവിതം നയിക്കാൻ ആഗ്രഹിക്കുന്ന സീനത്ത് വിവാഹശേഷം വീടുമാറി താമസിക്കുകയാണ് ചെയ്യുന്നത്. സീനത്തും അസീസും മാതൃകാദമ്പതികളായിത്തന്നെ ജീവിക്കുന്നതായി നോവലിൽ പരാമർശിക്കുന്നുണ്ട് (110–113).

1.1.1.4.3 റംലത്ത് – ഷാഹുൽ

നോവലിലെ തന്നിഷ്ടക്കാരിയും എടുത്തുചാട്ടക്കാരിയുമായ കഥാപാത്രമാണ് റംലത്ത്. ഷാഹുലിന്റെ ഭാര്യ. റംലത്തും ഷാഹുലും തമ്മിൽ സ്നേഹത്തോടെയാണ് ജീവിക്കാൻ ശ്രമിക്കുന്നത്. ‘നേരോം കാലോം നോക്കാതെ വായിൽ വരുന്നത് വിളിച്ചുപറയുന്ന സ്വഭാവമാണ് ഷാഹുലിനുള്ളത്. എന്നാൽ റംലത്ത് തെളിച്ച വഴിയേ നടക്കുന്ന കുഞ്ഞാടാണ് ഷാഹുൽ. എടുത്തപടി ചീത്തവിളിക്കുകയും കലികയറുമ്പോൾ തല്ലുകയും ഒക്കെ ചെയ്യുമെങ്കിലും റംലത്തിന് ഷാഹുലിനോട് മനസ്സുനിറയെ സ്നേഹമാണ്. കടിഞ്ഞാൺ എവിടെ അയയ്ക്കണം എവിടെ മുറുക്കണം എന്നൊന്നും അവളെ ആരും പഠിപ്പിക്കേണ്ട ആവശ്യമില്ല. ഭർത്താവിനെ ചൊൽപ്പടിക്ക് നിർത്താൻ കഴിവുള്ളവളും തന്റേടിയുമാണ് റംലത്ത്. ഭർത്താവിനെ പാട്ടിലാക്കി ആവശ്യങ്ങൾ ഓരോന്നായി നിറവേറ്റാൻ റംലത്തിന് സാധിക്കുന്നുണ്ട്. അവർ ഒത്തൊരുമയോടെ ജീവിക്കുന്നതായാണു നോവലിൽ ചിത്രീകരിച്ചിട്ടുള്ളത് (പു: 107).

1.1.1.5 പ്രകാശത്തിനുമേൽ പ്രകാശം

പ്രകാശത്തിനുമേൽ പ്രകാശം എന്ന നോവലിലും പൊരുത്തമുള്ള ദാമ്പത്യജീവിതം നയിക്കുന്നവരെ കാണാം.

1.1.1.5.1 റസീന–റസാഖ്

നോവലിലെ രണ്ട് പ്രധാന കഥാപാത്രങ്ങളാണ് റസീനയും റസാഖും. എല്ലാറ്റിനും ഭർത്താവിന് ഭാര്യവേണം. സ്വന്തമായിട്ടൊന്നിനും ശ്രമിക്കുകയോ എന്തെങ്കിലും ചെയ്യുകയോ ചെയ്യാത്ത ഭർത്താവാണ് റസാഖ്. എന്നാലും സ്നേഹത്തോടെ കുടുംബജീവിതം നയിക്കാൻ അവർക്ക് സാധിക്കുന്നുണ്ട്. കല്ല്യാണത്തിന്റെ ആദ്യനാളുകളിൽ ഏറെ ബഹളക്കാരനായിരുന്ന റസാഖിന്റെ പ്രവർത്തികൾ റസീന പിന്നീട് ആസ്വദിച്ച് തുടങ്ങുകയായിരുന്നു. റസാഖിന്റെ അൽപനേരത്തെ മൗനംപോലും പിന്നീട് റസീനക്ക് അസ്വസ്ഥതയാണ് ഉളവാക്കുന്നത്. റസാഖാവട്ടെ ഭാര്യയുടെ ഓരോ ആവശ്യങ്ങളും കണ്ടറിഞ്ഞ് നിറവേറ്റിക്കൊടുക്കാനും ശ്രമിച്ചുകൊണ്ടേ ഇരുന്നു. പരസ്പരസഹവർത്തിത്വത്തോടെയുള്ള ഭാര്യഭർതൃബന്ധമാണ് ഇവർക്കിടയിൽ കാണാൻ കഴിയുന്നത് (2012: 50–51).

1.1.1.5.2 റുബീന–റയീസ്

നോവലിലെ മറ്റ് കഥാപാത്രങ്ങളാണ് റുബീനയും റയീസും. പുതിയ തലമുറയിലെ ഏറ്റവും ഇളയ ദമ്പതികൾ. ഇഷ്ടാനുസരണം ജീവിക്കാൻ ആഗ്രഹിക്കുന്നവരാണ് രണ്ടുപേരും. അവർക്ക് ജീവിതത്തിൽ അവരവരുടെതായ താൽപര്യങ്ങൾ ഉണ്ട്. രണ്ടുപേരും പരസ്പരം അതിനുവേണ്ടി കലഹിക്കാനോ പരിഭവിക്കാനോ നിൽക്കുന്നില്ല. പരസ്പരം മനസ്സിലാക്കി ജീവിതം മുന്നോട്ട് കൊണ്ടുപോവുന്നുണ്ട്. റയീസിന്റെ വീട്ടിലെ ചിട്ടകളോട് പൊരുത്തപ്പെടാൻ റുബീനയ്ക്ക് വലിയ പ്രയാസമായിരുന്നു. സ്വന്തം വീട്ടിൽ അടുക്കും ചിട്ടയുമില്ലാതെ വളർന്നവർ. ഭർത്താവിന്റെ വീട്ടിലാണെങ്കിൽ എല്ലാറ്റിനും സമയം നോക്കിയുള്ള ചിട്ടവട്ടങ്ങളായിരുന്നു എന്നാലും പരസ്പരം മനസ്സിലാക്കി അവർ ഒത്തൊരുമയോടെ ജീവിക്കുന്നു (2012: 133).

1.1.1.5.3 സത്താർ–സമീറ

സത്താറും സമീറയും ഉയർന്ന വിദ്യാഭ്യാസമുള്ളവരും വിദേശത്ത് ജോലിചെയ്തു ജീവിക്കുന്നവരുമാണ്. ഭർത്താവിന്റെ ഇഷ്ടങ്ങൾക്ക് എതിർവാക്കില്ല സമീറയ്ക്ക്. എഞ്ചിനീയറിങ്ങ് പാസ്സായവളാണ് സമീറയും. പരസ്പരം മനസ്സിലാക്കി കുടുംബജീവിതത്തിലും ധാരണയോടെ സഹകരിച്ച് ജീവിക്കുന്നു. മക്കൾക്കുവേണ്ടി ജോലി വേണ്ടെന്ന് വെച്ച് ജീവിക്കുകയാണ് സമീറ. ഭാര്യ ഭർത്താവിനും ഇടയിൽ രഹസ്യങ്ങൾ ഒന്നുംതന്നെ ഇല്ല (പു. 157–63).

1.1.1.5.4 റോഷിന–റഫീഖ്

റോഷിനയും റഫീഖും തിരക്കുപിടിച്ച ജീവിതത്തിനിടയിലും പരസ്പരം മനസ്സിലാക്കി ജീവിക്കാൻ ശ്രമിക്കുന്നവരാണ്. എന്നാൽ കുട്ടികളെ പ്രസവിച്ച് അതിനായി ജോലി ഉപേക്ഷിച്ച് സാധാരണ വീട്ടമ്മയായി ജീവിക്കാൻ റോഷിന ഇഷ്ടപ്പെടുന്നില്ല. തന്റെ കരിയർ അവൾക്ക് മുഖ്യമാണ്. 'റഫീഖിന്റെ ആഗ്രഹംപോലെ അയാളുടെ കുട്ടികളെ പ്രസവിച്ച് നല്ലൊരു വീട്ടമ്മയെന്ന ലേബലിനുവേണ്ടി ഇപ്പോൾ മനസ്സ് ഒരുങ്ങിയിട്ടില്ല. കുട്ടികൾ വേണ്ടന്നല്ല, ആലോചിച്ച് സാവകാശം പോരെ? എന്ന പ്രതികരണം ഭർത്താവായ റഫീഖിന് അസ്വസ്ഥയും അമ്പരപ്പും ഉളവാക്കിയതായി നോവലിൽ പരാമർശിക്കുന്നുണ്ട് (2012: 173). എങ്കിലും പരമാവധി വീട്ടുവീഴ്ച്ചാമനോഭാവത്തോടെ അവർ ജീവിതം മുന്നോട്ട് കൊണ്ടുപോവുന്നതായി കാണാം. മാത്രമല്ല, അവരുടെ വിവാഹവും അവരാണ് തീരുമാനിക്കുന്നത്. ഫേസ്ബുക്കിലൂടെ പരിചയപ്പെട്ട ബന്ധം പിന്നീട് വിവാഹത്തിലേക്ക് എത്തുകയാണ് ചെയ്യുന്നത്.

1.1.1.5.5 റുക്സാന – ഷിഹാബ്

രണ്ട് ദേശത്ത് ജീവിച്ച് രണ്ട് സംസ്ക്കാരത്തോടൊപ്പം വളർന്നവരാണ് റുക്സാനയും ഷിഹാബും. പരസ്പരം അറിഞ്ഞ് ഇഷ്ടപ്പെട്ട് മനസ്സിലാക്കിയാണ് അവര് ജീവിതത്തിലേക്ക് പ്രവേശിക്കുന്നത്. ഭാഷയിലും വേഷത്തിലുമൊന്നുമല്ല കാര്യം മനപ്പൊരുത്തമുണ്ടാകണം എന്നവർ വിശ്വസിച്ചു (2012: 270). മനസ്സുകൊണ്ട് യോജിച്ച് ഒന്നായി അവർ ജീവിതത്തിലേക്ക് പ്രവേശിക്കുകയാണ്.

1.1.1.5.6 സാറ – അബ്ദുള്ള

അവിചാരിതമായി അബ്ദുള്ളയ്ക്ക് ക്രിസ്ത്യാനിയായ സാറയെ പരിചയപ്പെടേണ്ടിവരികയാണ്. ആ ബന്ധം വിവാഹത്തിലേക്കെത്തിച്ചേരുന്നു. അന്യമതക്കാരിയാണെങ്കിലും ഒന്നിനും ഭാര്യയെ നിർബന്ധിക്കുന്ന പ്രകൃതക്കാരനല്ല അബ്ദുള്ള സാറ സ്വന്തം ഇഷ്ടപ്രകാരം മതംമാറി അബ്ദുള്ളക്കൊപ്പം സന്തോഷത്തോടെ ജീവിക്കുന്നതായി കാണാം. സാറയ്ക്ക് അബ്ദുള്ള ഭർത്താവും തന്റെ രക്ഷകനുമായിരുന്നുവെന്ന് നോവലിൽ പ്രതിപാദിക്കുന്നുണ്ട് (2012: 173–76).

1.1.2 ചെറുകഥകളിൽ

1.1.2.1 നരകവാതിലുകൾ

1.1.2.1.1 സാബിറ – ഹുസൈൻകുട്ടി

സാബിറ എന്ന മാനസികരോഗിയായ പെൺകുട്ടിയുടെ കഥയാണ് നരകവാതിലുകൾ. ഉപ്പയ്ക്കും ഉമ്മയ്ക്കും ഒറ്റമോളാണ് സാബിറ. ഹുസൈൻകുട്ടിയുടെ ഭാര്യയാവുന്നതോടെ മകളുടെ മാനസിക പ്രയാസങ്ങൾ സുഖപ്പെടുമെന്ന് വിശ്വസിച്ച മാതാപിതാക്കൾക്ക് തെറ്റുപറ്റുന്നു. സ്വപ്നങ്ങളോടെ ആദ്യരാത്രി കിടപ്പറയിലേക്ക് കടന്നുചെന്ന ഹുസൈന് ഭാര്യയിൽനിന്നും നല്ല പ്രതികരണമല്ല ലഭിക്കുന്നത്. എന്നാലും ഹുസൈൻകുട്ടിക്ക് സാബിറയോടും സാബിറയ്ക്ക് ഹുസൈൻകുട്ടിയോടും ഇഷ്ടമാണ്. രണ്ടുപേർക്കും പരസ്പരം പിരിയാൻ ഇഷ്ടമില്ല. എന്നാൽ അവളുടെ രോഗത്തിനുമുമ്പിൽ രണ്ടുപേരും നിസ്സഹായരാവുകയാണ്. അവളെ ആ

ശുപത്രിയിൽപോയി കാണാനും സമാശ്വസിപ്പിക്കാനും അയാൾ ശ്രമിക്കുന്നുണ്ട്. വീട്ടുകാരുടെ നിർബന്ധത്തിനുവഴങ്ങി അയാൾക്ക് അവളെ മൊഴി ചൊല്ലേണ്ടിവരികയാണ്.

'മൂപ്പരിക്ക് ഇന്നോടിഷ്ടക്കേടൊന്നുമില്ല അല്ലേമ്മാ? ഓര് ഇന്നെവിട്ട് എങ്ങട്ടും പോവൂലാ.....?' എന്ന് സാബിറ പറയുമ്പോൾ ഏറെ വിഷമത്തോടെ ലക്ഷ്യം തെറ്റിയ അമ്പു കണക്കെ എങ്ങോട്ടോ പാഞ്ഞുപോവുകയാണ് ഹുസൈൻകുട്ടി (2014 : 118).

1.1.2.2 അദൃശ്യങ്ങളെ അറിയുന്നവൻ

ഉമ്മയില്ലാതെ വളർന്ന കുട്ടിയായതിനാൽ പേരമകളെ പെൺകുട്ടികളില്ലാത്ത വീട്ടിലേക്ക് കല്ല്യാണം കഴിപ്പിച്ചയക്കുകയാണ് വല്ല്യുപ്പ ചെയ്യുന്നത് (ഉമ്മയുടെ ഉപ്പ). തന്റെ മകളെ സ്വന്തം മകളായി കരുതി നോക്കണമെന്ന് പറഞ്ഞ് ഭർത്താവിനെയും കുടുംബത്തെയും ഏൽപ്പിക്കുകയാണ് അയാൾ. അതുകൊണ്ടുതന്നെ ഭാര്യയെ എല്ലാനിലക്കും മനസ്സറിഞ്ഞ് സ്നേഹിക്കാനും പരിഗണനകൾ നൽകി കൂടെച്ചേർക്കാനും അയാൾ ശ്രമിക്കുന്നുണ്ട്. രണ്ടുപേരും പരസ്പര ഇഷ്ടത്തോടും കരുതലോടും കൂടിയാണ് കുടുംബത്തിൽ കഴിയുന്നത് (പു: 166).

1.1.2.3 പാവം അതൃമാൻകുട്ടി

1.1.2.3.1 കുഞ്ഞിബീവി – അതൃമാൻകുട്ടി

കാലഘട്ടം മോശമായതുകൊണ്ട് ഭാര്യയെയും മക്കളെയും കരുതലോടെ സംരക്ഷിക്കുന്ന ഭർത്താവാണ് പാവം അതൃമാൻകുട്ടി എന്ന കഥയിലുള്ളത്. രാത്രിയും പകലുമെന്നില്ലാതെ തന്റെ കുടുംബത്തിന് തണലൊരുക്കാൻ അയാൾ ശ്രമിച്ചുകൊണ്ടേ ഇരിക്കുന്നു (പു: 241).

1.1.3 അനുഭവക്കുറിപ്പുകൾ

അനുഭവക്കുറിപ്പുകളിൽ ഭാര്യാഭർതൃബന്ധ ചിത്രീകരണം ഇല്ല.

1.1.4 ലേഖനസമാഹാരത്തിൽ

ലേഖനസമാഹാരത്തിലും ഭാര്യാഭർതൃബന്ധ ചിത്രീകരണം ഇല്ല.

1.1.2 സംഘർഷഭരിതമായ ഭാര്യാഭർതൃബന്ധങ്ങൾ

ബി.എം.സുഹറയുടെ കൃതികളിലെ സംഘർഷഭരിതമായ ഭാര്യാഭർതൃബന്ധങ്ങളാണ് ഇവിടെ പരിശോധിക്കുന്നത്.

1.1.2.1 നോവലുകളിൽ

1.1.2.1.1 കിനാവ്

1.1.2.1.1.1 ബീപാത്തുഹജ്ജുമ്മ – ആലിക്കുട്ടി ഹാജി

പത്ത് കുട്ടികളുടെ ഉമ്മയായ ബീപാത്തു ഹജ്ജുമ്മയുടെ ജീവിത സുഖദുഃഖങ്ങളാണ് ബി.എം. സുഹറയുടെ ആദ്യനോവലായ കിനാവിലെ പ്രമേയം. രണ്ട് സ്ത്രീകഥാപാത്രങ്ങളാണ് പ്രധാനമായും ഉള്ളത്. രണ്ടുപേരും വ്യത്യസ്ത തലമുറകളിൽപ്പെട്ടവർ തലമുറകൾ തമ്മിലുള്ള വ്യത്യാസം അവർക്കിടയിൽ ഉണ്ട്. ഉള്ളൂർക്കര ഗ്രാമത്തെ മുഴുവൻ വിറപ്പിച്ച ആളാണു ബീപാത്തുവിന്റെ ബാപ്പ സൈതൂട്ടിഹാജി. ഭർത്താവ് ആലിക്കുട്ടി ഹാജി. രണ്ടുപേരുടേയും കൂട്ടുകാർ അവർക്കിടയിൽ ശത്രുതയുണ്ടാക്കി. ഫലം അനുഭവിച്ചത് ബീപാത്തു ഹജ്ജുമ്മയായിരുന്നു. പിടിവാശിക്കുമുമ്പിൽ താഴ്ന്നുകൊടുക്കാൻ തയ്യാറാവാത്ത ആളാണു ഭർത്താവ്. സ്നേഹബന്ധങ്ങൾക്കു വിലകൽപിച്ചിരുന്ന അവർക്ക് ആരുടെ പക്ഷത്തുനിൽക്കാനും സാധിക്കാതെ പ്രശ്നങ്ങൾക്കിടയിൽകിടന്ന് വീർപ്പുമുട്ടേണ്ടിവന്നു. ജീവിതത്തിന്റെ പാതിവഴിയിൽ മാനസികപ്രയാസങ്ങൾ അവരെ നിത്യരോഗിയാക്കി മാറ്റി.

'ഓക്ക് ബാപ്പയും ആങ്ങളയുമല്ലേ എന്നേക്കാൾ വലുത്. ഓല്തന്നെ അവളെ പോറ്റട്ടെ! 'ബീപാത്തുവിന്റെ തോരാത്ത കണ്ണീരിന് ഈ വാക്കുകൾ മാറ്റാൻ ഒരിക്കലും സാധിച്ചില്ല. ആലിക്കുട്ടിഹാജി മരിക്കുന്നതുവരെ സാഹസികനും തന്റേടിയുമായി തന്നെ ജീവിച്ചു (1990: 41). ഭർത്താവ് ആലിക്കുട്ടി ഹാജിയുടെ തൻപോരിമകൊണ്ട് ബിപാത്തു ഹജ്ജുമ്മയ്ക്ക് ഒരുപാട് കഷ്ടപ്പെടേണ്ടിവന്നു. അവശനായിരുന്നെങ്കിലും 'ശുജായിത്തര'ത്തിന് കുറവുണ്ടായിരുന്നില്ല. ഭാര്യ പറയുന്നത് കേട്ടുനടക്കരുത്, അത് ആണത്തമില്ലായ്മയാണ് എന്നയാൾ വിശ്വസിച്ചു (1990: 72). ഭാര്യ പറയുന്നതിനെതിരു ചെയ്യണം എന്നായിരുന്നു മൂപ്പരുടെ സിദ്ധാന്തം. ഭാര്യ പറയുന്നത് കേട്ട് നടക്കുന്നതുകൊണ്ട് ചിലർക്കുണ്ടായ ദുരനുഭവങ്ങൾ ഉദാഹരണസഹിതം വിവരിക്കാനും അദ്ദേഹം മടിച്ചില്ല (1990: 72). എന്നാൽ ഭാര്യപറഞ്ഞത് കേട്ടിരുന്നുവെങ്കിൽ ദുരിതങ്ങൾ ഉണ്ടാവുമായിരുന്നില്ല എന്ന് പറയാൻ തോന്നാറുണ്ടെങ്കിലും പേടിച്ചിട്ട് പറയാറില്ല. പുരുഷന്റെ അധീനതയിൽമാത്രം ജീവിക്കേണ്ടവളാണുസ്ത്രീ എന്ന് അയാൾ വിശ്വസിച്ചു. സ്വന്തം ഭാര്യയെ മനസ്സിലാക്കാനോ അവരുടെ സ്നേഹം തിരിച്ചറിയാനോ അയാൾക്ക് സാധിക്കുന്നില്ല. അവസാനസമയത്ത് ഭാര്യമാത്രമാണ് അയാൾക്ക് കൂട്ടായിട്ടുണ്ടാവുന്നത്.

1.1.2.1.1.2 കരീം – ശാഹിദ

ബീപാത്തു ഹജ്ജുമ്മയുടെയും ആലിക്കുട്ടി ഹാജിയുടെയും മൂത്തമകൻ കരീമും ശാഹിദയും തമ്മിൽ ഇണക്കമുള്ള ദാമ്പത്യജീവിതമല്ല നയിച്ചിരുന്നത്. സമ്പന്ന തറവാട്ടിലെ ഒറ്റമോളായി പിറന്നതിനാൽ ആരെയും കൂസാതെയുള്ള പെരുമാറ്റവും പ്രകൃതവുമായിരുന്നു അവൾക്ക്. കരീമിനെ വരച്ചവരയിൽ നിർത്തുകയും കല്ല്യാണത്തോടെ വീട് മാറി പട്ടണത്തിലേക്ക് താമസം മാറ്റുകയും ചെയ്യുന്നുണ്ട്. കരീമിന്റെ വീട്ടുകാരോട് അവൾക്കു പുച്ഛമായിരുന്നു. ആദ്യമാദ്യം ഭാര്യയുടെ താളത്തിനൊത്തു തുള്ളിയ കരീമിന് പിന്നീട് അതിൽനിന്നും

മുക്തനാവാൻ സാധിച്ചില്ല. ഭാര്യയുടെ ആഗ്രഹത്തിനൊത്തു തുള്ളുന്ന വ്യക്തിയായി കരീം മാറുകയാണ്. കരീം അസുഖബാധിതനായിരിക്കുമ്പോൾപ്പോലും ഭാര്യയ്ക്കു ശുശ്രൂഷിക്കാൻ സമയമില്ല എന്നു കാണാം (1990: 76, 82), സംസ്ക്കാരമില്ലാത്ത നാട്ടിൽ പുറത്തുകാരാണ് കരീമിന്റെ വീട്ടുകാർ എന്നാണ് ശാഹിദയുടെ പക്ഷം. കുടുംബമായും കരീമുമായും ഒരു ഘട്ടത്തിലും ഒരുമിച്ചുപോവാൻ ശാഹിദയ്ക്കു കഴിയുന്നില്ല.

1.1.2.1.2 ഇരുട്ട്

1.1.2.1.2.1 ആമിന – ജമാൽ

ഭർത്താവിന്റെ ദുസ്സ്വഭാവത്തിൽ മനംനൊന്ത് ജീവിതം ഇരുട്ടിലായിത്തീരുന്ന ആമിനയുടെ കഥയാണ് ഇരുട്ട്. പരസ്ത്രീബന്ധവും ലഹരിയുടെ ഉപയോഗവും മൂലം ഭാര്യയിൽനിന്നും അകലുന്ന ജമാലിനെ ആമിന ജീവിതത്തിലേക്ക് കൊണ്ടുവരാൻ പല തരത്തിൽ ശ്രമങ്ങൾ നടത്തുന്നുവെങ്കിലും അയാൾക്കു മാറാൻ സാധിക്കുന്നില്ല. വളരെ പരുഷമായ തരത്തിലാണ് ജമാൽ ആമിനയോടു പെരുമാറുന്നത്. വിവാഹത്തിന്റെ ആദ്യനാളുകളിൽ യാത്രകളും അവളോടൊന്നിച്ചുള്ള സല്ലാപവേളകളും ഇഷ്ടപ്പെട്ടിരുന്ന ഭർത്താവിനു ക്രമേണ യാത്രകളോ അവളോടൊന്നിച്ചു സല്ലാപവേളകളോ ഇഷ്ടമില്ലാതായിത്തീരുന്നു (1995:43) അവളെ ഒറ്റപ്പെടുത്തുകയും കുറ്റപ്പെടുത്തുകയുമാണ് ചെയ്യുന്നത്. അവളെയൊന്നു കേൾക്കാനോ മനസ്സിലാക്കാനോ അയാൾ ശ്രമിക്കുന്നേയില്ല. ലഹരിക്കടിമപ്പെട്ട് ദുർനടപ്പിലൂടെ ജീവിതം നയിക്കുന്ന ഭർത്താവ്. യാതനയും ഒറ്റപ്പെടലും സഹിക്കവയ്യാതെ വീടുവിട്ടിറങ്ങുകയാണ് അവൾ. ഒരിക്കൽപ്പോലും ഭാര്യയുടെ മനസ്സ് കാണാൻ അയാൾക്ക് കഴിയുന്നില്ല.



1.1.2.1.2.2 സഫിയ – കരീം

ആമിനയുടെ ഇത്താത്തയായ സഫിയയുടെയും കരീമിന്റെയും ദാമ്പത്യബന്ധം അത്ര സുഖകരമല്ല. പണത്തിന് ആവശ്യം വരുമ്പോഴെല്ലാം അയാൾ ഭാര്യയെ വീട്ടിലേക്കയക്കും. അനിയത്തിയുടെ കല്ല്യാണത്തിന് സഫിയക്ക് കൊടുത്തതിലേറെ പൊന്ന് നൽകിയെന്നു പറഞ്ഞ് കരീം ലഹളകൂട്ടുകയും അവൾക്കുള്ളത്ര വാങ്ങിവരാൻ ആവശ്യപ്പെടുകയും ചെയ്യുന്നു (1995:41). സദാ അയാൾ അവളെ കുറ്റപ്പെടുത്തിക്കൊണ്ടേ ഇരിക്കും. ഭാര്യവീട്ടിലെ സമ്പത്തിൽ മാത്രമായിരുന്നു അയാൾക്കു താൽപര്യം. അതുകൊണ്ടുതന്നെ ആ ബന്ധം സംഘർഷഭരിതമായിരുന്നു.

1.1.2.1.3. മൊഴി

1.1.2.1.3.1 ഫാത്തിമ – അബ്ദുള്ള

മൊഴിയെന്ന നോവലിലും പൊരുത്തക്കേടോടുകൂടിയ ഭാര്യാഭർതൃ ബന്ധമാണുള്ളത്. തിരക്കുപിടിച്ച ഭർത്താവിനെ ജീവിതത്തിനിടയിൽ ഒറ്റപ്പെട്ടുപോവുകയാണ് ഫാത്തിമ. ഭർത്താവിനോടൊപ്പം വിദേശത്തു താമസിക്കുന്ന ഫാത്തിമ തീർത്തും വീട്ടിൽ ഒറ്റപ്പെട്ടുപോവുകയാണ്. പണം സമ്പാദിക്കാനും ജോലിയിൽ കയറ്റം ലഭിക്കാനുമുള്ള തത്രപ്പാടിനിടയിൽ ഭാര്യയെ ശ്രദ്ധിക്കാൻ കഴിയാതെ വരുന്നുണ്ടെങ്കിലും ഫാത്തിമ ഒതുക്കമുള്ള ഭാര്യയായി ജീവിക്കുകയാണ് ചെയ്യുന്നത്. ഭർത്താവിന്റെ ഇഷ്ടാനുസരണം സ്വന്തം ജീവിതരീതികളും ശൈലികളും മാറ്റാൻ അവൾ നിർബന്ധിതയാവുന്നു. അവളുടെ ഇഷ്ടാനിഷ്ടങ്ങൾക്ക് അവിടെ പ്രാധാന്യമില്ല. കൂട്ടുകാരനാൽ തെറ്റിദ്ധരിക്കപ്പെട്ട് ഭർത്താവിൽനിന്നും മൊഴിചൊല്ലിവേർപിരിയുകയാണ് ഫാത്തിമ. ആബന്ധം നിലനിർത്താൻ വളരെയേറെ ആന്തരികസംഘർഷം സഹിച്ച് ഒറ്റപ്പെട്ടുപോയ സ്ത്രീയാണ് ഫാത്തിമ.

1.1.2.1.3.2 ഫാത്തിമ – ഷറഫ്

ആദ്യഭർത്താവിൽനിന്നും വിവാഹമോചിതയായ ഫാത്തിമക്കു ചതിയനായ ഷറഫിനെ ഭർത്താവായി സ്വീകരിക്കേണ്ടിവരികയാണ്. അവളുടെ ശരീരത്തോടുമാത്രമായിരുന്നു അയാൾക്ക് ഭ്രമം. അത് കഴിയുന്നതോടെ ഷറഫും അവളെ കുറ്റപ്പെടുത്തുകയും ഒറ്റപ്പെടുത്തുകയുമാണ് ചെയ്യുന്നത്. ഒടുക്കം ബന്ധം വേർപെടുത്തുന്ന അവസ്ഥയിലെത്തുന്നു. തന്റെ ശാരീരിക സുഖത്തിനുള്ള ഉപാധി മാത്രമായിട്ടാണ് അയാൾ ഭാര്യയെ കണ്ടിരുന്നത്. ആ ബന്ധത്തിലും അവൾക്കു സ്വസ്ഥയും സുരക്ഷിതയുമാകാൻ കഴിയുന്നില്ല.

1.1.2.1.4 നിലാവ്

1.1.2.1.4.1 നസീമ – അബ്ദുൽഖാദർ

വളരെ ചെറുപ്പത്തിലെ വിവാഹിതയായി ഭർതൃവീട്ടിൽ എത്തിച്ചേരുന്ന നസീമ എന്ന നെച്ചുവിന് ഭർത്താവിന്റെ ഉമ്മയിൽനിന്നും സ്നേഹവും പരിഗണനയും വേണ്ടുവോളം ലഭിക്കുന്നുണ്ട്. എന്നാൽ ഭർത്താവിന്റെ ഉമ്മയുടെ മരണശേഷം തന്റെ ഇഷ്ടാനിഷ്ടങ്ങൾ മാറ്റിവെച്ച് ഭർത്താവിന്റെ ഇഷ്ടത്തിനനുസരിച്ച് ജീവിക്കേണ്ടിവരികയാണ്‌വൾക്ക്. നസീമ നച്ചുവായി ജീവിക്കാൻ ആഗ്രഹിച്ചുവെങ്കിലും ഭർത്താവിന് വഴിപ്പെട്ടവളായി നസീമയായിക്കൊണ്ട് ജീവിക്കാൻ അവൾ നിർബന്ധിതയായി. (2007:14)

ആഗ്രഹിക്കുന്ന പരിഗണനയോ പരിലാളനകളോ ഭർത്താവിൽനിന്നു ലഭിക്കാത്ത നസീമ മാനസികമായി സംഘർഷത്തിലും നിരാശയിലുമാണ്.

1.1.2.1.5 ആകാശഭൂമികളുടെ താക്കോൽ

1.1.2.1.5.1 ഐഷാത്ത – ഹുസൈൻഹാജി

ഹുസ്സൈനാജിയുടെ ആദ്യഭാര്യയാണ് ഐഷാത്ത. സമ്പന്നകുടുംബാംഗമായതുകൊണ്ടുതന്നെ ഭാര്യയെ മൊഴിചൊല്ലാൻ ഭയപ്പെടുകയാണ് അയാൾ. ഏകമകന്റെ മരണവും ഭർത്താവിന്റെ ദുർനടപ്പും ഐഷാത്തയെ രോഗിയാക്കി മാറ്റുന്നു. കുടുംബത്തിൽ അവൾ തീർത്തും ഒറ്റപ്പെട്ടുപോകുന്നു. ഭാര്യയൊടൊപ്പം നിൽക്കാൻ ഇഷ്ടപ്പെടാതെ അയാൾ മറ്റൊരു വിവാഹം കഴിക്കുകയാണ് ചെയ്യുന്നത്. അവളുടെ സമ്മതമോ ഇഷ്ടമോ അയാൾ ചോദിക്കുന്നില്ല. രണ്ടാമതും മൂന്നാമതും വിവാഹം കഴിക്കുന്നു. ഐഷാത്ത എന്ന സ്ത്രീ ഭർത്താവുള്ളപ്പോൾത്തന്നെ മാനസികവും വൈകാരികവുമായി അനാഥയും അരക്ഷിതയുമാകുന്നു.

1.1.2.1.5.2 നൂർജഹാൻ – ഹുസൈൻ ഹാജി

ആദ്യഭാര്യയായ ഐഷയുടെ സമ്മതം കൂടാതെയാണ് ഹുസൈൻഹാജി മകളാവാൻ മാത്രം പ്രായമുള്ള നൂർജഹാനെ വിവാഹം കഴിക്കുന്നത്. ആദ്യഭാര്യ രോഗി ആയിത്തീർന്നപ്പോൾ തന്റെ ആഗ്രഹപൂർത്തീകരണത്തിനുവേണ്ടി മാത്രം അയാൾ നൂർജഹാനെ വിവാഹം കഴിക്കുന്നു. ശരീരത്തിനോടുള്ള ഭ്രമം മാത്രമാണ് അവളെ വിവാഹം കഴിക്കാൻ അയാളെ പ്രേരിപ്പിക്കുന്നത്. നൂറുവിന് ഭർത്താവെന്ന നിലയിൽ അയാളെ അംഗീകരിക്കാൻ കഴിഞ്ഞിരുന്നില്ല. അയാൾ അടുത്ത് വരുമ്പോൾ പാവ കണക്കേ മരവിച്ചു നിൽക്കാൻ മാത്രമായിരുന്നു നൂറുവിന് സാധിച്ചിരുന്നത് (2011–41). ചെറുത്തുനില്പുകളില്ലാതെ സാമുദായികാചാരങ്ങൾക്ക് ഇരയാക്കപ്പെട്ട ജീവിതംതന്നെയായിരുന്നു നൂറുവിന്റേതും.

1.1.2.1.5.3 റംലത്ത് – ഹുസൈൻ ഹാജി

ആദ്യഭാര്യയും രണ്ടാംഭാര്യയും കിടപ്പിലാവുന്നതോടെ സ്വന്തം പരിചരണത്തിനായി തന്റെ ബംഗ്ലാവ് ജോലിക്കാരിയായ റംലത്തിനെ അയാൾ വിവാഹം കഴിക്കുന്നു. കാമം ശമിപ്പിക്കാൻ വേണ്ടി മാത്രമാണ് അയാൾ റംലത്തിനെ വിവാഹം കഴിക്കുന്നത്. റംലത്താവട്ടെ തന്റെ പ്രാരാബ്ധങ്ങൾക്ക് അറുതിവരുത്താനാണ് ഹുസൈൻഹാജിയുടെ ഭാര്യയാവുന്നത്. നയത്തിൽ അവൾ തന്റെ ആവശ്യങ്ങൾ നേടിയെടുക്കുന്നുമുണ്ട്. ഭാര്യാഭർതൃബന്ധം എന്നതിലുപരി പരസ്പരം ആവശ്യപൂർത്തീകരണത്തിനുള്ള ഒരു സാങ്കേതിക ഉടമ്പടി മാത്രമായിരുന്നു അവരുടെ ദാമ്പത്യം.

ഹുസൈൻഹാജിയ്ക്ക് ഭാര്യമാർ മൂന്ന്പേരും അയാളുടെ ആജ്ഞാനുവർത്തികൾ മാത്രമാണ്. ഇഷ്ടാനിഷ്ടങ്ങൾക്ക് വിപരീതമായി സംസാരിക്കുകയോ പ്രവർത്തിക്കുകയോ ചെയ്താൽ സമ്പത്തും അധികാരവും സ്വാധീനവും ഉപയോഗിച്ച് അവരെ അടിച്ചമർത്തുകയാണ് അയാൾ ചെയ്യുക.

1.1.2.1.6 നിഴൽ

1.1.2.1.6.1 മുംതാസ് – ഷഹീദ്

അസൈനാരുകുഞ്ഞിന്റെയും റാബിയയുടെയും ഒറ്റ മകളാണ് മുംതാസ്. ആവശ്യത്തിൽക്കൂടുതൽ സ്വർണ്ണവും പണവും നൽകിയാണ് മകളെ ഭർതൃവീട്ടിലേക്കയച്ചതെങ്കിലും ഭർത്താവിൽനിന്നും ഭർതൃവീട്ടുകാരിൽനിന്നും അവൾക്ക് സ്നേഹമോ പരിഗണനയോ ലഭിക്കുന്നില്ല. പകൽമുഴുവൻ വീട്ടുജോലി ചെയ്യാനുള്ള ഉപകരണമാണ് മുംതാസ്. ഭാര്യവീട്ടിൽനിന്നും പണവും സ്വത്തും കൈക്കലാക്കാൻ ഭർത്താവും വീട്ടുകാരും അവളെ ഉപയോഗിക്കുന്നു. കുത്തുവാക്കുകളും അവഗണനയും സഹിച്ചു ജീവിതം തള്ളിനീക്കുകയാണ് മുംതാസ്.

1.1.2.1.6.2 നദീറ – മജീദ്

നദീറയും മജീദും പൊരുത്തമുള്ള ദമ്പതിമാരായിരുന്നില്ല. നദീറയുടെ ഇഷ്ടപ്രകാരമോ സമ്മതപ്രകാരമോ അല്ലാതെ നടന്ന വിവാഹമായതുകൊണ്ടുതന്നെ ഇഷ്ടക്കേടുകൾ അവൾ വാക്കിലൂടെയും പ്രവർത്തിയിലൂടെയും ഭർത്താവിനെ അറിയിച്ചുകൊണ്ടേ ഇരുന്നു. മജീദിനാവട്ടെ രാത്രി അനുഭവിക്കാനുള്ള ഒരു സ്വകാര്യ സ്വത്തായിരുന്നു ഭാര്യ. പകൽ വീട്ടുകാരും നോക്കാനുള്ള യന്ത്രവും (2012: 54) മാനസികമായി ഏറെ ദൂരമുള്ള ബന്ധമായിരുന്നു അവർക്കിടയിൽ. നദീറയെ തന്റെ ഇഷ്ടാനിഷ്ടങ്ങൾ സാധിപ്പിച്ചെടുക്കാനുള്ള ഉപാധിയായിട്ടാണ് മജീദ് കാണുന്നത്. അവളുടെ മാനസികവും ശാരീരികവുമായ ഇഷ്ടാനിഷ്ടങ്ങൾ കാണാൻ അയാൾക്കു കഴിയുന്നില്ല. അയാളതിനു ശ്രമിക്കുന്നുമില്ല. ഒരു ഘട്ടത്തിൽ നിരപരാധിയായ നദീറയെ വീട്ടിൽനിന്നും ഇറക്കിവിടുകവരെ ചെയ്യുന്നുണ്ട് മജീദ്. ഒരു വ്യക്തി എന്ന നിലയിൽ തന്റെ നിരപരാധിത്യം ബോധ്യപ്പെടുത്താനുള്ള അവസരം പോലും അയാൾ അവൾക്കുനൽകുന്നില്ല (പു:180,185).

1.1.2.1.7 പ്രകാശത്തിനുമേൽ പ്രകാശം

1.1.2.1.7.1 സാബിറ – ഹബീബ്

വിവാഹബന്ധം വേർപ്പെടുത്താതെ വേർപിരിഞ്ഞ് കഴിയുന്നവരാണ് സാബിറയും ഹബീബും. ഭർത്താവിന്റെ ഉമ്മയുടെ നിലപാടുകൊണ്ടാണു രണ്ടുപേർക്കും വേർപിരിയേണ്ടിവരുന്നത്. സാബിറ ഒറ്റയ്ക്ക് ജീവിച്ച് കാണിക്കാൻ ശ്രമിക്കുന്നു. ഹബീബിന്റെ ഓർമ്മകളുമായി ഏകാന്തവാസത്തിൽ സന്തോഷവതിയാണെന്ന് മറ്റുള്ളവരെ അറിയിച്ചുകൊണ്ടു ജീവിതം തീർക്കാനാണ് ശ്രമിക്കുന്നത്. പെണ്ണിനു ജീവിക്കാൻ ആൺതുണ നിർബന്ധമില്ലെന്നു സമൂഹത്തെ ബോധ്യപ്പെടുത്താൻ ശ്രമിക്കുമ്പോഴും അകംനീറിപ്പുകയുന്നതായി സാബിറ നോവലിൽ പരാമർശിക്കുന്നുണ്ട് (2012:28).

1.1.2.1.7.2 സുലൈഖ – ഖാദർ

പെൻഷൻ പറ്റി വീട്ടിലിരിക്കുന്ന ഖാദറും സുലൈഖയും വീട്ടിൽ ഏകാന്തത അനുഭവിക്കുന്നു. ഒന്നിനും ഒരു കുറവുമില്ലെങ്കിലും സുലൈഖ ആവശ്യമുള്ളതിനും ഇല്ലാത്തതിനും ഭർത്താവുമായി കലഹിച്ചുകൊണ്ടിരിക്കും. നിസ്സാരകാര്യങ്ങൾക്കുപോലും പ്രശ്നങ്ങളുണ്ടാക്കിക്കൊണ്ടിരുന്ന സുലൈഖയുടെയും ഖാദറിന്റെയും ദാമ്പത്യബന്ധം സുഖകരമായിരുന്നില്ല. ഖാദറിന്റെ സഹകരണം കൊണ്ടു മാത്രമാണ് അവർ ഭാര്യഭർത്താക്കന്മാരായി തുടർന്നത് എന്ന് നോവലിൽ കാണാം. ഖാദർ പെങ്ങളെക്കുറിച്ച് പറയുന്നത് സുലൈഖയ്ക്ക് ഇഷ്ടമല്ല അതിനെചൊല്ലി എന്നും പരസ്പരം വഴക്കിടും (2012:66).

1.1.2.2 ചെറുകഥകളിൽ

1.1.2.2.1 കളിത്തത്ത

1.1.2.2.1.1 കുഞ്ഞലീമ – കുഞ്ഞാലി

കേരളത്തിലെ മലയോരഗ്രാമത്തിൽ പാവാടയും ബ്ലൗസും തലയിൽ തട്ടവുമിട്ട് ഒരു മുസ്ലീം പെൺകുട്ടിയെപ്പോലെ നടന്നിരുന്നവളാണ് കുഞ്ഞലീമ അവിചാരിതമായി പണക്കാരനായ കുഞ്ഞാലിയുടെ ഭാര്യ ആവേണ്ടിവരികയാണ്. വിവാഹശേഷം ഭർത്താവിനോടൊപ്പം വിദേശത്തെത്തി അവിടെ കൂട്ടിലടച്ച കിളിയെപ്പോലെ സ്വാതന്ത്ര്യമില്ലാതെ ജീവിതം കഴിച്ച്കൂടേണ്ടിവരുന്നു. ഭർത്താവിന്റെ ഇഷ്ടാനിഷ്ടങ്ങൾക്കനുസരിച്ചു അവൾക്ക് ജീവിക്കേണ്ടിവന്നു. ഭക്ഷണത്തിലും വസ്ത്രധാരണത്തിലും പ്രസവത്തിലും ജീവിതരീതിയിലുമെല്ലാംതന്നെ ഭർത്താവിന്റെ കടുത്ത നിയന്ത്രണങ്ങൾക്കു വിധേയമാകേണ്ടിയിരുന്നു. അവർക്കു രണ്ടുപേർക്കുമിടയിൽ ഇഷ്ടക്കേടൊന്നും ഇല്ല. എന്നാൽ നാടിന്റെ സാഹചര്യത്തിനനുസരിച്ച് മാറാനാണ് അയാൾ അവളോട് ആവശ്യപ്പെടുന്നത്. പക്ഷെ അതിലവൾക്കു യുക്തി തോന്നുന്നില്ല. അതിനാൽ അയാളുടെ നിർദ്ദേശങ്ങളെ ചോദ്യം ചെയ്തു ഭർത്താവിനെ ഉത്തരം മുട്ടിക്കുയാണവൾ. ഭർത്താവിന്റെ ചിന്താഗതികളോടു യോജിച്ചു ജീവിക്കുന്നതിൽ അവൾ പരാജയപ്പെട്ടുപോകുന്നത് സ്വന്തമായ വ്യക്തിത്വവും സ്വാതന്ത്ര്യബോധവും ഉള്ളതുകൊണ്ടായിരുന്നു (2014:15).

1.1.2.2.2 ആകാശഭൂമികളുടെ താക്കോൽ

സമ്പന്നകുടുംബത്തിൽ ജനിച്ചുവളർന്ന കഥാനായിക ഉമ്മയുടെയും ഉപ്പയുടെയും ഏകമകളായി സ്നേഹലാളനകളേറ്റു വളർന്നു. പതിനാല് വയസ്സായപ്പോഴേക്കും ഉമ്മ മരിക്കുന്നു. അതിനാൽ മകളെ എത്രയും പെട്ടന്ന് കല്ല്യാണം കഴിപ്പിച്ചയക്കാൻ ഉപ്പ ശ്രമിക്കുകയും ചെയ്യുന്നു. അവരുടെ കുടുംബത്തിന് ചേർന്ന കുടുംബത്തിൽനിന്നും പഠിപ്പും പത്രാസ്സുമുള്ള വ്യക്തിയുമായി മകളുടെ വിവാഹം കഴിപ്പിച്ചയക്കുന്നു. എന്നാൽ അവരുടെ ജീവിതത്തിലെ സന്തോഷം അധികം നീണ്ടുനിന്നില്ല. വീട്ടിലെ വേലക്കാരി കുഞ്ഞായിശുമായി ഭർത്താവിനുള്ള അവിഹിതബന്ധം നേരിൽക്കാണുന്നതോടെ മാനസികരോഗിയായിത്തീരുകയാണ് അവൾ. ആത്മാഭിമാനത്തിനു മുറിവേറ്റതോടെ ഭർത്താവിനെ സ്നേഹിക്കാനോ അയാളുമായി പൊരുത്തപ്പെട്ടുകഴിയാനോ അവൾക്കു സാധിക്കുന്നില്ല (2014:46).

1.1.2.2.3 അസ്രായിൽ

1.1.2.2.3.1 ആയിശ – മുഹമ്മദ്

ആയിശ എന്ന വീട്ടമ്മയുടെ കഥയാണ് അസ്രായിൽ. ഭർത്താവിനും കുട്ടികൾക്കും വേണ്ടി മാത്രമായി ജീവിതം മാറ്റിവെച്ചവൾ. എന്തുചെയ്താലും പരാതികൾ മാത്രമാണ്. ഭാര്യയെ മനസ്സിലാക്കാൻ അയാൾക്ക് സാധിക്കുന്നില്ല. ഒടുക്കം ഭാര്യ നിത്യരോഗിയായി തളർന്നുവീഴുമ്പോൾ മാത്രമാണ് ശ്രദ്ധിക്കുന്നത്. ആശുപത്രിയിലും ഭാര്യക്കായി സമയം കണ്ടെത്താൻ അയാൾക്ക് കഴിയുന്നില്ല. ആശുപത്രിയിൽവെച്ച് മരണത്തിന്റെ മാലാഖ അവളെ സമീപിക്കുമ്പോൾ താൻ ജീവനോടെ ഇല്ലെങ്കിൽ തന്റെ ഭർത്താവും മക്കളും ദുരിതത്തിലാകുമെന്ന് വിശ്വസിച്ച് മരണദൂതനായ അസ്രായിൽനെ തിരിച്ചയക്കുകയാണ്. എന്നാൽ താൻ ഇല്ലെങ്കിലും കുടുംബത്തിലുള്ളവർക്ക് യാതൊരു പ്രയാസവുമില്ലെന്ന് അവൾ ക്രമേണ മനസ്സിലാക്കുന്നു (2014:63).

1.1.2.2.4 കെട്ട്യോൻ

1.1.2.2.4.1 പാത്തുമ്മ – ഭർത്താവ്

ദാരിദ്ര്യത്തിന്റെ നടുവിൽ കഴിയുന്ന പാത്തുമ്മ. മഴയ്ക്കുമുമ്പ് വീട് കെട്ടിമേയാൻ മുതലാളിമാരുടെ കാലുപിടിക്കുകയാണ്. മഴക്കുമുമ്പ് വീടിന്റെ ഓല കെട്ടിമേയാൻ ശ്രമിക്കുന്ന പാത്തുമ്മ. ഭർത്താവ് ജീവനോടെ ഉണ്ടെങ്കിലും തിരിഞ്ഞുനോക്കുന്നില്ല. പാത്തുമ്മയ്ക്ക് സ്ത്രീധനമായി ലഭിച്ച ഇരുപത് സെന്റ് സ്ഥലവും ചെറ്റപ്പുരയും ഭർത്താവിന്റെ പേരിൽ രെജിസ്റ്റർ ചെയ്തുകൊടുക്കാത്തതിന്റെ പേരിൽ ഭർത്താവ് വീടുവിട്ട് പോയി. ശേഷം സ്വന്തം മകളെക്കാൾ പ്രായക്കുറവുള്ള പെണ്ണിനെ വിവാഹം കഴിച്ച് കുടുംബത്തിലേക്ക് കൊണ്ടുവരികയാണ്. സ്വത്തും പണവും മോഹിച്ചുമാത്രം ഭാര്യയോടൊപ്പം കഴിയുന്ന ഭർത്താവാണ് കെട്ട്യോനിലെ പാത്തുമ്മയുടെ ഭർത്താവ് (2014:82).

1.1.2.2.5 നേർച്ചക്കോഴികൾ

1.1.2.2.5.1 സൈനബ – ഭർത്താവ്

സൈനബ എന്ന നാട്ടിൻപുറത്തെ സാധാരണക്കാരിയുടെ കഥയാണ് നേർച്ചക്കോഴികൾ. ഊരും പേരുമറിയാത്ത ഒരുത്തനെക്കൊണ്ട് ഉപ്പ സൈനബയെ വിവാഹം കഴിപ്പിക്കുകയാണ്. ഉപ്പയുടെ മരണശേഷം സൈനബയുടെ സ്വർണ്ണാഭരണങ്ങൾ കൈക്കലാക്കി അയാൾ മുങ്ങി. ഭർത്താവിനെ അന്വേഷിച്ച് സൈനബ യാത്രതിരിക്കുന്നു. യാത്രയിൽ അയാളെ അവൾ കണ്ടെത്തുന്നു. ഒപ്പം മറ്റൊരു സ്

ത്രീയും അയാളോടൊപ്പം ഉണ്ടായിരുന്നു (2014:92). ഭർത്താവിനാൽ ചതിക്കപ്പെടുകയാണ് ഇവിടെ സൈനബ.

1.1.2.2.6 സാക്ഷരത

1.1.2.2.6.1 ആമിന – മമ്മദ്

മീൻവിറ്റു കുടുംബജീവിതം കഴിക്കുന്ന മമ്മതിന്റെയും ആമിനയുടെയും കഥയാണ് സാക്ഷരത. എന്നും ദാരിദ്ര്യം മാത്രമാണ് ആ കുടുംബത്തിന് കൂട്ട്. വിദ്യാഭ്യാസം നേടാൻ ആഗ്രഹിക്കുന്നവളാണ് ആമിന. പഠിക്കാൻ 'സെയലിറ്റും പുസ്തകോം' വാങ്ങാൻ മമ്മദിനോട് അവൾ അഞ്ചുറുപ്പിയ ചോദിക്കുന്നു. എന്നാൽ മകനെ പഠിപ്പിച്ചാൽ മതിയെന്നും അവനെ നേരത്തിന് സ്കൂളിലയച്ച് അവന്റെ കാര്യങ്ങൾ ശ്രദ്ധിച്ചാൽ മതിയെന്നും മമ്മദ് ഭാര്യയോട് പറയുന്നു. അന്യപുരുഷന്മാർ ആമിനയുടെ കൈപിടിച്ച് അക്ഷരം പഠിപ്പിച്ചുവെന്നറിയുമ്പോൾ അവളെ ആക്ഷേപിക്കുകയും അടിക്കുകയുമാണ് അയാൾ. 'ഇന്നെ കൊല്ലല്ലേ, ഞാൻ സാച്ചരതയ്ക്ക് പോവൂല (2014:115). എന്ന് പറഞ്ഞുകൊണ്ട് അവൾ കുടുംബത്തിന്റെ സമാധാനത്തിനുവേണ്ടി സ്വന്തം അവകാശം – വിദ്യ അഭ്യസിക്കാനുള്ള അവകാശം ത്യജിക്കുകയാണ്.

1.1.2.2.7 കൂഹൂ...... കൂഹൂ...........

1.1.2.2.7.1 കുഞ്ഞാമി – അത്യമാൻകുട്ടി

കുഞ്ഞാമിക്കും അത്യമാൻകുട്ടിക്കും മക്കളില്ല. അത്യമാൻകുട്ടിയുടെ തകരാറുകൊണ്ടാണ് അവൾക്ക് കുട്ടികൾ ഉണ്ടാവാത്തത്. എന്നാൽ ആ വിവരം അയാൾ അവളിൽനിന്നും മറച്ച് വക്കുകയാണ്. ഭാര്യയുടെ സങ്കടം മാറ്റാനായി അവളെ പൊതുരംഗത്തേക്ക് ഇറക്കുന്നു. അവളുടെ എല്ലാ ആഗ്രഹങ്ങളും സാധിപ്പിച്ചുകൊടുക്കുന്നുമുണ്ട്. എന്നാൽ വീട്ടുകാര്യങ്ങളിലൊന്നും ശ്രദ്ധയില്ലാതെ സാമൂഹികസേവനരംഗത്ത് പ്രവർത്തിക്കുകയാണ് കുഞ്ഞാമി. 'നീ ഇങ്ങനൊന്നുമായിരുന്നില്ലല്ലോ കുഞ്ഞാമി' എന്ന അത്യമാന്റെ പരിഭവത്തിന് 'എങ്ങനെയൊന്നുമായിരുന്നില്ലെന്ന്?' എന്ന മറുചോദ്യമാണ് അവൾ ചോദിക്കുന്നത് (2014: 127). പഴയ രീതികളൊക്കെ ഭാര്യ തെറ്റിക്കുകയാണെന്ന് ഭർത്താവ് ഓർമ്മിപ്പിക്കുമ്പോൾ സ്ത്രീകൾ രീതികളെല്ലാം തെറ്റിക്കണമെന്നാണ് കുഞ്ഞാമി പറയുന്നത് (പു: 128). റിട്ടയർമെന്റിനുശേഷം അത്യമാൻ ശരിക്കും ഏകാന്തത അനുഭവിക്കുന്നതായി കാണാം.

1.1.2.2.8 അവനെ നരകാഗ്നിയിൽ എരിക്കുവിൻ

വിവാഹിതരായി രണ്ട് വർഷം കഴിഞ്ഞപ്പോഴേക്ക് മക്കളാവാത്തതിന്റെ പേരിൽ കഥയിലെ നായകൻ ഭാര്യയെ ഉപേക്ഷിച്ച് മറ്റൊരു വിവാഹം കഴിക്കാൻ മുതിരുകയാണ്. അത് സഹിക്കാനാവാതെ നായിക ആത്മഹത്യയ്ക്ക് ശ്രമിക്കുന്നു. തുടർന്ന് മരണമടയുകയും ചെയ്യുന്നു. പെണ്ണിന് എവിടെയും നീതി ലഭിക്കുന്നില്ല. അയാൾക്കാണ് കുഴപ്പമുണ്ടായിരുന്നതെങ്കിൽ താൻ സ്നേഹത്തിന്റെ പേരിൽ ആജീവനാന്തം കാത്തിരിക്കുമായിരുന്നു. ഞാനിരിക്കെ മറ്റൊരു പെണ്ണ് എന്റെ വീട്ടിനകത്തു കയററുതെന്നു പറയാനുള്ള അധികാരം പോലും തനിക്കില്ലെ? എന്നെല്ലാം ചോദിച്ചുകൊണ്ട് മരണത്തിന് കീഴടങ്ങുകയാണ് അവൾ (2014: 169).

1.1.2.2.9 ഒരിക്കൽക്കൂടി

1.1.2.2.9.1 ജമീല – ഭർത്താവ്

ജമീല തന്റെ മരണം സ്വപ്നത്തിൽ കാണുകയാണ്. ജീവിതത്തിൽ ഭർത്താവ് അവളുമായി എപ്പോഴും വഴക്കിട്ടുക്കൊണ്ടാണ്. കറിക്ക് ഉപ്പില്ല, എരിവ് കൂടിപ്പോയി, വിയർപ്പ് നാറുന്നുണ്ട് ജമീലയെ, ഷർട്ട് ഇസ്തിരിയിട്ടത് നന്നായിട്ടില്ല. തുടങ്ങി നിരവധി പരാതികളാണ് അയാൾക്ക്. സ്നേഹത്തോടെ പെരുമാറാനെ അയാൾക്ക് അറിയില്ല. എന്നാൽ സ്വപ്നത്തിൽ അയാൾ ഭാര്യയുടെ മരണത്തിൽ വിലപിക്കുകയും അവളെക്കുറിച്ച് നല്ലത് പറയുകയും ചെയ്യുമ്പോൾ അന്ധാളിച്ചുപോവുന്നു. ഉറക്കമുണർന്നപ്പോൾ ദേഷ്യപ്പെട്ടുനിൽക്കുന്ന ഭർത്താവിനെയാണ് അവൾ കാണുന്നത് (2014: 179).

1.1.2.2.10 ഹാജ്യാരുടെ ഭാര്യ

ജീവിതത്തിന്റെ ഒറ്റപ്പെടലിൽ എല്ലാ സുഖസൗകര്യങ്ങൾക്കിടയിലും വീർപ്പുമുട്ടിക്കഴിയുന്ന സ്ത്രീയുടെ കഥയാണ് 'ഹാജ്യാരുടെ ഭാര്യ'. രോഗിയായ ഭാര്യയോട് ഭർത്താവിന് സ്നേഹമോ പരിഗണനയോ ഇല്ല. സ്നേഹശൂന്യത ഭാര്യയെ നിത്യരോഗിയാക്കി മാറ്റുന്നു. ജീവിതത്തിന്റെ നല്ല കാലമത്രയും ഭർത്താവിനും കുടുംബത്തിനുവേണ്ടി ജീവിച്ചവൾ. ഭർത്താവിന്റെ അവഗണനയിൽ മനംനൊന്ത് രോഗിയായി വീടിന്റെ അകത്തളത്തിൽ അടക്കപ്പെടുന്നു (2014: 154).

1.1.2.2.11 കർമ്മപുസ്തകം

1.1.2.2.11.1 ആയിഷയും ഭർത്താവും

ആയിഷയും ഭർത്താവും നിസ്സാരകാര്യങ്ങൾക്ക് വഴക്കിടുന്ന ഭാര്യഭർത്താക്കന്മാരാണ്. മകനെ കൂട്ടിക്കൊണ്ടുവരാൻ പോവുന്ന വിഷയത്തെ ചൊല്ലി രണ്ടുപേരും വഴക്കിടുകയും ഒടുക്കം ആയിഷ ബി.പി കൂട്ടി ആശുപത്രിയിലാവുകയും ചെയ്യുന്നു. പരസ്പരം വിട്ടുവീഴ്ച്ചാമനോഭാവം ഇല്ലാത്ത ഭാര്യഭർത്താക്കന്മാരാണ് അവർ (2014: 24).

1.1.2.2.12 കരച്ചപ്പെട്ടി

1.1.2.2.12.1 ബീപാത്തു – ഹസ്സൻകുട്ടി

ബീപാത്തു, ഹസ്സൻകുട്ടി ഭാര്യഭർത്താക്കന്മാരാണ്. അനാവശ്യമായി കരഞ്ഞുകൊണ്ടിരിക്കുന്ന പ്രകൃതമാണ് ബീപാത്തുവിന്. ചെറുപ്പം മുതൽക്കേ അവൾ അങ്ങനെയാണെന്ന പരാമർശം കഥയിലുണ്ട് (2014: 40). മറ്റുള്ളവരുടെ സ്നേഹവും പരിഗണനയും ലഭിക്കാനാണ് അവൾ അങ്ങനെ ചെയ്യുന്നത്

എന്നാണ് ഭർത്താവിന്റെ പക്ഷം. തന്റെ ശാരീരിക പ്രയാസങ്ങൾ ഭർത്താവിനോട് പറയാൻ അവൾക്ക് പേടിയാണ്. പൂങ്കണ്ണീരെന്ന് പറഞ്ഞ് അവളെ കുറ്റപ്പെടുത്താനാണ് ഹസ്സൻകുട്ടി ശ്രമിക്കാറ്. ഭർത്താവിന്റെ തിരക്കുകളും അക്ഷമയും അവളെ കൂടുതൽ വിഷമിപ്പിക്കും. ഭാര്യയ്ക്ക് ഭർത്താവിനെയോ ഭർത്താവിന് ഭാര്യയെയോ ഉൾക്കൊള്ളാനോ മനസ്സിലാക്കാനോ സാധിക്കുന്നില്ല (2014: 42).

1.1.2.2.13 വെറുതേ ഞാനെപ്പോഴും സ്വപ്നങ്ങൾ കാണുന്നു

1.1.2.2.13.1 ഹസ്നബീവിയും ഭർത്താവും

വിദ്യാഭ്യാസമുള്ള കുട്ടിയാണ് ഹസ്നബീവി. അവൾ തന്റെ സമൂഹത്തിലെ അനീതികൾകണ്ട് വിഷമിക്കുന്നു. പ്രതികരിക്കാൻ ആഗ്രഹിക്കുന്നു. നല്ലനാളുകളെ ആഗ്രഹിക്കുന്നു. ചിന്തിക്കുന്നു. എന്നാൽ ഭർത്താവ് പണക്കാരനാണ്. വിദ്യാഭ്യാസമില്ല. അയാൾക്ക് ഭാര്യയെ ഇഷ്ടമാണെങ്കിലും അവളുടെ ചിന്താഗതികളോട് പൊരുത്തപ്പെടാൻ കഴിയുന്നില്ല. അതിന്റെ പേരിൽ നിത്യവും വഴക്കിടുകയും പിരിഞ്ഞിരിക്കലും പതിവാണെന്നും കഥയിൽ സൂചിപ്പിക്കുന്നുണ്ട് (2014: 304).

1.1.2.3 അനുഭവക്കുറിപ്പുകളിൽ

1.1.2.3.1 ഉമ്മക്കുട്ടിയുടെകുഞ്ഞിക്കിനാവുകൾ

ഉപ്പയോടുള്ള പ്രിയം കാരണം എഴുത്തുകാരിയുടെ ഉമ്മ ഉമ്മയുടെ വീട്ടിൽ തന്നെയാണ് കഴിഞ്ഞിരുന്നത്. ഉമ്മയും ഉപ്പയും അത്ര രസത്തിലായിരുന്നില്ല. എന്നാൽ പരസ്പരം ഇഷ്ടക്കേടുമുണ്ടായിരുന്നില്ല. അമ്മോസനും മരുമകനും തമ്മിലുള്ള പോരിൽ ഉമ്മ ബലിയാടാവുകയായിരുന്നു. ഒരുമിച്ച് സന്തോഷത്തോടെ കഴിയാനുള്ള അവസരവും നഷ്ടപ്പെട്ടിരുന്നു (2015: 93) എന്നുള്ള സൂചനകളും ഉണ്ട്.

1.1.2.4 ലേഖനസമാഹാരത്തിൽ

1.1.2.4.1 ആരോടുചൊല്ലേണ്ടു നാം

1.1.2.4.1.1 സന്മനസ്സുള്ളവർക്ക് സമാധാനം!

ഭർത്താവിന്റെ മൂന്നാം ഭാര്യയുടെ പ്രസവവുമായി ബന്ധപ്പെട്ട് ആദ്യഭാര്യ ആശുപത്രി വരാന്തയിൽ ഉണ്ട്. അവരെ എഴുത്തുകാരി പരിചയപ്പെടുന്നുണ്ട്. മക്കളില്ലാത്തതിന്റെ പേരിലാണ് അയാൾ രണ്ടാമതും മൂന്നാമതും വിവാഹം കഴിക്കുന്നത്. അവരെ വിവാഹം കഴിച്ചിട്ടും ആദ്യഭാര്യയെ മൊഴിചൊല്ലുന്നില്ല. അവർക്കിടയിൽ സ്നേഹബന്ധം നിലനിൽക്കുന്നില്ല എന്ന സൂചന ലേഖനത്തിൽ നിന്നും ലഭിക്കുന്നുണ്ട് (2013:32). മറ്റുള്ളവരോട് സംസാരിക്കുന്നതിനുവരെ ഭർത്താവിന്റെ സമ്മതം വേണം എന്ന അവസ്ഥയുണ്ട് ആ സ്ത്രീക്ക്.

പുരുഷൻ സ്ത്രീക്കുമേൽ ഭാഷയിലൂടെ അധികാരം പ്രയോഗിക്കുന്നുണ്ട്. പുരുഷൻ സ്ത്രീയോട് ആജ്ഞയും കല്പനയുമാണ് പുറപ്പെടുവിക്കുന്നത്. സ്ത്രീക്ക് അഭിപ്രായസ്വാതന്ത്ര്യം പോലും നൽകുന്നില്ല. പുരുഷനുമാത്രമാണ് അധികാരം. ഉദാഹരണമായി ആകാശഭൂമികളുടെ താക്കോലിൽ ഭാര്യമാർക്ക് അവരുടെ അഭിപ്രായം പറയാനുള്ള സ്വാതന്ത്ര്യം പോലും ഹുസൈൻ ഹാജി നൽകുന്നില്ല. പിടക്കോഴികളെ കൂവാൻ താൻ സമ്മതിക്കില്ലെന്നാണ് ആജ്ഞാസ്വരത്തിൽ അയാൾ തന്റെ ഭാര്യമാരോട് പറയുന്നത് (2011:59). അതുപോലെ ഏകപക്ഷീയമായ ആജ്ഞാസ്വരമാണ് മൊഴിയിലെ ഷറഫിനും തന്റെ ഭാര്യയോട്. തന്റെ അധികാരപരിധിയിൽ മാത്രം വരുന്നവളാണ് ഭാര്യ എന്നാണ് നിഴലന്ന നോവലിൽ കാണാൻ കഴിയുന്നത്. അത്തരം ഭാഷയാണ് നോവലിൽ ഷാഹുൽ ഭാര്യയോട് പ്രയോഗിക്കുന്നത് (2012:64)

മാപ്പിളപ്പെണ്ണിന്റെ ജീവിതത്തെക്കുറിച്ച് മാപ്പിളപ്പെണ്ണുതന്നെ രചന നടത്തുമ്പോൾ മുസ്ലീം സ്ത്രീയുടെ ജീവിതത്തിന്റെ എല്ലാവശങ്ങളും അവതരിപ്പിക്കാൻ കഴിയും. പുരുഷനും കുടുംബത്തിനും വിധേയപ്പെട്ട് ജീവിക്കുന്ന സ്ത്രീകളുണ്ട്. സ്വാതന്ത്ര്യം പ്രഖ്യാപിക്കുന്ന സ്ത്രീകളുമുണ്ട്. പുരുഷാധിപത്യത്തോട് പൊരുതാൻ ശ്രമിക്കുന്ന സ്ത്രീകളും ഉണ്ട്. പക്ഷെ പൊരുതി വിജയിക്കാൻ അവർക്ക് കഴിയുന്നില്ല. പുരുഷനു കീഴ്പ്പെട്ടുജീവിക്കേണ്ടി വരികയാണ്. കിനാവിലെ ബീപാത്തുഹജ്ജുമ്മ, നിലാവിലെ നസീമ, ആകാകഭൂമികളിലെ താക്കോലിലെ നൂറു, ഐഷ, റംലത്ത് എന്നിവർ ഉദാഹരണങ്ങളാണ്. സ്ത്രീകൾ സർവ്വംസഹയാവുന്നത് മാത്രമാണ് ചില കുടുംബബന്ധങ്ങൾ നിലനിൽക്കുന്നത്. നിഴലെന്ന നോവലിലെ റാബിയ, മുംതാസ്, നദീറ, കിനാവിലെ ബീപാത്തുഹജ്ജുമ്മ, ആകാകഭൂമികളിലെ താക്കോലിലെ ഐഷ, നൂറു എന്നിവരും ഒരിക്കൽകൂടി, ഹാജ്യാരുടെ ഭാര്യ, സാക്ഷരത, ആകാശഭൂമികളുടെ താക്കോൽ എന്നീ ചെറുകഥകളിലെ സ്ത്രീകഥാപാത്രങ്ങളെല്ലാം ഉദാഹരണങ്ങളാണ്. കുടുംബത്തിനകത്ത് സ്ത്രീയുടെ സ്വാതന്ത്ര്യത്തെ ഹനിച്ചുകൊണ്ട് അവളെ സഹനത്തിന്റെ പ്രതീകമായിക്കണ്ട് പുരുഷാധിപത്യ താൽപ്പര്യത്തെ സംരംക്ഷിച്ചു നിർത്തുന്നതാണ് കിനാവ്, നിലാവ്, നിഴൽ, ആകാശഭൂമികളുടെ താക്കോൽ എന്നീ നോവലുകളിലും കളിത്തത്ത, കെട്ട്യോൻ, നേർച്ചക്കോഴികൾ, പേറ്റിച്ചി, സാക്ഷരത, വെറുതെ ഞാനെപ്പോഴും സ്വപ്നങ്ങൾ കാണുന്നു എന്നീ ചെറുകഥകളിലും കാണുന്നത്.

## സഹായകഗ്രന്ഥങ്ങൾ


കാരശ്ശേരി, എം.എൻ. . 2010 ഉമ്മമാർക്ക് വേണ്ടി ഒരു സങ്കടഹരജി

കോട്ടയം: ഡി.സി.ബുക്സ്. ജമാൽ, കൊച്ചങ്ങാടി. 1998 മുസ്ലീം സാമൂഹിക ജീവിതം മലയാള നോ

വലിൽ
തൃശ്ശൂർ: കേരള സാഹിത്യ അക്കാദമി. ഫാത്തിമ മെർനിസ്സി. 2009 ഇസ്ലാമും സ്ത്രീകളും (വിവ.), കെ.എം. വേണുഗോപാലൻ
കോഴിക്കോട്: ഒലിവ് പബ്ലിക്കേഷൻസ്.ഫൗസിയ ഷംസ്. 2020 മുസ്ലീം സ്ത്രീ സംഭാഷണത്തിന്റെ അകവും പുറവും
കോഴിക്കോട്: പെൻഡുലം ബുക്സ്. മുജീബുനുദ്ദീൻ. 2012 സ്ത്രീകളോട്
കണ്ണൂർ: റിനയ്സൻസ് ബുക്സ് , ലൈല അബൂലുഗുദ്. 2018 മുസ്ലിം സ്ത്രീക്ക് രക്ഷകരെ ആവശ്യമുണ്ടോ? (വിവ. ബിജുരാജ് ആർ.കെ.)
കോഴിക്കോട്: ഇസ്ലാമിക് പബ്ലിഷിംഗ് ഹൗസ് ലീലാവതി, എം. 2000 ഫെമിനിസം ചരിത്രപരമായ അന്വേഷണം
തിരുവനന്തപുരം: പ്രഭാത് ബുക്ഹൗസ്.ഷംഷാദ്, ഹുസൈൻ. 2009 ന്യൂനപക്ഷത്തിനും ലിംഗ പദവിക്കുമിടയിൽ കേരളത്തിലെ മുസ്ലിം സ്ത്രീകളെക്കുറിച്ചുള്ള പഠനം
തിരുവനന്തപുരം: കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.സുഹറ, ബി.എം. 1990 കിനാവ് കോഴിക്കോട്: പി.കെ.ബ്രദേഴ്സ്. 1995 ഇരുട്ട്
കോട്ടയം: ഡി.സി.ബുക്സ്. 1999 മൊഴി തിരുവനന്തപുരം: ചിന്ത പബ്ലിക്കേഷൻ. 2002 മലയാളത്തിന്റെ കഥാകാരി (അഭിമുഖം)
കോട്ടയം: ഡി.സി.ബുക്സ്. 2007 കൂഹൂ..... കൂഹൂ..... കോഴിക്കോട്: പൂർണ്ണ പബ്ലിക്കേഷൻ. 2007 നിലാവ്
തിരുവനന്തപുരം: ചിന്താ പബ്ലിക്കേഷൻ.2009 ഒരു നോവലിന്റെ അന്ത്യം തൃശൂർ: എച്ച്.സി.ബുക്സ്.2010 ഭ്രാന്ത്
തിരുവനന്തപുരം: ചിന്ത പബ്ലിക്കേഷൻ. 2010 ഞാൻ കഥാകാരിയായ കഥ, ഭ്രാന്ത്,
തിരുവനന്തപുരം: ചിന്താ പബ്ലിക്കേഷൻ. 2010 ചോയിച്ചി, ഭ്രാന്ത്
തിരുവനന്തപുരം: ചിന്ത പബ്ലിക്കേഷൻ. 2011 ആകാശഭൂമികളുടെ താക്കോൽ
കോഴിക്കോട്: മാതൃഭൂമി ബുക്സ്. 2012 നിഴൽ
തിരുവനന്തപുരം: ചിന്ത പബ്ലിക്കേഷൻ. 2012 പ്രകാശത്തിനുമേൽ പ്രകാശം
തിരുവനന്തപുരം: ചിന്ത പബ്ലിക്കേഷൻ.2013 ആരോടു ചൊല്ലേണ്ടു നാം
കോഴിക്കോട് : ലീഡ് ബുക്സ്. 2014 സുഹറയുടെ കഥകൾ
തിരുവനന്തപുരം: ചിന്ത പബ്ലിക്കേഷൻസ്. 2015 ഉമ്മക്കുട്ടിയുടെകുഞ്ഞിക്കിനാവുകൾ
തിരുവനന്തപുരം: ചിന്ത പബ്ലിക്കേഷൻ. ഹാഫിസ് മുഹമ്മദ്, എൻ.പി. 2013 കേരളത്തിലെ മുസ്ലിം സ്ത്രീകളുടെ വർത്തമാനം
കോഴിക്കോട്: ഒലീവ് പബ്ലിക്കേഷൻസ്.

കവിത

# അന്നാ കരേനിന എഴുതുമ്പോൾ



**ദിവ്യ എൻ.**
അദ്ധ്യാപിക
തൃശ്ശൂർ ശ്രീ കേരള വർമ്മ കോളേജ്

വിവർണ്ണമായ സ്വപ്നഭൂപടം,
തിരിച്ചു പോക്കുകൾ നഷ്ടപെട്ട
ജീവിതം പോലെ അവൾക്ക്
മുന്നിലൊരു നീണ്ട ചോദ്യമായി നിൽക്കും നേരം .
പ്രതീക്ഷയുടെ വെളുത്ത മേഘങ്ങൾക്കിടയിൽ
ഒരസ്തമയ സൂര്യൻ ഓർമ്മകൾ തിരയുന്നുണ്ടായിരുന്നു.
നിത്യതയുടെ കുപ്പായമണിഞ്ഞവൾ വീണ്ടും
നീണ്ട യാത്ര തുടങ്ങുമ്പോൾ
മനസ്സിൽ വാർദ്ധക്യം വീണിരുന്നു.
വിപ്ലവങ്ങൾ ഉപരിപ്ലവങ്ങളാകുന്ന ദിനങ്ങളിൽ
മറവിയുടെ മഞ്ഞു വീണ നഗരത്തിലൂടെ
പഴയ സ്നേഹഭാഷ തേടിയവളുടെ
തൂലിക പിന്നെയും നിശ്ശബ്ദം നടക്കുന്നുണ്ടായിരുന്നു.

കഥ



**സിന്ധു ഉല്ലാസ്**
കാലടി ശ്രീ ശങ്കരാചാര്യ സംസ്കൃത സർവകലാശാല ജീവനക്കാരി.

# കണ്ണുകൾ പറഞ്ഞത്

പുഴയുടെ ആഴത്തിലൂടെ നീന്തുകയായിരുന്നു. തണുപ്പുള്ള വെള്ളം ,ശരീരവും മനസ്സും കുളിർത്തു. ആഴം കുറഞ്ഞ ഭാഗത്ത് മുങ്ങി കിടന്നപ്പോൾ,വെള്ളാരംകല്ലുകൾ തിളങ്ങുന്ന പുഴത്തട്ട്. പരൽമീനുകൾ കൂട്ടമായി നീന്തി അകലുന്നു.

കണ്ണുകൾ തുറന്ന് പിടിച്ച് മുങ്ങി. പച്ചനിറമുള്ള പായലുകൾ വള്ളിപോലെ പിരിഞ്ഞു കിടക്കുന്നു. നീളമുള്ള മുടി അഴിച്ചിട്ടപോലെ. സൂക്ഷിച്ചുനോക്കി. പായലുകൾക്കിടയിൽ ചുരുണ്ടമുടി പോലെ അങ്ങനെ എന്തോ ഒന്ന്. വീണ്ടും നോക്കി.

'അതെ അതൊരു മുഖം ആണല്ലോ, ' ' കറുത്ത ചുരുണ്ട മുടിയുള്ള തിളങ്ങുന്ന കണ്ണുള്ള പുഞ്ചിരിക്കുന്ന ഒരു മുഖം'.

'ആ മുഖം തന്നെ നോക്കുന്നല്ലോ. വീണ്ടും സൂക്ഷിച്ചു നോക്കി. അതേ ആ മുഖം കണ്ണുകൾ വിടർത്തി വീണ്ടും ചിരിച്ചു.'

'വരൂ വരൂ എന്ന് മന്ത്രിക്കുന്നത് പോലെ '

'അയ്യോ'

നടുങ്ങിപ്പോയി .ഉറക്കെ നിലവിളിച്ചു ചാടി എഴുന്നേറ്റു. കുറച്ചു നേരത്തേക്ക് എന്താണ് എന്ന് മനസ്സിലായില്ല. ജഗ്ഗിൽ ഇരുന്ന വെള്ളം കുറെ കുടിച്ചു. വിയർപ്പു ചാലിട്ടൊഴുകി. വല്ലാത്തൊരു മരവിപ്പ്. ഹിമക്കൊന്നും മനസ്സിലായില്ല.

'ആ കണ്ണുകൾ, ആ മുഖം...'

'ആരാണത്?' 'ഒരു പരിചയവും തോന്നുന്നില്ല, പക്ഷെ.. പക്ഷെ എന്തോ ഒരു ഒരു 'അതെന്താണെന്നു ഹിമക്ക് എത്ര ആലോചിച്ചിട്ടും മനസ്സിലായില്ല. ക്ലോക്കിൽ മണി അഞ്ചടിച്ചു. പിന്നെ കിടക്കാൻ തോന്നിയില്ല. അടുക്കളയിലേക്ക് നടന്നു. ജനൽ തുറന്നു. തണുത്ത കാറ്റ് ഇരച്ചുകയറി. നേരം പുലരുന്നേയുള്ളു. അമ്പലത്തിൽ നിന്നും ദേവിസ്തുതി കേൾക്കുന്നു. ഹിമ പതുക്കെ ചായക്ക് വെള്ളം വച്ചു. പച്ചക്കറികൾ നുറുക്കി തുടങ്ങി. ആ സ്വപ്നം വീണ്ടും മനസ്സിൽ തേങ്ങി നിന്നു.



ആ കണ്ണുകൾ... ആര്? ആരാണത്?

'ഹോ' കൈയും മുറിഞ്ഞു.

'അതൊരു സ്വപ്നമല്ലേ.'

ഹിമ മനസ്സിനെ സമാധാനിപ്പിക്കാൻ ശ്രമിച്ചു.

ജോലിയൊക്കെ ഒതുക്കി

വേഗം റെഡി ആകാൻ തുടങ്ങി.

തനിക്കേറ്റവും ഇഷ്ടപ്പെട്ട റോസ് ചുരിദാർ ന്റെ ഷോൾ ഞൊറിഞ്ഞു കുത്തുകയായിരുന്നു ഹിമ. എത്ര പ്രാവശ്യമായി. ശരിയാകുന്നില്ല. എത്രനേരമായി,

'നാശം.'

അവൾക്കു ദേഷ്യം വന്നു. സമയം പോകുന്നു. ഇന്നും ലേറ്റ്. അല്ലെങ്കിലും ഇപ്പോൾ അങ്ങിനെയാണല്ലോ.ഒന്നും ശരിയല്ലല്ലോ. ഇന്നാണെങ്കിൽ മീറ്റിംഗ് ഉള്ളതാണ് രാവിലെ. ഹിമ ഒരു ഐടി കമ്പനിയിലാണ് ജോലി ചെയ്യുന്നത്. ഹിമയുടെ ഭർത്താവ് സന്തോഷ് മറ്റൊരു മൾട്ടിനാഷണൽ കമ്പനിയിൽ സീനിയർ ഓഫീസർ ആണ്. ഒരേയൊരു മകൾ മൃദുല ചെന്നൈയിൽ പഠിക്കുന്നു. ചുരുക്കിപ്പറഞ്ഞാൽ വീട്ടിൽ ഹിമയും സന്തോഷും മാത്രമേയുള്ളൂ. രണ്ടാളും ജോലി കഴിഞ്ഞ് രണ്ടു സമയത്ത് വരും. രണ്ടു ധ്രുവങ്ങളിൽ എന്നപോലെ ഇരുവരും ജീവിക്കാൻ തുടങ്ങിയിട്ട് കുറച്ചുനാളായി.

ചില താളപ്പിഴകൾ. ബോധപൂർവമോ അല്ലാതെയോ ഉള്ള ചില സംസാരങ്ങൾ. അകൽച്ചയുടെ ആദ്യഘട്ടത്തിൽ ഹിമ ഒന്നും കാര്യമാക്കിയില്ല. തിരക്ക് കൊണ്ടാണെന്ന് കരുതി.അല്ലാതെ മറ്റൊരു തരത്തിൽ ചിന്തിക്കാൻ അവൾക്ക് ആവുമായിരുന്നില്ല. സന്തോഷ് എന്ന് വെച്ചാൽ ഹിമയ്ക്ക് ഭ്രാന്തായിരുന്നു. ജീവന്റെ ജീവനായിരുന്നു. ഓരോ അണുവിലും അയാൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. പക്ഷേ ചേർക്കാൻ പറ്റാത്ത വിധം അകലുകയാണ് എന്ന് തിരിച്ചറിഞ്ഞപ്പോൾ ഹൃദയം നുറുങ്ങി നോക്കിനിൽക്കാനേ അവൾക്ക് കഴിഞ്ഞുള്ളൂ. മനസ്സിനെ എത്ര പറഞ്ഞു പഠിപ്പിച്ചിട്ടും ഉൾക്കൊള്ളാൻ സാധിക്കുന്നുണ്ടായിരുന്നില്ല.

ലോകം ഇങ്ങനെയാണ്. കാലം മാറി. ബന്ധങ്ങളിൽ വിള്ളലുകൾ വരുന്നു. ഇതൊക്കെ അറിയാഞ്ഞിട്ടല്ല. എത്ര പുരോഗമനം പറഞ്ഞാലും ചില സത്യങ്ങൾ അംഗീകരിക്കാൻ പറ്റില്ല. കാലമെത്ര കഴിഞ്ഞാലും ചാരം മൂടിയാലും ജ്വലിച്ചു വരും ഇടക്ക്. അങ്ങനെയാണ് മനസ്സ്. മറക്കാൻ ശ്രമിക്കും തോറും കുത്തിക്കയറുന്ന വേദന ഉണർത്തുന്ന ചിന്തകൾ. ശരിക്കും ഭ്രാന്തായിരുന്നു ഹിമയ്ക്ക്. ആരോടും പറയാതെ, അല്ലെങ്കിൽ ആരോടും പറയാൻ ഇഷ്ടപ്പെടാതെ ഉരുകിയുരുകി കഴിയുകയായിരുന്നു. പണ്ടുമുതലേ അങ്ങനെയായിരുന്നു തന്റെ സങ്കടങ്ങൾ ഒന്നും ആരോടും പറയില്ലായിരുന്നു.

ചിലപ്പോൾ നെഞ്ചിലെ പിടപ്പ് ഒതുക്കാൻ പറ്റാതെ വരും വണ്ടിയുടെ കീ എടുത്തു ഹിമ ഇറങ്ങി. ടാറ്റയുടെ ആ പുതിയ വണ്ടി നിരത്തിലൂടെ ഒഴുകി.

'ദൂരെയാരോ പാടുകയായി'

ഹരീഷ് ശിവരാമകൃഷ്ണൻ തകർത്തു പാടുന്നു. പാട്ടിനൊപ്പം സ്റ്റിയറിങ്ങിൽ താളമിട്ടു. പതിവ് തിരക്കുകളിലേക്ക് അവളൂളിയിട്ടു.

ഓഫീസിൽ എത്തിയിട്ടും ഒരു സ്വസ്ഥതയും ഉണ്ടായില്ല. തിരക്കോട് തിരക്ക്. വൈകുന്നതുവരെ എങ്ങനെയോ കഴിച്ചു കൂട്ടി. വൈകിട്ട് ഇറങ്ങാൻ തുടങ്ങുമ്പോൾ പാർവതി അടുത്തെത്തി.

'ഹിമ ഒരു ലിഫ്റ്റ് വേണമിന്ന്'

'ഉം'

വണ്ടിയിൽ കയറി ഇരുന്ന് പാർവതി ചോദിച്ചു.

'രാവിലെ മുതൽ ഞാൻ ശ്രദ്ധിക്കുന്നതാണ്. എന്തു പറ്റിയെടാ നിനക്ക്.'

'എന്തെങ്കിലും വയ്യാതെ ഉണ്ടോ?'

'നിന്റെയാ പഴയ പ്രസരിപ്പ് ഒക്കെ പോയല്ലോ'

'എന്തെങ്കിലും പ്രശ്നമുണ്ടോ?'

ഹിമ വെറുതെ ചിരിച്ചു.

'നിനക്ക് തോന്നുന്നതാ'

'ഒന്നുമില്ലെങ്കിൽ ഓക്കേ'

ഷോപ്പിങ് മാളിന് മുൻപിൽ എത്തിയപ്പോൾ പാർവ്വതി പറഞ്ഞു.

'വരു നമുക്ക് ഒരു കപ്പു കാപ്പി കുടിക്കാം'

യാന്ത്രികമായി പാർവതി യോടൊപ്പം നടന്നു. കോഫി കുടിച്ചു. പാർവതി എന്തൊക്കെയോ പറഞ്ഞു. വെറുതെ മൂളി. ഒന്നും സംസാരിക്കാൻ തോന്നുന്നില്ല. യാത്ര പറഞ്ഞു പിരിഞ്ഞു. വീട്ടിലെത്തിയിട്ടും ആകെ മടുപ്പ്. ആരുമില്ല. വല്ലാത്ത ശൂന്യത. ഭക്ഷണമൊന്നും ഉണ്ടാക്കാൻ തോന്നിയില്ല.

'ആർക്കുവേണ്ടിയാണ് ഈ ജീവിതം'? സ്വന്തം എന്ന് കരുതിയത് ഒക്കെ കൈ വിരലുകൾക്കിടയിലൂടെ ഉതിർന്നു പോകുന്നത് നോക്കി നിന്നതാണ്. ഇപ്പോൾ എന്തൊരു മരവിപ്പാണ് മനസ്സിന്. ബാൽക്കണി യിലേക്കുള്ള വാതിൽ തുറന്ന് ഹിമ പുറത്തേക്ക് നോക്കിയിരുന്നു. ആകാശത്തു നക്ഷത്രങ്ങൾ ചിമ്മുന്നു. ഒരു നക്ഷത്രം തന്നെ തന്നെ നോക്കുന്നു.

'അതേ ആ കണ്ണുകൾ പോലെ തന്നെ'

'ഹോ'

ഹിമ ശക്തിയായി തല കുടഞ്ഞു.. ഭ്രാന്ത് പിടിക്കുന്നു.

'എന്താണ് ഇത്.'

ആ കണ്ണുകൾ തന്നെ വിടാതെ പിന്തുടരുകയാണല്ലോ. രാത്രി പതിനൊന്നു കഴിഞ്ഞു. എസ്. ഹരീഷിന്റെ ആഗസ്റ്റ് 17 എന്ന നോവൽ വായിച്ചു നിർത്തിയിടത്തുനിന്ന് തുടങ്ങി. ചരിത്രവും രാഷ്ട്രീയവും സാഹിത്യവും. ഒന്നും മനസ്സിൽ തങ്ങിയി

ല്ല. ചിന്തകൾ കാട് കയറി പോകുന്നു.മനസ്സ് ഒരിടത്തും ഉറക്കുന്നില്ല. എന്തൊക്കെയോ ആലോചിച്ചു കിടന്നു. പതുക്കെ ഉറക്കത്തിലേക്ക് വഴുതി. രാവിലെ സന്തോഷ് പറഞ്ഞു. 'ഞാൻ 4 ദിവസം സ്ഥലത്തുണ്ടാവുകയില്ല' ഹിമ ചോദ്യഭാവത്തിൽ അയാളെ നോക്കി.

'ചെന്നൈയിൽ ഒരു മീറ്റിംഗ് '

അത് പുത്തരിയല്ലല്ലോ. ഹിമ ഒന്നും മിണ്ടിയില്ല.

' സാരമില്ല ഞാൻ മാനേജ് ചെയ്തോളാം'

'ഓക്കേ 12 മണിക്കാണ് ഫ്ലൈറ്റ്.'

അവൾക്ക് പ്രത്യേകിച്ച് ഒന്നും പറയാൻ തോന്നിയില്ല. ഇതു പതിവാണല്ലോ. മീറ്റിംഗുകൾ. എത്ര നാളായി ഇങ്ങനെ. തോന്നുമ്പോൾ വരും പോകും. താൻ ഇവിടെയുണ്ടെന്നു പോലും ശ്രദ്ധിക്കാറില്ല. ഒന്നു ചേർത്തു പിടിച്ചിട്ട്, ഒരു തമാശ പറഞ്ഞിട്ട്... 'വേണ്ട ഒന്നും ചിന്തിക്കുന്നില്ല'

മടുപ്പു തോന്നി. ഓഫീസിൽ എത്ര ശ്രമിച്ചിട്ടും ശ്രദ്ധകേന്ദ്രീകരിക്കാൻ പറ്റിയില്ല. ഭിത്തിയിലിരിക്കുന്ന പോർട്രേറ്റ് ലേക്ക് കണ്ണുകൾ നീണ്ടു . ചിത്രത്തിന്റെ കണ്ണുകൾ തന്നെ നോക്കുന്നു. ആ കണ്ണുകൾ നിറഞ്ഞിരിക്കുന്നു.

'ഹോ ' ഹിമക്ക് തല പെരുത്തു.

വയ്യ. ഇവിടെ നിന്നും രണ്ടു ദിവസം ഒന്നു മാറണം. അല്ലെങ്കിൽ ഭ്രാന്ത് പിടിക്കും.മൂന്നാലു ദിവസം ലീവ് എഴുതി വച്ചു ഹിമ ഇറങ്ങി. വൈകിട്ടത്തെ ട്രെയിനിന് നാട്ടിലേക്ക്.

ഒരു ഗ്രാമത്തിലാണ് ഹിമയുടെ വീട്. കാടുകളും കാവുകളും തോടുകളും മലനിരകളും നിറഞ്ഞ മനോഹരമായ ഒരു ഗ്രാമം. ഹിമയുടെ കുട്ടിക്കാലവും യൗവനവും ഗ്രാമത്തിലായിരുന്നു. വിവാഹശേഷമാണ് നഗരത്തിലേക്ക് പറിച്ചുനട്ടത്. അതുകൊണ്ടുതന്നെ നഗരത്തിലെ തിരക്കുകളും കപടതയും ഒന്നും ഹിമയ്ക്ക് ഉൾക്കൊള്ളാൻ കഴിഞ്ഞിരുന്നില്ല. എല്ലായിടത്തും തിരക്ക് മാത്രമായിരുന്നു. പലപ്പോഴും ഒറ്റക്കിരിക്കാൻ ഏകാന്തമായി ഇരിക്കാൻ അവൾ ആഗ്രഹിക്കാറുണ്ടായിരുന്നു.

സന്തോഷ് ഒരു പക്കാ നഗര സന്തതിയായിരുന്നു. പാർട്ടിയും കമ്പനിയും സ്മോളും ഒക്കെ ആയിരുന്നു അയാളുടെ ലോകം. നാട്ടിൻപുറത്തെ നന്മയും ചിത്രങ്ങളും സ്വപ്നങ്ങളും ഉള്ള ഒരു സ്വപ്നജീവി ആയിരുന്ന ഹിമക്ക് അതൊന്നും ഒട്ടും പറ്റുന്നുണ്ടായിരുന്നില്ല. സ്വാഭാവികമായും അവർക്കിടയിൽ ഒരു ചേർച്ച കുറവുണ്ടായിരുന്നു. അത് വലിയൊരു വിടവായി മാറാൻ അധികകാലം വേണ്ടിവന്നില്ല.

പിന്നീട് മോൾ ഉണ്ടായപ്പോൾ അതായിരുന്നു ഏക ആശ്രയം. അവൾക്കും അമ്മ ഒരു പഴഞ്ചൻ. അവൾ ഉപരിപഠനത്തിന് പോയതോടെ ഹിമ വീണ്ടും തനിച്ച്. ഈ ജോലി കൂടി ഇല്ലാതിരുന്നെങ്കിലോ?

'ഹോ ആലോചിക്കാൻ വയ്യ'.

ട്രെയിൻ കുതിച്ചു പായുകയാണ്. കാഴ്ചകൾ പിന്നിലേക്ക് ഓടിമറയുന്നു. പുറത്തേക്ക് നോക്കിയിരുന്നു. തണുത്ത കാറ്റ് ജനലിലൂടെ എത്തി അവളുടെ മുടിയിഴകളെ തൊട്ടുരുമ്മി. ഹിമ കണ്ണടച്ചിരുന്നു. മനസ്സിന് വല്ലാത്തൊരു ലാഘവം.. പതിയെ പതിയെ അവളുടെ കണ്ണുകൾ അടഞ്ഞു.

'ഒടുവിൽ പുറപ്പെട്ടു. വരാതിരിക്കാൻ കഴിഞ്ഞില്ല അല്ലേ?'

ചിരിക്കുന്ന കണ്ണുകൾ

ഹിമ ഞെട്ടിയുണർന്നു.

'എന്താണിത്?'

ആലോചിച്ചിട്ട് ഒന്നും മനസ്സിലായില്ല. ആ കണ്ണുകൾ നല്ല പരിചയം ഉണ്ട്. കറുത്ത പുരികവും നീണ്ടു വാലിട്ടെഴുതിയ മിഴികൾ...

അത്... അത്....

'എടോ തന്റെ കണ്ണ് എന്തു ഭംഗിയാ'

'ആരും കവിതയെഴുതി പോകും ഈ കണ്ണിലേക്കു നോക്കിയാൽ '

ഭൂതകാലത്തിൽ നിന്ന് ഒരു സ്വരം മനസ്സിലേക്ക് ഓടിയെത്തി. എന്നേ മറന്നുപോയ ശബ്ദം. നഷ്ടപ്പെട്ടുപോയ ശബ്ദം. ആ ഒരു ഇഷ്ടത്തിനു വേണ്ടി വാശിപിടിക്കാൻ ധൈര്യമില്ലായിരുന്ന ഒരു ഇരുപതു കാരി. മറ്റുള്ളവരുടെ താൽപര്യങ്ങൾക്ക് വേണ്ടി തനിക്ക് മറന്നു കളയേണ്ടി വന്ന ഇഷ്ടം. കണ്ണുകൾ ഇറുക്കിയടച്ചു. അറിയാതെ കൺകോണിൽ ഒരു നനവ് പടർന്നു. നേരം പുലരുന്നതേ ഉള്ളൂ. അവൾക്ക് ഇറങ്ങേണ്ട സ്റ്റേഷൻ എത്തി. ചെറിയ ബാഗ് തോളിലിട്ടു. ഓട്ടോ വിളിച്ചാലോ?

'വേണ്ട'

വരമ്പത്ത് കൂടി അവൾ പതുക്കെ നടന്നു. അമ്പലത്തിൽ നിന്ന് പാട്ട് കേൾക്കുന്നു. പാൽക്കാരനും പത്രക്കാരും സൈക്കിളിൽ പോകുന്നു. തന്റെ നാടിന്റെ ഗന്ധം ആവോളം നുകർന്നു കൊണ്ട് നടന്നു. ഗേറ്റ് കടന്ന് അകത്തെത്തി.

'അമ്മേ'

'എന്താ കുട്ടി ഇത്ര രാവിലെ'

' ഒറ്റയ്ക്ക് ആണോ വന്നത്?'

അമ്മ ഓടിയെത്തി

'എന്താ എനിക്ക് എന്റെ വീട്ടിൽ ഒറ്റയ്ക്ക് വന്നൂടെ?' അവൾ ചിരിച്ചു.

'അല്ലെങ്കിലും ഞാൻ എന്നും ഒറ്റയ്ക്ക് അല്ലെ അമ്മേ'

'എന്താ മോളെ?' അമ്മ വേവലാതിപ്പെട്ടു

' ഹേയ് ഞാൻ ചുമ്മാ പറഞ്ഞതല്ലേ.

'സന്തോഷ് ടൂറിൽ ആണ് . ഞാൻ പിന്നെ അവിടെ ഒറ്റയ്ക്ക് അല്ലേ. അതുകൊണ്ട് പോന്നതാ '

'അച്ഛനെവിടെ അമ്മേ '

അമ്മയുടെ തോളിൽ പിടിച്ചു കൊണ്ട് ഹിമ

അകത്തേക്ക് നടന്നു.

'ഞാൻ വേഷം മാറി വരാം അമ്മേ'

അവൾ തന്റെ മുറിയിലേക്ക് നടന്നു. പതിയെ കട്ടിലിൽ ഇരുന്നു. തന്റെ ലോകം. ചുറ്റും നോക്കി. തന്റെ സ്വപ്നങ്ങൾ,മോഹങ്ങൾ, നഷ്ടങ്ങൾ, എല്ലാം മൊട്ടിട്ടതും കരിഞ്ഞതും ഇവിടെയായിരുന്നു. പതിയെ മേശ തുറന്നു. വെറുതെ ഓരോന്ന് നോക്കി. പഴയ ഒരു ഓട്ടോഗ്രാഫ് കൈയിൽ തടഞ്ഞു. റോസ് നിറമുള്ള പേജുകൾ. കൈയിൽ വച്ചു കുറെ നേരം ഇരുന്നു. പതിയെ ഓരോ പേജുകൾ മറിച്ചു.

'നിൻ കരി മിഴികളിൽ കാണുന്നു
ഞാനൊരു പുതുലോകം
വിട ചൊല്ലിപ്പിരിഞ്ഞാലും
നിറയരുതെ ഇവയൊരുനാളും

വടിവൊത്ത കൈയക്ഷരത്തിൽ നാലു വരികൾ. ഹിമയുടെ ചുണ്ടുകൾ വിറച്ചു. കണ്ണുകൾ നിറയാതിരിക്കാൻ പാടുപെട്ടു. ഓർക്കാൻ ഇഷ്ടപ്പെടാത്ത ഒരിഷ്ടം. അത് തന്റെ നെഞ്ചിൽ കൊളുത്തി വലിക്കുന്നു. എത്ര വലിയ നഷ്ടമായിരുന്നു അത്. ഓരോ നിമിഷവും ആ ഓർമ്മ അവളെ പൊള്ളിക്കുന്നുണ്ട്.

ആ നാലുവരിയോടൊപ്പം .... വരച്ചിരിക്കുന്ന ആ കണ്ണുകൾ.... അത്.. നിറഞ്ഞിരിക്കുന്ന ആ കണ്ണുകൾ. ഹിമ പിടഞ്ഞുപോയി. എത്രനേരം അങ്ങനെ ഇരുന്നു എന്ന് അറിയില്ല. ടും.. ടും.. വാതിലിൽ മുട്ട് കേട്ടാണ് ഞെട്ടി ഉണർന്നത്.

വാതിൽ തുറന്നു. അമ്മയാണ്.

'എത്ര നേരമായി മോളെ വിളിക്കുന്നു.? എന്തൊരു ഉറക്കമാ.വന്നിട്ട് ഒന്നു കുളിച്ചു പോലുമില്ലല്ലോ.

'എന്താ നിന്റെ മുഖം വാടി ഇരിക്കുന്നത്?'

' എന്റെ മോൾക്ക് എന്താ പറ്റിയത്? '

ഹിമ അമ്മയുടെ തോളിലേക്ക് ചാഞ്ഞു. അവരെ കെട്ടിപ്പിടിച്ചുകൊണ്ട് പറഞ്ഞു.

'. ഒന്നുമില്ല അമ്മേ. ഇത്തിരി നേരം കിടന്നു.'

' നല്ല യാത്ര ക്ഷീണം ഉണ്ട്. അതാ '

'എങ്കിൽ താഴേക്കു വാ.ചായ എടുത്തു വച്ചിട്ടുണ്ട് '

ചായയും കൊഴുക്കട്ടയും. നല്ല രുചി തോന്നി. ഏറെനാളായി നാവിന് രുചി ഒന്നുമില്ലായിരുന്നു. ഇന്നെന്തോ. രണ്ടുമൂന്നെണ്ണം കഴിച്ചു.

' തോട്ടിൽ വെള്ളമുണ്ടോ?

' എത്ര നാളായി മുങ്ങിക്കുളിച്ചിട്ട്'

' ഞാനൊന്നു കുളിച്ചു വരാം അമ്മേ '

ഹിമ തോർത്തും സോപ്പും മാറാനുള്ള വസ്ത്രങ്ങളുമായി തോട്ടുവക്കത്തേക്ക് നടന്നു. തോടിന്റെ ആഴം കുറഞ്ഞ ഭാഗത്തെ പാറയിൽ ഇരുന്നു. കാലുകൾ മുട്ടൊപ്പം വെള്ളത്തിൽ. പരൽ മീനുകളും കല്ലേമുട്ടിയും കാലിൽ ഉരുമ്മി നീന്തി നടക്കുന്നു. നല്ല തണുപ്പ്. ഹിമ പതിയെ വെള്ളത്തിലേക്ക് ഇറങ്ങി. കുറേ നാളുകൾക്കുശേഷമാണ് ഒന്നു മുങ്ങിക്കുളിക്കുന്നത്.

മനസ്സും ശരീരവും ഒരുപോലെ ചൂടായിരുന്നു. പതിയെ പതിയെ മുങ്ങി. ആഴത്തിലേക്കു ഊളിയിട്ടു. പെട്ടെന്ന്, വെള്ളാരം കല്ലുകൾക്കിടയിൽ, തെളിഞ്ഞ ജലത്തിൽ, കൂട്ടമായി നീന്തിപ്പോകുന്ന പൊടിമീനുകൾക്കിടയിൽ പായലുകൾ പച്ച നിറത്തിൽ അല്ല ചുരുണ്ടമുടി പോലെ അങ്ങനെ എന്തോ ഒന്ന്. കണ്ണുകൾ തുറന്ന് വീണ്ടും വീണ്ടും നോക്കി

'അതെ അതൊരു മുഖം.. ഇത് ആ മുഖം ആണല്ലോ, 'കറുത്ത തിളങ്ങുന്ന കണ്ണുള്ള പുഞ്ചിരിക്കുന്ന ഒരു മുഖം' ഇപ്പോൾ ആ കണ്ണുകൾ തിളങ്ങുന്നു . അവൾ നടുങ്ങിപ്പോയി. വെള്ളത്തിൽ നിന്ന് ഉയർന്നു. ചുറ്റും നോക്കി തോടിന്റെ കരയിൽ ഒന്നും ആരുമില്ല.

'ശ്ശേ, സ്വപ്നം മനസ്സിൽ കിടക്കുന്നത് കൊണ്ട് തോന്നുന്നത് ആകാം 'സ്വയം സമാധാനിച്ചു.

വീണ്ടും മുങ്ങാംകുഴിയിട്ടു.

'ങ്ഹേ '

അത് അവിടെ തന്നെയുണ്ട്. ആ കണ്ണുകൾ സംസാരിച്ചു തുടങ്ങി.

'വന്നുവല്ലേ ഒടുവിൽ'

'ആരാ നീ? എന്തിനാണ് എന്റെ പിന്നാലെ '

ഹിമയുടെ ശബ്ദം പതറി.

'ഇനിയും മനസ്സിലായില്ലേ?' ആ കണ്ണുകൾ ചിരിച്ചു നിനക്ക് നിന്നിൽ നിന്നും എത്രനാൾ ഒളിച്ചിരിക്കാൻ പറ്റും'

'നിന്റെ തന്നെ കണ്ണുകളെ നിനക്ക് എങ്ങനെ മറച്ചു പിടിക്കാൻ പറ്റും?

'നഷ്ടങ്ങളൊക്കെ നഷ്ടങ്ങൾ തന്നെയാണ് എന്ന് തിരിച്ചറിഞ്ഞിട്ടും എന്തിനാണ് നീ അഭിനയിക്കുന്നത്? '

'നിനക്ക് നിന്നെ തിരിച്ചറിയാൻ പറ്റാത്തതാണ് ഹിമ നിന്റെ തോൽവി '

'ആർക്കുവേണ്ടി? ഒരു യന്ത്രത്തെ പോലെ ഇത്രനാൾ ജീവിച്ചില്ലേ?'

'മതിയാക്ക് നിന്റെ അഭിനയം. മനസ്സിലെ സങ്കടങ്ങൾ എല്ലാം കഴുകി കളഞ്ഞിട്ട് തിരികെ പോകൂ'

'ജീവിതം നിനക്ക് ജീവിച്ചു തീർക്കാനുള്ളതാണ്. നഷ്ടപ്പെടുത്താനുള്ളതല്ല.അത് നിന്റെ മാത്രമാണ്' ആ കണ്ണുകൾ അവളുടെ കണ്ണുകളിലേക്ക് ഉറ്റു നോക്കിക്കൊണ്ട് പറഞ്ഞു. ഹിമ നിശബ്ദയായി. പതിയെ പായലും ചുരുണ്ട മുടിയും കണ്ണുകളും എല്ലാം അപ്രത്യക്ഷമായി. ഹിമ ചുറ്റും നോക്കി കിതച്ചു. വെള്ളത്തിൽ മുങ്ങിക്കിടന്ന് രണ്ട് കൈകളും കൊണ്ട് മുഖം പൊത്തി അവൾ ഏങ്ങി ഏങ്ങി കരഞ്ഞു. സൂര്യൻ കടലിലേക്ക് ഇറങ്ങാൻ തുടങ്ങി. ആകാശം നെറ്റിയിൽ സിന്ദൂരം ചാർത്തി. ഹിമ ഉറച്ച കാൽവയ്പ്പുകളോടെ വീട്ടിലേക്ക് നടന്നു.



**എലിസബത്ത് ഫിലിപ്പ്**
കോട്ടയത്തെ
ഫെമിനിസ്റ്റ് ഗ്രൂപ്പായ
'സഹജ'യുടെ സ്ഥാപകാംഗം



# മേരി റോയ് ബാക്കി വെച്ചത്

നമ്മുടെ സമൂഹത്തിലും നിയമ സംവിധാനത്തിലും ലിംഗസമത്വം ഉറപ്പാക്കാനും വ്യവസ്ഥാപിത മതത്തിന്റെ അടിച്ചമർത്തൽ രീതികളെ ചോദ്യം ചെയ്യാനും തോൽപ്പിക്കാനും വിദ്യാർത്ഥികളിലും ചെറുപ്പക്കാരിലും ആത്മവിശ്വാസവും സാമൂഹ്യ ബോധവും സൃഷ്ടിക്കാനും അക്ഷീണം പരിശ്രമിച്ചാണ് മേരി റോയ് 2022 സെപ്തംബർ ഒന്നാം തീയതി ഒമ്പതേകാൽ മണിക്ക് കോട്ടയത്തെ വീട്ടിൽ വെച്ച് ശാന്തയായി ഈ ലോകം വെടിഞ്ഞ് ചരിത്രത്തിന്റെ ഏടുകളിലേക്ക് കടന്നു പോയത്.

ക്രിസ്ത്യൻ പിന്തുടർച്ചാവകാശ നിയമത്തെ ചോദ്യം ചെയ്ത് സ്ത്രീകൾക്ക് സ്വത്തവകാശത്തിലുള്ള തുല്യത നേടിയെടുത്ത നിയമ പോരാട്ടം മേരി റോയുടെ ജീവിതത്തിലെ പ്രധാനപ്പെട്ട ഒരേടാണ് . ഇന്ദിര ജയ്സിങ്ങിനെ പോലുള്ള ഫെമിനിസ്റ്റ് അഭിഭാഷകരുമായുള്ള മേരി റോയുടെ ദീർഘകാല സൗഹൃദം ഇവിടെ പ്രധാനമാണ്.

ശക്തയും തന്റേടിയുമായുള്ള മേരി റോയ് ആധുനിക ഇന്ത്യയിലെ അറിയപ്പെടുന്ന വിദ്യാഭ്യാസ പ്രവർത്തകയാണ്. പത്തു കൊല്ലം അവരുടെ വിദ്യാർത്ഥിയായിരുന്നു ഞാൻ . അവർ നടത്തി വന്ന കോർപ്പസ് ക്രിസ്റ്റി സ്കൂൾ ('പള്ളിക്കൂടീ' എന്ന് പിന്നീട് പേര് മാറ്റി ) 300 മുതൽ 400 വരെ കുട്ടികളെയാണ് എല്ലാ ക്ലാസ്സുകളിലുമായി ഉൾക്കൊണ്ടിരുന്നത്. വിദ്യാർത്ഥികളിലോരോരുത്തരിലും ആത്മവിശ്വാസവും ആത്മാഭിമാനവും വളർത്താൻ അവർക്ക് കഴിഞ്ഞിരുന്നു.

പാഠ്യേതര പ്രവർത്തനങ്ങൾക്ക് അക്കാദമിക കാര്യങ്ങളോടൊപ്പം തന്നെ പ്രാധാന്യം മേരി റോയ് കൊടുത്തിരുന്നു. പഠിത്തത്തിൽ പിന്നിൽ നിൽക്കുന്നവരിൽ അവരുടെ മറ്റ് കഴിവുകൾ കണ്ടെത്തി അവയിൽ മുന്നേറാൻ പ്രേരിപ്പിക്കുന്നതിൽ മേരി റോയ്ക്ക് പ്രത്യേക കഴിവുണ്ടായിരുന്നു. സ്കൂളിലെ ഓരോ വിദ്യാർത്ഥിയുടേയും കാര്യങ്ങളിൽ മേരി റോയ് വ്യക്തിപരമായ ശ്രദ്ധ ചെലുത്തിയിരുന്നു.

മതം കുടുംബം തുടങ്ങിയ സ്ഥാപനങ്ങളുടെ സർവ്വാധി കാരത്തെ വിമർശിക്കാനും അതിലൂടെ വ്യക്തി സ്വാതന്ത്ര്യത്തെ മുറുകെ പിടിക്കാനും മേരി റോയ് തന്റെ വിദ്യാർത്ഥികളെ നിരന്തരം പ്രേരിപ്പിച്ചിരുന്നു. സ്വാതന്ത്ര്യ ത്തോടു കൂടിയ അറിവ് പകർന്ന് നൽകാനാണ് സ്കൂളിലെ അദ്ധ്യാപകരോട് മേരി റോയ് ആവശ്യപ്പെട്ടത്.

സമൂഹത്തിലെ പാർശ്വവൽക്കരിക്കപ്പെട്ടവരുടെ കൂടെ നിൽക്കാൻ മേരി റോയ് എപ്പോഴും ശ്രമിച്ചിരുന്നു. അതിക്രമങ്ങൾക്ക് വിധേയരായ സ്ത്രീകളെ സ്നേഹത്തോടെ കൂടെ ചേർത്തു നിർത്തുന്നത് എനിക്ക് പല തവണ കാണാൻ കഴിഞ്ഞിട്ടുണ്ട്. കേരളത്തിലെ ഒട്ടേറെ ജനകീയ സമരങ്ങൾക്കും ചെറുതും വലുതുമായ സഹായം അവർ നൽകിയിരുന്നു.

കോട്ടയത്തെ ഫെമിനിസ്റ്റ് ഗ്രൂപ്പായ 'സഹജ' യ്ക്ക് നിർണ്ണായകമായ താങ്ങായി മേരി റോയ് എപ്പോഴും ഉണ്ടായിരുന്നു. അനേകം ദളിത് സംഘടനാ പ്രവർത്തകരുടേയും അനുഭവം ഇതുപോലെ തന്നെയാണ്. സ്ത്രീ- ദളിത് പ്രസ്ഥാനങ്ങൾക്ക് ഒരു ദീർഘകാല സുഹൃത്തിനെയാണ് മേരി റോയ് യുടെ നിര്യാണത്തിലൂടെ നഷ്ടമായിരിക്കുന്നത്. എന്റെ ജീവിതത്തെ കരുപ്പിടിപ്പിക്കുന്നതിൽ വലിയ പങ്കു വഹിച്ച അദ്ധ്യാപികയേയും അനേക നിർണ്ണായക ജീവിത നിമിഷങ്ങൾ പങ്കു വെച്ച ദീർഘകാല സുഹൃത്തിനേയുമാണ് വ്യക്തിപരമായി എനിക്ക് നഷ്ടപ്പെട്ടിരിക്കുന്നത്.

**സീമ ശ്രീലയം**
പ്രമുഖ ശാസ്ത്ര ലേഖിക,
നിരവധി ബഹുമതികൾക്ക് ഉടമ





# ജെയിൻ റിഗ്ബിയും ജയിംസ് വെബ്ബ് ടെലിസ്കോപ്പും



"എനിക്ക് ഒരു ടെലിസ്ക്കോപ്പ് നൽകൂ. ഞാൻ വിസ്മയങ്ങൾ വിരിയിക്കാം" ഇങ്ങനെ പറഞ്ഞൊരു വനിതയുണ്ട് ജയിംസ് വെബ്ബ് ടെലിസ്ക്കോപ്പിനു പിന്നിൽ എന്നറിയാമോ? അതാരെന്നാണോ? ജെയിൻ റിഗ്ബി തന്നെ. പ്രപഞ്ചത്തിന്റെ അനന്തവിസ്മയങ്ങളിലേക്ക് മിഴി തുറന്നുകൊണ്ട് ജയിംസ് വെബ്ബ് ടെലിസ്കോപ്പ് കാണിച്ചുതന്ന മിഴിവേറും ദൃശ്യങ്ങൾ അത്ഭുതത്തോടെയും ആവേശത്തോടെയുമാണ് ലോകം നോക്കിക്കണ്ടത്. മനുഷ്യൻ ഇന്നേവരെ നിർമ്മിച്ചിട്ടുള്ളതിൽ വച്ച് ഏറ്റവും കാര്യക്ഷമമായ ഈ ബഹിരാകാശ ടെലിസ്കോപ്പ് ചുരുൾനിവർത്താൻ പോവുന്ന പ്രപഞ്ചരഹസ്യങ്ങളിലേക്ക് ലോകം മിഴിനട്ടിരിക്കുമ്പോൾ അതിന്റെ ഓപ്പറേഷൻസ് പ്രോജക്റ്റ് സയന്റിസ്റ്റ് ആയി പ്രവർത്തിക്കുന്ന ജെയിൻ റിഗ്ബിയെ നാം തീർച്ചയായും അറിയേണ്ടതുണ്ട്.

ഹൈസ്ക്കൂൾ വിദ്യാർത്ഥിനിയായിരുന്ന കാലത്താണ് റിഗ്ബി ആസ്ട്രോഫിസിക്സിലേക്ക് അകൃഷ്ടയായത്. ആദ്യ യു.എസ്,വനിതാ ബഹിരാകാശ സഞ്ചാരിയായ സാലി റീഡ് ആണ് പെൺകുട്ടികൾക്ക് ജ്യോതിർഭൗതികമൊക്കെ പഠിക്കാൻ പറ്റുമെന്ന ബോധ്യം തന്നിലുണ്ടാക്കിയതെന്ന് അവർ പറയുന്നു. ബഹിരാകാശ ഗവേഷണമൊന്നും സ്ത്രീകൾക്ക് പറഞ്ഞിട്ടുള്ളതല്ല എന്ന ധാരണ തിരുത്തിക്കുറിച്ചിട്ടുതന്നെ കാര്യമെന്ന് ആ പെൺകുട്ടി മനസ്സിൽ ഉറപ്പിക്കുകയും ചെയ്തു. പെൻസിൽവാനിയ സ്റ്റേറ്റ് സർവ്വകലാശാലയിൽ നിന്നും ഊർജതന്ത്രത്തിലും ജ്യോതിശാസ്ത്രത്തിലും ബിരുദം നേടിയ ശേഷം ഗാലക്സികളെക്കുറിച്ചുള്ള ഗവേഷണങ്ങൾക്ക് അരിസോണ സർവ്വകലാശാലയിൽ നിന്ന് ഡോക്റ്ററേറ്റും നേടി. കാർണെജീ ഒബ്സർവേറ്ററിയിൽ ആയിരുന്നു തുടർന്നുള്ള പ്രവർത്തനം. സ്പിറ്റ്സർ ഫെല്ലോ ആയും പ്രവർത്തിച്ചു.

ഈ അനുഭവസമ്പത്തുമായാണ് ജെയിൻ റിഗ്ബി നാസയുടെ ഗൊദ്ദാർദ് സ്പേസ് ഫ്ലൈറ്റ് സെന്ററിൽ ശാസ്ത്രജ്ഞയായി എത്തുന്നത്. വിവിധ ബഹിരാകാശ ടെലിസ്കോപ്പുകൾ നിരന്തരം ഉപയോഗിച്ചതിൽ നിന്നുള്ള അനുഭവ പരിചയം ഈ വനിതയെ നാസയുടെ ശ്രദ്ധാകേന്ദ്രമാക്കി മാറ്റി. ഗാലക്സികളുടെ ഉത്ഭവ പരിണാമങ്ങൾ, ഗാലക്സീ കേന്ദ്രത്തിലെ തമോഗർത്ത രൂപീകരണം, നക്ഷത്ര ജനനം, മൂലകങ്ങളുടെ പിറവി തുടങ്ങി റിഗ്ബിക്ക് താല്പര്യമുള്ള മേഖലകൾ നിരവധിയായിരുന്നു. ഗ്രാവിറ്റേഷണൽ ലെൻസിങ് സങ്കേതങ്ങൾ ഉപയോഗപ്പെടുത്തിയാണ് ഇത് സംബന്ധിച്ച പഠനങ്ങൾ നടത്തിയത്. നാസയുടെ ന്യൂസ്റ്റാർ മിഷൻ സംഘത്തിലും അംഗമാണീ ശാസ്ത്രജ്ഞ. 2010-ൽ ആണ് ജെയിൻ ജയിംസ് വെബ്ബ് സംഘത്തിൽ എത്തുന്നത്. 2018-ൽ അതിന്റെ ഓപ്പറേഷൻസ് പ്രോജക്റ്റ് സയന്റിസ്റ്റ് പദവിയിലുമെത്തി. 2021 ഡിസംബർ 25-ന് ജയിംസ് വെബ്ബ് ടെലിസ്കോപ്പ് വിക്ഷേപിച്ചതു മുതൽ അത് അതിവിദൂരതയിൽ മിഴിതുറക്കും വരെ വിശ്രമം എന്തെന്നറിയാതെ പ്രവർത്തിക്കുകയായിരുന്നു ജെയിനും സഹപ്രവർത്തകരും.

ശാസ്ത്രപ്രചാരണത്തിലും മുൻ പന്തിയിലാണ് ജെയിൻ. ജ്യോതിശാസ്ത്രത്തെക്കുറിച്ചും ബഹിരാകാശ ടെലിസ്കോപ്പുകളെക്കുറിച്ചുമൊക്കെ സാമാന്യ ജനങ്ങളോട് അവർ നിരന്തരം സംസാരിച്ചുകൊണ്ടിരിക്കുന്നു. കഴിഞ്ഞ വർഷം നേച്ചർ മാഗസിൻ തെരഞ്ഞെടുത്ത ശ്രദ്ധേയരായ പത്തു വ്യക്തികളിൽ ഒരാൾ റിഗ്ബിയായിരുന്നു. അമേരിക്കൻ ആസ്ട്രോണമിക്കൽ സൊസൈറ്റി എൽജിബിറ്റി വർക്കിങ് ഗ്രൂപ്പിന്റെ സ്ഥാപക അംഗം കൂടിയാണ് റിഗ്ബി. ആസ്ട്രോണമിയിൽ അവസര സമത്വത്തിനായി ഇൻക്ലൂസീവ് ആസ്ട്രോണമിക്കും അവർ തുടക്കം കുറിച്ചു.


AVT
QUALITY YOU CAN TRUST
SINCE 1925
AVT
Green tea
AVT
Select
AVT
PREMIUM
AVT
Nature's Cup
AVT
PREMIUM